بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحْمَدُهٗ وَنُصَلِّیْ عَلٰی رَسُوْلِهِ الْكَرِیْمِ    وَعَلٰی عَبْدِهِ الْمَسِیْحِ الْمَوْعُوْدِ


“ആഗോളതലത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഉജ്ജ്വല പുരോഗതികൾ”

ലക്കം
51-52

വാർഷിക വരിസംഖ്യ
600/-രൂപ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദ്ർ

വീക്കിലി ഖാദിയാൻ

The Weekly
BADAR Qadian
Malayalam

വാള്യം 7

പത്രാധിപർ
എച്ച്. ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മാഈൽ

POSTAL REG NO GDP- 44/2020-2022 | 2022 ഡിസംബർ 22–29 | 1401 ഫത്ഹ് 22–29 | ജമാ:അവ്വൽ 27 ജമാ: ആഖർ 5


**“ഞാൻ ഉറച്ച കരുത്തോടും സ്ഥൈര്യത്തോടും ഇതാ പ്രഖ്യാപിച്ചു കൊള്ളട്ടെ. ഞൻ സത്യപാതയിൽ തന്നെയാകുന്നു. അല്ലാഹുവിന്റെ കൃപയാൽ ഞാൻ തന്നെയാണ് ഒടുവിൽ ഈ രംഗത്ത് വിജയശ്രീലാളിതനായിത്തീരുക!**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**

“ഞാൻ ഉറച്ച കരുത്തോടും സ്ഥൈര്യത്തോടും ഇതാ പ്രഖ്യാപിച്ചു കൊള്ളട്ടെ. ഞൻ സത്യപാതയിൽ തന്നെയാകുന്നു. അല്ലാഹുവിന്റെ കൃപയാൽ ഞാൻ തന്നെയാണ് ഒടുവിൽ ഈ രംഗത്ത് വിജയശ്രീലാളിതനായിത്തീരുക! മുഴുലോകവും എന്റെ സത്യതയുടെ ചവിട്ടടിയിൽ അമർന്നിരിക്കുന്നതായി ഞാൻ എന്റെ ക്രാന്തദൃഷ്ടിയിൽ നോക്കി കാണുന്നു. ഇതാ! ഞാനൊരു അതിമഹത്തായ വിജയത്തെ കൈവരിക്കുവാൻ അടുത്തിരിക്കുന്നു. എന്റെ നാവിന് പിൻബലമായി മറ്റൊരു നാവ് ചലിച്ചുകൊണ്ടിരിക്കുന്നു. എന്റെ കൈക്ക് ശക്തിയേകാൻ മറ്റൊരു കൈ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ലോകമത് കാണുന്നില്ലെങ്കിലും ഞാൻ അത് ദർശിച്ചുകൊണ്ടിരിക്കുന്നു. എന്റെ അന്തരംഗത്തിൽ സ്വർഗീയമായ ഒരാത്മാവ് തുടിച്ചുകൊണ്ടിരിക്കുന്നു. അതെന്റെ ഓരോ വാക്കിനും ഓരോ അക്ഷരത്തിനും ജീവൻ നല്കിയിരിക്കുന്നു. ആകാശത്തിന്റെ അനന്തതകളിൽ വമ്പിച്ച കോളിളക്കവും തിളച്ചുമറിയിലും സംഭവിച്ചിരിക്കുന്നു. അത് ഈ അതിനിസ്സാരനെ ഒരു പാവപോലെ എഴുന്നേല്പിച്ചു നിറുത്തി. ‘തൗബയുടെ(പശ്ചാത്താപത്തിന്റെ) വാതിൽ ഇനിയും കൊട്ടിയടക്കപ്പെട്ടിട്ടില്ലാത്ത ഓരോ ആളും അടുത്തുതന്നെ അറിയുമാറാകും, ഞാൻ സ്വയം എഴുന്നേറ്റവനല്ലെന്ന്! ഒരു സത്യാത്മാവിനെ തിരിച്ചറിയാൻ കഴിയാത്ത നേത്രങ്ങൾ കാഴ്ചയുള്ളവയാണോ? ഈ സ്വർഗീയ വിളിയോടു പ്രതികരിക്കാത്തവനും ജീവനുള്ളവനാണോ?”

(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാള്യം 3, പേജ് 303)




2022 ഒക്ടോബർ 1-ന് ഫത്ഹെ അളീം(അമേരിക്ക)
മസ്ജിദിന്റെ ഉദ്ഘാടന പരിപാടിയിൽ
ഹുദൂർ പ്രസംഗിക്കുന്നു.



ഫത്ഹെ അളീം(അമേരിക്ക) മസ്ജിദിന്റെ
ഉദ്ഘാടന പരിപാടിയിൽ സിയോൺ നഗരത്തിന്റെ
മേയർ ഹുദൂറിന് നഗരത്തിന്റെ താക്കോൽ നല്കുന്നു.



ഫത്ഹെ അളീം(സിയോൺ, അമേരിക്ക)
മസ്ജിദിന്റെ ഒരു മനോഹര ദൃശ്യം




ഹുദൂർ ഫത്ഹെ അളീം(സിയോൺ, അമേരിക്ക)
മസ്ജിദ് ഉദ്ഘാടനം ചെയ്യുന്നു.



മസ്ജിദ് ബയ്ത്തുൽ ഇക്റാമിന്റെ
(ഡല്ലസ് അമേരിക്ക)
ഒരു മനോഹര ദൃശ്യം





2022 ഒക്ടോബർ 8-ന് മസ്ജിദ് ബയ്ത്തുൽ ഇക്റാമിന്റെ
(അമേരിക്ക) ഉദ്ഘാടന പരിപാടിയിൽ
ഹുദൂർ പ്രസംഗിക്കുന്നു.



2022 ഒക്ടോബർ 1-ന് ഹുദൂറുമായി
Lake County News-Sun Prior ന്റെ പ്രതിനിധി
നടത്തിയ കൂടിക്കാഴ്ച




2022 ഒക്ടോബർ 7-ന് മസ്ജിദ് ബയ്ത്തുൽ ഖയ്യൂം
(ഫോർട്ട് വേർഥ്, അമേരിക്ക)
ഹുദൂർ ഉദ്ഘാടനം ചെയ്യുന്നു.



വാഗ്ദത്ത മഹ്ദീ മസീഹ്
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനി(അ) (1835–1908)



**സയ്യിദുനാ വ ഇമാമുനാ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ഖലീഫത്തുൽ മസീഹ് അയ്യദഹുല്ലാഹ്**

بسم الله الرحمٰن الرحيم

نَحْمَدُهٗ وَنُصَلِّی عَلٰی رَسُوْلِهِ الْکَرِیْمِ

وَعَلٰی عَبْدِهِ الْمَسِیْحِ الْمَوْعُوْدِ

خدا کے فضل اور رحم کے ساتھ

ھوالنّــاصر

وَاجْعَلْ لِّیْ مِنْ لَّدُنْکَ سُلْطٰنًا نَّصِیْرًا

اِنَّا فَتَحْنَا لَکَ فَتْحًا مُّبِیْنًا

وَلَقَدْ نَصَرَکُمُ اللّٰہُ بِبَدْرٍ وَّاَنْتُمْ اَذِلَّۃٌ

امام جماعتِ احمدیہ

**എനിക്ക് അധികമധികമായി മഹത്ത്വം തന്നരുളുമെന്നും എന്റെ സ്നേഹത്തെ ജനഹൃദയങ്ങളിൽ കുടിയിരുത്തുമെന്നും എന്റെ ജമാഅത്തിനെ ഭൂതലമാകമാനം പ്രചരിപ്പിക്കുമെന്നും എല്ലാ ഓരോ ജനതയും ഈ അരുവിയിൽനിന്ന് ജലപാനം ചെയ്യുമെന്നും ഈ ജമാഅത്ത് ശക്തമായി വളരുമെന്നും പുഷ്പിക്കുമെന്നും അങ്ങനെ ലോകം മുഴുവൻ വലയം ചെയ്യുമെന്നും അല്ലാഹു എനിക്ക് നിരന്തരം അറിയിപ്പു നല്കിയിരിക്കുന്നു.**

---

**ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തില്ലാത്ത ഒരു വൻകരയുമില്ല.**
**ഇതിൽ ഭാഗഭാക്കാകാത്ത ഒരു മതവുമില്ല**

---

**ഖിലാഫത്ത് വ്യവസ്ഥിതി ഇസ്‌ലാമിക ശരീഅത്തിന്റെ ഒരു സുപ്രധാന ഭാഗമാണ്. മതപരമായ പുരോഗതി ഖിലാഫത്ത് കൂടാതെ ഉണ്ടാകുകയില്ല. ജമാഅത്തിന്റെ ഐക്യം ഖിലാഫത്ത് കൂടാതെ നിലനില്ക്കുകയുമില്ല. അതിനാൽ, ഖിലാഫത്ത് വ്യവസ്ഥിതിയോടു ചേർന്ന് തൗഹീദിനെ ലോകത്ത് സ്ഥാപിക്കുക.**

---

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രിയപ്പെട്ട ജമാഅത്തിനോടു എണ്ണമറ്റ സുവിശേഷങ്ങളുണ്ട്. ഇൻശാഅല്ലാഹ് പുരോഗതികളുടേയും വിജയങ്ങളുടേയും കവാടങ്ങൾ എപ്പോഴും തുറന്നുകൊണ്ടേ പോകും.**

## سیّدنا حضرت امیر المؤمنین خلیفۃ المسیح الخامس ایدہ اللہ تعالیٰ بنصرہ العزیز کا قارئین بدر کیلئے بصیرت افروز خصوصی پیغام

ഇസ്‌ലാമാബാദ് യു.കെ
MA 18-10-2022

ബദ്ർ ആഴ്ചപ്പതിപ്പിന്റെ എന്റെ പ്രിയപ്പെട്ട വായനക്കാരെ!

*അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി*

അൽഹംദുലില്ലാഹ്! ബദ്ർആഴ്ചപ്പതിപ്പിന് "*ആഗോളതലത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഉജ്ജ്വല പുരോഗതികൾ*"എന്ന ശീർഷകത്തിൽ ഒരു പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കാനുള്ള തൗഫീഖ് ലഭിച്ചിരിക്കുകയാണ്. ഈ അവസരത്തിൽ ഒരു സന്ദേശം അയക്കാൻ എന്നോട് അപേക്ഷിച്ചിരിക്കുന്നു. ഞാൻ ദുആ ചെയ്യുന്നു: അല്ലാഹു ഇതിനെ എല്ലാ തരത്തിലും അനുഗൃഹീതമാക്കുമാറാകട്ടെ. ആമീൻ

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: *അലംതറ കയ്ഫ ളറബല്ലാഹു മഥലൻ കലിമത്തൻ ത്വയ്യിബത്തൻ ക ശജറത്തിൻ ത്വയ്യിബത്തിൻ അസ്വ്‌ലുഹാ ഥാബിത്തുൻ വ്വഫർഉഹാ ഫിസ്സമാഇ തുഅ്ത്തീ ഉകുലഹാ കുല്ല ഹീനിൻ ബിഇദ്നി റബ്ബിഹാ* (14:25 - 26)

(അല്ലയോ സംബോധന ചെയ്യപ്പെടുന്നവനേ!) അല്ലാഹു ഒരു ഉപമ എങ്ങനെ വിവരിച്ചിരിക്കുന്നുവെന്ന് നീ കണ്ടില്ലേ? (അതായത്) ഒരു പരിശുദ്ധ വചനത്തെ ഒരു നല്ല വൃക്ഷത്തോടു(ഉപമിച്ചിരിക്കുന്നത്). അതിന്റെ അടിവേര് ഉറച്ചു നില്ക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തിൽ (ഉയർന്നു നില്ക്കുന്നതും) ആണ്. അതിന്റെ നാഥന്റെ കല്പനപ്രകാരം അത് അതിന്റെ (പുതു)ഫലങ്ങൾ സദാ നൽകിക്കൊണ്ടിരിക്കുന്നു.

ഹദ്റത്ത് മുസ്വ്‌ലിഹ് മൗഊദ്(റ) ഈ ആയത്തിനെ വ്യാഖ്യാനിച്ചുകൊണ്ടു പറയുന്നു: "നബി(സ) തിരുമേനിയുടെ കാലത്ത് ആ ദിവ്യാത്മാവിനും അദ്ദേഹത്തിന്റെ അനുയായികൾക്കും വേണ്ടി ഏതു രീതിയിൽ അമാനുഷികമായ അടയാളങ്ങൾ പ്രത്യക്ഷപ്പെട്ടുവോ അതുപോലുള്ള മറ്റു ഉദാഹരണങ്ങൾ കാണാൻ സാധിക്കില്ല. അദ്ദേഹത്തിനുശേഷം വിശുദ്ധ ഖുർആനനുസൃതമായി പ്രവർത്തിക്കുന്നവരുടെ കൂടെയും ദൈവികമായ അടയാളങ്ങളുടെ ശൃംഖല ബന്ധപ്പെട്ടു കിടക്കുന്നു. ഇതിലൂടെ വിശുദ്ധ ഖുർആനുമായി പ്രകൃതി നിയമങ്ങളുടെ പരമാധികാരമുള്ള ഏതോ ഒരു അസ്തിത്വത്തിന് ബന്ധമുണ്ടെന്ന് ബുദ്ധിയുള്ള ഓരോരുത്തർക്കും വളരെ എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അവൻ സന്തുഷ്ടനാകുന്നവർക്കുവേണ്ടി അസാധാരണമായ വസ്തുക്കളാൽ സഹായത്തിനുള്ള സംവിധാനം അവൻ സൃഷ്ടിക്കുന്നു. ഇക്കാലത്തും അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദിന്റെ(അ) ബർക്കത്തുകൊണ്ടും ഈ ആയത്തിന്റെ വളരെയധികം വിപുലമായ അർഥങ്ങൾ തുറക്കപ്പെടുകയുണ്ടായി. അത് ഈ ബിഇദ്നി റബ്ബിഹാ (അതിന്റെ നാഥന്റെ കൽപ്പന പ്രകാരം) എന്ന ഫലങ്ങളുടെ നവീനമായ ഉദാഹരണമാണ്. അദ്ദേഹത്തിനുശേഷം അദ്ദേഹത്തിന്റെ ജമാഅത്തിനോടും അല്ലാഹുവിന്റെ പെരുമാറ്റം ഇതേ രീതിയിലാണുള്ളത്. ഈ പെരുമാറ്റത്തിനുകീഴിൽ കഠിനമായ എതിർപ്പുകൾ ഉണ്ടായിട്ടുപോലും അത് ദിനംപ്രതി പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുകയാണ്. ഫസുബ്ഹാനല്ലാഹി വൽഹംദുലില്ലാഹി വല്ലാഹു അക്ബർ." (തഫ്സീർ കബീർ, വാള്യം 3, പേജ് 475)

അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ ഉപരിപ്ലവമായ ഒരു ദൃഷ്ടി പായിച്ചാൽത്തന്നെ നന്ദി പ്രകടിപ്പിക്കുന്നതിനുള്ള ഒരു നീണ്ട പട്ടിക നമുക്ക് കാണാൻ സാധിക്കുന്നതാണ്. അല്ലെങ്കിൽ അവ നമ്മളോടു നന്ദി പ്രകടിപ്പിക്കാൻ ആവശ്യപ്പെടുന്നതായി കാണാൻ കഴിയുന്നതാണ്. ചില ഘട്ടങ്ങളിൽ ജമാഅത്തിനു കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടേയും ആശുപത്രികളുടേയും പുരോഗതിയുടെ റിപ്പോർട്ടുകൾ കേൾക്കുകയും വായിക്കുകയും ചെയ്യുമ്പോൾ നന്ദിപ്രകടനത്തിന് അത് നിർബന്ധിതനാക്കുന്നു. ചിലപ്പോൾ ആശുപത്രികളിൽനിന്ന് രോഗമുക്തരായ പാവപ്പെട്ടവരുടെ സമാധാനം നിറഞ്ഞ മുഖങ്ങളും ജമാഅത്തിനു വേണ്ടിയുള്ള പ്രാർഥനാവചനങ്ങളും നമ്മെ നന്ദി പ്രകടനത്തിലേക്ക് ശ്രദ്ധ തിരിച്ചുവിടുന്നു. ചിലപ്പോൾ മനുഷ്യസേവനത്തിനു കീഴിൽ ദരിദ്രർക്ക് കുടിവെള്ളം ലഭ്യമാക്കുമ്പോൾ പാവപ്പെട്ടവരുടെ മക്കളുടെ മുഖങ്ങളിലുള്ള സന്തോഷം അല്ലാഹുവിനെ സ്തുതിക്കുന്നതിലേക്ക് കൊണ്ടുപോകുന്നു. ഏഴെട്ടുവയസ്സുള്ള കുട്ടികൾ തങ്ങളുടെ വീട്ടാവശ്യത്തിന് രണ്ടുമൂന്നുമൈൽ ദൂരത്തുനിന്ന് വെള്ളം കൊണ്ടു വന്നിരുന്നവരാണ്. എന്നാൽ, ഇപ്പോൾ തങ്ങൾക്ക് തങ്ങളുടെ വീട്ടുമുറ്റത്ത് കുടിവെള്ളം ലഭ്യമായിരിക്കുന്നതിൽ അവർക്കുള്ള സന്തോഷംകൊണ്ട് അവർ ജമാഅത്തിനോട് നന്ദി പ്രകടിപ്പിക്കുന്നു. അപ്പോൾ ഇക്കാര്യത്തിൽ ജമാഅത്ത് അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കുന്നു. നമ്മൾ ജമാഅത്തുപരമായ പുരോഗതിയുടെ റിപ്പോർട്ട് കേൾക്കുമ്പോൾ,

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന് മിഷൻ ഹൗസുകളും മസ്ജിദുകളും ലഭിച്ചതിന് അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കുന്നു. ചിലപ്പോൾ വിശ്വാസവർധകമായ അത്ഭുതസംഭവങ്ങൾ കേൾക്കുമ്പോൾ നമ്മൾ അല്ലാഹുവിനെ പ്രകീർത്തിച്ചുകൊണ്ട് അവന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുന്നു. ചിലപ്പോൾ ദീനീപ്രചാരണത്തിന്റെ പൂർത്തീകരണത്തിന് അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ലഭ്യമായ സംവിധാനത്തെ പരിപൂർണമായി പ്രയോജനപ്പെടുത്തുമ്പോഴും അല്ലാഹുവിനോട് കൃതജ്ഞത പ്രകടിപ്പിക്കുന്നു.

ഇക്കാലത്ത് അവൻ ജമാഅത്തിന് ഇന്നേക്ക് ഇരുപതുമുപ്പത് വർഷങ്ങൾക്കു മുമ്പേ ചിത്രത്തിൽ ഇല്ലാതിരുന്ന തരത്തിലുള്ള സുഗമമായ വഴികൾ ലഭ്യമാക്കിയിരിക്കുന്നു. ചിലപ്പോൾ അല്ലാഹു അഹ്മദിയ്യത്തിന്റെ ചെടിനടപ്പെട്ട ഏതെങ്കിലും ഒരു പുതിയ രാജ്യം നമുക്ക് ഓരോ വർഷവും പ്രദാനം ചെയ്യുന്നു. ഇക്കാര്യത്തിൽ നമ്മൾ അല്ലാഹുവിനെ സുതുതിക്കുന്നു. ചിലപ്പോൾ നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ *"ഞാൻ നിന്റെ സന്ദേശത്തെ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുന്നതായിരിക്കും"* എന്ന ഇൽഹാം പൂർത്തിയായിക്കൊണ്ടിരിക്കുന്നത് കണ്ടുകൊണ്ടിരിക്കുകയും അതിന് സാക്ഷാത്കാരമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ചിലപ്പോൾ നമ്മൾ ലക്ഷക്കണക്കിന് സൗഭാഗ്യരായ ആത്മാക്കൾ അഹ്മദിയ്യത്ത് സ്വീകരിക്കുമ്പോൾ നന്ദിസൂചകമായി സാഷ്ടാംഗ പ്രണാമം നടത്തിക്കൊണ്ടിരിക്കുന്നു. ഒരു ഭാഗത്ത് എതിരാളികൾ അപമര്യാദയുടെ കൊടുങ്കാറ്റ് ഉണ്ടാക്കിയിരിക്കുന്നു. എന്നാൽ, അവരിൽനിന്ന് സ്നേഹത്തുള്ളികൾ ഇറ്റിറ്റു വീഴുന്ന ആളുകളുമുണ്ടാകുന്നു. അവർ നബി(സ)തിരുമേനിയോടൊപ്പം അവിടത്തെ സത്യവാനായസേവകന്റെ മേലും സ്വലാത്ത് ചൊല്ലുന്നു. സത്യം സ്വീകരിക്കുന്നതിൽനിന്ന് ഒരു അതിക്രമത്തിനും എതിർപ്പിനും അവരെ തടയാൻ കഴിഞ്ഞില്ല. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു:

"ഇന്ന് ലോകത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്ത് ഇല്ലാത്തതായ ഒരു വൻകരയുമില്ല. തന്റേതായ പങ്കുലഭിക്കാത്ത ഒരു മതവുമില്ല. ക്രിസ്ത്യാനികൾ, ഹിന്ദുക്കൾ, ബുദ്ധമതക്കാർ, പാർസികൾ, സിക്കുകാർ, ജൂതന്മാർ തുടങ്ങിയ എല്ലാ സമൂഹങ്ങളിൽനിന്നും അവന്റെ അനുയായികളുണ്ട്. യൂറോപ്പിലെയും അമേരിക്കയിലെയും ആഫ്രിക്കയിലെയും ഏഷ്യയിലെയും ആളുകൾ അദ്ദേഹത്തിൽ വിശ്വസിച്ചു. അദ്ദേഹം മുമ്പേ പറഞ്ഞതെല്ലാം അല്ലാഹുവിന്റെ വചനം അല്ലായിരുന്നെങ്കിൽ അതെങ്ങനെയാണ് പൂർത്തിയായത്?" (ദഅ്വത്തുൽ അമീർ, പേജ് 350)

അദ്ദേഹത്തിന്റെ സന്ദേശം ലോകത്ത് എത്തേണ്ടതും ലോകം അദ്ദേഹത്തെ നബി(സ)തിരുമേനിയുടെ സത്യവാനായ പ്രേമിയും അല്ലാഹുവിന്റെ ഫയൽമാനും എന്ന നിലയിൽ അറിയുകയും അറിഞ്ഞു കൊണ്ടിരിക്കുകയും ചെയ്യുന്നു.

എം.ടി.എ മുഖേന അല്ലാഹു ലോകത്ത് നേരിട്ട് സന്ദേശം എത്തിച്ചു കൊണ്ടിരിക്കുന്നുവെന്ന കാര്യം ഇപ്പോൾ നമ്മൾ കാണുന്നു. ഒരു ടി.വി ചാനൽ നടത്താൻ നമ്മുടെ ലൗകിക സമ്പത്തിന് ഒരിക്കലും താങ്ങാൻ കഴിയില്ല. അല്ലെങ്കിൽ ഈ സമയംവരെ അതിനു കഴിയില്ലെന്ന് ഞാൻ മുമ്പേ പലതവണ പറഞ്ഞിട്ടുമുണ്ട്. ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുക, ലോകത്തിലെ വിവിധ ഭാഷകളിൽ പ്രോഗ്രാമുകൾ സംപ്രേഷണം ചെയ്യുക, ലോകത്തിന്റെ ഓരോ ഭാഗത്തും അതിന്റെ പരിപാടികൾ എത്തിക്കൊണ്ടിരിക്കുക, ലോകത്തിന്റെ വിവിധ പ്രദേശങ്ങളിൽ എല്ലാ പ്രദേശത്തും എന്റെ ഖുത്ബകളുടെ വിവർത്തനം എത്തിക്കുക, 6,7 ഭാഷകളിൽ ഒരേസമയം തൽസമയ പരിഭാഷ നടന്നുകൊണ്ടിരിക്കുക തുടങ്ങിയവയെല്ലാം അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത വാഗ്ദാനങ്ങളുടെ ഫലമാണ്. എന്നിട്ട് അതിലൂടെ അതായത് എന്റെ പ്രഭാഷണങ്ങളിലൂടെയും പ്രോഗ്രാമുകളിലൂടെയും എം.ടി.എയുടെ വിവിധ പ്രോഗ്രാമുകളിലൂടെയും സൽപ്രകൃതക്കാരായ ആളുകൾ അഹ്മദിയ്യത്തിൽ ചേർന്നു കൊണ്ടിരിക്കുന്നു. എം.ടി.എയിലെ അങ്ങയുടെ ഖുത്ബകൾ അല്ലെങ്കിൽ മറ്റു പരിപാടികൾ തങ്ങളെ എങ്ങനെ സ്വാധീനിച്ചുവെന്നും തങ്ങൾക്ക് അഹ്മദിയ്യത്തിൽ താൽപര്യമുായെന്നും അഹ്മദിയ്യത്ത് സ്വീകരിക്കാൻ അല്ലാഹു തൗഫീഖ് നൽകിയെന്നും പലരും എനിക്ക് എഴുതുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിൽനിന്ന് അറിവു കരസ്ഥമാക്കി ജമാഅത്തിന്റെ മഹത്തായ ഭാവിയെ കുറിച്ചെഴുതുന്നു:

"എനിക്ക് അധികമധികമായി മഹത്ത്വം തന്നരുളുമെന്നും എന്റെ സ്നേഹത്തെ ജനഹൃദയങ്ങളിൽ കുടിയിരുത്തുമെന്നും എന്റെ ജമാഅത്തിനെ ഭൂതലമാകമാനം പ്രചരിപ്പിക്കുമെന്നും.......... എന്റെ ജമാഅത്തിലെ ആളുകൾ തങ്ങളുടെ സത്യസന്ധതയുടെ പ്രകാശംകൊണ്ടും തങ്ങളുടെ തെളിവുകൾകൊണ്ടും അടയാളങ്ങൾ മുഖേനയും സർവരേയും നിരുദ്ധകണ്ഠരാക്കുംവിധം അറിവിലും വിജ്ഞാനത്തിലും പരിപൂർണത കരസ്ഥമാക്കുന്നതുമാണ്. സകല സമൂഹവും ഈ നീരുറവിൽനിന്ന് ജലപാനം ചെയ്യുന്നതായിരിക്കും. ഈ ജമാഅത്ത് ശക്തമായി വളരുയും പുഷ്പിക്കുകയും ഭൂമിയിലാകമാനം പടർന്നു പന്തലിക്കുകയും ചെയ്യും. അനവധി പരീക്ഷണങ്ങളും തടസ്സങ്ങളും നേരിടേണ്ടിവരും. എന്നാൽ, അവയെല്ലാം മധ്യത്തിൽനിന്ന് നീക്കിക്കളയുകയും അല്ലാഹു തന്റെ വാഗ്ദാനം പൂർത്തിയാക്കുകയും ചെയ്യുന്നതായിരിക്കും.......എന്നെ സംബോധന ചെയ്തുകൊണ്ട് അല്ലാഹു പറഞ്ഞു, "രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടുമാറ് ഞാൻ നിനക്ക് അനുഗ്രഹത്തിനുമേൽ അനുഗ്രഹം തന്നരുളുന്നതാണ്."

"അതിനാൽ അല്ലയോ കേൾവിക്കാരേ! ഇക്കാര്യങ്ങൾ ഓർമിച്ചുകൊള്ളുക. ഈ പ്രവചനങ്ങളെ നിങ്ങളുടെ പെട്ടികളിൽ സുരക്ഷിതമാക്കി വെക്കുക. കാരണം ഇത് ഒരു നാൾ പൂർത്തിയാകേണ്ട ദൈവത്തിന്റെ വചനങ്ങളാകുന്നു."(തജല്ലിയാത്തെ ഇലാഹിയ്യ, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 409)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രിയപ്പെട്ട ജമാഅത്തിന് അസംഖ്യം സുവർത്തകളുണ്ട്. ഇൻശാ അല്ലാഹ് പുരോഗതികളുടേയും വിജയങ്ങളുടേയും കവാടങ്ങൾ എപ്പോഴും തുറന്നുകൊണ്ടേപോകും. തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ഉൾപ്പെടുത്തുന്ന എല്ലാ ഓരോരുത്തരുടേയും കടമയാണ് ഈ ഈമാൻ മനസ്സുകളിൽ കുടിയിരുത്തിക്കൊണ്ട് അതിൽ എന്നെന്നേക്കുമായി നിലകൊള്ളുക എന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നുശേഷം അവിടത്തെ മാർഗത്തിൽ ചലിച്ചുകൊണ്ടിരിക്കുന്ന ഖിലാഫത്ത് വ്യവസ്ഥിതിയോടു ചേർന്ന് ആ ഈമാനിന്റെ സാക്ഷാത്കാരമായിക്കൊണ്ട് അതിനെ ലോകത്തിന്റെ ഓരോ മുക്കിലും മൂലയിലും എത്തിക്കുകയും വ്യാപിപ്പിക്കുകയും തൗഹീദ് ലോകത്ത് സ്ഥാപിക്കുകയും ചെയ്യുക എന്നത് ആ വിശ്വാസികളുടെ നിർബന്ധകടമയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, രണ്ടു ശക്തിപ്രഭാവങ്ങൾ കാണിക്കുന്നുവെന്നത് അല്ലാഹുവിന്റെ പണ്ടുപണ്ടേയുള്ള നടപടിക്രമമാണ്. ഈ രണ്ടാമത്തെ ശക്തിപ്രഭാവം ഖിലഫത്ത് വ്യവസ്ഥിയാണെന്ന് നമുക്കെല്ലാവർക്കും നല്ലവണ്ണം അറിയാം. മതപരമായ പുരോഗതിയുമായി ഖിലാഫത്ത് വ്യവസ്ഥിതിക്ക് ഒരു സുപ്രധാന ബന്ധമുണ്ട്. ഇസ്ലാമിക ശരീഅത്തിന്റെ ഒരു സുപ്രധാന ഭാഗമാണിത്. മതപരമായ പുരോഗതി ഖിലാഫത്തു കൂടാതെ ഉണ്ടാകുകയേയില്ല. ജമാഅത്തിന്റെ ഐക്യം ഖിലാഫത്തു കൂടാതെ നിലനില്ക്കുകയുമില്ല.

അല്ലാഹു നമ്മെ യഥാർഥ നന്ദിയുള്ള ദാസരാക്കുമാറാകട്ടെ. മുമ്പേയുള്ളതിനെക്കാൾ നമ്മെ അവന്റെ അനുഗ്രഹങ്ങളുടെയും പ്രതിഫലങ്ങളുടെയും അവകാശികളാക്കുമാറാകട്ടെ. വരുന്ന ഓരോ ദിനവും നമ്മൾ പുരോഗതിയുടെ പുതിയ പുതിയ ലക്ഷ്യങ്ങൾ താണ്ടുന്നവരായി മാറട്ടെ. ആമീൻ

വസ്സലാം

വിനീതൻ

**ഖലീഫത്തുൽ മസീഹ് ഖാമിസ്**

لا إله إلا الله محمد رسول الله

ബദർ
വീക്കിലി ഖാദിയാൻ
The weekly
BADAR Qadian
Malayalam

# ഉള്ളടക്കം

പത്രാധിപക്കുറിപ്പ്

ദറസുൽഖുർആൻ

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും ഉപദേശങ്ങൾ

ഞാൻ നിന്റെ സന്ദേശത്തെ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുന്നതായിരിക്കും
എന്ന വെളിപാടിന്റെ പശ്ചാത്തലവും
മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ഭൂമിയുടെ അറ്റങ്ങളോളം എത്തിയതിന്റെ അത്ഭുതകരമായ ദൃശ്യങ്ങളും

വിദൂരപൗരസ്ത്യ ദേശത്ത്
അഹ്മദിയ്യ ജമാഅത്തിന്റെ പുരോഗതികൾ

യൂറോപ്പിൽ അഹ്മദിയ്യ ജമാഅത്തിന്റെ
പുരോഗതികൾ

മധ്യപൗരസ്ത്യ ദേശത്ത്
അഹ്മദിയ്യ ജമാഅത്തിന്റെ പുരോഗതികൾ

ആഫ്രിക്കയിൽ അഹ്മദിയ്യ ജമാഅത്തിന്റെ
പുരോഗതികൾ

# “ആഗോളതലത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഉജ്ജ്വല പുരോഗതികൾ”

**ലോകത്ത് എല്ലാ രാജ്യത്തും അഹ്മദിയ്യത്തിനെ കുറിച്ചുള്ള അറിവ് വർധിക്കുകയും ജനങ്ങൾ അഹ്മദിയ്യത്തിനോടു അടുത്തുവന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു."മഹത്ത്വത്തിന്റെ ഏതു പരിധിവരെ ഈ ജമാഅത്ത് എത്തിയിരിക്കുന്നുവെന്ന് അന്ധന്മാർ എന്തറിയുന്നു."**

2022 ഖാദിയാൻ ജൽസാ സാലാനയുടെ അവസരത്തിൽ പ്രസിദ്ധീകരിക്കുന്ന ബദ്ർ ആഴ്ചപ്പതിപ്പിന്റെ പ്രത്യേക പതിപ്പിന് ഹുദൂർ അൻവർ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് *"ആഗോളതലത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഉജ്ജ്വല പുരോഗതികൾ"*എന്ന ശീർഷകം നല്കാൻ അനുവാദം നല്കിയിരിക്കുയാണ്. വളരെ പരിമിതമായ പേജുകളിൽ ഈ ശീർഷകത്തോടുള്ള കടമ നിറവേറ്റുംവിധം ഞങ്ങൾ ശ്രമിച്ചിരിക്കുന്നു. പക്ഷേ, യാഥാർഥ്യമെന്തെന്നാൽ ഇന്ന് ജമാഅത്ത് എത്രത്തോളം വൈപുല്യം കൈവരിച്ചുകഴിഞ്ഞിട്ടുണ്ടോ അവയെ കുറഞ്ഞപേജുകളിൽ ഉൾക്കൊള്ളിക്കുക എന്നത് അസംഭാവ്യമാണ്. എന്നെന്നും എഴുതിക്കൊണ്ടിരിക്കുന്ന ഒരു വിഷയമാണിത്. ഹുദൂർ അൻവർ ഞങ്ങൾക്ക് വർഷാരംഭത്തിൽത്തന്നെ ഈ ശീർഷകത്തിന്റെ അനുമതി നല്കിയിരുന്നു. ഇതേ ശീർഷകത്തിൽ വർഷാരംഭത്തിൽത്തന്നെ അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ഇൽഹാം *'മേ തേരീ തബ്ലീഗ് കൊ സമീൻ കെ കിനാരോം തക് പഹുംചാഊംങ്കാ'* ഓൺലൈൻ ദിനപത്രമായ അൽഫള്ൽ ഇന്റർനാഷണലും 21 മാർച്ച് മുതൽ 26 മാർച്ച് വരെയുള്ള 6 ലക്കങ്ങളിൽ ഇതേ വിഷയം പ്രസിദ്ധീകരിച്ചുവെന്നത് സവിശേഷതയാണ്. പിന്നീട് ഈ ലേഖനങ്ങൾ പുസ്തക രൂപത്തിലാക്കി നമ്മുടെ വെബ്സൈറ്റായ www.alfazlonline.org ൽ കയറ്റിയിട്ടുമുണ്ട്. പത്രാധിപർ ഹനീഫ് മഹ്മൂദ് സാഹിബും എല്ലാ ലേഖനകർത്താക്കളും തീർച്ചയായും ഈ പ്രവൃത്തിക്ക് നന്ദി അർഹിക്കുന്നു. അനുവാചകർ അമൂല്യമായ ഈ പരിശ്രമം നിർബന്ധമായും പ്രയോജനപ്പെടുത്തുക. അൽഫള്ൽ ഓൺലൈൻ ദിനപത്രത്തോടു നന്ദിപ്രകടിപ്പിച്ചുകൊണ്ട്, അൽഫള്ൽ ദിനപത്രത്തിന്റെ മുൻ പത്രാധിപരും ഇപ്പോൾ ജാമിഅ അഹ്മദിയ്യാ ഘാനയിലെ ഉസ്താദുമായ അബ്ദുസ്സമീഅ് ഖാൻ സാഹിബിന്റെ ഒരു മനോഹരമായ ലേഖനത്തിന്റെ തർജമ ഈ പ്രത്യേകപതിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

നമ്മുടെ പ്രിയപ്പെട്ട ഇമാം സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് നിരവധി തിരക്കുകൾക്കിടയിലും നമ്മുടെ അപേക്ഷ പരിഗണിച്ച് ഈ പ്രത്യേക പതിപ്പിനുവേണ്ടി പ്രൗഢോജ്ജ്വലമായ സന്ദേശവും അനുഗൃഹീത ഒപ്പോടുംകൂടി അവിടത്തെ ഫോട്ടോയും അയച്ചിരിക്കുന്നു. അതിന് ഞങ്ങൾ ഹുദൂറിനോടു അങ്ങേയറ്റം കടപ്പെട്ടവരും നന്ദിയുള്ളവരുമാണ്. അങ്ങയ്ക്കുവേണ്ടി ഞങ്ങൾ ദുആ ഇരക്കുന്നു: *അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്‌ലനാ ഫീ ഉംരിഹീ വ അംരിഹീ.* ഇതിനു പുറമെ ഞങ്ങൾക്ക് ലേഖനങ്ങൾ തയ്യാറാക്കിത്തന്ന നമ്മുടെ ലേഖകന്മാരോടും വളരെ നന്ദിയുള്ളവരാണ്. അവർ അത്യദ്ധ്വാനം ചെയ്ത് എല്ലാം അടങ്ങിയതും ശക്തമായതുമായ വിഷയങ്ങളാണ് തയ്യാറാക്കിയത്.

നബി തനിച്ചാണ് ലോകത്ത് വരുന്നത്. പക്ഷേ, തനിച്ച് ലോകത്ത് താമസിക്കുകയില്ല. എത്രയും പെട്ടെന്ന് ഒരു ജമാഅത്ത് അവരോടൊപ്പമുണ്ടാകുന്നു. അവർ തങ്ങളുടെ ജീവനും ധനവും സമയവും ബലിയർപ്പിക്കുന്നതിന് എപ്പോഴും തയ്യാറായിരിക്കുന്നു. കാരണം അവർ അദ്ദേഹത്തിന്റെ മുഖത്ത് അല്ലാഹുവിന്റെ മുഖം കാണുന്നു. ആരാണോ അല്ലാഹുവിന്റെ മുഖം കാണാൻ തുടങ്ങുന്നത് അവരെ ലോകത്തെ ഒരു ശക്തിക്കും ഭപ്പെടുത്താൻ സാധ്യമല്ല. പിന്നീട് അദ്ദേഹത്തെ വിശ്വസിക്കുന്നവർ ആ നാട്ടിൽനിന്ന് പുറത്തിറങ്ങി നഗരത്തിലും നഗരത്തിൽനിന്ന് പുറത്തിറങ്ങി രാജ്യത്തും മുഴുവൻ ലോകത്തും വ്യാപിക്കുന്നു. അല്ലാഹുവിൽനിന്ന് അറിവു കിട്ടി ആദ്യമെതന്നെ ലോകത്തിന് പറഞ്ഞുകൊടുത്ത ആ നബിയുടെ പ്രവചനമനുസരിച്ചാണ് അങ്ങനെ ഉണ്ടാകുന്നത്. ഇതു നബിയുടെ സത്യസാക്ഷ്യത്തിന് ഉജ്ജ്വലമായ തെളിവാണ്. അത് അല്ലാഹു വളരെ ചുരുങ്ങിയ വാക്കുകളിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: *കതബല്ലാഹു ല അഗ്‌ലിബന്ന അന വ റുസുലീ* ഇതു അലംഘനീമായ വിധിയാണ്. അതുകൊണ്ട് ഈ അലംഘനീയമായ വിധിയുടെ ലക്ഷണങ്ങൾ വ്യക്തമായി കഴിഞ്ഞിരിക്കുന്നു. ചിത്രം വ്യക്തമായും കാണാൻ തുടങ്ങിയിരിക്കുന്നു. ഇന്ന് അഹ്മദിയ്യ ജമാഅത്ത് ദൈവാനുഗ്രഹത്തിൽ 213 രാജ്യങ്ങളിൽ പരന്നു കഴിഞ്ഞിരിക്കുന്നു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)തികഞ്ഞ ദൃഢനിശ്ചയത്തോടും പൂർണമായ വിശ്വാസത്തോടുംകൂടി അല്ലാഹുവിൽനിന്നുള്ള അറിയിപ്പനുസരിച്ച് എല്ലാ രാജ്യങ്ങളിലും അഹ്മദിയ്യത്ത് വ്യാപിക്കുമെന്ന് പ്രവചനം ചെയ്തിരുന്നതാണ്.

അവിടന്ന് പറയുന്നു:"അല്ലയോ ജനങ്ങളേ നിങ്ങൾ കേട്ടുകൊള്ളുവിൻ. തന്റെ ഈ ജമാഅത്തിനെ എല്ലാ രാജ്യത്തും വ്യാപിപ്പിക്കുമെന്നത് ആകാശഭൂമികളെ സൃഷ്ടിച്ചവനായ അവന്റെ പ്രവചനമാണ്. ന്യായപൂർത്തികൾ കൊണ്ടും തെളിവുകൾകൊണ്ടും എല്ലാവരുടെമേലും അവർക്ക് അവൻ വിജയം നൽകുന്നതാണ്. ആ ദിനങ്ങൾ വന്നുകൊണ്ടിരിക്കുന്നു, അല്ല അത് സമീപത്തെത്തിയിരിക്കുന്നു. അതായത് ലോകത്ത് ആദരപൂർവ്വം സ്മരിക്കപ്പെടുന്ന ഒരേയൊരു മതം ഇത് മാത്രമായിരിക്കും. അല്ലാഹു ഈ മതത്തിലും ഈ പ്രസ്ഥാനത്തിലും അനിതര സാധാരണമായ നിലയിൽ അങ്ങേയറ്റത്തെ അനുഗ്രഹം ചൊരിയുന്നതാണ്. അതോടൊപ്പം ഇതിനെ ഇല്ലായ്മ ചെയ്യാൻ ആഗ്രഹിക്കുന്ന ഒരോരുത്തരേയും അവൻ പരാജയപ്പെടുത്തുന്നതാണ്. ഈയൊരു വിജയം ഖിയാമത്തുന്നാൾ വരുന്നതുവരെ എപ്പോഴും നിലനിൽക്കുന്നതായിരിക്കും."(തദ്കിറത്തുശ്ശഹാദത്തയ്ൻ, റൂഹാനീ ഖസാഇൻ വാള്യം 20 പേജ്66)

അത്യുജ്ജ്വലമായ നിലയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പ്രവചനം പുലർന്നതായി കണ്ടുകൊണ്ടിരിക്കുന്നു. ദുൻയാവിന്റെ മുക്കും മൂലയും ഓരോ കോണും ഈ പ്രവചനത്തിന്റെ വലയത്തിൽ വരുന്ന ദിനവും വിദൂരമല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അല്ലാഹു ഈ ഉജ്ജ്വലമായ പ്രവചനത്തെ കുറിച്ച് പറഞ്ഞപ്പോൾ അതായത് *'മേ തേരീ തബ്ലീഗ് കൊ സമീൻ കെ കിനാരോം തക് പഹുംചാഊംങ്കാ'* ആ വർഷം 1898 ആയിരുന്നു. അന്ന് ജമാഅത്തിന്റെ അംഗസംഖ്യ വെറും പത്തായിരമായിരുന്നു. ഇന്ന് കോടികളിലെത്തിക്കഴിഞ്ഞിരിക്കുകയാണ്. അൽഹംദുലില്ലാഹ് ജമാഅത്തിന്റെ അംഗസംഖ്യ വെറും 318 ആണെന്ന അഞ്ചുമൻ ഹിമായത്തെ ഇസ്‌ലാമിന്റെ ആക്ഷേപത്തിന് നല്കിയ മറുപടിയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) 1898 ലെഴുതിയ അൽബലാഗ് എന്ന് ഗ്രന്ഥത്തിൽ പറയുന്നു: 'മിർസാ സാഹിബിന് തന്റെ അനുയായികളുടെ അംഗസംഖ്യ 318 – ലേറെ പറയാൻ കഴിഞ്ഞിട്ടില്ല. ഇതു എത്രമാത്രം സത്യത്തെ മറച്ചു വെക്കലാണ്. ഈ എണ്ണം ആ നേരത്ത് മനസ്സിൽ വന്നത് എഴുതിയെന്നേുള്ളു. അല്ലാതെ ഇത്രമാത്രമാണ് മൊത്തത്തിലുള്ളതെന്ന നിലയിലല്ല. എന്നല്ല നാം നമ്മുടെ ഒരു ലേഖനത്തിൽ വ്യക്തമായ നിലയിൽ ഇപ്പോൾ നമ്മുടെ ജമാഅത്തിന്റെ അംഗസംഖ്യ എട്ടായിരത്തിൽ ഒട്ടും കുറവല്ലെന്ന് പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. പക്ഷേ, ഇതൊരു കാലയളവിലെ കാര്യമാണ്. ഇപ്പോൾ രണ്ടായിരം വീണ്ടും കൂടിയിട്ടുണ്ടെന്ന് ഉറപ്പായും പറയാൻ കഴിയും. നമ്മുടെ ജമാഅത്ത് ഇപ്പോൾ പത്തായിരത്തിൽ കുറവല്ല. അതു പിശാവർ മുതൽ മുംബയ് കൊൽക്കത്ത കറാച്ചി ഹൈദ്രാബാഗ് ദക്കൻ, തമിഴ്നാട് ആസാം ബുഖാറ ഗസ്നി മക്ക മദീന ശാംദേശംവരെ വ്യാപിച്ചുകിടക്കുന്നു. എല്ലാ ഓരോ വർഷവും കുറഞ്ഞത് മുന്നൂറ് നാന്നൂറാളുകൾ നമ്മുടെ ജമാഅത്തിൽ ബയ്അത്ത് ചെയ്ത് പ്രവേശിക്കുന്നു. ആരെങ്കിലും 10 ദിവസമെങ്കിലും ഖാദിയാനിൽ വന്ന് താമസിച്ചാൽ എത്ര വേഗത്തിലാണ് ദൈവകൃപ ആളുകളെ നമ്മുടെ ഭാഗത്തേക്ക് വലിച്ചുകൊണ്ടുവരുന്നതെന്ന് അയാൾക്ക് മനസ്സിലാകുന്നതാണ്. അന്ധന്മാരും കണ്ണുപൊട്ടന്മാരും എന്തറിയാനാണ്. എത്രമാത്രം പ്രതാപത്തിന്റെ അതിരുവരെ ഈ ജമാഅത്ത് എത്തിക്ക

ശേഷം പേജ് 17ൽ

## മസീഹ് മൗഊദിന്റെ കാലത്ത് മുഴുവൻ മതങ്ങളുടെ മേലുമുണ്ടാകുന്ന വിജയം നബി(സ)തിരുമേനിയുടേതുതന്നെയായിരിക്കും. പക്ഷേ, ആരു മുഖേന? മസീഹ് മൗഊദ്(അ) മുഖേന.

*ഇതെങ്ങനെയുളള സൂറത്താണെന്നാൽ ഇതു വായിച്ചിട്ട് ഏതെങ്കിലും അഹ്മദിയുടെ ഹൃദയം സ്പന്ദിക്കുന്നതിൽ നിന്ന് നിന്നുപോകുമെന്ന് ഞാൻ മനസ്സിലാക്കുന്നില്ല. മനുഷ്യന് വലിയ സന്തോഷമുണ്ടാകുമ്പോൾ അവന്റെ ഹൃദയം തുള്ളിച്ചാടാൻ തുടങ്ങുന്നു. ഈ സൂറത്തിൽ നമ്മുടെ അഹ്മദ്(അ) ആയിരോപിയായിരം സ്വലാത്തും സ്വലാമും അദ്ദേഹത്തിനുമേലുണ്ടാവട്ടെ) നേയും അഹ്മദികളായ നമ്മളേയും കുറിച്ചാണ് പറഞ്ഞിട്ടുളളത്. അതുകൊണ്ട് പ്രകൃതി നിയമമനുസരിച്ച് നമ്മുടെ സന്തോഷം അനുവദനീയമായൊരു കാര്യമാകുന്നു*

### ദറസുൽ ഖുർആൻ:

يُرِيۡدُوۡنَ لِيُطۡفِـُٔوۡا نُوۡرَ اللّٰهِ بِاَفۡوَاهِهِمۡ وَاللّٰهُ مُتِمُّ نُوۡرِهٖ وَلَوۡ كَرِهَ الۡكٰفِرُوۡنَ ﴿۹﴾

(سورۃ الصف آیت نمبر9)

തർജമ: തങ്ങളുടെ വായകൊണ്ട് അല്ലാഹുവിന്റെ പ്രകാശത്തെ(സത്യത്തെ) ഊതിക്കെടുത്തിക്കളയുന്നതിന് അവരുദ്ദേശിക്കുന്നു. എന്നാൽ സത്യനിഷേധികൾ വെറുത്താലും അല്ലാഹു തന്റെ പ്രകാശത്തെ പൂർത്തിയാക്കുന്നവൻ തന്നെയാണ്. (സൂറ അസ്സ്വഫ് ആയത്ത് 9)

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സൂറത്തിനെ സംബന്ധിച്ച് പറയുന്നു: "ഇതെങ്ങനെയുളള സൂറത്താണെന്നാൽ ഇതു വായിച്ചിട്ട് ഏതെങ്കിലും അഹ്മദിയുടെ ഹൃദയം സ്പന്ദിക്കുന്നതിൽനിന്ന് നിന്നുപോകുമെന്ന് ഞാൻ മനസ്സിലാക്കുന്നില്ല. മനുഷ്യന് വലിയ സന്തോഷമുണ്ടാകുമ്പോൾ അവന്റെ ഹൃദയം തുള്ളിച്ചാടാൻ തുടങ്ങുന്നു. ഇപ്രകാരം ദുഃഖത്തിന്റെ അവസരത്തിലും. ഇതു പ്രകൃതിയുടെ തേട്ടമാണ്. ആർക്കും അതിൽ നിന്ന് ഒഴിഞ്ഞുനില്ക്കാൻ സാധിക്കുകയില്ല. എന്തെന്നാൽ, ഈ സൂറത്തിൽ നമ്മുടെ അഹ്മദ്(ആയിരോപിയായിരം സ്വലാത്തും സ്വലാമും അദ്ദേഹത്തിനുമേലുണ്ടാവട്ടെ)നേയും അഹ്മദികളായ നമ്മളേയും കുറിച്ചാണ് പറഞ്ഞിട്ടുളളത്. അതുകൊണ്ട് പ്രകൃതിനിയമമനുസരിച്ച് നമ്മുടെ സന്തോഷം അനുവദനീയമായൊരു കാര്യമാകുന്നു." പറഞ്ഞു: "എനിക്ക് ഈ സൂറത്തിനെ സംബന്ധിച്ച് അല്ലാഹു എങ്ങനെയുളള തെളിവുകളാണ് മനസ്സിലാക്കി തന്നിട്ടുളളതെന്നാൽ, ആരെങ്കിലും നീതിയോടെ പ്രവൃത്തിക്കുകയാണെങ്കിൽ നമ്മുടെ വാദം സത്യമാണെന്നതിൽ അയാൾക്ക് അല്പംപോലും സംശയമോ സന്ദേഹമോ ഉണ്ടാകുകയില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. ആ തെളിവുകൾ സത്യമാണെന്നത് നിഷേധിക്കാൻ ഒരിക്കലും സാധിക്കുകയില്ല. (അൽഫള്ൽ 1914 ഏപ്രിൽ 18, പേജ് 5)

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂറത്തുസ്സ്വഫ്ഫിന്റെ മുകളിൽ കൊടുത്ത ആയത്തിന്റെ വ്യാഖ്യാനത്തിൽ പറയുന്നു:

തങ്ങളുടെ വായകൊണ്ട് അല്ലാഹുവിന്റെ പ്രകാശത്തെ(സത്യത്തെ) ഊതിക്കെടുത്തിക്കളയുന്നതിന് അവരുദ്ദേശിക്കുന്നു. പക്ഷേ, സത്യനിഷേധികൾ വെറുത്താലും അല്ലാഹു തന്റെ പ്രകാശത്തെ വ്യാപിപ്പിക്കുന്നവൻ തന്നെയാണ്. ഇതു വ്യക്തമായും ഇക്കാലത്തെ കുറിച്ച് തന്നെയാണ്. നബി(സ)തിരുമേനിയുടെ കാലത്ത് ജനങ്ങൾ വായകൊണ്ട് ഇസ്‌ലാമിനെ തടയാൻ ആഗ്രഹിച്ചിരുന്നില്ല;പ്രത്യുത വാളുകൊണ്ടും കുന്തംകൊണ്ടും തടയാനാണ്. അക്കാലത്ത് മുസ്‌ലിമീങ്ങളെ ഉന്മൂലനം ചെയ്യാൻ വാളുകൾ ഉയർത്തപ്പെട്ടിരുന്നു. പക്ഷേ, വായകൊണ്ട് നശിപ്പിക്കാൻ മസീഹ് മൗഊദ്(അ)ന്റെ കാലത്തുള്ള ആളുകളാണ് ആഗ്രഹിച്ചത്. അവർ പരാജിതരാകുകയും ചെയ്തു. മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവിയും കരുതിയിരുന്നത് ഒരു കുഫ്റിന്റെ ഫത്‌വാ ഉണ്ടായാൽ ഈ ജമാഅത്ത് നശിച്ചുപോകുമെന്നാണ്. പക്ഷേ, അയാൾക്കെന്താണ് ചെയ്യാൻ കഴിഞ്ഞത്. മസീഹ് മൗഊദിന്നെതിരിൽത്തന്നെയാണ് പ്രസംഗങ്ങൾ നടത്തിയതും നോട്ടീസുകൾ വിതരണം ചെയ്തതും പത്രമാസികകൾ തുടങ്ങിയതും. പക്ഷേ, അല്ലാഹു എല്ലാ ഓരോ വശത്തൂടെയും സത്യനിഷേധികളെ നിന്ദ്യരാക്കിക്കാണിച്ചു." (അൽഫള്ൽ 1914 ഏപ്രിൽ 20, പേജ് 5)

هُوَ الَّذِیۡۤ اَرۡسَلَ رَسُوۡلَهٗ بِالۡهُدٰی وَدِیۡنِ الۡحَقِّ لِیُظۡهِرَهٗ عَلَی الدِّیۡنِ کُلِّهٖ ۙ وَلَوۡ کَرِهَ الۡمُشۡرِکُوۡنَ ﴿۱۰﴾

(سورۃ الصف آیت نمبر10)

തന്റെ ദൂതനെ നേർമാർഗത്തോടും സത്യമതത്തോടും കൂടി അയച്ചവനത്രെ അവൻ. അദ്ദേഹം അതിനെ എല്ലാ മതങ്ങളുടേയുംമേൽ വിജയിപ്പിക്കുന്നതിനുവേണ്ടി;ബഹുദൈവവിശ്വാസികൾ വെറുത്താലും ശരി. (സൂറ അസ്സ്വഫ് ആയത്ത് 10)

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ ആയത്തിന് കൊടുത്ത വ്യാഖ്യാനത്തിൽ പറയുന്നു:"എല്ലാ ഖുർആൻവ്യാഖ്യാതാക്കളും ഇവിടെ എത്തിയാൽ പറയാറുണ്ട്, ഇതു മസീഹിന്റെ കാലമാണെന്ന്. എല്ലാ മതങ്ങളും വ്യക്തമായും രംഗത്തുവരുന്നതായിരിക്കും. ഇതു തികച്ചും ശരിയാണ്. കാരണം നബി(സ)തിരുമേനിയുടെ കാലത്ത് കേവലം രണ്ടു മൂന്നു മതങ്ങളാണുണ്ടായിരുന്നത്. പക്ഷേ, ഇന്ന് ആയിരക്കണക്കിന് മതങ്ങളുണ്ടായിരിക്കുന്നു. എൻസൈക്ലോപീഡിയ റിലീജ്യൺസിൽ ആയിരക്കണക്കിന് എണ്ണത്തിൽ മതം എഴുതിക്കൊണ്ടുപോകുന്നു. ഈ ആയത്തിൽ ലിയുള്ഹിറഹൂ തന്നെയാണ് വെച്ചിട്ടുളളത്. അതായത് അക്കാലത്ത് മുഴുവൻ മതങ്ങളുടെ മേലുമുണ്ടാകുന്ന വിജയം നബി(സ)തിരുമേനിയുടേതുതന്നെയായിരിക്കും. പക്ഷേ, ആരു മുഖേന? മസീഹ് മൗഊദ്(അ)മുഖേന. പിന്നീട് അല്ലാഹു ഒരു തെളിവ് എനിക്ക് മറ്റൊന്ന് മനസ്സിലാക്കിത്തന്നു. അതായത് ഈ ആയത്ത് മസീഹ് മൗഊദിനെ സംബന്ധിച്ചാണ്. കാരണം ഈ ആയത്ത് വിശുദ്ധ ഖുർആനിൽ മൂന്നു സ്ഥലത്ത് വന്നിട്ടുണ്ട്. മൂന്നു സ്ഥലത്തും മസീഹിനോടു ചേർത്താണ് പറഞ്ഞിട്ടുളളത്. (1)സൂറ തൗബ റുക്കൂഅ് 5 (2) സൂറ ഫത്ഹ് റുക്കൂഅ് 4 (3) ഈ സ്ഥലത്തും.

ഈ മൂന്നു സ്ഥലങ്ങളിലും മസീഹിനെ കുറിച്ചും പറയുന്നുണ്ട്. രണ്ടു സ്ഥലത്ത് വ്യക്തമായും പേരുണ്ട്. സൂറ ഫത്ഹിൽ ഇഞ്ചീലിലെ നാമം എഴുതിയിരിക്കുന്നു. ഇതിനു കാരണം മസീഹ് രണ്ടാമതും വരേണ്ടതുണ്ടായിരുന്നു. ഈ സംഭവങ്ങൾ അദ്ദേഹത്തിന് നേരിടേണ്ടതുണ്ടായിരുന്നു. ഇല്ലെങ്കിൽ ഈ ആയത്ത് വിശുദ്ധ ഖുർആനിലെ വിവിധ ഭാഗങ്ങളിൽ വരേണ്ടതിനും എല്ലാ സ്ഥലത്തും മസീഹിനെ ചേർത്തു പറയേണ്ടതിനും ഒരു കാരണവുമില്ല.(അൽഫള്ൽ 1914 ഏപ്രിൽ 20, പേജ് 5)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ജ്ഞാനങ്ങളും തത്ത്വങ്ങളും സൗന്ദര്യപരമായ രീതിയിൽ പെട്ടതാണ്. വിശുദ്ധ ഖുർആനിലെ ആയത്തായ *ലിയുള്ഹിറഹൂ അലദ്ദീനി കുല്ലിഹീ* എന്നതിൽ ഈ ജ്ഞാനങ്ങളും തത്ത്വങ്ങളും സമ്പൂർണമായ നിലയിൽ മസീഹ് മൗഊദിന് നല്പ്പെടുന്നതായിരിക്കുമെന്ന വാഗ്ദാനമുണ്ടായിരുന്നു. കാരണം എല്ലാ മതങ്ങളുടേയുംമേൽ വിജയിക്കുന്നതിനുളള മാർഗം സത്യമായ ജ്ഞാനങ്ങളും സത്യമായ തത്ത്വങ്ങളും വ്യക്തമായ തെളിവുകളും സുവ്യക്തമായ ദൃഷ്ടാന്തങ്ങളുമാണ്. മതങ്ങളുടെ മേലുളള വിജയം ഇവയിലാണ് നിലകൊളളുന്നത്. (അർബയീൻ നമ്പർ 4, പേജ് 14 അടിക്കുറിപ്പ്)

"എനിക്ക് ഈ ഖുർആനിക വചനം ഇൽഹാമായി ഇറങ്ങിയിട്ട് ഏകദേശം 20 വർഷം കഴിഞ്ഞു. *ഹുവല്ലദീ അർസല റസൂലഹൂ ബിൽഹുദാ വ ദീനിൽഹഖ്ഖി ലിയുള്ഹിറഹൂ അലദ്ദീനി കുല്ലിഹീ*(തന്റെ ദൂതനെ നേർമാർഗത്തോടും സത്യമതത്തോടും കൂടി അയച്ചവനത്രെ അവൻ. അദ്ദേഹം അതിനെ എല്ലാ മതങ്ങളുടേയുംമേൽ വിജയിപ്പിക്കുന്നതിനുവേണ്ടി). എനിക്ക് ഈ ഇൽഹാമിന്റെ അർഥം ഇങ്ങനെ മനസ്സിലാക്കപ്പെട്ടു. ഞാൻ അല്ലാഹുവിൽനിന്ന് അയക്കപ്പെട്ടിട്ടുളളത് എന്റെ കൈയാൽ അല്ലാഹു എല്ലാ മതങ്ങളുടേയുംമേൽ ഇസ്‌ലാമിനെ വിജയിപ്പിക്കുന്നതിനുവേണ്ടിയാണ്. ഇവിടെ ഓർമിക്കേണ്ട കാര്യം ഇതു വിശുദ്ധ ഖുർആനിലെ മഹത്തായൊരു പ്രവചനമാണ് എന്നതാണ്. ഇതിനോടു അതായത് ഇത് വാഗ്ദത്ത മസീഹിന്റെ കൈയാൽ പൂർത്തിയാകുമെന്ന കാര്യത്തിൽ എല്ലാ ഗവേഷകരായ ഉലമായും യോജിക്കുന്നു. എത്രത്തോളം ഔലിയാഉം അബ്ദാലും എനിക്കുമുമ്പേ കഴിഞ്ഞു കടന്നിട്ടുണ്ടോ അവരിൽ ആരും തന്നെ തങ്ങളാണ് ഈ പ്രവചനത്തിന്റെ സാക്ഷാത്കാരമെന്ന് പറഞ്ഞിട്ടില്ല. അല്ലെങ്കിൽ ഉപര്യുക്ത ആയത്തിൽ പറയപ്പെട്ടയാൾ താനാണെന്ന് ഇൽഹാമുണ്ടായതായും ആരും വാദിച്ചിട്ടില്ല. പക്ഷേ, എന്റെ കാലം വന്നപ്പോൾ എനിക്ക് ഈ ഇൽഹാമുണ്ടായി, എന്നോടു പറയപ്പെട്ടു ഈ ആയത്തിന്റെ സാക്ഷാത്കാരം നീയാണെന്ന്! നിന്റെ കൈകൊണ്ടുതന്നെ, നിന്റെ കാലത്തുതന്നെ ഇസ്‌ലാം ദീനിന്റെ ഉന്നതി മറ്റു മതങ്ങളുടെമേൽ സ്ഥാപിക്കപ്പെടുന്നതായിരിക്കും." (തിർയാഖുൽഖുലബ് പേജ് 47)

അല്ലാഹു മസീഹ് മൗഊദിന്റെ ഈ അടയാളം വിശുദ്ധ ഖുർആനിൽ *ലിയുള്ഹിറഹൂ അലദ്ദീനി കുല്ലിഹീ* എന്ന് വിവരിച്ചതുപോലെ എന്റെ കൈയാൽ പൂർത്തിയായി. (തിർയാഖുൽഖുലബ് പേജ് 53)

ജീവസുറ്റ ദൈവികാടയാളം കൂടെയുളള മതമാണ് ജീവസുറ്റ മതമെന്ന കാര്യം വ്യക്തമാണ്. വിവേചനത്തിന്റെ പ്രകാശം അതിന്റെ ശിരസ്സിൽ വിളങ്ങണം. അത് ഇസ്‌ലാമാണ്. ക്രിസ്ത്യാനികളിലോ സിക്കുകാരിലോ ഹിന്ദുക്കളിലോ ആരെങ്കിലുമുണ്ടോ ഇക്കാര്യത്തിൽ ഞാനുമായി മത്സരിക്കാൻ? എന്റെ സത്യസാക്ഷ്യത്തിന് ഇതു മതിയായ തെളിവാണ്. എനിക്കെതിരിൽ ഒരു ചുവടും ഉറച്ചു നിൽക്കുകയില്ല. ഇനി എങ്ങനെവേണമെങ്കിലും തൃപ്തി വരുത്തിക്കൊള്ളുക. എന്റെ വെളിപ്പെടലോടെ ബറാഹീനെ അഹ്മദിയ്യായിൽ ഖുർആനികമായ ഉദ്ദേശ്യമനുസരിച്ച് എഴുതിയ പ്രവചനം പുലർന്നിരിക്കുന്നു. അത് ഇതാണ്: *ഹുവല്ലദീ അർസല റസൂലഹൂ ബിൽഹുദാ വ ദീനിൽഹഖ്ഖി ലിയുള്ഹിറഹൂ അലദ്ദീനി കുല്ലിഹീ* (തിർയാഖുൽഖുലബ് പേജ് 54)

(തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ), വാള്യം 8, പേജ് 117, 2004 പതിപ്പ് ഖാദിയാൻ)

*..............*.................*.................*.............*

## ഇസ്‌ലാം

**ഇക്കാലത്ത് സർവശക്തനായ ദൈവത്തിൽനിന്ന് സർവ മനുഷ്യർക്കും വേണ്ടി ആഗതരായ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വന്ദ്യസ്ഥാപകർ, സർവ ജനങ്ങളുടേയും മാർഗദർശിയായി നിയോഗിതനായ മഹാത്മാവ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) എന്താണ് ഇസ്‌ലാം എന്ന് വിശദീകരിച്ചുകൊണ്ടു പറയുന്നു:**

**"സർവേശ്വരന്റെ സർവ നിയന്ത്രണങ്ങളുടേയും കീഴെ വരുന്നതിന്റെ പേരാണ് ഇസ്‌ലാം. സർവേശ്വരനോടുളള സത്യസന്ധവും പരിപൂർണവുമായ അനുസരണമാണ് അതിന്റെ ചുരുക്കം. പ്രതിഫലേച്ഛയൊന്നും കൂടാതെ തന്റേതായ സർവതും സർവേശ്വരനായ അല്ലാഹുവിന്റെ തിരുമുമ്പിൽ വെക്കുന്നവനാണ് മുസ്‌ലിം. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു, മൻ അസ്‌ലമ വജ്ഹഹൂ ലില്ലാഹി വഹുവ മുഹ്സിനുൻ (2:113).**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും ഉപദേശങ്ങൾ

**അല്ലാഹുവിന്റെ കൃപയാൽ ഞാൻ തന്നെയാണ് ഒടുവിൽ ഈ രംഗത്ത് വിജയശ്രീലാളിതനായിത്തീരുക! മുഴുലോകവും എന്റെ സത്യതയുടെ ചവിട്ടടിയിൽ അമർന്നിരിക്കുന്നതായി ഞാൻ എന്റെ ക്രാന്തദൃഷ്ടിയിൽ നോക്കികാണുന്നു..**

## ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

"ഞാൻ ഉറച്ച കരുത്തോടും സ്ഥൈര്യത്തോടും ഇതാ പ്രഖ്യാപിച്ചുകൊള്ളട്ടെ. ഞൻ സത്യപാതയിൽ തന്നെയാകുന്നു. അല്ലാഹുവിന്റെ കൃപയാൽ ഞാൻ തന്നെയാണ് ഒടുവിൽ ഈ രംഗത്ത് വിജയശ്രീലാളിതനായിത്തീരുക! മുഴുലോകവും എന്റെ സത്യതയുടെ ചവിട്ടടിയിൽ അമർന്നിരിക്കുന്നതായി ഞാൻ എന്റെ ക്രാന്തദൃഷ്ടിയിൽ നോക്കികാണുന്നു. ഇതാ! ഞാനൊരു അതിമഹത്തായ വിജയത്തെ കൈവരിക്കുവാൻ അടുത്തിരിക്കുന്നു. എന്റെ നാവിന് പിൻബലമായി മറ്റൊരു നാവ് ചലിച്ചുകൊണ്ടിരിക്കുന്നു. എന്റെ കൈക്ക് ശക്തിയേകാൻ മറ്റൊരു കൈ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ലോകമത് കാണുന്നില്ലെങ്കിലും ഞാൻ അത് ദർശിച്ചുകൊണ്ടിരിക്കുന്നു. എന്റെ അന്തരംഗത്തിൽ സ്വർഗീയമായ ഒരാത്മാവ് തുടിച്ചുകൊണ്ടിരിക്കുന്നു. അതെന്റെ ഓരോ വാക്കിനും ഓരോ അക്ഷരത്തിനും ജീവൻ നല്കിയിരിക്കുന്നു. ആകാശത്തിന്റെ അനന്തതകളിൽ വമ്പിച്ച കോളിളക്കവും തിളച്ചുമറിയിലും സംഭവിച്ചിരിക്കുന്നു. അത് ഈ അതിനിസ്സാരനെ ഒരു പാവ പോലെ എഴുന്നേല്പിച്ചു നിറുത്തി. 'തൗബയുടെ(പശ്ചാത്താപത്തിന്റെ)വാതിൽ ഇനിയും കൊട്ടിയടക്കപ്പെട്ടിട്ടില്ലാത്ത ഓരോ ആളും അടുത്തുതന്നെ അറിയുമാറാകും, ഞാൻ സ്വയം എഴുന്നേറ്റവനല്ലെന്ന്! ഒരു സത്യാത്മാവിനെ തിരിച്ചറിയാൻ കഴിയാത്ത നേത്രങ്ങൾ കാഴ്ചയുള്ളവയാണോ? ഈ സ്വർഗീയ വിളിയോടു പ്രതികരിക്കാത്തവനും ജീവനുളളവനാണോ?"(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാള്യം 3, പേജ് 303)

"എനിക്ക് അധികമധികമായി മഹത്ത്വം തന്നരുളുമെന്നും എന്റെ സ്നേഹത്തെ ഹൃദയങ്ങളിൽ കുടിയിരുത്തുമെന്നും എന്റെ ജമാഅത്തിനെ ഭൂതലമാകമാനം പ്രചരിപ്പിക്കുമെന്നും സർവകക്ഷികളുടേയും മേൽ അതിനെ വിജയിപ്പിക്കുമെന്നും നിരന്തരം അല്ലാഹു എനിക്ക് സുവാർത്ത നല്കിയിരിക്കുന്നു. കൂടാതെ എന്റെ ജമാഅത്തിലെ ആളുകൾ തങ്ങളുടെ സത്യസന്ധതുടെ പ്രകാശംകൊണ്ടും തങ്ങളുടെ തെളിവുകൾകൊണ്ടും അടയാളങ്ങൾമുഖേനയും സർവരേയും നിരുദ്ധകണ്ഠരാക്കുംവിധം അറിവിലും വിജ്ഞാനത്തിലും പരിപൂർണത കരസ്ഥമാക്കുന്നതുമാണ്. സകല സമൂഹവും ഈ നീരുറവിൽനിന്ന് ജലപാനം ചെയ്യുന്നതായിരിക്കും. ഈ ജമാഅത്ത് ഭൂമിയിലാകമാനം പടർന്നുപന്തലിക്കുന്നതുവരെ അതിശീഘ്രം ഇതു വളരുകയും പുഷ്പിക്കുകയും ചെയ്യുന്നതായിരിക്കും. അനവധി പരീക്ഷണങ്ങളും തടസ്സങ്ങളും നേരിടേണ്ടിവരും. എന്നാൽ, അവയെല്ലാം മധ്യത്തിൽ നിന്ന് നീക്കിക്കളയുകയും അല്ലാഹു തന്റെ വാഗ്ദാനം പൂർത്തിയാക്കുകയും ചെയ്യുന്നതായിരിക്കും. എന്നെ സംബോധന ചെയ്തുകൊണ്ട് അല്ലാഹു പറഞ്ഞു, "രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടുമാറ് ഞാൻ നിനക്ക് അനുഗ്രഹത്തിനുമേൽ അനുഗ്രഹം തന്നരുളുന്നതാണ്."

"അതിനാൽ അല്ലയോ കേൾവിക്കാരേ! ഇക്കാര്യങ്ങൾ ഓർമിച്ചുകൊള്ളുക. ഈ പ്രവചനങ്ങളെ നിങ്ങളുടെ പെട്ടികളിൽ സുരക്ഷിതമാക്കി വെക്കുക. കാരണം ഇത് ഒരു നാൾ പൂർത്തിയാകേണ്ട ദൈവത്തിന്റെ വചനങ്ങളാകുന്നു. ഞാൻ എന്റെ ആത്മാവിൽ ഒരു നന്മയും കാണുന്നില്ല. ഞാൻ ചെയ്യേണ്ടതായിരുന്ന ജോലി ചെയ്തിട്ടുമില്ല. അർഹതയില്ലാത്ത ഒരു തൊഴിലാളിയായിട്ടാണ് ഞാൻ സ്വയം മനസ്സിലാക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹമൊന്നുമാത്രമാണ് എന്റെ കൂടെയുളളത്. ഒരു വിധത്തിലുളള വൈദഗ്ദ്യവുമില്ലാതിരുന്നിട്ടും ഈ ഒരുപിടിമണ്ണിനെ ഇഷ്ടഭാജനമാക്കിയ ഖാദിറും കരീമുമായ അല്ലാഹുവിനാകുന്നു ആയിരമായിരം നന്ദി."(തജല്ലിയാത്തെ ഇലാഹിയ്യ, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 408-410)

"ആരാണോ ഈഗ്രന്ഥം ഇറക്കിയത് അവനെന്താണ് പറയുന്നതെന്ന് കേട്ടുകൊള്ളുവിൻ. അവനെന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: ഞാനെന്റെ പ്രകാശപ്പൊലിമ കാണിക്കുന്നതാണ്. എന്റെ വ്യക്തമായ ദിവ്യശക്തിയാൽ നിന്നെ ഉയർത്തുന്നതാണ്. ലോകത്ത് ഒരു താക്കീതുകാരൻ വന്നു. എന്നാൽ, ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. പക്ഷേ, അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുന്നതും വലിയ ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത വെളിപ്പെടുത്തുന്നതുമാണ്.

അതിനാൽ അല്ലാഹുവിന്റെ ആ എല്ലാ വാഗ്ദാനങ്ങളും പുലരാത്തിടത്തോളം ഇക്കാലം കഴിഞ്ഞുപോകാതിരിക്കേണ്ടതും നമ്മൾ ലോകത്തുനിന്ന് കടന്നുപോകാതിരിക്കേണ്ടതും അനിവാര്യമാകുന്നു. (നുസൂലുൽ മസീഹ്, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 554)

അല്ലാഹു അവന്റെ സഹായങ്ങളും തന്റെ അടയാളങ്ങളും അവസാനിപ്പിച്ച് കഴിഞ്ഞിട്ടില്ല. അവന്റെ സത്തയെ തൊട്ടു ഞാൻ സത്യം ചെയ്യുന്നു. എന്റെ സത്യത ലോകത്തിനുമേൽ വെളിപ്പെടുത്താത്തിടത്തോളം അവൻ മതിയാക്കുകയില്ല. അതുകൊണ്ട് എന്റെ ശബ്ദം ശ്രവിക്കുന്നവരേ! ദൈവത്തെ ഭയപ്പെടുക. അതിരു ലംഘിക്കാതിരിക്കുക. ഈ പദ്ധതി മനുഷ്യന്റേതായിരുന്നുവെങ്കിൽ അല്ലാഹു എന്നെ നശിപ്പിക്കുമായിരുന്നു. എല്ലാ പരിപാടികളുടേയും പേരും അടയാളവും പോലും ഉണ്ടാകുമായിരുന്നില്ല. എന്നാൽ, എങ്ങനെയാണ് അല്ലാഹുവിന്റെ സഹായം എന്നോടൊപ്പമുണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് നിങ്ങൾ കണ്ടു. എത്രത്തോളം അടയാളങ്ങൾ വെളിപ്പെട്ടുവെന്നാൽ, അത് എണ്ണിക്കണക്കാക്കാൻ സാധിക്കുയില്ല. നോക്കൂ! എത്രയെത്ര ശത്രുക്കളാണ് ഞാനുമായി മുബാഹല ചെയ്ത് നശിച്ചത്. അല്ലയോ ദൈവദാസരേ!അല്പം ചിന്തിക്കുക. അല്ലാഹു വ്യാജന്മാരോടു ഇങ്ങനെയാണോ പെരുമാറുന്നത്!(ഹഖീഖത്തുൽ വഹി, റൂഹാനീ സാഇൻ വാള്യം 22, പേജ് 554)

### ഇസ്‌ലാമിനുവേണ്ടി വിജയത്തിന്റേയും സഹായത്തിന്റേയും നേരം വീണ്ടും വന്നിരിക്കുന്നു

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു: "ഇസ്‌ലാം ഇക്കാലത്തും വളരെ ദുർബലമാണ്. അല്ലാഹു തന്റെ ഒരു ഇഷ്ടദാസൻ മുഖേന ഈ സുവാർത്ത വീണ്ടും കേൾപിച്ചിരിക്കുന്നു. അവനിൽനിന്ന് ഇസ്‌ലാമിന്റെ വിജയത്തിന്റേയും സഹായത്തിന്റേയും നേരം വീണ്ടും വന്നിരിക്കുന്നു. ജനങ്ങൾ കൂട്ടംകൂട്ടമായി ഇസ്‌ലാമിൽ പ്രവേശിക്കുന്നതായിരിക്കും. പിന്നീട് മുസ്‌ലിമീങ്ങളിൽ അതേ ആത്മീയത ഊതപ്പെടുന്നതായിരിക്കും. അഹങ്കരിക്കാത്തവർ ഭാഗ്യവാന്മാർ. അല്ലാഹുവിന്റെ പ്രവൃത്തിയെ ആദരിക്കുക; അവർക്കും ആദരവുണ്ടാകാൻ." (ഹഖാഇഖുൽ ഫുർഖാൻ വാള്യം 4, പേജ് 532)

### അഹ്മദിയ്യത്ത് ലോകത്ത് വിജയിക്കും. തീർച്ചയായും വിജയിച്ചിരിക്കും

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ)

ഒരു അവസരത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) ബശീർ അഹ്മദ് സാഹിബ് ഓർച്ചാഡിനെ സംബോധന ചെയ്തുകൊണ്ടു തന്റെ പ്രസംഗത്തിൽ പറഞ്ഞു: "ഈ നേരത്ത് നിസംശയെ താങ്കൾ പരിചയമില്ലാത്ത ആളാണ്. അപരിചിതനാണ്. പക്ഷേ, ജനതകൾ താങ്കളുടെ പേരുകേട്ട് അഭിമാനിക്കുന്ന ഒരു കാലം വരും. താങ്കളുടെ പ്രവർത്തനങ്ങളെ അഭിനന്ദിക്കും. അതുകൊണ്ട് താങ്കളുടെ അനക്കമടക്കങ്ങളെ നിസ്സാരമായി മനസ്സിലാക്കരുത്. ഈ അനക്കങ്ങൾ കേവലം തന്റേതു മാത്രമാണെന്ന് മനസ്സിലാക്കരുത്. പ്രത്യുത ഇത് എല്ലാ ഇംഗ്ലീഷ് ജനതയുടേതുമാണ്. അവർ പിന്നീട് വരുന്നതായിരിക്കും. താങ്കളുടെ ഓരോ അനക്കവും പിൻപറ്റും. താങ്കളുടെ ഓരോ വാക്കിനേയും പിൻതുടരുന്നതായിരിക്കും..........

"അക്കാലത്ത് അഹ്മദിയ്യത്ത് ലോകത്ത് വിജയംവരിക്കുമ്പോൾ-തീർച്ചയായും വിജയം വരിച്ചിരിക്കും-ഒരു ശക്തിക്കും അതിനെ തടയാൻ സാധി

ശേഷം പേജ് 17ൽ

# "ഞാൻ നിന്റെ സന്ദേശത്തെ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുന്നതായിരിക്കും"

## ഈ വെളിപാടിന്റെ പശ്ചാത്തലവും മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ഭൂമിയുടെ അറ്റങ്ങളോളമെത്തിയതിന്റെ അത്ഭുതകരമായ ദൃശ്യങ്ങളും

**അബ്ദുസ്സമീഅ് ഖാൻ, ഉസ്താദ് ജാമിഅ അഹ്മദിയ്യ ഘാന**
**വിവർത്തനം: മുഹമ്മദ് മൻസിൽ മുറിയക്കണ്ണി**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെളിപാടുകളുടെ സമാഹാരമായ 'തദ്കിറ'യിൽ നിന്ന് അല്ലാഹു അദ്ദേഹത്തിന് ദൈവികസഹായത്തിന്റേയും ആഗോളവിജയത്തിന്റേയും ധാരാളം സുവാർത്തകൾ നൽകിയിട്ടുണ്ടെന്ന് മനസിലാവുന്നുണ്ട്. കൂടാതെ ഒരു തരത്തിലുള്ള സംശയവും ബാക്കിയാവാത്ത നിലയിൽ അവ ആവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ആ വെളിപാടുകളിലൊന്ന് 'ഞാൻ നിന്റെ സന്ദേശത്തെ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുന്നതായിരിക്കും' എന്നതുമാണ്. 1898-ൽ ഇറങ്ങിയതാണ് ഈ ഇൽഹാം. അതായത് ഇന്നേക്ക് 124 വർഷം മുമ്പേ വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ സത്യസാക്ഷ്യം സ്ഥാപിക്കുന്നതിന് ഈ ഒരു ഇൽഹാം മാത്രം മതിയായതാണ്! ഈ ഇൽഹാമുമായി സാമ്യതയുള്ള വെളിപാടുകളും ചേർച്ചയുള്ള വാക്കുകളിലെ മറ്റ് വെളിപാടുകളുമുണ്ട്. അവയിൽ ചിലത് ഇതാണ്:

"ഞാൻ നിനക്ക് ഭൂമിയുടെ കോണുകളോളം ആദരവോടുകൂടി പ്രസിദ്ധി നൽകുന്നതാണ്." (തദ്കിറ, പേജ് 149, ഖാദിയാൻ 2008)

''അവൻ നിന്റെ പ്രസ്ഥാനത്തേയും നിന്റെ ജമാഅത്തിനേയും ഭൂമിയിൽ വ്യാപിപ്പിക്കുകയും അവർക്ക് അനുഗ്രഹങ്ങൾ നൽകുകയും, വർധന ഉണ്ടാക്കുകയും അവരുടെ ആദരവിനെ ഭൂമിയിൽ നിലനാട്ടുകയും ചെയ്യുന്നതാണ്." (തുഹ്ഫത്തുന്നദ്‌വ, റൂഹാനീ ഖസാഇൻ, വാല്യം 19, പേജ് 97)

**അറബി ഇൽഹാം: (തദ്കിറ പേജ് 260)**

"അല്ലാഹു എന്നോടു വാഗ്ദാനം ചെയ്തിരിക്കുന്നു, അവനെന്നെ സഹായിക്കുന്നതാണ്; ഏതുവരെയെന്നാൽ എന്റെ കാര്യം ഭൂമിയുടെ ഓരോ കിഴക്കും പടിഞ്ഞാറും എത്തിക്കുന്നതാണ്.

**ഇംഗ്ലീഷ് ഇൽഹാം:**

*I shall give you a large party of Islam.*
(തദ്കിറ, പേജ് 80)

1) ഈ വെളിപാടുകളിറങ്ങിയ കാലത്ത് വാഗദ്ത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദിനുണ്ടായ എതിർപ്പിന്റെ അവസ്ഥ എന്തായിരുന്നു?
2) വെളിപാട് ഇറങ്ങിയ കാലത്ത് അദ്ദേഹത്തിന്റെ സന്ദേശം എവിടെവരെ എത്തിയിട്ടുണ്ടായിരുന്നു?
3) ഭൂമിയുടെ അറ്റങ്ങളെന്നതുകൊണ്ട് എന്തായിരുന്നു ഉദ്ദേശിച്ചിരുന്നത്?
4) ഭൂമിയുടെ അറ്റങ്ങൾവരെ വാഗ്ദത്ത മസീഹിന്റെ(അ) സന്ദേശം എത്തുന്ന അത്ഭുതകരമായ ദൃശ്യങ്ങൾ

**വെളിപാടിന്റെ പശ്ചാത്തലം**

ഇൽഹാമിന്റെ പശ്ചാത്തലം പരിശോധിക്കുന്നതിനുവേണ്ടി അതിന് 4 വർഷം മുമ്പേ അതായത് 1894 മുതൽ 1897 വരെയുള്ള അവസ്ഥകളിലേക്ക് നമുക്കൊന്ന് ദൃഷ്ടി പായിക്കാം. മുസ്‌ലിം സമുദായം കാലങ്ങളായി ഏതൊരു മഹ്ദിയെയാണോ കാത്തിരുന്നത് അതിന്റെ അടയാളങ്ങളിലൊന്ന് സൂര്യചന്ദ്രഗ്രഹണങ്ങളുടെ അടയാളങ്ങളായിരുന്നു എന്ന് ചരിത്രത്തിൽനിന്ന് മനസിലാവുന്നു. ഇത് 1894 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ പ്രകടമായി. ചില പരിശുദ്ധാത്മാക്കൾ ഇതുകണ്ട് ഹദ്റത്ത് അഹ്മദ്(അ)നെ സ്വീകരിച്ചു. എന്നാൽ, പൊതുവിൽ മുസ്‌ലിം സമുദായം ഈ അടയാളത്തെ തള്ളിക്കളയുകയാണുണ്ടായത്. പണ്ഡിതന്മാർ പല തരത്തിലുള്ള ഒഴിവുകഴിവുകൾ പടച്ചുണ്ടാക്കി ഹദീഥിനെ അംഗീകരിക്കുന്നത് നിഷേധിച്ചു. നിവേദനങ്ങൾ കളവാണെന്ന് വിധിച്ചു. പ്രകൃതി നിയമത്തെ വേരോടെ, പിഴുതെടുക്കുന്നതിന് മതിയായ നിലയിൽ ചന്ദ്രഗ്രഹണത്തിന് അവർ സ്വയമേവ തിയതികൾ പടച്ചു നിശ്ചയിച്ചു. വാഗ്ദത്ത മഹ്ദീ മസീഹ്(അ) അവർക്ക് മറുപടിയായി ഒരുപാട് തെളിവുകൾ സമർപ്പിച്ചു. ഒരുപാട് ഗ്രന്ഥങ്ങളെഴുതി. ഒട്ടനവധി വെല്ലുവിളികൾ നടത്തി. എന്നാൽ, അംഗീകരിക്കുന്നവർ വളരെ തുച്ഛവും നിഷേധിക്കുന്നവർ ആയിരം ഇരട്ടിയിലധികവുമായിരുന്നു. 1890-ൽ വാഗ്ദത്ത മഹ്ദീ മസീഹ്(അ) ഈസാനബിയുടെ മരണത്തെ സംബന്ധിച്ച വെളിപാട് വിളംബരം ചെയ്തു. അക്കാരണത്താൽ പൊതുവിൽ മുസ്‌ലിമീങ്ങൾ പ്രകോപിതരായിരുന്നു. എന്നാൽ, 1895-ൽ വാഗ്ദത്ത മഹ്ദീ മസീഹ്(അ) ഈസാമസീഹ്(അ)ന്റെ ഖബ്ർ കശ്മീരിലെ ശ്രീനഗറിൽ സ്ഥിതിചെയ്യുന്നുവെന്ന കണ്ടുപിടിത്തവും നടത്തി. ഈ വിളംബരം മുസ്‌ലിമീങ്ങളുടെയും ക്രിസ്ത്യാനികളുടെയും വിങ്ങിക്കൊണ്ടിരുന്ന ഞരമ്പുളിലാണ് കൈവെച്ചത്. ഈ രണ്ട് സമൂഹങ്ങളും അഗ്നിജ്വാലകളായിമാറി.

1896-ൽ വാഗ്ദത്ത മഹ്ദീ മസീഹ്(അ), കാബുൾ ഭരണാധികാരി അമീർ അബ്ദുർറഹ്മാനിന്റെ പേരിൽ ഒരു പ്രബോധന കത്തയക്കുകയും അത് ഹദ്റത്ത് മൗലവി അബ്ദുർറഹ്മാൻ സാഹിബ് ശഹീദ് അദ്ദേഹത്തിനു കൊടുക്കാൻ കൊണ്ടു പോവുകയും ചെയ്തു. അതിന് അമീർ നൽകിയ മറുപടി 'ഇവിടെ വന്ന് പറയുക' എന്നതായിരുന്നു. അതായത് കാബൂളിൽവന്ന് വാദം ഉന്നയിക്കുകയാണെങ്കിൽ വിവരം അറിയുമെന്നായിരുന്നു! അതിനുശേഷം മുഹമ്മദു ഹുസയ്ൻ ബട്ടാലവി സാഹിബ് കാബൂളിൽ പോവുകയും അമീറിനെ നല്ലപോലെ പ്രകോപിതനാക്കുകയും ചെയ്തുകൊണ്ടു പറഞ്ഞു: 'മിർസാ സാഹിബ് കാബൂളിൽ പോവുകയാണെങ്കിൽ ജീവനോടെ തിരിച്ചു വരികയില്ല.' (താരീഖെ അഹ്മദിയ്യത്ത് വാല്യം 1, പേജ് 548).

അതിനുശേഷം കാബുൾ അമീർ ഹദ്റത്ത് മൗലവി അബ്ദുർറഹ്മാൻ സാഹിബ്(റ)നെ ശഹീദാക്കുകയുണ്ടായി. 1903-ൽ ഹദ്റത്ത് സാഹിബ് സാദാ അബ്ദുല്ലത്തീഫ് സാഹിബ്(റ)നെയും വാഗ്ദത്ത മഹ്ദീമസീഹ്(അ)നെ വിശ്വസിച്ചുവെന്ന കുറ്റം കാരണത്താൽ കല്ലെറിഞ്ഞ് ശഹീദാക്കുകയുണ്ടായി.

1896-ൽ തന്നെ വാഗ്ദത്ത മഹ്ദീമസീഹ്(അ) ഇന്ത്യയിലെ മുഴുവൻ പണ്ഡിതന്മാരോടും ഫഖീർമാരോടും മുബാഹല ആഹ്വാനം നടത്തുകയുണ്ടായി. അതിന്റെ ഫലമായി അവരുടെ മുരീദന്മാരിൽ വെറുപ്പിന്റെ തിരമാലകൾ അടിച്ചുയർന്നു. 1906 വരെയും ആ എതിരാളിപ്പണ്ഡിതന്മാരിൽ ഭൂരിപക്ഷത്തിന്റെ അന്ത്യം കുറിക്കപ്പെടുകയും ജീവനോടെ ബാക്കിയായവർ ഏതെങ്കിലും തരത്തിലുള്ള പരീക്ഷണത്തിൽ അകപ്പെടുകയും ചെയ്തു. (താരീഖെ അഹ്മദിയ്യത്ത് വാല്യം 1 പേ: 551)

1893-ൽ പാതിരി അബ്ദുല്ലാഹ് ആഥിമുമായി, വാഗ്ദത്ത മഹ്ദീമസീഹ്(അ)ന്റെ വാദപ്രതിവാദം(ജംഗെ മുഖദ്ദസ്) നടന്നിരുന്നു. അതിന്റെ അവസാനത്തിൽ വാഗ്ദത്ത മഹ്ദീമസീഹ്(അ) അബ്ദുല്ലാഹ് ആഥിമിന്റെ നാശത്തെ സംബന്ധിച്ച് പ്രവചനം നടത്തി. എന്നാൽ, അയാൾ ഹൃദയംകൊണ്ട് പശ്ചാത്തപിച്ച കാരണത്താൽ പെട്ടന്നുള്ള ദൈവിക ശിക്ഷയിൽനിന്ന് രക്ഷപ്പെട്ടെങ്കിലം സത്യത്തെ മറച്ചുവയ്ക്കുന്ന തെറ്റുകാരനാവുകയും 1896 ജൂലായ് 27 ന് അവസാനം നാശത്തിലകപ്പെടുകയും ചെയ്തു. ഈ സംഭവം ക്രിസ്തീയ ലോകത്തിന്റെ ആവേശവും വെറുപ്പും വർധിപ്പിച്ചു. അവസാനം ഈ മരണത്തിന്റെ പ്രതികാരമെന്നോണം 1897 ആഗസ്റ്റ് മാസത്തിൽ മാർട്ടിൻ ക്ലാർക്ക് വാഗ്ദത്ത മഹ്ദീമസീഹി(അ)ന്നെതിരിൽ വധോദ്യമകേസ് കൊടുത്തു.

1897-ൽ തുർക്കി സുൽത്വാന്റെ ഡെപ്യൂട്ടി അംബാസിഡറായ ഹുസയ്ൻ കാമി ഖാദിയാനിൽ വന്നു. അദ്ദേഹം തുർക്കിയിലെ ഉഥ്മാനിയ ഖിലാഫത്തിനുവേണ്ടി ഇംഗ്ലീഷുകാർക്കെതിരിൽ വാഗ്ദത്ത മഹ്ദീമസീഹി(അ)ന്റെ സഹായം ആഗ്രഹിച്ചിരുന്നു. എന്നാൽ, തുർക്കി ഭരണകൂടത്തിന്റെ അവസ്ഥ നല്ലതല്ലെന്നും അക്കാരണത്താൽ അതിന്റെ പര്യവസാനം നല്ലതാവില്ലെന്നും വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ)ന് കശ്ഫിലൂടെ അറിവ് നൽകപ്പെട്ടു. അതുകൊണ്ട് അയാൾ തിരിച്ചുപോയി. വാഗ്ദത്ത മഹ്ദീമസീഹി(അ)ന്നെതിരിൽ പത്രങ്ങളിൽ പ്രകോപനപരമായ ഒരു ലേഖനം പ്രസിദ്ധീകരിക്കുകയും ഒരുപാട് ചർച്ചകൾ നടത്തുകയും ചെയ്തു. ഇപ്രകാരം വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ) മുസ്‌ലിമീങ്ങളുടെ ശക്തമായ ഉഥ്മാനിയ ഭരണകൂടത്തിന്റെ ശത്രുതയും ശിരസിലേറ്റിയതു പോലെയായി.

1893-ൽ വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ) നബി(സ)തിരുമേനിയെ ചീത്ത വിളിച്ച ലേഖ്റാമിനെ കുറിച്ച് അയാൾക്ക് 6 വർഷത്തിനുള്ളിൽ നാശമുണ്ടാവുമെന്ന് പ്രവചനം നടത്തിയിരുന്നു. 1897 മാർച്ച് 6 ന് ഈ അതിമഹത്തായ പ്രവചനം പുലർന്നപ്പോൾ ഹിന്ദുക്കളും ആര്യസമാജക്കാരും അദ്ദേഹത്തിന്റെ ആജന്മശത്രുക്കളായി മാറി. ലേഖ്റാമിനെ വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ) കൊല ചെയ്യിച്ചതാണെന്ന ആരോപണം ഉന്നയിച്ചു. ആ പുണ്യാത്മാവിന്റെ വീട് റെയ്ഡ് ചെയ്യപ്പെട്ടു. പരിശോധിക്കുന്ന പോലീസുദ്യോഗസ്ഥൻ പറഞ്ഞു: 'മിർസ എപ്പോഴും രക്ഷപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ, ഇത്തവണ എന്റെ കൈ കാണുന്നതാണ്.' അദ്ദേഹത്തെ കൊല്ലാൻ പദ്ധതികളിട്ടു, വധിക്കുന്നവർക്ക് സമ്മാനങ്ങളും നിശ്ചയിക്കപ്പെട്ടു. മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവി സാഹിബ് എഴുതി: 'ലേഖ്റാമിന്റെ കൊലപാതകത്തിൽ മിർസാ സാഹിബിന് പങ്കുണ്ടെന്ന് സത്യം ചെയ്യാൻ ഞാൻ തയ്യാറാണ്. അതുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യാനുള്ള നടപടികളും സ്വീകരിക്കപ്പെട്ടു.' (താരീഖെ അഹ്മദിയ്യത്ത് വാല്യം 1, പേജ് 598)

1898-ന്റെ ആരംഭത്തിൽ ഒരു മൗലവിയായ

മുല്ലാ മുഹമ്മദ് ബഖ്ശ് ജട്ട്ലി ഒരു വിജ്ഞാപനം പ്രസിദ്ധീകരിച്ചുകൊണ്ട് വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ മരണം സംഭവിച്ചതായി ഒരു കള്ള വാർത്ത പ്രചരിപ്പിച്ചു. (താരീഖെ അഹ്മദിയ്യത്ത് വാല്യം 2, പേജ് 9).

1898-ന്റെ മധ്യത്തിൽ പഞ്ചാബ് ഭരണകൂടം ഇൻകംടാക്സ് നൽകാത്തതിന്റേയും സർക്കാർ ഖജനാവിന് നഷ്ടമുണ്ടാക്കിയതിന്റേയും പേരിൽ വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്നെതിരിൽ കേസ് രജിസ്റ്റർ ചെയ്തു. 1898 ന്റെ അവസാനത്തിൽ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ വ്യാജസന്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആ മഹാത്മാവിന്നെതിരിൽ സമാധാന ഭംഗത്തിന് കേസ് രജിസ്റ്റർ ചെയ്തു. മിർസാ സാഹിബ് തന്നെ കൊലചെയ്യിക്കുമെന്ന് മൗലവി സാഹിബ് പറഞ്ഞു.

ബറാഹീനെ അഹ്മദിയ്യായുടെ പ്രഥമ വാല്യങ്ങളുടെ പ്രസിദ്ധീകരണത്തിനുശേഷം വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്നെതിരിൽ കുഫ്ർ ഫത്വ നൽകപ്പെട്ടു എന്ന കാര്യം ഓർക്കുക. (ആലമി ഫിത്ന തക്ഫീർ കെ മുതഅല്ലിക് റസൂൽകരീം(സ)കി പേശ്ഗോയിയാം, ദോസ്ത് മുഹമ്മദ് ശാഹിദ്, പേജ് 16, ഡന്മാർക്ക്)

ഇതിനുശേഷം മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി ഇന്ത്യ ഒട്ടുക്ക് യാത്ര ചെയ്യുകയും 200 പണ്ഡിതന്മാരിൽനിന്ന് കുഫ്ർ ഫത്വ ശേഖരിക്കുകയും നികൃഷ്ടമായി ചീത്തവിളിക്കുകയും ചെയ്തു. (ഹയാത്തെ ത്വയ്യിബ, പേജ് 102 ശയ്ഖ് അബ്ദുൽ ഖാദിർ)

ഈ സംഭവങ്ങൾ ഉച്ചൈസ്തരം വിളിച്ചുപറയുന്നത് വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ ജീവനും സ്വത്തും വളരെ അപകടത്തിലായിരുന്നുവെന്നും നാനാഭാഗത്തുനിന്നും എതിരാളികളാൽ വലയം ചെയ്യപ്പെട്ട അവസ്ഥയിലായിരുന്നുവെന്നുമാണ്. ഈ അവസ്ഥയിൽ ശത്രുക്കളുടെ ദ്രോഹങ്ങളിൽ നിന്ന് താൻ രക്ഷപ്പെടുമെന്നും എതിരാളികൾ പരാജിതരായിപ്പോവുമെന്നും അദ്ദേഹം പറഞ്ഞു. താൻ ഭൂമിയുടെ അറ്റങ്ങളോളം ബഹുമാനവും കീർത്തിയും കരസ്ഥമാക്കുമെന്നും സ്വീകാര്യത കരസ്ഥമാക്കുമെന്നും ഇനി മറിച്ചാരെങ്കിലും ചിന്തിക്കുന്നുവെങ്കിൽ ലോകത്തിന്റെ ദൃഷ്ടിയിൽ അതിന് ഭ്രാന്തന്റെ ജൽപനങ്ങളേക്കാൾ വലിയ സ്ഥാനമൊന്നുമില്ലെന്നും അദ്ദേഹം പറഞ്ഞു. ഇത് തന്റെ ജനതയുടെ അക്രമംകൊണ്ട് പൊറുതിമുട്ടിയ ദൈവത്തിന്റെ ഒരു മഹാനായ പ്രവാചകനെ പിന്തുടർന്നുകൊണ്ടു വന്നയാളോടു കിസ്റയുടെ വള നിന്റെ കൈകളിൽ അണിയിക്കപ്പെടുമെന്ന് പറഞ്ഞതുപോലെ തന്നെയല്ലേ?

**സന്ദേശം എവിടെയൊക്കെ എത്തിയിട്ടുണ്ടായിരുന്നു**

ഈ വെളിപാടിന്റെ സമയത്ത് ജമാഅത്തിന് ഒരു പേരുംപെരുമയുമുണ്ടായിരുന്നില്ല. അത് ശൈശവാവസ്ഥയിലായിരുന്നു. അതുകൊണ്ട് ഇന്ത്യയിൽ അഹ്മദികൾ ഉണ്ടായിരുന്നെങ്കിലും ജമാഅത്ത് സംവിധാനമൊന്നുമുണ്ടായിരുന്നില്ല. അഹ്മദികൾ ധനത്യാഗങ്ങളും ചെയ്തിരുന്നു. എങ്കിലും ചന്ദയുടെ കൃത്യമായ സംവിധാനമുണ്ടായിരുന്നില്ല. വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ) ആവശ്യാനുസരണം ആഹ്വാനം ചെയ്യുകയും ജമാഅത്തംഗങ്ങൾ ലബ്ബയ്ക്ക് പറഞ്ഞ് അതിൽ പങ്കെടുക്കുകയുമായിരുന്നു. ഏതെങ്കിലും മുബല്ലിഗോ മുറബ്ബിയോ ഉണ്ടായിരുന്നില്ല. ഏതെങ്കിലും പത്രമോ മാസികയോ ഉണ്ടായിരുന്നില്ല. 1897-ന്റെ അവസാനത്തിൽ അൽഹക്കം പത്രം ആഴ്ചപ്പതിപ്പായി അമൃതസറിൽനിന്ന് പ്രസിദ്ധപ്പെടുത്തുകയും 1902-ൽ റിവ്യു ഓഫ് റിലീജിയൻസ് പ്രസിദ്ധീകരിക്കുകയുമായിരുന്നു.

ഇന്ത്യക്ക് പുറത്ത് വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ)നെ സംബന്ധിച്ച ചർച്ച ഏറ്റവും കൂടുതൽ ബ്രിട്ടനിലായിരിക്കും നടന്നിരിക്കുക. എന്തുകൊണ്ടെന്നാൽ, ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണകൂടമായിരുന്നു. ഇന്ത്യയിലെ സകല വാർത്തകളും അവിടെ എത്തിയിരുന്നു. 1897-ൽ വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ) 'തുഹ്ഫ ഖയ്സ്വരിയ' എന്ന പേരിൽ ഒരു തബ്ലീഗ് കത്ത് ഇംഗ്ലണ്ടിലെ വിക്ടോറിയ രാജ്ഞിക്ക് അയച്ചു. എന്നാൽ, അതിനും പ്രത്യേകമായൊരു പ്രതികരണമൊന്നും ഉണ്ടായിട്ടില്ല.

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ) അല്ലാഹുവിനാൽ നിയോഗിതനായ ഉടനെ ആഗോളതലത്തിൽ വിജ്ഞാപനങ്ങൾ മുഖേന അടയാളങ്ങൾ കാണിക്കുമെന്നുള്ള വിളംബരം നടത്തിയിട്ടുണ്ടായിരുന്നു. ലോകത്തുള്ള വലിയ വലിയ നേതാക്കന്മാർക്കും മതഗുരുക്കന്മാർക്കും തന്റെ സന്ദേശം എത്തിച്ചു. അവിടന്ന് പറയുന്നു: "ഈ വാദം അല്ലാഹുവിന്റെ അനുഗ്രഹത്താലും അവന്റെ തൗഫീഖിനാലും എതിർപ്പിന്റെ മൈതാനത്തിൽ എതിരാളികളുടെ മുമ്പാകെ വെക്കപ്പെട്ടിരിക്കുന്നു. ഈ വാദത്തെ കാണിക്കുന്നതിന് ഏകദേശം മുപ്പതിനായിരത്തോളം വിജ്ഞാപനങ്ങൾ വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്. എണ്ണായിരം ഇംഗ്ലീഷ് കത്തുകളും രജിസ്ട്രേഡ് ആയിക്കൊണ്ട് ഇന്ത്യാ രാജ്യത്തുള്ള മുഴുവൻ പാതിരിമാർക്കും പണ്ഡിറ്റുമാർക്കും യഹൂദികൾക്കും അയക്കപ്പെട്ടു. അതിൽ ഒതുക്കാതെ ഇംഗ്ലണ്ട്, ജർമനി, ഫ്രാൻസ്, യൂനാൻ, റഷ്യ, റോം കൂടാതെ യൂറോപ്പിലെ മറ്റ് രാജ്യങ്ങളിലെ വലിയ വലിയ പാതിരിമാരുടെ പേരിലും അയക്കുകയുണ്ടായി. അതുകൊണ്ട് ഇംഗ്ലണ്ടിലേയും ഇന്ത്യയിലേയും സിംഹാസനാധിപനായ പ്രിൻസ് ഓഫ് വെൽസ്, ഗ്ലേഡ്സ്റ്റോൺ പ്രധാനമന്ത്രി, ജർമനിയിലെ രാജകുമാരൻ ബിസ്മാർക്ക് എന്നിവരും അവരിൽപ്പെടുന്നു. അവരെല്ലാവരും കൈപറ്റിയതിന്റെ രസീതുകളാൽ ഒരു പെട്ടി നിറഞ്ഞിരിക്കുന്നു. (മക്തൂബാത്തെ അഹ്മദിയ്യ, വാല്യം 1, പേജ്, 649)

ലോകത്തുള്ള പ്രസിദ്ധരായ സകലനേതാക്കളിലേക്കും വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ വാദം എത്തിയിരുന്നുവെന്ന് ഇതിൽനിന്നു മനസിലാവുന്നു. പക്ഷേ, അവരിൽനിന്ന് ആരുംതന്നെ സ്വീകരിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചില്ല. അവരുടെ മുഴുവൻ സമൂഹങ്ങളിലേക്കും വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ സന്ദേശം എത്തിയെന്നും പറയാൻ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ മുഴുവൻ സമൂഹങ്ങളുടെയും ഭാഷവരെ എത്തുന്നതിനുതന്നെ വലിയൊരു സംവിധാനം ആവശ്യമായിരുന്നു.

**ലോകത്തിന്റെ അറ്റം എന്നത് കൊണ്ട് എന്താണ് അർഥമാക്കുന്നത്?**

"Verdens Ende"

The End of the Earth

**അതായത് ലോകത്തിന്റെ അവസാനഭാഗമായ നോർവെ.**

ഭൂമി പൊതുവെ ഗോളാകൃതിയിലാണുള്ളത്. ഗോളാകൃതിയിലുള്ള വസ്തുവിന് ഒരു അറ്റമുണ്ടാവുകയില്ല. അതുകൊണ്ട് ഈ ഇൽഹാമിൽ ലോകത്തിന്റെ കോണുകൾ എന്നതിനർഥം മുഴുവൻ സ്ഥലവുമെന്നായിരിക്കും. അതായത് ഭൂമിയുടെ ഓരോരോ സ്ഥലത്തും നിന്റെ സന്ദേശം എത്തുന്നതായിരിക്കുമെന്ന്!

മനുഷ്യവാസം അവസാനിക്കുന്നതും സമുദ്രപ്രദേശങ്ങൾ ആരംഭിക്കുന്നുവെന്നറിയപ്പെടുന്നതുമായ സ്ഥലങ്ങൾ ലോകത്തിന്റെ അറ്റം എന്ന് പറയപ്പെടുന്നു.

നോർവെയിലെ ഷോൺ പട്ടണത്തിന്റെ വടക്ക് ഒരു സ്ഥലം End of the World എന്ന് പറയപ്പെടുന്നുണ്ട്.

ഉത്തരധ്രുവപ്രദേശത്തിന്റെ സമീപമുള്ള രാജ്യമായ ഫിൻലാൻഡിനെ ലോകത്തിന്റെ അവസാന ഭാഗം എന്ന് പറയുന്നുണ്ട്. ഇതേപോലെ അമേരിക്ക, റഷ്യ, കനഡയുടെ വടക്കൻ പ്രദേശങ്ങളും അവസാന അറ്റം എന്ന് പറയപ്പെടുന്നു. കൂടാതെ ദക്ഷിണധ്രുവപ്രദേശമായ അന്റാർട്ടിക്ക ഭൂഖണ്ഡവും ലോകത്തിന്റെ അവസാന കര എന്ന് അറിയപ്പെടുന്നു. അവിടെ ശാസ്ത്രീയ ഗവേഷണം നടത്തുന്ന ഏതാനും ശാസ്ത്രജ്ഞന്മാരാണ് വസിക്കുന്നത്. ഡേട്ട് ലൈൻ കടന്നുപോവുന്ന ഫിജി ലോകത്തെ രണ്ട് ഭാഗമായി വിഭജിക്കുന്നു. അതും അറ്റം എന്ന് പറയപ്പെടുന്നു.

ലോകത്ത് ഏറ്റവും ആദ്യം സൂര്യോദയം നടക്കുന്നത് ജപ്പാനിലാണെന്ന് പറയപ്പെടുന്നു.

ശാന്ത സമുദ്രത്തിലെ രാജ്യമായ സാമവാനെ 2021 ഡിസംബറിൽ തങ്ങളുടെ സ്റ്റാന്റേർഡ് ടൈംമിൽ മാറ്റം വരുത്തിയിരിക്കുന്നു. ഇപ്രകാരം ഈ പ്രദേശം ലോകത്ത് ഏറ്റവുമാദ്യം സൂര്യോദയം കാണുന്നു.

ഭൂപടത്തിൽ വടക്കുനിന്നു തെക്കുവരെയും കിഴക്കുനിന്ന് പടിഞ്ഞാറുവരെയും ദൃഷ്ടി പായിക്കുകയാണെങ്കിൽ എത്ര രാജ്യങ്ങളും പ്രദേശങ്ങളും സമുദ്രതീരങ്ങളിലുണ്ടോ അവയ്ക്കെല്ലാം ഭൂമിയുടെ അറ്റമെന്ന് പറയാവതാണ്. അവയുടെ ഭൂരിപക്ഷങ്ങളിലും വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ സന്ദേശം എത്തിയിരിക്കുന്നു. ഈ പ്രകാശംകൊണ്ട് പ്രഭാപൂരിതമാവാത്ത കുറച്ച് ദ്വീപുകളും ഉണ്ടായിരിക്കാം. ഏതാനും വർഷങ്ങൾക്കുള്ളിൽ അവിടെയെല്ലാം വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ സന്ദേശം എത്തുമെന്ന കാര്യം അതിവിദൂരമല്ല.

**സന്ദേശമെത്തിയതിനെ സംബന്ധിച്ച് അസാധാരണ ദൃശ്യങ്ങൾ**

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന് 'ഞാൻ നിന്റെ സന്ദേശം ഭൂമിയുടെ അറ്റങ്ങളോളമെത്തിക്കും' എന്നതാണെന്ന വാഗ്ദാനം നൽകപ്പെട്ടപ്പോൾ ദൈവത്തിന്റെ പ്രത്യേകമായ സഹായങ്ങൾ അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരിക്കുമെന്നതിലേക്ക് തീർച്ചയായും സൂചനയുണ്ടായിരുന്നു. അതോടൊപ്പംതന്നെ ദൈവികചര്യയനുസരിച്ച് പ്രവചനങ്ങൾ പൂർത്തീകരിക്കുന്നതിന് ദൈവിക ജമാഅത്തിന്റെ അധ്വാനവും പരിശ്രമവും നിർബന്ധമായി വരുന്നതുമായിരിക്കും. അതുകൊണ്ട് അതനുസരിച്ച് അഹ്മദിയ്യാ ജമാഅത്ത് ജീവനും സമ്പത്തും സമയവും മാനവും സന്താനങ്ങളും ബലിയർപ്പിച്ചുകൊണ്ട് ഈ പരിശുദ്ധമായ സന്ദേശത്തെ ലോകത്തിന്റെ കോണുകൾവരെ എത്തിച്ചു കൊണ്ടിരിക്കുന്നു. ഈ മാർഗത്തിൽ ശഹാദത്തുകളുമുണ്ടായി. ഒരുപാട് പ്രയാസങ്ങൾ സഹിച്ചു. ഭാര്യാമക്കളെ നഷ്ടപ്പെടുത്തി, വിശപ്പും ദാഹവും സഹിച്ചു. മുറിവുകളേറ്റുവാങ്ങി. കാരാഗ്രഹത്തിന്റെ പ്രയാസങ്ങൾ സഹിച്ചു. എന്നാൽ, അതൊന്നും ഈ വഴിയിൽ ഒരു കുറവും വരുത്തിയില്ല. അല്ലാഹു തന്റെ വാഗ്ദാനങ്ങൾക്കനുസൃതമായി വിവരിച്ച ഖുർആനിന്റെ വിശ്വാസ വർധകമായൊരു ഭാഗം

ഇപ്രകാരമാണ്: ഒരുപാട് സ്ഥലങ്ങളിൽ പ്രത്യേകമായ അധ്വാനങ്ങളും പരിശ്രമങ്ങളും ഒന്നുംതന്നെ ഇല്ലാതെ ജമാഅത്തിന്റെ സന്ദേശമെത്തി എന്ന് മാത്രമല്ല അല്ലാഹുവിന്റെ പ്രത്യേകമായ വിധിയാൽ ആ രാജ്യങ്ങളിൽ അഹ്മദിയ്യത്തിന്റെ വേര് ശക്തമായി ഉറയ്ക്കുകും ചെയ്തു. ഉദാഹരണത്തിന്:

❋ ഘാനയിൽ പ്രാരംഭ സന്ദേശപ്രചാരണത്തിന് കൃത്യമായ ആസൂത്രണങ്ങളൊന്നും ചെയ്തിട്ടുണ്ടായിരുന്നില്ല. ഘാനയിലെ പട്ടണമായ അക്രാഫോയിലെ ഒരു മുസൽമാൻ യൂസുഫ് നിയാർകോ, സാഹിബ്(Yousuf Nyarko) 1920-ൽ ഒരു വെളുത്ത മനുഷ്യന്റെ കൂടെ അദ്ദേഹം നമസ്കരിക്കുന്നത് സ്വപ്നത്തിൽ കാണുകയുണ്ടായി. അദ്ദേഹം തന്റെ സ്വപ്നത്തെപ്പറ്റി നൈജീരിയ സ്വദേശിയായ മിസ്റ്റർ അബ്ദുറഹ്മാൻ പെഡ്റോ (Abdul Rahman Pedro) സാഹിബിനോടു പറഞ്ഞു. അബ്ദുർറഹ്മാൻ സാഹിബ് പറഞ്ഞു: 'ഞാൻ ഒരു മുസ്‌ലിം മിഷനെ സംബന്ധിച്ച് വായിച്ചിട്ടുണ്ട്. അതിന്റെ കേന്ദ്രം ഇന്ത്യയിലാണ്. ഒരു ശാഖ ലണ്ടനിലുമുണ്ട്. യൂസുഫ് സാഹിബ് തന്റെ സ്വപ്നത്തെ സംബന്ധിച്ച് ചീഫ് മഹ്ദി ആപ്പായോടു പറഞ്ഞപ്പോൾ അദ്ദേഹം മുസ്‌ലിമീങ്ങളുടെ ഒരു മീറ്റിംഗ് സംഘടിപ്പിച്ച് അഹ്മദിയ്യത്തിന്റെ കേന്ദ്രത്തിലേക്ക് തങ്ങൾക്ക് മുബല്ലിഗിനെ അയച്ചു തരാനായി കത്തെഴുതാൻ തീരുമാനിച്ചു. ആദ്യ ഘാനിയൻ അഹ്മദി ചീഫ് മഹ്ദീ ആപ്പാ സാഹിബ് കേപ്പ്കോസ്റ്റിലെ ശാംകാരനായ മുസ്‌ലിം കച്ചവടക്കാരനിൽ നിന്നു ആ സമയം ലണ്ടനിലുണ്ടായിരുന്ന ഡോക്ടർ മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്(റ)ന്റെ വിലാസം കരസ്ഥമാക്കുകയും അദ്ദേഹവുമായി കത്തിടപാടുകൾ നടത്തുകയും കുറച്ച് സംഖ്യ സ്വരൂപിച്ച് വെളുത്തവനായ മുബല്ലിഗിനെ വരുത്താനായി ലണ്ടൻ മിഷനിലേക്ക് അയക്കുകയും ചെയ്തു. അങ്ങനെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കൽപനപ്രകാരം 1921 മാർച്ച് മാസത്തിൽ ഹദ്റത്ത് മൗലാന അബ്ദുർറഹീം സാഹിബ് നയ്യർ(റ)ലണ്ടനിൽനിന്ന് ഘാനയിലെത്തി.

❋ ഗാംബിയ(Gambia) മിഷനും ഇതുപോലെ തന്നെയാണ് സ്ഥാപിതമായത്. ഗാംബിയയിലെ ഒരു പെൺകുട്ടി ഉന്നത വിദ്യാഭ്യാസത്തിന് സിയറ ലിയോണിലേക്ക്(Sierra Leone) പോയി. അവിടെ വച്ച് അവൾക്ക് ഏതോ കടയിൽനിന്ന് നമസ്കാരത്തിന്റെ ഒരു പുസ്തകം കിട്ടി. അതിൽ അറബി ഭാഷയോടൊപ്പം ഇംഗ്ലീഷ് തർജമയുമുണ്ടായിരുന്നു. ആ പെൺകുട്ടി തന്റെ രാജ്യത്ത് ഒരിക്കലും ഇത്തരത്തിലുള്ള പുസ്തകം കണ്ടിട്ടില്ലായിരുന്നു. അവൾ ആ പുസ്തകം വാങ്ങുകയും ഗാംബിയയിലെ തന്റെ ഒരു ബന്ധുവിന് അയച്ചു കൊടുക്കുകയും ചെയ്തു. ഈ പുസ്തകം സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ പ്രസിദ്ധീകരിച്ചതായിരുന്നു. ഒരു യുവാവ് ബാരാ ഇൻജോയ് (Bara Injoy) ഖാദിയാൻ ജമാഅത്തുമായി ബന്ധപ്പെടുകയും കൂടുതൽ ദീനി ഗ്രന്ഥങ്ങൾക്കുവേണ്ടി അപേക്ഷിക്കുകയും ചെയ്തു. ജമാഅത്ത് അദ്ദേഹത്തിന് കൂടുതൽ പുസ്തകങ്ങൾ അയച്ചുകൊടുത്തു. താങ്കളുടെ അടുത്ത രാജ്യമായ നൈജീരിയയിൽ തങ്ങളുടെ മിഷനുണ്ടെന്ന് പറയുകയും ചെയ്തു. അവിടെ ബന്ധപ്പെട്ട് കൂടുതൽ ലിറ്ററേച്ചറുകളും അറിവുകളും കരസ്ഥമാക്കാവുന്നതാണെന്നും അറിയിച്ചു. അക്കാലത്ത് നസീം സയ്ഫി സാഹിബ് നൈജീരിയയുടെ മിഷണറി ഇൻചാർജായിരുന്നു. ഏറ്റവുമാദ്യം നൈജീരിയയിൽനിന്ന് ഒരു മുഅല്ലിം ഹംസ സുനി ഒലോ സാഹിബ് ഗാംബിയയിൽ വരികയും ഏകദേശം ഒരു വർഷംവരെ ബാഞ്ചോലിൽ തബ്‌ലീഗ് ചെയ്തു കൊണ്ടിരിക്കുകയും ചെയ്തു. അതിനുശേഷം ഘാനയിൽനിന്നും ഒരു ലോക്കൽ മുഅല്ലിം സയീദ് ജിബ്‌രിൽ ഏതാനും മാസങ്ങൾക്കുവേണ്ടി വന്നു. അക്കാലത്ത് ഗാംബിയയിൽ വ്യവസ്ഥാപിതമായ നിലയിൽ ജമാഅത്ത് സ്ഥാപിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല. അതുകൊണ്ട് സയീദ് സാഹിബ് തന്റെ കഴുത്തിൽ അഹ്മദിയ്യത്ത് എന്നെഴുതിയ ഒരു ബാഗ് തൂക്കിയിടുകയും ചുറ്റിക്കറങ്ങി ജനങ്ങൾക്ക് അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഇപ്രകാരം വിദ്യാസമ്പന്നരായ യുവാക്കൾക്ക് മർകസെ അഹ്മദിയ്യത്ത് ഖാദിയാനുമായി നല്ല ബന്ധം സ്ഥാപിതമായി. അവിടെ നിന്ന് പത്രങ്ങളും മാസികകളും കൃത്യമായ നിലയിൽ വരാൻ തുടങ്ങി.(അർളെ ബിലാൽ, മുനവ്വർ അഹ്മദ് ഖുർശീദ് മുബല്ലിഗ് സിൽസില)

ഇന്തൊനേഷ്യയിലെ 4 യുവാക്കൾ 1923-ൽ മതവിദ്യഭ്യാസത്തിന് ഇന്ത്യയിൽ വന്നപ്പോൾ ഖാദിയാനിൽ വന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നോട് ദീനി വിദ്യാഭ്യാസത്തിന് അപേക്ഷിച്ചു. ഇതേ സമയത്തുതന്നെ അവർ അഹ്മദിയ്യത്ത് സ്വീകരിക്കുകയും ചെയ്തു. അവിടെനിന്ന് തങ്ങളുടെ രാജ്യത്തും തബ്‌ലീഗ് പ്രവർത്തനം ആരംഭിച്ചു,

ജപ്പാനിൽ വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ കാലത്തുതന്നെ ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്(റ)വിന്റെ തബ്‌ലീഗ് കത്തുകൾ മുഖേന ഇസ്‌ലാമിന്റെ സന്ദേശം എത്തിയിട്ടുണ്ടായിരുന്നു. എന്നാൽ, 1935-ലാണ് സൂഫി അബ്ദുൽ ഖാദിർ നിയാസ് സാഹിബ് മുഖേന വ്യവസ്ഥാപിതമായ നിലയിൽ മിഷൻ സ്ഥാപിതമായത്.

പൂർവേഷ്യൻ രാജ്യങ്ങളിൽ വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ ജീവിത കാലത്ത് അഹ്മദിയ്യത്ത് സ്വീകരിക്കുവാൻ സൗഭാഗ്യം സിദ്ധിച്ചവരിൽ ചില പേരുകൾ ഇതാണ്. ഹോങ്കോങ്ങിലും ചൈനയിലും ഹദ്റത്ത് ഖാരിഗുലാം മുജ്തബാസാഹിബ്(റ), ഖാരി ഗുലാം ഹം സാഹിബ് (റ). ആസ്ട്രേലിയയിൽ ഹദ്റത്ത് സൂഫി ഹസൻ മൂസാ സാഹിബ്(റ) 1903 സെപ്തംബറിൽ ബയ്അത്ത് ചെയ്തു. ന്യൂസീലൻഡ്(New Zealand)ൽ നിന്ന് 1908 മെയ് മാസത്തിൽ ഹദ്റത്ത് പ്രൊഫസർ ക്ലൈമന്റ് റേഗ് സാഹിബ്(റ) വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ)നെ സന്ദർശിക്കുകയും തിരിച്ചുപോയി ബയ്അത്ത് ചെയ്യുകയും ചെയ്തു. ഫിജിയിലെ പ്രഥമ അഹ്മദി ഹാജി മുഹമ്മദ് റമളാൻ സാഹിബ് 1959-ൽ അഹ്മദിയ്യത്തിൽ പ്രവേശിക്കുകയുണ്ടായി.

ചൈനയിൽ നമ്മുടെ ആദ്യത്തെ മുബല്ലിഗ് സൂഫി അബ്ദുൽ ഗഫൂർ സാഹിബ് 1935-ലെത്തുകയുണ്ടായി. എന്നാൽ, 1924-ൽ അഹ്മദിയ്യത്തിന്റെ സന്ദേശം അവിടെ എത്തിയിട്ടുണ്ടായിരുന്നു. പല അഹ്മദികളും അവിടെ ഉണ്ടായിരുന്നതായി മനസിലാകുന്നുണ്ട്. എന്നാൽ, അവർക്ക് മർകസുമായി ബന്ധം ഉണ്ടായിരുന്നില്ല. (ഖുത്ബാത്തെ മഹ്മൂദ്, വാല്യം 8, പേജ് 312)

അമേരിക്കയും പുതിയ ലോകമെന്നാണ് പറയപ്പെടുന്നത്. ഒരു പ്രകാരത്തിൽ അത് ലോകത്തിന്റെ അറ്റവുമാണ്. അമേരിക്കയിൽ അലക്സാണ്ടർ, വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദുമായി(അ) നടത്തിയ കത്തിടപാടുകളുടെ ബന്ധത്തിന്റെ ഫലമായി മുസൽമാനായി. അദ്ദേഹം മുഖേന 1904-ൽ മിസ്റ്റർ ആന്റേഴ്സൺ അഹ്മദിയ്യത്ത് സ്വീകരിച്ചു. വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ) അദ്ദേഹത്തിന്റെ പേര് അഹ്മദ് എന്ന് വെക്കുകയുണ്ടായി.

റഷ്യയുടെ ഉത്തരധ്രുവപ്രദേശവും ലോകത്തിന്റെ അറ്റം എന്ന് പറയപ്പെടുന്നു. റഷ്യയിലെ ചിന്തകനും മഹാനായ നോവലിസ്റ്റുമായ ടോൾസ്റ്റോയിയുമായി മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ് (റ) മുഖേന എഴുത്തുകുത്തുകൾ നടക്കുകയും അദ്ദേഹത്തിന് ഇസ്‌ലാം മത തത്ത്വജ്ഞാനം ലഭിച്ചപ്പോൾ അദ്ദേഹം അതിനെ സംബന്ധിച്ച് മനോഹരമായി അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്തു.

ഈ ഏതാനും ഉദാഹരണങ്ങളെല്ലാംതന്നെ ദൈവിക വാഗ്ദാനങ്ങളായിരുന്നു എന്നും അവ പ്രതികൂല സാഹചര്യങ്ങളിൽ പൂർത്തിയായി എന്നതിനും മതിയായ തെളിവുകൾ നൽകുന്നവയാണ്. ദൈവത്തിന്റെ ഇച്ഛകളെ പ്രകടമാക്കുന്ന ഇത്തരത്തിലുള്ള നൂറുക്കണക്കിന് ഉദാഹരണങ്ങളുണ്ട്. ചുരുക്കത്തിൽ ഇത് വെറും ഒരു ഇൽഹാം മാത്രമല്ല. ഇത് മഹോന്നതമായ ഒരു വാഗ്ദാനവുമാണ്. ഇതിന്റെ പൂർത്തീകരണത്തിന്റെ കഥകൾ ഭൂമിയുടെ എല്ലാ മുക്കിലും മൂലയിലും ചിതറികിടക്കുന്നു. ഭൂമിയുടെ ഓരോ പ്രദേശത്തും അതിന്റെ പ്രകടനം കാണിച്ചുകൊണ്ടിരിക്കുന്നു. അവ ദൈവിക സഹായങ്ങളാൽ നിറഞ്ഞുകിടക്കുന്ന ഒരു ചരിത്രമാകുന്നു. വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ സത്യതയുടെ ഒരു തുറന്ന തെളിവാകുന്നു അവ. ഒരു ലോകം അതിന് സാക്ഷ്യം വഹിക്കുന്നു. ലോകത്തിനുമേൽ കോറിയിടപ്പെട്ട ഒരു പ്രകാശത്താൽ എഴുതപ്പെട്ട ലേഖനമാകുന്നു. അറേബ്യയുടെ സ്വുലഹാളും ശാമിലെ അബ്ദാലും ഇപ്പോൾ അദ്ദേഹത്തിനുമേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ഒരു ആംഗ്യത്തിന് ജീവത്യാഗം ചെയ്യാൻ അനറബികളും തയ്യാറാകുന്നു. ലോകത്തിലെ 213 രാജ്യങ്ങളിൽ അദ്ദേഹത്തിന്റെ പതാക പാറിപ്പറത്തിക്കൊണ്ടിരിക്കുന്നു. ഓരോ പതാകയും അദ്ദേഹത്തിന്റെ വെളിപാട് ഓർമിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഖാദിയാനിനെ പോലുള്ള ഒരു നിസ്സാര ഗ്രാമവും അവിടുത്തെ ഏതാനും ജനങ്ങളും എവിടെ? ലോകത്തിന്റെ വിദൂരതകളിൽ സമുദ്രങ്ങളാൽ വലയം ചെയ്യപ്പെട്ട ദ്വീപുകളെവിടെ? കൃഷിയാൽ നിറഞ്ഞ ഹരിതാഭമായ പ്രദേശങ്ങൾ-വെള്ളവും ഐസുകളുംകൊണ്ട് മൂടപ്പെട്ട ഉത്തരധ്രുവങ്ങളും ദക്ഷിണധ്രുവങ്ങളും എണ്ണസമ്പത്തുകൊണ്ട് സമ്പന്നമായ മരുപ്രദേശങ്ങൾ! പുരാതനമോ ആധുനികമോ ആയ ലോകങ്ങൾ ജനനിബിഢ വാസസ്ഥലങ്ങൾ ആസ്ട്രേലിയ, കനഡ പോലുള്ള തീര മരുപ്രദേശങ്ങൾ എല്ലായിടത്തും ഖാദിയാനിന്റേയും അതിലെ പരിശുദ്ധപ്രവാചകന്റേയും നാമം മുഴങ്ങിക്കൊണ്ടിരിക്കുന്നു. ഭൂമുഖത്ത് മനുഷ്യവാസമുള്ള കാലത്തോളം മുഴങ്ങിക്കൊണ്ടിരിക്കുന്നതുമാണ്. ഒരു സമയം വരും *അശ്റക്കത്തിൽ അർളു ബി നൂരി റബ്ബിഹാ* (അസ്സുമർ 70) ഭൂമി മുഴുവനും തന്റെ രക്ഷിതാവിന്റെ പ്രകാശത്താൽ പ്രഭാപൂരിതമാകുന്നതാണ്. ഇൻശാ അല്ലാഹ്. (കടപ്പാട്: അൽഫള്ൽ ദിനപത്രം, ലണ്ടൻ)

●

# വിദൂര പൗരസ്ത്യരാജ്യങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് കൈവരിച്ച പുരോഗതി

**അനീസ് റഈസ്, മുബല്ലിഗ് ഇൻചാർജ്, ജപ്പാൻ**
**വിവർത്തനം: ബി. എം. ആരിഫ് മുഹമ്മദ് ശാഹിദ്**

മധ്യപൗരസ്ത്യ രാജ്യങ്ങൾക്ക് സമാന്തരമായി യൂറോപ്പിൽനിന്ന് ബഹുദൂരം സ്ഥിതിചെയ്യുന്ന ഏഷ്യൻ രാജ്യങ്ങളെയും ദ്വീപുകളെയും കുറിക്കാൻ ഉപയോഗിക്കുന്ന ഭൂമിശാസ്ത്രപരമായ ഒരു സംജ്ഞയാണ് 'വിദൂരപൗരസ്ത്യ രാജ്യങ്ങൾ'. യൂറോപ്യൻ ഗവേഷകരുടെ വീക്ഷണത്തിൽ ഒന്നാം ലോകമഹായുദ്ധംവരെ ഉഥ്മാനിയ ഭരണകൂടം ഉൾക്കൊള്ളുന്ന സമീപ പൗരസ്ത്യരാജ്യങ്ങളും അതിനപ്പുറമുള്ള മധ്യ പൗരസ്ത്യ രാജ്യങ്ങളും മിക്ക ഏഷ്യൻ രാജ്യങ്ങളും വിദൂര പൗരസ്ത്യ രാജ്യങ്ങളെന്നാണ് അറിയപ്പെട്ടിരുന്നത്. ആധുനികയുഗത്തിലെ ഭൂമിശാസ്ത്രപരമായ അതിരുകളുടെ അടിസ്ഥാനത്തിൽ ചൈന, മംഗോളിയ, ജപ്പാൻ, കൊറിയ, ഇന്റോനേഷ്യ, വിയറ്റ്നാം, തായ്ലാന്റ്, സിംഗപ്പൂർ, കംബോഡിയ, മലേഷ്യ ഉൾപ്പെടെയുള്ള വിവിധ രാജ്യങ്ങൾ വിദൂര പൗരസ്ത്യ രാജ്യങ്ങളെന്ന് വിളിക്കപ്പെടുന്നു.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: *വ ലില്ലാഹിൽമശ്രിഖു വൽ മഗ്രിബു.* കിഴക്കും പടിഞ്ഞാറും അല്ലാഹുവിനുള്ളതാകുന്നു. അതുകൊണ്ടുതന്നെ ഇസ്ലാമിന്റെ സത്യവെളിച്ചം പൗരസത്യ രാജ്യങ്ങളെയും പ്രദീപ്തമാക്കുകയും പാശ്ചാത്യ രാജ്യങ്ങൾ അതിൽനിന്ന് പ്രയോജനമെടുക്കുകയും ചെയ്യുക അനിവാര്യമായിരുന്നു. നബി(സ)തിരുമേനിയുടെ കാലത്തുതന്നെ അറേബ്യ ബിംബാരാധന ഉപേക്ഷിച്ച് ഏകദൈവവിശ്വാസത്തിന്റെ ദിവ്യ വെളിച്ചത്താൽ വിളങ്ങിനിന്നു. അനന്തരം ഇസ്ലാമിന്റെ അരുണിമ ലോകത്തിന്റെ നാനാ ഭാഗങ്ങളിലും വ്യാപിച്ചുതുടങ്ങി. നബി(സ) തിരുമേനിയുടെ സഹവാസത്തിലും ശിക്ഷണത്തിലും കഴിഞ്ഞു കൂടിയ അനുചരവൃന്ദം അവിടത്തെ വിയോഗാനന്തരം ലോകത്ത് വിട്ടേച്ചു പോയ ഇസ്ലാമിക പ്രബോധനത്തിന്റെയും പ്രചാരണത്തിന്റെയും വിജയ മുദ്രകളുണ്ടല്ലോ, അവ പൗരസ്ത്യ രാജ്യങ്ങളിൽ ഇസ്ലാം ആധിപത്യം നേടിയതിന്റെ മകുടോദാഹരണമാകുന്നു. വാളിന്റെയോ അധികാരത്തിന്റെയോ ശക്തി കൊണ്ടാണ് ഇസ്ലാം ലോകത്ത് പ്രചരിച്ചതെന്ന് ചിന്തിക്കുന്നവർക്ക് വിദൂര പൗരസ്ത്യരാജ്യങ്ങളിലെ ജനതകളുടെ ഇസ്ലാമതമാശ്ലേഷണം മതിയായ മറുപടിയാണ്. വിദൂര പൗരസ്ത്യ രാജ്യങ്ങളിൽ വിശേഷിച്ചും ചൈനയിലെയും ഇന്തൊനേഷ്യയിലെയും ദ്വീപുകളിൽ ഇസ്ലാമിന്റെ പ്രബോധന പ്രചാരണ പ്രവർത്തനങ്ങൾ വിപുലമായത് പതിനാറാം നൂറ്റാണ്ടിലാണെന്ന് പറയപ്പെടുന്നുവെങ്കിലും പ്രസ്തുത പ്രദേശങ്ങളിൽ ഖിലാഫത്തെ റാശിദയുടെ കാലത്തുതന്നെ സ്വഹാബാക്കളാൽ ഇസ്ലാം ബീജാവാപം ചെയ്യപ്പെട്ടിരുന്നു എന്നതാണ് വസ്തുത. വാഗ്ദത്ത മഹ്ദീമസീഹ്(അ) പറയുന്നു:

"നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ ഇസ്ലാം പ്രബോധനത്തിനായി ദൂരദൂര ദേശങ്ങളിൽ പോകാറുണ്ടായിരുന്നു. ചൈനയിൽ കോടിക്കണക്കിന് മുസ്ലിമീങ്ങൾ കാണപ്പെടുന്നതിൽനിന്ന് മനസ്സിലാകുന്നത് സ്വഹാബാക്കളിൽനിന്നാരെങ്കിലും അവിടെ പോയിരുന്നുവെന്നാണ്."(മൽഫൂദാത്ത് വാല്യം.5 പേ.482)

ഖുലഫാഉർറാശിദീങ്ങളുടെ കാലത്തു തന്നെ മുസ്ലിം പ്രബോധകർ ഇസ്ലാമിക സന്ദേശവുമായി ചൈനയിലെത്തിയിരുന്നുവെന്ന് ചില ചരിത്ര രേഖകൾ സാക്ഷ്യം വഹിക്കുന്നുണ്ട്. ആ ഉന്നത സ്വഹാബാക്കളുടെ സ്മാരകശേഷിപ്പുകളും മറ്റും ഇന്നും ചൈനയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. കടൽ കടന്നെത്തിയെ ആ ഇസ്ലാമീപ്രബോധകരെ സംബന്ധിച്ച് ഇപ്രകാരം പരാമർശം കാണാം:

"കടൽ മാർഗം വന്നെത്തിയവർ ഖുലഫാഉർറാശിദീങ്ങളുടെ കാലത്തുള്ളവരും കരമാർഗം വന്നവർ ബനൂഉമയ്യയുടെ കാലത്തുള്ളവരുമായിരുന്നു. ചൈനയിൽ പ്രവേശിച്ച ആ നാലു പ്രബോധകരിൽ ഒരാൾ കാന്റോൺ(Canton) എന്ന പട്ടണത്തിലും മറ്റൊരാൾ യാങ്ങ്ചോ (Yangchow) എന്ന പട്ടണത്തിലും മൂന്നാമത്തെയും നാലാമത്തെയും ആൾ ചൗഅങ്ങ്ചോ(Chuangchow) പട്ടണത്തിലും താമസിച്ചു. കാന്റോണി(Canton)ൽ ഒരു പുരാതന മസ്ജിദ് ഇന്ന് നമുക്ക് ദായിശൻ സീ എന്നുപേരിൽ കാണാൻ കഴിയുന്നു. അതിന് ഒരുയർന്ന മിനാരമുണ്ട്. അതിൽനിന്നുള്ള ബാങ്കുവിളിയുടെ നാദം ഇന്നും മുഴങ്ങിക്കൊണ്ടിരിക്കുന്നു. ഇവ രണ്ടിലും അറബികളുടെ നിർമാണകല ദർശിക്കാവുന്നതാണ്" (ചൈനയിലെ മുസ്ലിമീങ്ങൾ, ബദ്റുദ്ദീൻ ചീനീ, പേജ് 14, പ്രസാധനം: മആരിഫ് പ്രസ്സ് അഅ്ളംഗഢ് 1935)

ചില അപ്രാമാണികമായ നിവേദനപ്രകാരം മൂന്നാം ഖലീഫ ഹദ്റത്ത് ഉഥ്മാനിന്റെ(റ) ദൂതനായി ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ) ചൈനയിൽ പോയെന്ന് പറയപ്പെടുന്നു. ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസിന്റെ ചൈനയിലെ ആഗമനത്തെ സംബന്ധിച്ച് പണ്ഡിതരും പാമരരുമായ ആളുകൾക്ക് അറിവുണ്ടെന്നു മാത്രമല്ല ചൈനയിലെ മുസ്ലിമീങ്ങളുടെ ചരിത്രത്തിൽ പലേടങ്ങളിൽ അതു കാണാനും സാധിക്കും. ചൈനയുടെ ദക്ഷിണ ഭാഗത്തിള്ള ഗുവാങ്ങ്സൊ(Guangzhou) എന്ന പട്ടണത്തിൽ സ്ഥിതി ചെയ്യുന്ന ഒരു ശവകുടീരവും ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)ന്റെ പേരുള്ള പ്രസിദ്ധമായ മസ്ജിദും അദ്ദേഹത്തിന്റെ ആഗമനത്തിലേക്കു സൂചന നല്കുന്നു. ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ്(റ)ന്റെ ആഗമനത്തെ സംബന്ധിച്ച നിവേദനങ്ങൾ പ്രാമാണികമല്ലെങ്കിലും ചൈനയിൽ ഇസ്ലാം പ്രചരിച്ചതിൽ സ്വഹാബാക്കളുടെ പ്രയത്നങ്ങൾക്ക് പങ്കുണ്ടെന്ന് ഇതു തെളിയിക്കുന്നുണ്ട്.

സ്വഹാബാക്കളുടെ പരിശുദ്ധ ജീവിതത്താലും കർമങ്ങളാലും വിദൂര പൗരസ്ത്യ ദിക്കുകളിൽ ബീജാവാപം ചെയ്യപ്പെട്ട ഇസ്ലാം ചൈനയുടെ ചരിത്രത്തിൽ ആഴത്തിലുള്ള സ്വാധീനമാണ് ചെലുത്തിയിട്ടുള്ളത്. മുസ്ലിമീങ്ങളുടെ ശാസ്ത്രങ്ങളിൽനിന്നും കലകളിൽനിന്നും ചൈന വലിയ തോതിൽ ഗുണമെടുത്തിട്ടുണ്ടെന്ന് ചൈനയുടെ ചരിത്രരചനയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗവേഷകർ പരസ്യമായിത്തന്നെ അംഗീകരിക്കുന്നുണ്ട്. പ്രത്യേകിച്ചും, ഹലാക്കുഖാന്റെ കൈകളാൽ ബാഗ്ദാദ് നശിക്കുകയും അബ്ബാസിയാ ഖിലാഫത്ത് അവസാനിക്കുകയും ചെയ്തതിനെ തുടർന്ന് ഇസ്ലാമിക ശാസ്ത്രകലകൾക്ക് മങ്ങലേൽക്കാൻ തുടങ്ങിയപ്പോൾ അവയുടെ സുരക്ഷിതവും സുഭദ്രവുമായി നിലകൊണ്ട രാജ്യങ്ങളിലൊന്നാണ് ചൈന. (ചൈനയിലെ മുസ്ലിമീങ്ങൾ, ബദ്റുദ്ദീൻ ചീനീ, പേജ് 27, പ്രസാധനം: മആരിഫ് പ്രസ്സ് അഅ്ളംഗഢ് 1935)

വാഗ്ദത്ത മഹ്ദി മസീഹ്(അ) മുഖേന ഇസ്ലാമിന്റെ നവോഥാന ഉദ്യമങ്ങൾ അവിടുത്തെ ജീവിതത്തിൽതന്നെ പാശ്ചാത്യപൗരസ്ത്യ ദിക്കുകളുടെ കോണുകളോളമെത്തി. ഒരു ഭാഗത്ത് പടിഞ്ഞാറിന്റെ അങ്ങേതലയ്ക്കൽ സ്ഥിതി ചെയ്യുന്ന ഭൂഖണ്ഡമായ അമേരിക്കയ്ക്ക് ഇസ്ലാം അഹ്മദിയ്യത്തിന്റെ വിശ്വാസവെളിച്ചം ലഭിച്ചുവെങ്കിൽ മറുഭാഗത്ത് കിഴക്കിന്റെ ഇങ്ങേതലയ്ക്കൽ ന്യൂസിലാന്റിലും ആസ്ത്രേലിയായിലുമുള്ള ഭാഗ്യാത്മാക്കൾ കാലത്തിന്റെ ഇമാമിന്റെ സ്നേഹവൃന്ദത്തിൽ വരാൻ തുടങ്ങി. വാഗ്ദത്ത മസീഹിന്റെ ജീവിതകാലത്തുതന്നെ വിദൂരപൗരസ്ത്യ ദിക്കുകളിൽനിന്ന് അഹ്മദിയ്യത്ത് സ്വീകരിച്ച ഭാഗ്യാത്മാക്കളുടെ പേരുൾ താഴെ ചേർക്കുന്നു:

ഹോംഗോങ്ങിൽ നിന്നും ചൈനയിൽ നിന്നുമുള്ളവർ: ഹദ്റത്ത് ഖാരി ഗുലാം മുജ്തബാ സാഹിബ് ചീനി(റ), ഹദ്റത്ത് ഖാരി ഗുലാം സാഹിബ്(റ). ആസ്ത്രേലിയ: ഹദ്റത്ത് ഹാജി മൂസാ ഹസൻ സാഹിബ്(റ). ന്യൂസിലന്റ്: ഹദ്റത്ത് പ്രൊഫസർ ക്ലമന്റ് സാഹിബ്.

### രണ്ടാം ഖിലാഫത്ത് കാലഘട്ടത്തിന്റെ ആരംഭത്തിൽ ചൈനയിൽ അഹ്മദിയ്യത്തിനെ സംബന്ധിച്ച ചർച്ച.

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) 1924-ൽ നിർവഹിച്ച ജുമുഅ ഖുത്ബയിൽ ചൈനയിലെ അഹ്മദിയ്യത്തിനെ സംബന്ധിച്ച് അത്ഭുതകരമായ ഒരു സംഭവം പരാമർശിച്ചു. അവിടന്ന് പറഞ്ഞു: "ഈ വർഷം അതായത് കഴിഞ്ഞ പന്ത്രണ്ടു മാസങ്ങളിൽ അഹ്മദിയ്യത്തിനെ സംബന്ധിച്ച പല പുതിയ സംഗതികളും അറിയാൻ സാധിച്ചു. ചൈനയിൽ അഹ്മദിയ്യത്ത് ഉണ്ടെന്നാണ് അറിഞ്ഞത്. അവിടെ ആരാണ് പോയത്? അവരെ ങ്ങനെ അഹ്മദിയായി? ഇതൊന്നും നമുക്കറിയില്ല. തുർക്കി പാർലമെന്റംഗം ചൈനയിൽ പോയി തന്റെ യാത്രാവിവരണം എഴുന്നതുവരെ ആ ജമാഅത്തിനെക്കുറിച്ച് ഒരറിവും ഉണ്ടായിരുന്നില്ല. അദ്ദേഹം എഴുതുന്നു: 'ചൈനയിലെ കാന്റോൺ പട്ടണത്തിലുള്ള ജാമിഅ് മസ്ജിദിനെ ചൊല്ലി അഹ്മദികളും മറ്റു മുസ്ലിമീങ്ങളും തങ്ങളുടേതാണെന്ന അവകാശവാദം ഉന്നയിച്ചു കൊണ്ട് വിവാദം സൃഷ്ടിച്ചിരിക്കുന്നതായി കേട്ടു."(ഖുത്ബ ജുമുഅ 1924 ഫെബ്രുവരി 29)

ഹുദൂർ വീണ്ടും പറഞ്ഞു: "കുറച്ചു കാലം മുമ്പേ ഒരു തുർക്കി സ്വദേശി ചൈനയിലെ അഹ്മദിയ്യത്തിനെ സംബന്ധിച്ച ഒരു സംഗതി തന്റെ ഗ്രന്ഥത്തിൽ പരാമർശിക്കുകയുണ്ടായി. അദ്ദേഹം എഴുതുന്നു: ഞാൻ ഒരു നഗരത്തിൽ ചെന്നപ്പോൾ ഒരു പള്ളിയെ സംബന്ധിച്ച് വിവാദം നടക്കുന്നതായി അറിഞ്ഞു. ചിലരെ നമസ്കരിക്കുന്നതിൽനിന്ന് തടഞ്ഞിരിക്കുന്നു.

അന്വേഷിച്ചപ്പോൾ ഇന്ത്യയിലെ ഒരു വ്യക്തിയെ വാഗ്ദത്ത മസീഹായി വിശ്വസിക്കുന്ന അഹ്മദികളാണ് ഇവരെന്നും മസ്ജിദിൽ നമസ്കരിക്കാൻ ഇവരെ തങ്ങൾ അനുവദിക്കാറില്ലെന്നും അവർ പറഞ്ഞു. ചൈനയിലും അഹ്മദികളുണ്ടെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. എന്നാൽ അവിടേക്ക് ഇന്നോളം ഒരഹ്മദി പ്രബോധകനും ചെന്നിട്ടില്ല."(ഖുത്ബ ജുമുഅ 1924 ഫെബ്രുവരി 29)

**തഹ്രീക്കെ ജദീദിനു കീഴിൽ നടന്ന പ്രഥമ പ്രബോധന ഉദ്യമത്തിന് വിദൂര പൗരസ്ത്യദേശങ്ങളുടെ തിരഞ്ഞെടുപ്പ്:**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) തഹ്രീക്കെ ജദീദ് പദ്ധതി വിളംബരം ചെയ്തതിനെ തുടർന്ന് പ്രബോധകരുടെ ആദ്യസംഘത്തെ അയയ്ക്കാനായി തിരഞ്ഞെടുത്തത് വിദൂരപൗരസ്ത്യ രാജ്യങ്ങളിലെയാണ്. പ്രസ്തുത സംഘം 1935 മെയ് 6ന് ഖാദിയാനിൽനിന്ന് പുറപ്പെട്ടു. ആദ്യയാത്രാസംഘത്തിലുണ്ടായിരുന്ന പ്രബോധകരുടെയും രാജ്യങ്ങളുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു:

✸സിംഗപ്പൂർ

മുബല്ലിഗ്: മൗലാനാ ഗുലാം ഹുസയ്ൻ അയാസ് സാഹിബ്. യാത്ര പുറപ്പെട്ടത് 1935 മേയ് 6.

✸ചൈന

മുബല്ലിഗ്: സ്വൂഫി അബ്ദുൽ ഗഫൂർ സാഹിബ് ഭേരവി. യാത്ര പുറപ്പെട്ടത് 1935 മേയ് 6

✸ജപ്പാൻ

മുബല്ലിഗ്: സ്വൂഫീ അബ്ദുൽ ഖാദിർ സാഹിബ് നിയാസ്. യാത്ര പുറപ്പെട്ടത് 1935 മേയ് 6

**വിദൂരപൗരസ്ത്യനാടുകളിൽ മുബല്ലിഗീങ്ങളുടെ കാരാഗൃഹവാസവും ഉദാത്തമായ ത്യാഗങ്ങളും:**

തഹ്രീക്കെജദീദ് പദ്ധതിക്കുകീഴിൽ പ്രബോധനപ്രവർത്തനങ്ങൾക്ക് പ്രഥമമായി തിരഞ്ഞെടുക്കപ്പെട്ടത് വിദൂരപൗരസ്ത്യ രാജ്യങ്ങളായിരുന്നുവെന്ന് മുമ്പേ പറഞ്ഞുവല്ലോ. 1935-ൽ പ്രബോധകരുടെ ആദ്യസംഘം പ്രവർത്തിച്ചു തുടങ്ങി. എന്നാൽ, ജപ്പാനികളുടെയും സംഖ്യകക്ഷികളുടെയും ഭിന്നിപ്പും രണ്ടാം ലോകമഹായുദ്ധവും കാരണം ഇസ്‌ലാമിക സേവനങ്ങൾക്കുവേണ്ടി ഉപഭൂഖണ്ഡത്തിൽ നിന്നു വരുന്ന പ്രബോധകരെ സംശയത്തോടെ നോക്കിക്കാണാൻ തുടങ്ങി. ഏതാനും വർഷങ്ങൾക്കകം വിദൂരപൗരസ്ത്യ ദിക്കിലെ മിക്ക രാജ്യങ്ങളും ജപ്പാന്റെ കീഴിൽ വരികയും ആ രാജ്യങ്ങളിൽ ഇസ്‌ലാമികസേവനം അനുഷ്ഠിച്ചിരുന്ന പ്രബോധകർ തടവിലാക്കപ്പെടുകയും ചെയ്തു. കാരാഗൃഹവാസത്തിന്റെ പീഢനങ്ങളും പ്രയാസങ്ങളും അനുഷ്ഠിക്കേണ്ടിവന്ന പ്രബോധകർ ഇവരാണ്: സ്വൂഫി അബ്ദുൽ ഖദീർ സാഹിബ് നിയാസ്(ജപ്പാൻ), മൗലവി ഗുലാം ഹുസയ്ൻ അയാസ് സാഹിബ്(സിംഗപ്പൂർ), മൗലവി അബ്ദുൽ വാഹിദ് സാഹിബ്(ഇന്തൊനേഷ്യ), മൗലവി ശാഹ് മുഹമ്മദ് സാഹിബ്(ഇന്തൊനേഷ്യ), മൗലവി മുഹമ്മദ് സ്വാദിഖ് സുമാത്ര(ഇന്തൊനേഷ്യ), മലിക് അസീസ് അഹ്മദ് സാഹിബ്(ഇന്തൊനേഷ്യ).

പ്രസ്തുത പ്രബോധകന്മാരെ പരാമർശിച്ചുകൊണ്ട് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) പറയുന്നു: "തഹ്രീക്കെ ജദീദിന്റെ ചില മുബല്ലിഗുമാർ ഇപ്പോൾ ശത്രുക്കളുടെ പിടിയിലാണ്. സ്ട്രീറ്റ് സെറ്റിൽമെന്റിൽ(സിംഗപ്പൂർ) നമ്മുടെ ഒരു മുബല്ലിഗ് ഉണ്ടായിരുന്നു. നമ്മുടെ മുബല്ലിഗീങ്ങളായ മൗലവി ശാഹ് മുഹമ്മദ് സാഹിബും മലിക് അസീസ് സാഹിബും ജാവയിലേക്കും സുമാത്രയിലേക്കും പോയിരുന്നു. ഇവർ മൂവരും ജപ്പാനികളുടെ പിടിയിലാണ്. മൂന്നുപേരും തടവിലാണ്. ഒരാളെക്കുറിച്ച് ഇതുവരെ ഒരു വിവരവുമില്ല." (തഹ്രീകെ ജദീദ് ഏക് ഇലാഹി തഹ്രീക്, വാല്യം 2, പേജ് 451)

ജപ്പാൻ ഗവൺമെന്റ് സ്വൂഫി അബ്ദുൽ ഖദീർ സാഹിനെ തടവിലാക്കിയിരിക്കുന്നെന്ന് ഇന്നാണ് കമ്പിസന്ദേശം മുഖേന ഞാൻ അറിയുന്നത്. അദ്ദേഹം ജപ്പാൻ ഗവൺമെന്റിനെതിരാണെന്നാണ് അദ്ദേഹത്തിൽ ആരോപിച്ചിരിക്കുന്ന കുറ്റം. ഇതും നമ്മെ സംബന്ധിച്ചിടത്തോളം ഒരു പുതിയ അനുഭവമാണ്.(ഖുത്ബ ജുമുഅ 1937 നവംബർ 15,തഹ്രീകെ ജദീദ് ഏക് ഇലാഹി തഹ്രീക്, വാല്യം 1)

എന്നാൽ, എല്ലാവിധ പീഡനങ്ങളും ദ്രോഹപ്രവർത്തനങ്ങളും അതിജീവിച്ചുകൊണ്ട് ഈ മുബല്ലീഗീങ്ങൾ ഇസ്‌ലാമിക പ്രബോധനത്തിലും പ്രചാരണത്തിലും മുഴുകിക്കൊണ്ടിരുന്നു. അല്ലാഹു തന്റെ അനുഗ്രഹത്താൽ മുബല്ലിഗീങ്ങളുടെ പ്രയത്നങ്ങൾക്ക് ഫലം നല്കുകയും വിദൂര പൗരസ്ത്യനാടുകളെ ഇസ്‌ലാം അഹ്മദിയ്യത്തിന്റെ വെളിച്ചത്താൽ പ്രദീപ്തമാക്കുകയും ചെയ്തു. ഈ മുബല്ലീഗീങ്ങൾ ഇസ്‌ലാം അഹ്മദിയ്യത്ത് പ്രബോധിക്കുന്നതിൽ ധൈര്യവും ഉത്സാഹവും കാണിച്ചു. ജപ്പാനികളുടെ കാലത്ത് അവർക്കെതിരിൽ വീട്ടിൽപോലും സംസാരിക്കാൻ ആരും ധൈര്യം കാണിച്ചിരുന്നില്ല. ഭീഷണമായ ആ കാലത്ത് മൗലവി ഗുലാം ഹുസയ്ൻ അയാസ് സാഹിബ് ഐ.എൻ.എയുടെ ക്യാമ്പിൽച്ചെന്ന് പരസ്യമായി തബ്‌ലീഗ് ചെയ്യുമായിരുന്നു. ജപ്പാൻ ചാരന്മാർ സദാ അദ്ദേഹത്തിന്റെ പിന്നാലെ ഉണ്ടായിരുന്നിട്ടും അദ്ദേഹം പ്രബോധന ദൗത്യം നിർവഹിച്ചു പോന്നു. (താരീഖെ അഹ്മദിയ്യത്ത്, വാല്യം 7, പേജ് 209)

നമ്മൾ പരിശ്രമിച്ചിട്ടും വിജയം നേടാൻ കഴിയാതെപോയ അത്തരം നാടുകളിലും അഹ്മദിയ്യത്ത് പ്രചരിക്കാൻ തുടങ്ങിയിരിക്കുന്നു. മലായായിൽ മൗലവി ഗുലാം ഹുസയ്ൻ സാഹിബ് അയാസിനെ ഒരിക്കൽ ആളുകൾ മർദിച്ചവശനാക്കി തെരുവിലേക്കെറിഞ്ഞിരുന്നു. തെരുവു നായ്ക്കൾ അദ്ദേഹത്തെ നക്കികൊണ്ടിരുന്നു. എന്നാൽ, ഇന്ന് മലായായിൽ നിന്നു വരുന്ന ആളുകൾ പറയുന്നത് ഹോട്ടലുടമകളും മറ്റുമായ സമ്പന്ന വിഭാഗത്തിൽപ്പെട്ട എൺപതോളം ആളുകൾ അഹ്മദികളായി കഴിഞ്ഞിരിക്കുന്നുവെന്നാണ്. ഈ പ്രക്രിയ ദിനേന അഭിവൃദ്ധി പ്രാപിച്ചു വരികയാണ്.(അൽഫള്ൽ ദിനപത്രം, 2006 ഡിസംബർ 18 പേജ് 18)

വിദൂര പൗരസ്ത്യനാടുകളിൽ മുബല്ലിഗീങ്ങൾ ചെയ്ത ത്യാഗങ്ങൾ പരാമർശിക്കുമ്പോൾ ഇന്തൊനഷ്യയിലെ മുബല്ലിഗ് മൗലവി മുഹമ്മദ് സ്വാദിഖ് സുമാത്ര പ്രകടിപ്പിച്ച ത്യാഗങ്ങളും ക്ഷമയും സ്ഥിരചിത്തതയും അവിടങ്ങളിൽ സേവനം ചെയ്യാൻ നിയുക്തരായ മുബല്ലിഗീങ്ങൾക്ക് ചൈതന്യവത്തായ മാതൃകയത്രേ. അദ്ദേഹം തടവിലിരിക്കെ, ജപ്പാൻ ഗവൺമെന്റ അദ്ദേഹത്തിന് വധശിക്ഷ വിധിച്ചു. 1945-ൽ ആഗസ്റ്റ് മാസം അവസാന വാരം വിധി നടപ്പാക്കാൻ നിശ്ചയിച്ചു. എന്നാൽ, ദൈവത്തിന്റെ അതിമഹത്തായ ശക്തിപ്രഭാവവും ദുആ സ്വീകാര്യതയും മൂലം ആഗസ്റ്റ് മാസംതന്നെ രണ്ടാം ലോക മഹായുദ്ധം അതിന്റെ നിർണായക ഘട്ടത്തിലെത്തി പര്യവസാനിക്കുകയും ജപ്പാൻ പരാജയപ്പെടുകയും ചെയ്തു. ലോകമഹായുദ്ധം അവസാനിച്ചതോടെ അദ്ദേഹത്തിന് മോചനം ലഭിച്ചുവെന്ന് മാത്രമല്ല ആ പ്രദേശങ്ങളിൽ ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ സന്ദേശം കൂടുതൽ വേഗത്തിൽ വ്യാപിക്കാനും തുടങ്ങി. ഇന്ന് വിദൂരപൗരസ്ത്യ രാജ്യങ്ങളിൽപ്പെട്ട മിക്ക രാജ്യങ്ങളിലും ആത്മാർഥമായ ജമാഅത്തുകൾ സ്ഥാപിതമാണ്. ഉദാഹരണമെന്നോണം ചില രാജ്യങ്ങളിൽ ജമാഅത്ത് സ്ഥാപിതമായതിന്റെ ചരിത്രം സംക്ഷിപ്തമായി വിവരിക്കുകയാണ്.

**ആസ്ത്രേലിയയിൽ ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ പ്രബോധനവും പ്രവർത്തനകേന്ദ്രസ്ഥാപനവും**

ആസ്ത്രേലിയായിൽ എന്നല്ല പൗരസ്ത്യനാടുകളിൽനിന്ന് ബയ്അത്തു ചെയ്ത് കാലത്തിന്റെ ഇമാമിന്റെ സ്നേഹവൃന്ദത്തിൽ തന്നെ അർപ്പണം ചെയ്ത പ്രഥമ വ്യക്തിയായിരുന്നു ഖയ്ർപൂർ സിന്ധിലെ പഠാനോംതരീൻ സമുദായത്തിന്റെ പ്രിയങ്കരനായ ഹദ്റത്ത് സ്വൂഫീ ഹസൻ മൂസാ ഖാൻ സാഹിബ്. 1903 സെപ്റ്റംബറിൽ ആസ്ത്രേലിയായിൽ നിന്ന് കത്തു മുഖേന അദ്ദേഹത്തിന് ബയ്അത്തു ചെയ്യാൻ സൗഭാഗ്യം സിദ്ധിച്ചു. അദ്ദേഹത്തിന്റെ കത്തിനുള്ള മറുപടിയിൽ ഹദ്റത്ത് മൗലാന അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടി(റ) ബയ്അത്ത് സ്വീകരിച്ചിരിക്കുന്നു എന്നറിയിച്ചുകൊണ്ട് ഇപ്രകാരം എഴുതി: "അപരിചിതവും അങ്ങേയറ്റം വിദൂരവുമായ രാജ്യത്തു നിവസിക്കുന്ന താങ്കളുടെ ഹൃദയത്തിലേക്ക് ഈ പ്രസ്ഥാനത്തിന്റെ സത്യവും പൊരുളും അല്ലാഹു വ്യക്തമാക്കിയതിൽ അളവറ്റ സന്തോഷമുണ്ട്. ഇതു കേവലം അവന്റെ അനുഗ്രഹമത്രേ." (രിസാല റുഫഖായെ അഹ്മദ്, വാല്യം 2, അൽഫള്ൽ ദിനപത്രം റബ് വ 18, ഡിസംബർ 2006 പേജ് 35)

രണ്ടാം ഖിലാഫത്തെ ഥാനിയായുടെ കാലത്ത് ആസ്ത്രേലിയായിൽ ജമാഅത്ത് വ്യവസ്ഥാപിതമായ രീതിയിൽ നിലവിൽ വന്നിരുന്നു. മൂന്നാം ഖിലാഫത്ത് കാലഘട്ടത്തിൽ ആസ്ത്രേലിയൻ ജമാഅത്തിൽനിന്നുള്ള ഒരു സംഘം ആസ്ത്രേലിയൻ അമീറായ ഡോക്ടർ ഇഅ്ജാസുൽ ഹഖ് സാഹിബിന്റെ നേതൃത്വത്തിൽ 1980-ൽ റബ്‌വയിൽ ജൽസ സാലാനയിൽ പങ്കെടുത്തു. 1981-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസിന്റെ അനുവാദത്തോടെ ആസ്ത്രേലിയായിൽ പ്രഥമ മസ്ജിദ് നിർമിക്കുന്നതിന് പദ്ധതി ആരംഭിച്ചത്.

1983-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ആസ്ത്രേലിയ സന്ദർശിച്ചു. വാഗ്ദത്ത മസീഹി(അ)ന്റെ ഒരു ഖലീഫ ഇതാദ്യമായാണ് ആസ്ത്രേലിയായിൽ പര്യടനം നടത്തുന്നത്. ആ പര്യടനവേളയിൽ സിഡ്നിയിലെ ബയ്ത്തുൽ ഹുദാ മസ്ജിദിന് തറക്കല്ലിടുകയും ചെയ്തു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) വീണ്ടും ആസ്ത്രേലിയായിൽ പര്യടനം നടത്തിയപ്പോൾ 1989 ജൂലായ് 14 ന് പ്രസ്തുത മസ്ജിദ് ഉദ്ഘാടനം ചെയ്തു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് ഖലീഫയായതിനു ശേഷം 2006 ലും 2013 ലുമായി രണ്ടു പ്രാവശ്യം ആസ്ത്രേലിയായിൽ വരികയുണ്ടായി. ആ സന്ദർശനങ്ങൾ ആസ്ത്രേലിയൻ ജമാഅത്തിന് ഉണർവിന്റെ പുതുജീവൻ നാമ്പിടുകയായിരുന്നു. മസ്ജിദ് നിർമാണം, പുതിയ പ്രബോധകരുടെ ആഗമനം, പത്രമാസികകൾ മുഖാന്തിരം ഇസ്‌ലാം അഹ്മദിയ്യത്തിന്റെ പ്രചാരണം, ഇന്റർനെറ്റും സാമൂഹിക മാധ്യമങ്ങളും മുഖേന തബ്‌ലീഗ് പ്രവർത്തനങ്ങൾ എന്നിങ്ങനെ പുരോഗതിയു

ടെ പുതുയുഗം പിറവി കൊള്ളുകയായി. ആസ്ട്രേലിയായിൽ എന്നല്ല, ഭൂഖണ്ഡങ്ങളിലും ദ്വീപുകളിലുമൊക്കെയായി ഇസ്‌ലാം അഹ്മദിയ്യത്തിന്റെ സന്ദേശം സാമാന്യം പ്രചരിച്ചു.

**ഫിജിദ്വീപ് സമഹത്തിൽ അഹ്മദിയ്യത്തിന്റെ തുടക്കം അഹ്മദിയ്യത്തിന് കേന്ദ്രം:**

രണ്ടാം ഖിലാഫത്തു കാലഘട്ടത്തിന്റെ തുടക്കത്തിൽത്തന്നെ ഫിജിയിൽ ലാഹോരി അഹ്മദികൾ ഉണ്ടായിരുന്നു. ആ നിലയ്ക്ക് ഫിജിയിൽ അഹ്മദിയ്യത്ത് അവതരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. എന്നാൽ, ഫിജിയിൽനിന്ന് അഹ്മദിയ്യത്ത് സ്വീകരിച്ചുകൊണ്ട് അഹ്മദിയ്യാ ഖിലാഫത്തിന്റെ തണലിൽ കീഴിൽ വരുന്ന ആദ്യത്തെ വ്യക്തി ഹാജി റമളാൻ സാഹിബ് ആയിരുന്നു. 1959-ൽ അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ തൃക്കൈകളിൽ ബയ്അത്തു ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിക്കുകയായിരുന്നു.

ഇപ്പോൾ ഫിജിയിൽ ഇസ്‌ലാം അഹ്മദിയ്യത്തിന്റെ കേന്ദ്രങ്ങളെന്ന നിലയിൽ പത്തിലേറെ മസ്ജിദുകൾ രാപകൽ ഇസ്‌ലാമിനു വേണ്ടി സേവനനിരതമാണ്. ഒരു അഹ്മദിയ്യാ സ്കൂൾ കൂടാതെ ഖലീഫമാരുടെ മേൽനോട്ടത്തിൽ നിർവഹിക്കപ്പെട്ട വിശുദ്ധ ഖുർആൻ തർജമകളും മറ്റു സാഹിത്യങ്ങളും തയ്യാർ ചെയ്യുന്നുണ്ട്. കേന്ദ്ര മുബല്ലിഗീങ്ങളെ കൂടാതെ ദായിയാനെ ഇലല്ലായുടെ രൂപത്തിൽ ഖിലാഫത്തിന്റെ ഒരു സേവകസംഘം ലോകത്തിന്റെ അങ്ങേ പൗരസ്ത്യദിക്കുകളിൽ സ്ഥിതി ചെയ്യുന്ന ദ്വീപുകളിൽ ഇസ്‌ലാമിന്റെ സേവനത്തിന് നിയോഗിക്കപ്പെട്ടിരിക്കുന്നു. ഇസ്‌ലാം അഹ്മദിയ്യത്തിന്റെ ആഗോളതലത്തിലുള്ള പ്രബോധനപ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 1983-ലും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് 2006-ലും ഫിജി സന്ദർശിക്കുകയും ഭൂമിയുടെ അറ്റമെന്ന് അറിയപ്പെടുന്ന ഫിജി ദ്വീപുകളിൽ അങ്ങോളമിങ്ങോളം ഇസ്‌ലാം അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിക്കുകയും ചെയ്തു.

**ന്യൂസിലാന്റിൽ അഹ്മദിയ്യത്ത്:**

വാഗ്ദത്ത മസീഹി(അ)ന്റെ കാലഘട്ടത്തിൽത്തന്നെ ഇസ്‌ലാം അഹ്മദിയ്യത്തിന്റെ സന്ദേശം ലഭിക്കാൻ സൗഭാഗ്യം സിദ്ധിച്ച ഒരു രാജ്യമാണ് ന്യൂസിലാന്റ്. വാഗ്ദത്ത മസീഹിന്റെ(അ) ജീവിതകാലത്ത് അവസാനദിനങ്ങളിൽ പ്രൊഫസർ ക്ലമെന്റ് സാഹിബ് ഇന്ത്യ സന്ദർശിച്ച് ഖാദിയാനിലെത്തുകയും 1908-ൽ കാലത്തിന്റെ ഇമാമിനെ സന്ദർശിക്കാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിക്കുകയും ചെയ്തു. അദ്ദേഹം ന്യൂസിലാന്റിലേക്ക് മടങ്ങിപ്പോയശേഷം ഇസ്‌ലാം അഹ്മദിയ്യത്ത് സ്വീകരിക്കുകയും ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബുമായി ബന്ധം സ്ഥാപിക്കുകയും 1922-ൽ മരിക്കും വരെ ജമാഅത്തുമായുള്ള ആ ബന്ധം നിലനിറുത്തുകയും ചെയ്തു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് ന്യൂസിലാന്റ് സന്ദർശനവേളയിൽ 2006 മേയ് 7-ന് അദ്ദേഹത്തിന്റെ ഖബറിടത്തിൽ ചെന്ന് ദുആ ചെയ്തിരുന്നു.

1998ൽ നാലാം ഖിലാഫത്ത് കാലത്ത് ന്യൂസിലാന്റ് ജമാഅത്ത് ഓക്ക്ലാന്റ്(Aucland) എന്ന പട്ടണത്തിൽ സ്ഥലം വാങ്ങുകയും ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ കേന്ദ്രത്തിന് അസ്തിവാരമിടുകയും ചെയ്തു. 2013-ൽ അഞ്ചാം ഖിലാഫത്ത് കാലത്താണ് ഇവിടെ ബയ്ത്തുൽ മുഖീത്ത് മസ്ജിദ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. 2006 ലും 2013 ലുമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ന്യൂസിലാന്റ് സന്ദർശിക്കുകയും ന്യൂസിലാന്റിലെ പാർലമെന്റടക്കം രാജ്യത്തുടനീളം പര്യടനം നടത്തിക്കൊണ്ട് ലോകത്തിന്റെ വിദൂര പൗരസ്ത്യദിക്കിലായി സ്ഥിതിചെയ്യുന്ന പ്രദേശത്ത് ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ സന്ദേശമെത്തിക്കുന്ന ദൗത്യം നിർവഹിക്കുകയും ചെയ്തു.

ന്യൂസീലൻഡിൽ(New Zealand) ഇപ്പോൾ വ്യവസ്ഥാപിതമായ നിലയിൽ ഒരു ജമാഅത്തുണ്ട്. സത്യഖിലാഫത്തിന്റെ തണലിൽ ഇപ്പോൾ മൂന്നു മുബല്ലിഗുമാരും ഡസൺകണക്കിന് ദായീഇലല്ലാഹ് അംഗങ്ങളും വിവിധ പ്രദേശങ്ങളിൽ പ്രവർത്തിച്ചു വരുന്നു. പത്രമാസികകൾ, ടെലിവിഷൻ, സാമൂഹികമാധ്യമങ്ങൾ തുടങ്ങിയവയിലൂടെ രാജ്യത്തെ സകല ശ്രേണിയിലുമുള്ള ആളുകളിലേക്ക് ഇസ്‌ലാം അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിച്ചുകൊണ്ടിരിക്കുന്നു. ന്യൂസീലൻഡിന്റെ(New Zealand) തദ്ദേശഭാഷയായ 'മൗറി'യിലും വിശുദ്ധ ഖുർആൻ തർജമ ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**അഹ്മദിയ്യത്ത് ചൈനയിൽ**

വാഗ്ദത്ത മസീഹിന്റെ കാലത്തുതന്നെ അഹ്മദിയ്യത്തിന്റെ തൈ ഇവിടെ നട്ടിരുന്നെങ്കിലും ചൈനയിൽ ആദ്യത്തെ മിഷൻ സ്ഥാപിച്ചത് സൂഫി അബ്ദുൽ ഗഫൂർ സാഹിബ് ഭേരവിയാണ്. 1935 മെയ് 27-ന് അദ്ദേഹം ഹോങ്കോംഗിലെത്തുകയും വർഷങ്ങളോളം അവിടെ പ്രബോധനം നടത്തി ഖാദിയാനിൽ തിരിച്ചെത്തുകയും ചെയ്തു. ചൈനയിൽ അദ്ദേഹത്തിന്റെ കാലത്താണ് അഹ്മദിയ്യത്തിന് അസ്തിവാരമിട്ടത്. (മർക്കസിന്റെ അറിവിൽ പെട്ടിടത്തോളം)ലി യോങ് കിങ്ങ് ഫുങ്ങ്(Leung King Fung) ആയിരുന്നു ചൈനയിലെ ആദ്യത്തെ അഹ്മദി. അദ്ദേഹം കവാന്റീങ്ങ്(kawanteeng) സംസ്ഥാനത്തെ (Sen-tex)ജില്ലയിലെ (Kawai Show) കസബയിലെ താമസക്കാരനായിരുന്നു.

ചൈനയിലെ താമസക്കാലത്ത് സൂഫിസാഹിബ് ഇസ്‌ലാം മതതത്ത്വജ്ഞാനം ചൈനീസ് ഭാഷയിലേക്ക് വിവർത്തനം ചെയ്യിച്ചതോടെ അഹ്മദിയ്യത്ത് പ്രചരിപ്പിക്കുന്നത് മുമ്പേയുള്ളതിനെക്കാളേറെ എളുപ്പമായി.

സൂഫിസാഹിബിനെ തുടർന്ന്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ നിർദേശമനുസരിച്ച് 1936 ജനുവരി 16-ന് ശയ്ഖ് അബ്ദുൽ വാഹിദ് സാഹിബ് ഫാളിൽ ചൈനയിലേക്കു പുറപ്പെട്ടു. ശയ്ഖ് സാഹിബ് ചൈനീസ് ഭാഷയിൽ പ്രസിദ്ധീകൃതമായ ഇസ്‌ലാം മതതത്ത്വജ്ഞാനം പ്രചരിപ്പിക്കുന്നതു കൂടാതെ ചില തബ്‌ലീഗീ നോട്ടീസുകളും അധികമായി പ്രചരിപ്പിച്ചു. അദ്ദേഹം മുഖേന പല സൗഭാഗ്യവാന്മാരും അഹ്മദിയ്യത്തിൽ പ്രവേശിക്കുകയുണ്ടായി. 1939 മാർച്ച് 6-ന് അദ്ദേഹം കേന്ദ്രത്തിൽ തിരിച്ചെത്തി.

ശയ്ഖ് സാഹിബ് ചൈനയിൽ പ്രചാരണദൗത്യം നിർവഹിച്ചുകൊണ്ടിരിക്കെ 1937 സെപ്റ്റംബർ 27-ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) ചൗദ്രി മുഹമ്മദ് ഇസ്ഹാഖ് സിയാൽക്കോട്ടി സാഹിബിനെ ചൈനയിലേക്ക് പറഞ്ഞയച്ചുകൊണ്ട് ഇപ്രകാരം ഉപദേശം എഴുതി നല്കി:

*"ദൈവസ്നേഹമാണ് സകല തത്ത്വങ്ങളെക്കാളും വലിയ തത്ത്വം. എല്ലാ അനുഗ്രഹങ്ങളും നന്മകളും ഇതിലാണുള്ളത്. സത്യസന്ധമായ നിലയിൽ അല്ലാഹുവിനോടു സ്നേഹം പുലർത്തുന്നവൻ ഒരിക്കലും പരാജിതനാവുകയില്ല; അവന്റെ കാല് ഒരിക്കലും ഇടറുകയുമില്ല. നമസ്കാരം മനസ്സിരുത്തി നിർവഹിക്കുക അതിൽ മുടക്കം വരരുത്. ദൈവസ്മരണ, നോമ്പ്, ആത്മപരിശോധന ഇവ ചെയ്തു കൊണ്ടിരിക്കുക. ഉറക്കം കുറയ്ക്കുക. ഭക്ഷണം കുറയ്ക്കുക. ദീനിന്റെ കാര്യത്തിൽ പരിഹസിക്കുകയോ പരിഹാസം ആസ്വദിക്കുകയോ അരുത്. ദൈവത്തിന്റെ സൃഷ്ടികൾക്കായുള്ള സേവനം, വ്യവസ്ഥിതിയോടുള്ള ആദരവ്, ജീവൻ വെടിയേണ്ടിവന്നാലും വ്യവസ്ഥിതിയുമായി ബന്ധം പുലർത്തുന്നതിൽ കുറവു വരാതെ നോക്കുക ഇവ ഇസ്‌ലാമിന്റെ ഉന്നത തത്ത്വങ്ങളാണ്.*

*"വിശുദ്ധ ഖുർആൻ അവധാനപൂർവം പാ രായണം ചെയ്യുന്നത് അറിവ് വർധിപ്പിക്കുകയും ഹൃദയത്തെ ശുദ്ധീകരിക്കുകയും ബുദ്ധിക്ക് വെളിച്ചമേകുകയും ചെയ്യുന്നു. ജമാഅത്തിന്റെ ഗ്രന്ഥങ്ങളും മാസികകളും പാരായണം ചെയ്യുക അനിവാര്യമാണ്.*

*"പ്രവാചകൻ മുഹമ്മദുനബി(സ)യോടും അദ്ദേഹത്തിന്റെ സേവകൻ വാഗ്ദത്ത മസീഹിനോടുമുള്ള സ്നേഹം ദൈവസ്നേഹത്തിന്റെ തന്നെ ഭാഗമാകുന്നു. മുഹമ്മദുനബി(സ)യെപ്പോലുള്ള പ്രവാചകനോ വാഗ്ദത്ത മഹ്ദി മസീഹിനെപ്പോലുള്ള പ്രതിനിധിയോ ഇന്നോളം ഉണ്ടായിട്ടില്ല.*

*"തഖ്‌വുല്ലാഹ് അഥവാ ദൈവഭക്തി എത്രയും അനിവാര്യമത്രേ. എന്നാൽ, നിരവധിപേർ ഇതു ഗ്രഹിക്കാൻ ശ്രമിക്കുകയോ പ്രാവർത്തികമാക്കുകയോ ചെയ്യുന്നില്ല.*

*"ജമാഅത്തിന്റെ താൽപര്യങ്ങളെ എപ്പോഴും മുന്നിൽ വയ്ക്കുക. ഉയർന്ന കാഴ്ചപ്പാട് ഉണ്ടായിരിക്കേണ്ടതാണ്. ഒന്നും വിട്ടുകൊടുക്കരുത്. ഇസ്‌ലാമിന്റെ വിജയവും അഹ്മദിയ്യത്തിന്റെ പ്രചാരണവും നമ്മുടെ ജീവിതലക്ഷ്യമായിരിക്കണം."*

വിനീതൻ
മിർസാ മഹ്മൂദ് അഹ്മദ്

ചൗദ്രി മുഹമ്മദ് ഇസ്ഹാഖ് സാഹിബ് മൂന്നര വർഷത്തോളം ചൈനയിൽ അഹ്മദിയ്യത്തിന്റെ പ്രകാശം പ്രസരിപ്പിച്ചുകൊണ്ടിരുന്നു. 1941-ൽ അദ്ദേഹം ഖാദിയാനിൽ തിരിച്ചെത്തി. (താരീഖെ അഹ്മദിയ്യത്ത്, വാല്യം7, പേജ് 221-222)

ചൈനയിൽ ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ പ്രബോധനപ്രയത്നങ്ങൾ ഫലം കാണുകയുണ്ടായി. ചൈനീസ് ഭാഷയിൽത്തന്നെ അർപ്പണബോധത്തോടെ ഇസ്‌ലാം പ്രബോധനം ചെയ്യുന്ന ഭാഗ്യാത്മാക്കളെ അല്ലാഹു ആ ദേശത്തിന് നല്കി അനുഗ്രഹിച്ചു. ഇസ്‌ലാം-അഹ്മദിയ്യത്ത് സ്വീകരിച്ച ചൈനക്കാരിൽ പ്രധാന വ്യക്തി മുഹമ്മദ് ഉഥ്മാൻ ചോച്ചിംങ്ങ്ശി സാഹിബാണ്. ചൈനയിലെ ആൻഖുയി സംസ്ഥാനത്ത് 1925 ഡിസംബർ 13ന് അദ്ദേഹം ജനിച്ചു. രണ്ടാം ഖിലാഫത്തുകാലത്ത് അദ്ദേഹം അഹ്മദിയ്യത്തിൽ പ്രവേശിച്ചു. 2018 ഏപ്രിൽ 13-ന് അദ്ദേഹം ഇംഗ്ലണ്ടിൽ വഫാത്തായി. അദ്ദേഹം വഫാത്തായപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ഖുത്ബ ജുമുഅയിൽ അദ്ദേഹത്തിന്റെ ദീനീസേവനങ്ങളെ എടുത്തു പറഞ്ഞുകൊണ്ട് സ്വഭാവഗുണങ്ങൾ അനുസ്മരിക്കുകയുണ്ടായി. ചൈനീസ് ഭാഷ അറിയുന്നവർക്കായി അഹ്മദിയ്യത്തിനെ പരിചയപ്പെടുത്തുന്ന സാഹിത്യങ്ങൾ അദ്ദേഹം തയ്യാറാക്കുകയും വിശുദ്ധ ഖുർആൻ ചൈനീസ് ഭാഷയിൽ തർജമ ചെയ്യുകയും ചെയ്തു. പ്രസ്തുത തർജമ ഉദാത്ത രചനയാണെന്ന് ചൈനയിലെ ബുദ്ധിജീവികളും പണ്ഡിതരും ഏറ്റു പറഞ്ഞു.

ചൈനീസ് ഭാഷയിൽ ഇസ്‌ലാം അഹ്മദിയ്യത്തിന്റെ സാഹിത്യങ്ങൾ തയ്യാറാക്കുന്നതിന് ഒരു പുതിയ ചൈനീസ് വെബ്സൈറ്റ് ആരംഭിച്ചിരിക്കുകയാണ്. അതുപോലെത്തന്നെ ചൈനീസ് ഭാഷയിൽ ഇസ്‌ലാം-അഹ്മദിയ്യത്ത് പ്രചരിപ്പിക്കുന്നതിന് ചൈനീസ് ഡസ്ക് സ്ഥാപിച്ചതോടെ ചൈനയിൽ ഇസ്‌ലാം -അഹ്മദിയ്യത്തിന്റെ പ്രചാരണപ്രവർത്തനങ്ങൾക്ക് ഉറച്ച അടിത്തറ പാകിക്കഴിഞ്ഞിരിക്കുകയാണ്.

**ജപ്പാനിൽ ഇസ്‌ലാം-**
**അഹ്മദിയ്യത്തിന്റെ കേന്ദ്രം:**

വാഗ്ദത്ത മഹ്ദിമസീഹി(അ)ന്റെ കാലഘട്ടത്തിൽത്തന്നെ ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബിന്റെ പ്രബോധനകത്തുകൾ മുഖേന അഹ്മദിയ്യത്തിന്റെ സന്ദേശം ജപ്പാനിലെത്തിയിരുന്നെങ്കിലും 1935 ജൂൺ 4-ന് സ്വൂഫീ അബ്ദുൽ ഖദീർ നിയാസ് സാഹിബ് ജപ്പാന്റെ തീരദേശനഗരമായ കോബെയിൽ എത്തിയതോടെയാണ് ഈ രാജ്യത്ത് സ്ഥിരമായ ഒരു കേന്ദ്രം സ്ഥാപിക്കപ്പെട്ടത്. അഹ്മദിയ്യാ ജമാഅത്തിനുവേണ്ടി ജപ്പാനിലെത്തുന്ന ആദ്യത്തെ മുബല്ലിഗായിരുന്നു അദ്ദേഹം. ജപ്പാനിലെത്തിയ അദ്ദേഹം അവിടെ താമസിച്ച് ജാപാനി ഭാഷ പഠിച്ച് പ്രബോധന പ്രഭാഷണങ്ങൾ നടത്തുകയും ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്ന ഏതാനും സാഹിത്യങ്ങൾ തയ്യാറാക്കുകയും ചെയ്തു. രണ്ടാം ലോകമഹായുദ്ധം ആരംഭിക്കുന്നതിന് അല്പം മുമ്പേ ജപ്പാൻ ഗവൺമെന്റ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തെങ്കിലും ചോദ്യം ചെയ്ത് വിട്ടയക്കുകയായിരുന്നു.

അദ്ദേഹം ജപ്പാനിലായിരിക്കുമ്പോൾത്തന്നെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) 1937 ജനുവരി 10-ന് മൗലവി അബ്ദുൽ ഗഫൂർ സാഹിബിനെ ജപ്പാനിലേക്ക് അയച്ചു. അദ്ദേഹത്തെ ജപ്പാനിലേക്ക് അയച്ചുകൊണ്ട് അദ്ദേഹം നല്കിയ ഉപദേശങ്ങളിൽ വിദൂരപൗരസ്ത്യനാടുകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മുബല്ലിഗീങ്ങൾക്കും മറ്റു പ്രബോധകർക്കും സമഗ്രമായ കർമപദ്ധതി അടങ്ങിയിരിക്കുന്നു.(താരീഖെ അഹ്മദിയ്യത്ത്, വാല്യം 8, പേജ് 219-221)

തുടർന്ന് രണ്ടാം ലോകമഹായുദ്ധം കാരണം മുബല്ലിഗീങ്ങൾക്ക് കുറച്ചുകാലം ജപ്പാനിൽ വരാൻ കഴിയാതെയായി. എന്നാൽ, മൂന്നാം ഖിലാഫത്തുകാലംതൊട്ട് ഇന്നോളം മുബല്ലിഗീങ്ങളും ജമാഅത്തംഗങ്ങളും ജപ്പാനിൽ വാഗ്ദത്ത മഹ്ദീമസീഹിന്റെ ഖലീഫമാരുടെ നിർദേശാനുസരണം ഇസ്‌ലാമിക പ്രചാരണം ചെയ്ത് സേവനം അനുഷ്ഠിച്ചുവരുന്നു.

രണ്ടാം ഖിലാഫത്തുകാലത്ത് മുഹമ്മദ് ഉവയ്സ് കൊബായാശി സാഹിബിന്റെ ഇസ്‌ലാം അഹ്മദിയ്യത്തിലേക്കുള്ള പ്രവേശനം, മൂന്നാം ഖിലാഫത്തുകാലത്ത് നാഗോയാ അഹ്മദിയ്യാ സെന്റർ വാങ്ങിയത്, നാലാം ഖിലാഫത്തുകാലത്ത് വിശുദ്ധ ഖുർആൻ ജപ്പാനീസ് ഭാഷയിൽ പ്രസിദ്ധീകരിച്ചത്, അഞ്ചാം ഖിലാഫത്തുകാലത്ത് ജപ്പാനിലെ ബയ്ത്തുൽ അഹദ് മസ്ജിദിന്റെ നിർമാണം തുടങ്ങിയവ ജപ്പാനിലെ അഹ്മദിയ്യാ ചരിത്രത്തിലെ നാഴികക്കല്ലുകളാണ്.

**അഹ്മദിയ്യത്ത് ഇന്തൊനേഷ്യയിൽ**

1923-ൽ സുമാട്രയിൽനിന്ന് മൗലവി അബൂബക്കർ അയ്യൂബ് സാഹിബ്, മൗലവി അഹ്മദ് നൂറുദ്ദീൻ സാഹിബ്, മൗലവി സൈനീ ദഹലാൻ സാഹിബ്, ഹാജീ മഹ്മൂദ് സാഹിബ് എന്നീ നാലു യുവാക്കൾ പഠനാവശ്യാർഥം ഇന്ത്യയിലെത്തി. ദൈവവിധിയെന്നു പറയാം, കൊൽക്കത്തത്ത, ലഖ്നൗ, ലാഹോർ എന്നീ നഗരങ്ങൾ സന്ദർശിച്ചതിനുശേഷം ഒടുവിൽ ഖാദിയാനിലും അവർ എത്തപ്പെട്ടു. 1923-ൽ ആ നാലു യുവാക്കൾ ഖാദിയാനിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ സമക്ഷം ഹാജറായിക്കൊണ്ട് തങ്ങളുടെ മതപരമായ ശിക്ഷണത്തിനുവേണ്ട ഏർപ്പാടു ചെയ്തുതരണമെന്ന് അപേക്ഷിച്ചു. ഹുദൂർ അവരുടെ അപേക്ഷ സ്വീകരിച്ചുകൊണ്ട് അവരുടെ പഠനത്തിനുള്ള ഏർപ്പാടു ചെയ്തു. പഠിച്ചുകൊണ്ടിരിക്കെ അഹ്മദിയ്യത്തിന്റെ യാഥാർഥ്യം അവർക്ക് വെളിപ്പെടുകയും അങ്ങനെ അഹ്മദിയ്യത്ത് സ്വീകരിക്കുകയും ചെയ്തു. ഖാദിയാനിൽ ബയ്അത്തു ചെയ്ത് ഇന്തൊനേഷ്യൻ യുവാക്കൾ സ്വന്തം നാട്ടിലും ഉടൻതന്നെ അഹ്മദിയ്യത്തിന്റെ പ്രകാശം വിതറുവാൻ പ്രയത്നിക്കുകയുണ്ടായി. അവിടെ ഇരുന്നുകൊണ്ടുതന്നെ അവർ തങ്ങളുടെ ഉറ്റവർക്കും ഉടയവർക്കും തബ്‌ലീഗ് കത്തുകൾ അയക്കാൻ തുടങ്ങുകയും അങ്ങനെ ഇന്തൊനേഷ്യയിൽ പ്രബോധനത്തിനുള്ള മാർഗം തരപ്പെട്ടു തുടങ്ങുകയും ചെയ്തു. 1924 നവംബർ 29-ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനനീ(റ) യൂറോപ്യൻ പര്യടനം കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ ഹുദൂറിന് വരവേൽപ്പ് നല്കുകയുണ്ടായി. ആ സൽക്കാരത്തിൽ ഇന്തൊനേഷ്യയിൽനിന്നുള്ള വിദ്യാർഥികൾ ഇപ്രകാരം അപേക്ഷിച്ചു: 'ഹുദൂർ! പൗരസ്ത്യദിക്കിലുള്ള ഈ ദ്വീപുകളിലേക്കും ശ്രദ്ധ പതിപ്പിച്ചാലും!' ഹുദൂർ പറഞ്ഞു: 'ഞാനോ എന്റെ ഏതെങ്കിലും പ്രതിനിധിയോ നിങ്ങളുടെ നാട്ടിലേക്ക് വരുന്നതാണെന്ന് വാക്കുതരുന്നു.' അങ്ങനെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ), ഹദ്റത്ത് മൗലവി റഹ്മത്തലി സാഹിബിനെ തിരഞ്ഞെടുത്ത് അയച്ചു. അദ്ദേഹം കടൽ മാർഗം യാത്ര ചെയ്ത് 1925 സെപ്റ്റംബർ മാസത്തിൽ ആ നാട്ടിലെത്തി. ആച്ചിയയിലെ ചെറിയ പ്രദേശമായ താപ്പാതുവായിലാണ് ഏറ്റവുമാദ്യം അദ്ദേഹം എത്തിയത്. വ്യത്യസ്തമായ സംസ്കാരമായിരുന്നു അവിടുത്തേത്. പരിചയമില്ലാത്ത ഭാഷ; അപരിചിതരായ ആളുകൾ, പരിചയമുള്ള ആരും ഉണ്ടായിരുന്നില്ല. എന്നാൽ, ആദ്യം നേരിട്ട ഈ പ്രയാസങ്ങൾക്കൊന്നുംതന്നെ മൗലവി റഹ്മത്തലി സാഹിബിന്റെ നിശ്ചയദാർഢ്യത്തിൽ ഊനം വരുത്താനായില്ല. അദ്ദേഹം ഭാഷ പഠിച്ച് തബ്‌ലീഗ് ചെയ്യാൻ തുടങ്ങി. പിന്നീട് പണ്ഡിതന്മാരുമായി സംവാദങ്ങളും ചർച്ചകളും നടത്തി. ഹദ്റത്ത് മൗലവി സാഹിബിന് അല്ലാഹു സഹായമേകുകയും ഏതാനും മാസങ്ങൾ കൊണ്ടുതന്നെ അവിടെ ഇന്തൊനേഷ്യയിലെ ആദ്യജമാഅത്ത് സ്ഥാപിതമാവുകയും ചെയ്തു. 8 പേരാണ് ബയ്അത്ത് ചെയ്തിരുന്നത്. അതിനെ തുടർന്ന് വീണ്ടും ബയ്അത്തുകളുണ്ടാകാൻ തുടങ്ങി. ഹദ്റത്ത് മൗലവി സാഹിബിന് തുടക്കത്തിൽ പല പ്രയാസങ്ങളും നേരിടേണ്ടി വന്നു. ഭാഷയുടെതായിരുന്നു ഒന്നാമത്തെ പ്രശ്നം. പിന്നെ എതിർപ്പും തുടങ്ങി. അവിടുത്തെ സംസ്കാരവും ജീവിതരീതികളുമെല്ലാം വ്യത്യസ്തമായിരുന്നു. മൗലവി സാഹിബാകട്ടെ, അവയെല്ലാം വശത്താക്കി. അഹ്മദികളുടെ ഗ്രന്ഥങ്ങളും ലേഖനങ്ങളും വായിക്കരുതെന്നും അവരുടെ പ്രഭാഷണം ശ്രവിക്കരുതെന്നും പണ്ഡിതന്മാർ അവിടെ ഫത്‌വയിറക്കി. പ്രാദേശിക അഹ്മദികളുടെ എണ്ണം വർധിക്കാൻ തുടങ്ങിയതോടെ അവിടുത്തുകാർ പ്രാദേശിക അഹ്മദികളെ ബഹിഷ്കരിക്കാൻ തുടങ്ങി. പത്രക്കാർ പോലും ഒരു ലേഖനം പ്രസിദ്ധീകരിക്കാൻ തയ്യാറായില്ല. എതിർപ്പ് എത്രമാത്രം വർധിച്ചുവെന്നാൽ മൂവായിരത്തോളമാളുകൾ മൗലവി സാഹിബിന്റെ താമസസ്ഥലത്ത് തടിച്ചുകൂടി മുദ്രാവാക്യങ്ങളും ഹൃദയഭേദകങ്ങളായ ചീത്തവിളികളും ഉതിർത്തുകൊണ്ടിരുന്നു.

അതിനുശേഷം ഹാജി മഹ്മൂദ് സാഹിബും ഇന്തൊനേഷ്യയിലേക്കു വന്നു. മൗലവിമാർ എങ്ങനെയോ അദ്ദേഹത്തെക്കൊണ്ട് താൻ അഹ്മദിയ്യത്ത് ഉപേക്ഷിക്കുന്നുവെന്ന് നിർബന്ധിച്ച് എഴുതിച്ച് ഒരു വിജ്ഞാപനം പ്രസിദ്ധീകരിച്ചതോടെ വലിയ കോലാഹലമുണ്ടായി. അതോടെ മൗലവി സാഹിബിന് കൂടുതൽ എതിർപ്പുകൾ നേരിടേണ്ടിവന്നു. പിന്നീട് ഹാജി മഹ്മൂദ് സാഹിബ് ആത്മനിയന്ത്രണം വീണ്ടെടുക്കുകയും ഉലമാക്കളുടെ കുതന്ത്രങ്ങളിൽനിന്ന് സുരക്ഷിതനായിത്തീരുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തെ രക്ഷിച്ചു. തങ്ങളുടെ പദ്ധതികൾ പൊളിഞ്ഞുപോയെന്നറിഞ്ഞ പണ്ഡിതവർഗം ഒത്തു ചേർന്ന് ഹദ്റത്ത് മൗലവി റഹ്മത്തലി സാഹിബിനെ നാടുകടത്താനുള്ള നീക്കങ്ങൾ തുടങ്ങി. സർക്കാർ പ്രതിനിധികളുടെയും ഭാരവാഹികളുടെ അടുത്ത് അവർ പോയെങ്കിലും മതകാര്യങ്ങളിൽ തങ്ങൾ ഇടപെടുന്നതല്ലെന്ന് ഭരണകൂടം അവരോടു പറഞ്ഞു. കാര്യങ്ങൾ അങ്ങനെ തുടർന്ന് പോയിക്കൊണ്ടിരിക്കെ 1927-ൽ പാടാങ്ങിൽ വച്ച് അനഹ്മദി പണ്ഡിതന്മാരുമായി ഒരു സംവാദം നടന്നു. അതിൽ വലിയ പണ്ഡിതന്മാരും ശയ്ഖുമാരും പത്രാധിപന്മാരും ഭരണസാരഥികളും സന്നിഹിതരായിരുന്നു. പ്രസ്തുത സംവാദത്തിൽ അല്ലാഹു അഹ്മദിയ്യാ മുബല്ലിഗിന് മേൽക്കോയ്മ നല്കിയനുഗ്രഹിച്ചു. അതു സംഭവിക്കേണ്ടതു തന്നെയായിരുന്നു. എതിരാളികളായ പണ്ഡിതന്മാർ പരാജയത്തിന്റെ പാതാളം കണ്ടു. തൽഫലമായി, അഹ്മദിയ്യത്തിന്റെ തബ്‌ലീഗിനുള്ള വഴി തുറക്കപ്പെട്ടു. ആ പശ്ചാത്തലത്തിലാണ് ഇന്തൊനേഷ്യയിലെ മൂന്നാമത്തെ ജമാഅത്ത് ഡോക്കോ(Doko)യിൽ സ്ഥാപിതമാകുന്നത്. (ഖുത്‌ബ ജുമുഅ 2011 ഫെബ്രുവരി 11)

വാഗ്ദത്ത മസീഹിന്റെ ഖലീഫമാർ നിരന്തരമായ മാർഗനിർദേശങ്ങളും ശ്രദ്ധയും നല്കിയതിന്റെ ഫലമായി ഇന്ന് ഇന്തൊനേഷ്യയിൽ ശക്തമായ ഒരു ജമാഅത്ത് സ്ഥാപിതമാണ്. ഇന്തൊനേഷ്യയിലെ ജാമിഅയിൽനിന്ന് പഠിച്ചിറങ്ങുന്ന മുബല്ലിഗീങ്ങൾ ഇന്തൊനേഷ്യയിലും അതിന്റെ അയൽ രാജ്യങ്ങളിലും സേവനം ചെയ്തുവരുന്നു. എം.ടി.എ മുഖേന സംപ്രേഷണം ചെയ്യപ്പെടുന്ന പരിപാടികൾ ഈ രാജ്യത്ത് ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ പ്രചാരണത്തിനുള്ള വഴിയായിത്തീരുന്നുണ്ട്. കൂടാതെ ഇന്തൊനേഷ്യൻ ഡസ്കിന്റെ സ്ഥാപനത്തോടെ അഹ്മദിയ്യത്തിനെ സംബന്ധിച്ച സാഹിത്യങ്ങൾ തയ്യാറാക്കുകയും പ്രബോധന ദൗത്യങ്ങൾക്ക് സ്ഥിരമായ രൂപം കൈവരികയും ചെയ്തിരിക്കുന്നു.

**ഇസ്‌ലാമിക പ്രബോധനം സിംഗപ്പൂരിൽ**

1935 മേയ് 6-ന് മൗലവി ഗുലാം ഹുസയ്ൻ അയാസ് സാഹിബ് ഖാദിയാനിൽനിന്ന് സിംഗപ്പൂരിലേക്ക് യാത്ര പുറപ്പെട്ടു. സിംഗപ്പൂരിലും ചുറ്റുമുള്ള പ്രദേശങ്ങളിലുമായി അദ്ദേഹം പതിനഞ്ചു വർഷത്തോളം പ്രബോധനപ്രവർത്തനങ്ങളിൽ മുഴുകിക്കൊണ്ടിരുന്നു. രണ്ടാം ലോക മഹായുദ്ധകാലത്ത് കഠിനമായ സാഹചര്യങ്ങൾ അദ്ദേഹത്തിന് നേരിടേണ്ടി വന്നു.

കുറച്ചുകാലം അദ്ദേഹം ജപ്പാൻ സൈന്യത്തിന്റെ തടവുകാരനായും കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ പ്രബോധനപ്രവർത്തനങ്ങൾ ഫലം കണ്ടു. 1937-ൽ ഹാജി ജഅ്ഫർ സാഹിബ് അഹ്മദിയ്യത്ത് സ്വീകരിച്ചു. തികഞ്ഞ ആത്മാർഥതയും ആവേശവും കാണിച്ചിരുന്ന അഹ്മദിയായിരുന്നു അദ്ദേഹം.

1947-ൽ സിംഗപ്പൂരിൽ അഹ്മദിയ്യ ജമാഅത്ത് പ്രചരിപ്പിക്കാൻ വേണ്ടി സ്ഥിരമായ ഒരു കേന്ദ്രം സ്ഥാപിതമായി. 1983-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) സിംഗപ്പൂരിൽ പര്യടനം നടത്തിയപ്പോൾ മസ്ജിദ് ത്വാഹായ്ക്ക് തറക്കല്ലിട്ടു. സിംഗപ്പൂർ ജമാഅത്തിന്റെ കേന്ദ്രമാണിത്.

മൗലവി ഗുലാം ഹുസയ്ൻ അയാസ് സാഹിബിന്റെ പ്രബോധനപ്രയത്നങ്ങളും രാപ്പകൽ കഠിനാധ്വാനവും ചെയ്തതിന്റെ ഫലമായി സിംഗപ്പൂരിൽ മാത്രമല്ല മലാക്ക, ജൗഹർ ബാരു, ഇന്തൊനേഷ്യയുടെയും മലേഷ്യയുടെയും മറ്റു ദ്വീപുകൾ തുടങ്ങിയ സ്ഥലങ്ങളിലും അഹ്മദിയ്യത്തിന്റെ വെളിച്ചമെത്തുകയും പല ഭാഗ്യാത്മാക്കളും അഹ്മദിയ്യത്തിൽ പ്രവേശിക്കുകയും ചെയ്തു.

**വിദൂര പൗരസ്ത്യനാടുകളിൽ അഹ്മദിയ്യാ ഖലീഫമാരുടെ പര്യടനം**

അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായതു മുതൽത്തന്നെ വിദൂര പൗരസ്ത്യ രാജ്യങ്ങളിൽ ഇസ്‌ലാമിക പ്രബോധനം തുടർന്നു പോരുന്നുണ്ട്. രണ്ടാം ഖിലാഫത്ത് കാലത്തുതന്നെ വിദൂര പൗരസ്ത്യ രാജ്യങ്ങളിൽ മുബല്ലിഗീങ്ങളെ വ്യവസ്ഥാപിതമായി അയച്ച് ഇസ്‌ലാമിക പ്രചാരണം ശക്തിപ്പെടുത്താനുള്ള അടിത്തറയിട്ടു കഴിഞ്ഞിരുന്നു. എങ്കിലും പ്രവർത്തനങ്ങൾ അതിന്റെ പാരമ്യതയിലെത്തിയത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ ഖലീഫമാർ വിദൂര പൗരസ്ത്യരാജ്യങ്ങൾ സന്ദർശിച്ചതോടെയാണ്. അഹ്മദിയ്യാ ഖലീഫമാർ വിദൂര പൗരസ്ത്യരാജ്യങ്ങളിൽ പര്യടനം നടത്തിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്**(റഹ്)

- 1983 ആഗസ്റ്റ്, സിംഗപ്പൂർ
- 1983 സെപ്റ്റംബർ 25 മുതൽ ഒക്ടോബർ 7 വരെ ആസ്ത്രേലിയ
- 1983 സെപ്റ്റംബർ ഫിജി
- 1989 ജൂലായ് 4 മുതൽ ജൂലായ് 18 വരെ ആസ്ത്രേലിയ
- 1989 ജൂലായ് 24 മുതൽ 28 വരെ ജപ്പാൻ
- 2000 ജൂൺ 19 മുതൽ ജൂലായ് 11 വരെ ഇന്തൊനേഷ്യ

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

- 2006 ഏപ്രിൽ 5 മുതൽ 10 വരെ സിംഗപ്പൂർ
- 2006 ഏപ്രിൽ 11 മുതൽ 25വരെ ആസ്ത്രേലിയ
- 2006 ഏപ്രിൽ 25 മുതൽ മെയ് 3 വരെ ഫിജി
- 2006 മെയ് 4 മുതൽ 7 വരെ ന്യൂസീലൻഡ്(New Zealand)
- 2006 മെയ് 8 മുതൽ 14 വരെ ജപ്പാൻ
- 2013 സെപ്റ്റംബർ 21 മുതൽ 30 വരെ സിംഗപ്പൂർ
- 2013 ഒക്ടോബർ 1 മുതൽ 28 വരെ ആസ്ത്രേലിയ
- 2013 ഒക്ടോബർ 28 മുതൽ നവംബർ 6 വരെ ന്യൂസീലൻഡ്(New Zealand)
- 2013 നവംബർ 6 മുതൽ 13 വരെ ജപ്പാൻ
- 2015 നവംബർ 16 മുതൽ 24 വരെ ജപ്പാൻ

**സത്യഖിലാഫത്തിന്റെ നേതൃത്വത്തിൽ വ്യവസ്ഥാപിതമായ ഇസ്‌ലാമികപ്രബോധനം**

വിദൂരപൗരസ്ത്യ രാജ്യങ്ങളിൽ അഹ്മദിയ്യത്തിന്റെ സന്ദേശം ആഗോളതലത്തിൽ എത്തിക്കുന്നതിന് വാഗ്ദത്ത മഹ്ദീമസീഹിന്റെ ഖലീഫമാരുടെ മാർഗദർശനത്താൽ സുദൃഢമായ സംവിധാനം സ്ഥാപിതമായി കഴിഞ്ഞിരിക്കുന്നു. പൗരസ്ത്യരാജ്യങ്ങളിലെ ചൈനീസ്, ജപ്പാനീസ്, ഇന്തൊനേഷ്യൻ, വിയറ്റ്നാം ഉൾപ്പെടെയുള്ള ഭാഷകളിൽ വിശുദ്ധ ഖുർആനിന്റെ തർജമ പ്രസിദ്ധീകരിച്ചിരിക്കുന്നു.

വിദൂര പൗരസ്ത്യ രാജ്യങ്ങളിൽ നിവസിക്കുന്ന ആയിരക്കണക്കിന് അഹ്മദീ മുസ്‌ലിമീങ്ങൾ കാലത്തിന്റെ ഖലീഫയുടെ സഹായിയായിക്കൊണ്ട് അഹ്മദിയ്യത്തിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിൽ സദാ വ്യാപൃതരാണ്. ജമാഅത്തീ സംവിധാനത്തിലൂടെ മാത്രമല്ല ഈ രജ്യങ്ങളിലെ പോഷക സംഘടനകൾ സോഷ്യൽ മീഡിയ ടീമുകളും വിവിധ വെബ്സൈറ്റുകളും എം.ടി.എ ചാനലും മുഖേന ഇസ്‌ലാം അഹ്മദിയ്യത്തിന്റെ സന്ദേശം അങ്ങുദൂരെ സ്ഥിതി ചെയ്യുന്ന ദ്വീപുകളിലും എത്തിച്ചു കൊണ്ടിരിക്കുകയാണ്.

ചൈനീസ് ഡസ്ക്, ഇന്തൊനേഷ്യൻ ഡസ്ക്, ജപ്പാൻ ഡസ്ക് തുടങ്ങിയവ വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങളും കാലത്തിന്റെ ഖലീഫയുടെ ഖുത്ബകളും പ്രഭാഷണങ്ങളും തർജമ ചെയ്ത് ആധുനികകാലഘട്ടത്തിന്റെ ആവശ്യത്തിനൊത്ത് തയ്യാറാക്കുന്നതിൽ മുഴുകിയിരിക്കുകയാണ്. കേന്ദ്ര മുബല്ലിഗീങ്ങളെ കൂടാതെ ഇന്തൊനേഷ്യയിലെ ജാമിഅ അഹ്മദിയ്യായിൽനിന്ന് പഠിച്ചിറങ്ങുന്ന മുബല്ലിഗീങ്ങളും വിദൂര പൗരസ്ത്യ രാജ്യങ്ങളിലും ദ്വീപുകളിലുമായി രാപ്പകൽ ഇസ്‌ലാമികപ്രബോധനം നിർവഹിച്ചു കൊണ്ടിരിക്കുകയാണ്. മാത്രമല്ല, സ്വജീവിതം ദൈവമാർഗത്തിൽ അർപ്പിച്ചുകൊണ്ട് ഇസ്‌ലാമികസേവന ദൗത്യം നിർവഹിച്ചു കൊള്ളുമെന്ന് പ്രതിജ്ഞ ചെയ്ത് ആത്മാർഥമായി ജീവാർപ്പണം ചെയ്യുന്നവരെ നിരന്തരം വളർത്തിയെടുക്കാനുള്ള സൗഭാഗ്യവും വിദൂരപൗരസ്ത്യ രാജ്യങ്ങളിലെ ഈ പ്രദേശങ്ങൾക്ക് കൈവന്നിരിക്കുന്നു.

വിദൂരപൗരസ്ത്യ രാജ്യങ്ങളിൽ പ്രബോധനവുമായി ബന്ധപ്പെട്ട താഴെ കൊടുത്തിരിക്കുന്ന സംഭവങ്ങൾ ചരിത്രപ്രാധാന്യം അർഹിക്കുന്നവയാണ്. പൗരസ്ത്യ സമൂഹങ്ങളിൽ ഏഷ്യൻ രാജ്യങ്ങളിലും ഇസ്‌ലാമിക പ്രബോധനം വിജയകരമായിത്തീരുന്നതിന് പ്രാർഥനയുടെ ആവശ്യം മുൻനിറുത്തി ഏതാനും സംഗതികൾ വളരെ സംക്ഷിപ്തമായി വിവരിക്കുകയാണ്:

**ഉത്തര പശ്ചിമേഷ്യയിൽ നിർമിക്കപ്പെടുന്ന ആദ്യത്തെ മസ്ജിദ്:**

ഉത്തര പശ്ചിമേഷ്യൻ രാജ്യങ്ങളിൽ ആദ്യമായി നിർമിക്കപ്പെടുന്ന മസ്ജിദ് എന്ന ബഹുമതി ജപ്പാനിലെ ബയ്ത്തുൽ അഹദ് മസ്ജിദിനാണ്. പ്രസ്തുത മസ്ജിദ് ഉദ്ഘാടനം ചെയ്തുകൊണ്ട് ഖുത്ബ ജുമുഅയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: 'ഈ മസ്ജിദ് ജപ്പാനിലെ എന്നല്ല ചൈന, കൊറിയ, ഹോങ്കോങ്, തായ്‌വാൻ എന്നിവ ഉൾക്കൊള്ളുന്ന ഉത്തര പശ്ചിമേഷ്യൻ രാജ്യങ്ങളിലെ തന്നെ ആദ്യത്തെ മസ്ജിദാണ്. അല്ലാഹു ഇതിനെ മറ്റിടങ്ങളിലും വഴിതുറക്കാൻ മാർഗമാക്കി മാറ്റുമാറാകട്ടെ. അവിടെയും ജമാഅത്ത് അഭിവൃദ്ധി പ്രാപിക്കുകയും മസ്ജിദുകൾ ഉണ്ടാവുകയും ചെയ്യുമാറാകട്ടെ (ഖുത്ബ ജുമുഅ 2015 നവംബർ 20, അൽഫള്ൽ ഇന്റർ നാഷണൽ 2015 ഡിസംബർ 11 പേജ് 8))

**ആസ്ത്രേലിയൻ ഭൂഖണ്ഡത്തിൽ ആദ്യമസ്ജിദിന്റെ തറക്കല്ലിടൽ:**

ആസ്ത്രേലിയയിലെ സിഡ്നി നഗരത്തിൽ ബയ്ത്തുൽ ഹുദാ മസ്ജിദിന് അടിത്തറയിട്ടത് ആ പ്രദേശത്തെ പ്രചാരണരംഗങ്ങളിൽ പ്രധാന പങ്കു വഹിക്കുന്നുണ്ട്. ഈ മസ്ജിദിന് അസ്തിവാരമിടുന്നതിനു മുമ്പേ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറഞ്ഞു: 'ഞാൻ ഇൻശാ അല്ലാഹ് ഏതാനും ദിവസങ്ങൾക്കുള്ളിൽ പൗരസ്ത്യരാജ്യങ്ങൾ സന്ദർശിക്കുന്നതിന് പാക്കിസ്താനിൽ നിന്ന് പുറപ്പെടുന്നതാണ്. ഈ പര്യടനവേളയിൽ ആസ്ത്രേലിയൻ ഭൂഖണ്ഡത്തിലെ ആദ്യഅഹ്മദി മസ്ജിദിന് തറക്കല്ലിടുകയും ചെയ്യേണ്ടതുണ്ട്. മസ്ജിദിനും മിഷൻ ഹൗസിനും ശിലാകർമം നിർവഹിക്കുന്നതായിരിക്കും. അതായത് മസ്ജിദിനോടൊപ്പം മനോഹരമായ ഒരു മിഷൻ ഹൗസും നിർമിക്കുന്നതായിരിക്കും. മുബല്ലിഗിന് അവിടെ എല്ലാ വിധത്തിലും തന്റെ ചുമതലകൾ നിർവഹിക്കാൻ സാധിക്കുന്നതാണ്. ഈ നിലയിൽ ഈ മസ്ജിദിന് അഹ്മദിയ്യാ ചരിത്രത്തിൽ സുപ്രധന പങ്കുണ്ട്. ഒരു പുതിയ ഭൂഖണ്ഡത്തിൽ നമുക്ക് മസ്ജിദ് നിർമിക്കാനുള്ള സൗഭാഗ്യം ലഭിക്കുകയാണല്ലോ. ഇതിനു മുമ്പേ ആസ്ത്രേലിയൻ ഭൂഖണ്ഡം ഒഴിഞ്ഞു കിടക്കുകയായിരുന്നു. ലോകത്തെ എല്ലാ ഭൂഖണ്ഡത്തിലും ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കാൻ കഴിഞ്ഞുവെന്ന് പറയാൻ സാധിച്ചിരുന്നു. പക്ഷേ, ആ സ്ത്രേലിയൻ ഭൂഖണ്ഡത്തിൽ സന്ദേശമെത്തിയത് വ്യക്തിഗതമായ പ്രയത്നത്താൽ യാദൃച്ഛികമായാണ്. ജമാഅത്തിന്റെ ഭാഗത്തുനിന്ന് മിഷൻ ഒന്നും സ്ഥാപിച്ചിരുന്നില്ല; മസ്ജിദും നിർമിച്ചിരുന്നില്ല.(ഖുത്ബ ജുമുഅ 1983 സെപ്റ്റംബർ 2, അൽഫള്ൽ ദിനപത്രം റബ്‌വ, 2006 ഡിസംബർ 18 പേജ് 37) )

**ആസ്ത്രേലിയായിലെ ആത്മീയാന്വേഷണത്തിന്റെ ആദ്യ ദിവസം**

ആസ്ത്രേലിയയിൽ അഹ്മദിയ്യാ സന്ദേശം വാഗ്ദത്ത മഹ്ദീമസീഹിന്റെ കാലത്തുതന്നെ എത്തിയിരുന്നെങ്കിലും സിഡ്നിയിലെ ബയ്ത്തുൽ ഹുദാ മസ്ജിദിന്റെ നിർമാണം ആ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഒരു ഐതിഹാസികസംഭവമായിരുന്നു. ആ ദിവസത്തിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റബിഅ്(റഹ്) പറയുന്നു: "ഇപ്പോൾ എന്റെ മുന്നിലിരിക്കുന്ന ആസ്ത്രേലിയക്കാരായ നിങ്ങൾക്ക് ഒരുപക്ഷേ, ചരി ത്ര സംബന്ധമായി ഞാൻ പറയുന്നത് എളുപ്പം മനസ്സിലാക്കാൻ കഴിയും. അതുകൊണ്ട് വരൂ, ആസ്ത്രേലിയയുടെ ചരിത്ര പശ്ചാത്തലത്തിൽ ഈ ദിവസത്തിന്റെ പ്രാധാന്യമെന്തെന്ന് ഞാൻ പറഞ്ഞു തരാം. എന്നെ സംബന്ധിച്ചിടത്തോളം ആസ്ത്രേലിയയെ ആധ്യാത്മികവും മതപരവുമായ നിലയിൽ കണ്ടെത്തുന്നതിന്റെ ആദ്യദിനമാണിത്. എന്നു വച്ചാൽ, ഇന്നു നാം നിങ്ങളെ ആധ്യാത്മികവും മതപരവുമായ മൂല്യങ്ങൾ പഠിപ്പിക്കാനെന്നോണം വീണ്ടും കണ്ടെത്തിയിരിക്കുന്നു. അതുകൊണ്ടുതന്നെ ഈ ദിനത്തിന് ക്യാപ്റ്റൻ ജെയിംസ് കുക്ക് ആസ്ത്രേലിയ കണ്ടെത്തിയ ദിനവുമായി ബന്ധമുണ്ട്."(അൽഫള്ൽ ദിനപത്രം, 2006 ഡിസംബർ 18, പേജ് 34)

### വിദൂര പൗരസ്ത്യരാജ്യമായ ജപ്പാനിൽനിന്ന് തഹ്‌രീക്കെ ജദീദിന്റെ 80-ാം വർഷത്തെ വിളംബരം

തഹ്‌രീക്കെ ജദീദിന്റെ 80-ാം വർഷ വിളംബരം വിദൂരപൗരസ്ത്യ രാജ്യങ്ങളിലെ പ്രധാന രാജ്യത്തുവച്ച് അതായത് ജപ്പാനിൽ വച്ചാണ് ചെയ്തതെന്നത് അതിന് അഭിമാനിക്കാവുന്ന ഒന്നാണ്. 2013 നവംബർ 8-ന് നാഗോയായിൽ ഖുത്ബ ജുമുഅ നിർവഹിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് തഹ്‌രീക്കെ ജദീദിന്റെ പുതുവത്സര വിളംബരം നടത്തി. ഈ ഖുത്ബയിൽത്തന്നെ ഹുദർ ജപ്പാനിലെ അഹ്മദിയ്യാ മസ്ജിദ് പണികഴിപ്പിച്ചത് വിളംബരപ്പെടുത്തി എന്നതും ആ അനുഗൃഹീത ദിനത്തെ അവിസ്മരണീയമാക്കുന്നു. മസ്ജിദിനുവേണ്ടി ചെയ്ത സാമ്പത്തിക ത്യാഗങ്ങളെ അനുസ്മരിച്ചുകൊണ്ട് ഹുദൂർ പറഞ്ഞു: "പുതിയ പ്രവർത്തന കേന്ദ്രം വാങ്ങണമെന്ന് ഞാൻ ഉദ്ബോധിപ്പിച്ചപ്പോൾ, ഞാൻ പറഞ്ഞതുപോലെ, ജപ്പാനിലെ അഹ്മദികൾ സാമ്പത്തിക ത്യാഗത്തിന് ഒരുങ്ങി. അങ്ങനെയാണ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ സ്ഥലം വാങ്ങുന്നത്. ജമാഅത്ത് ചെറുതാണ്. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ വലിയ ത്യാഗമാണ് ചെയ്തിരിക്കുന്നത്. നിരവധിപേർ വലിയ വലിയ തുക നല്കിയിട്ടുണ്ട്. കുട്ടികൾ തങ്ങളുടെ പോക്കറ്റ് മണി നല്കുകയുണ്ടായി. സ്ത്രീകൾ തങ്ങളുടെ ആഭരണങ്ങൾ നല്കി. ചിലർ പാക്കിസ്താനിലുള്ള തങ്ങളുടെ സ്ഥലം വിറ്റോ മറ്റു വസ്തുവകകൾ വിറ്റോ പണം കൊടുത്തിട്ടുണ്ട്. ചിലരാകട്ടെ തങ്ങൾ പരമ്പരാഗതമായി കൈമാറി വന്ന വിലപ്പെട്ട ആഭരണങ്ങൾ പോലും മസ്ജിദിനുവേണ്ടി നല്കുകയുണ്ടായി. ചുരുക്കത്തിൽ, സാമ്പത്തിക ത്യാഗത്തിൽ പരസ്പരം മത്സരിച്ചു കൊണ്ടുതന്നെ നിങ്ങൾ ത്യാഗം ചെയ്യാൻ ശ്രമിച്ചിരിക്കുന്നു. ഈ സാമ്പത്തിക ത്യാഗങ്ങളെല്ലാം അല്ലാഹു സ്വീകരിക്കുമാറാകട്ടെ. നിങ്ങളുടെ സ്വത്തുക്കളിലും സന്താനങ്ങളിലും അല്ലാഹു അളവറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ.(അൽഫള്ൽ ഇന്റർനാഷണൽ, 2013 നവംബർ 29, പേജ് 8))

### ഇന്തൊനേഷ്യൻ അഹ്മദികളുടെ സ്നേഹവും ആത്മാർഥതയും:

മുമ്പേ പശ്ചിമേഷ്യൻ ദ്വീപുകളെന്ന് വിളിക്കപ്പെട്ടിരുന്ന വിദൂരപൗരസ്ത്യ ഭാഗങ്ങളിലെ ദ്വീപു സമൂഹങ്ങൾ ഇന്ന് ഇന്തൊനേഷ്യ എന്നാണ് അറിയപ്പെടുന്നത്. ലോകത്ത് ഏറ്റവും കൂടുതൽ മുസ്‌ലിം ജനസംഖ്യയുള്ള രാജ്യമാണിത്; ആദ്യത്തെ കൂട്ടരിൽ മുൻകടന്നവരെന്നു ചുരുക്കം. ഇസ്‌ലാമിന്റെ നവോഥാന കാലത്ത് ഇന്ത്യാപാക് ഉപഭൂഖണ്ഡത്തിനു പുറത്ത് വാഗ്ദത്ത മഹ്ദീമസീഹിന്റെ സന്ദേശം സ്വീകരിച്ച രീതിവച്ചു നോക്കുമ്പോൾ മറ്റു പ്രദേശങ്ങളിൽ അതിനു സമാനതകൾ ലഭിക്കുക പ്രയാസമാണ്. ഇന്തൊനേഷ്യൻ അഹ്മദി മുസ്‌ലിമീങ്ങളിൽ അഹ്മദിയ്യത്ത് സ്വീകരിച്ചതിനെ തുടർന്നുണ്ടായ പരിവർത്തനങ്ങളെ ശ്ലാഘിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഇന്തൊനേഷ്യൻ പര്യടനവേളയിൽ പറഞ്ഞു: 'ഇന്തൊനേഷ്യൻ അഹ്മദികളിൽ ഞാൻ കണ്ട ആത്മാർഥതയും സ്നേഹവും ലോകത്ത് മറ്റെവിടെയും കണ്ടിട്ടില്ല. ഇന്തൊനേഷ്യയിലെ ജമാഅത്ത് ആത്മാർഥതയിൽ എത്ര മാത്രം മുന്നിലാണെന്ന് പുറത്തുനിന്ന് വന്നവരും തങ്ങളുടെ കണ്ണുകൊണ്ട് കണ്ടതാണ്. അവർ എത്രമാത്രം കണ്ണീരൊഴുക്കുന്നു! ചെറിയവരുടെയും വലിയവരുടെയും എല്ലാം അശ്രുകണങ്ങൾ പൊടിയുന്നത് എത്രമാത്രമാണ്! പുറംദേശങ്ങളിൽനിന്ന് വന്നവർ ഇത് ഓർമ വയ്ക്കേണ്ടതാണ്. ഇന്തൊനേഷ്യക്കാരെപ്പൊലെ ആത്മാർഥതയും സ്നേഹവും തങ്ങളുടെ ഉള്ളിൽ ഉണ്ടാക്കുകയും അവരെപ്പൊലെ ആയിത്തീരുകയും ചെയ്യുക എന്ന് സ്വന്തംനാട്ടിൽ തിരിച്ചെത്തിയാൽ ജമാഅത്തിന് സന്ദേശം നല്കുക.'(റിപ്പോർട്ട് ദൗറ ഇന്തൊനേഷ്യാ, പ്രസാധനം അൽഫള്ൽ ഇന്റർ നാഷണൽ 2000 ജൂലായ് 21, പേജ് 2)

നൂറ്റാണ്ട് അവസാനിക്കും മുമ്പേ വിദൂരപൗരസ്ത്യ രാജ്യങ്ങളിലെ ഏറ്റവും വലിയ അഹ്മദീ മുസ്‌ലിം രാജ്യമായിരിക്കും ഇന്തൊനേഷ്യ (ഇൻശാ അല്ലാഹ്)

വിദൂരപൗരസ്ത്യ രാജ്യങ്ങളിൽ ഇസ്‌ലാം അഹ്മദിയ്യത്തിന് ധാരാളം പ്രചാരം സിദ്ധിച്ചുവെന്ന് അറിയിച്ചുകൊണ്ട് ഇന്തൊനേഷ്യൻ പര്യടനവേളയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറഞ്ഞു: 'നീണ്ട സഹനത്തിനും പ്രാർഥനയ്ക്കുംശേഷം ഇന്തൊനേഷ്യൻ ജമാഅത്തിന് ഇതാ ഖലീഫത്തുൽ മസീഹിന്റെ സാന്നിധ്യംസിദ്ധിച്ചിരിക്കുന്നു.' ഹുദൂർ പറഞ്ഞു: 'ഇൻശാ അല്ലാഹ്, പുതിയ നൂറ്റാണ്ട് അവസാനിക്കും മുമ്പേ ഇന്തൊനേഷ്യ ഏറ്റവും വലിയ അഹ്മദീമുസ്‌ലിംരാജ്യമായിത്തീരുമെന്ന് നിങ്ങൾ ഉറപ്പായും വിശ്വസിച്ചു കൊള്ളുക.' (റിപ്പോർട്ട് ദൗറ ഇന്തൊനേഷ്യാ, പ്രസാധനം അൽഫള്ൽ ഇന്റർ നാഷണൽ 2000 ജൂലായ് 7, പേജ് 2)

### ചൈനക്കാർക്കു വേണ്ടി പ്രാർഥിക്കാനുള്ള നിർദേശം

ഇസ്‌ലാമാബാദിലെ(യു.കെ) മസ്ജിദ് മുബാറക്ക് ഉദ്ഘാടനം ചെയ്തതിനു ശേഷം അടുത്ത ഖുത്ബ ജുമുഅ വേളയിൽ ചൈനക്കാരിൽ അഹ്മദിയ്യാ സന്ദേശം എത്തിക്കുന്നതിലേക്ക് ദുആ ചെയ്യാൻ പ്രേരിപ്പിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തിൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു: 'ഈ മസ്ജിദിന് തറക്കല്ലിട്ടത് ഉഥ്മാൻ ചീനി സാഹിബായിരുന്നു. ആ നിലയ്ക്ക് ചൈനക്കാർക്കും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതിൽ പങ്കുണ്ടെന്നു പറയാം. ആകയാൽ, ചൈനയിലും നമുക്ക് ഉടൻതന്നെ ഇസ്‌ലാമിക സന്ദേശം എത്തിക്കാനുള്ള സൗഭാഗ്യം ലഭിക്കുന്നതിന് നമ്മൾ ദുആ ചെയ്യേണ്ടതാണ്. ചൈനയിൽ എങ്ങനെയെങ്കിലും അഹ്മദിയ്യത്തിന്റെയും ഇസ്‌ലാമിന്റെയും സന്ദേശം എത്തണമെന്നത് ഉഥ്മാൻ ചീനി സാഹിബിന്റെ വലിയ ആഗ്രഹമായിരുന്നു; അതിനെക്കുറിച്ചുള്ള ചിന്ത അദ്ദേഹത്തെ എപ്പോഴും അലട്ടിയിരുന്നു. നമ്മൾ അദ്ദേഹത്തിന്റെ പദവികളുടെ ഉയർച്ചയ്ക്കായി പ്രാർഥിക്കുന്നതോടൊപ്പം ചൈനയിലും ലോകത്തെ എല്ലാ രാജ്യങ്ങളിലും അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം പ്രചരിക്കുന്നതിനു വേണ്ടിയും ഒരുപാട് പ്രാർഥിക്കേണ്ടതാണ്. അല്ലാഹു നമുക്ക് അതിനുള്ള സൗഭാഗ്യം നല്കുമാറാകട്ടെ.' (അൽഫള്ൽ ഇന്റർനാഷണൽ, 2019 ജൂൺ 10, പേജ് 9)

### പൂർവേഷ്യയിൽ ജപ്പാനെ ഇസ്‌ലാമിക പ്രബോധനത്തിന്റെ കേന്ദ്രമാക്കാനുള്ള ആഗ്രഹം

ജപ്പാൻ സമൂഹത്തിന് ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിക്കണമെന്നത് വാഗ്ദത്ത മഹ്ദീമസീഹിന്റെ അഭിലാഷമായിരുന്നു. ഈ ആഗ്രഹം സഫലമാക്കുന്നതിന്റെ ഭാഗമായി ജപ്പാൻ വാഗ്ദത്ത മഹ്ദീ മസീഹിന്റെ ഖലീഫമാരുടെ പ്രാർഥനകളുടെയും ശ്രദ്ധയുടെയും കേന്ദ്രമായിത്തീർന്നു. ജപ്പാനിലെ അഹ്മദിയ്യത്തിന്റെ പ്രചാരണം പൂർവേഷ്യയിൽ അഹ്മദിയ്യത്തിന്റെ മണിനാദം മുഴങ്ങുന്നതിന് തുല്യമാണെന്നു പറഞ്ഞുകൊണ്ട് പറഞ്ഞു: "എത്ര മഹത്തായ രാജ്യമാണ് ജപ്പാൻ. നമ്മൾ അവിടെ മിഷൻ ആരംഭിക്കുകയും നമ്മുടെ ജമാഅത്ത് അവിടെ സ്ഥാപിതമാവുകയും ചെയ്യുന്ന പക്ഷം അഹ്മദിയ്യത്തിന്റെ ശബ്ദം പുർവേഷ്യയിലാകെ മുഴങ്ങുന്നതായിരിക്കും."(ഖുത്ബ ജുമുഅ 1954 നവംബർ 19)

വിദൂര പൗരസ്ത്യ രാജ്യങ്ങളിൽ വാഗ്ദത്ത മസീഹിന്റെ ഖലീഫമാരുടെ തണലിൽ ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ പ്രചാരണപ്രവൃത്തികളുടെ ഹ്രസ്വദൃശ്യങ്ങളാണ് മേൽ കാണിച്ചത്. ഉദാഹരണമെന്നോണം ചില രാജ്യങ്ങളെ പരാമർശിക്കുകയും ചെയ്തു. ഈ രാജ്യങ്ങളെ കൂടാതെ മലേഷ്യയിലും ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ പ്രചാരണം വ്യവസ്ഥാപിതമായി നടക്കുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഫിലിപ്പൈനിലും ഖിലാഫത്തുമായി ബന്ധം സ്ഥാപിക്കുന്ന ആത്മാർഥരായ ഒരു ജമാഅത്തുണ്ട്. തായ്‌ലാന്റ്, കംബോഡിയ, വിയറ്റ്നാം എന്നിവിടങ്ങളിലും ഇസ്‌ലാമിന്റെ ചെടി നട്ടിരിക്കുന്നു. കൊറിയയിലും ജമാഅത്ത് ഉണ്ട്. ചാവുകടലിലും ഇന്ത്യൻ മഹാസമുദ്രത്തിലുമുള്ള വിദൂര ദ്വീപുകൾ പോലും ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ പ്രകാശത്താൽ പ്രദീപ്തമായിരിക്കുന്നു. ഖലീഫമാരുടെ നേതൃത്വത്താലും മാർഗദർശനത്താലും ഇസ്‌ലാമിക പ്രബോധന ദൗത്യം അനുദിനം അഭിവൃദ്ധി പ്രാപിച്ചു കൊണ്ടിരിക്കുകയാണ്.

പൗരസ്ത്യ ദിക്കുകളിലും ഇസ്‌ലാം-അഹ്മദിയ്യത്ത് പ്രചരിക്കുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. സൂര്യകിരണങ്ങൾ ലോകത്താദ്യം ഈ ഭൂവിഭാഗങ്ങളിൽ പതിയുന്നതുപോലെ, ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ പ്രകാശത്താലും പ്രോജ്ജ്വലിക്കുന്നതായിരിക്കും. വാഗ്ദത്ത മസീഹ്(അ) പറയുന്നു: "അല്ലാഹു എന്നെ സഹായിക്കുമെന്ന് വഹ്‌യിലൂടെ എന്നോടു വാഗ്ദാനം ചെയ്തിരിക്കുന്നു. എത്രത്തോളമെന്നാൽ എന്റെ കല്പന പാശ്ചാത്യ നാടുകളിലും പൗരസ്ത്യ നാടുകളിലും എത്തുകയും സത്യസാഗരം അലയടിച്ചുയരുകയും ചെയ്യുന്നതാണ്. ഏതുവരെയെന്നാൽ ഭീമൻ തിരമാലകളുടെ പത കണ്ട് ആളുകൾ മിഴിച്ചു നില്ക്കും.'(ലുജ്ജത്തുന്നൂർ, റൂഹാനീ ഖസാഇൻ വാല്യം 16, പേജ് 408)

●

### ഫലം നൽകാത്ത ഉണങ്ങിയ ശാഖ

"ഓ, എന്റെ ജമാഅത്ത്! അല്ലാഹു നിങ്ങളോടൊപ്പമുണ്ടാവട്ടെ. ആ സർവശക്തനും ഔദാര്യവാനുമായ അല്ലാഹു നബി(സ)തിരുമേനിയുടെ സഹാക്കളെ സജ്ജമാക്കിയിരുന്നതുപോലെ പരലോകയാത്രയ്ക്കായി നിങ്ങളേയും അവൻ സജ്ജമാക്കുമാറാകട്ടെ. കേവലം ഭൗതിക ലക്ഷ്യം വെച്ചുകൊണ്ടുള്ള ജീവിതം ശപ്തമാണ്. തന്റെ എല്ലാവിധ അല്ലലും അലട്ടും ഐഹികജീവിതത്തിനുവേണ്ടി മാത്രമായിട്ടുള്ളവൻ നിർഭാഗ്യനത്രെ. അത്തരക്കാരാനായ വല്ലവനും എന്റെ ജമാഅത്തിൽ ഉണ്ടെങ്കിൽ അയാൾ എന്റെ ജമാഅത്തിൽ നിലകൊള്ളുന്നത് നിഷ്ഫലമാണ്. കാരണം ഫലം നൽകാത്ത ഉണങ്ങിയ ശാഖപോലെയത്രെ അയാൾ.

*(തദ്കിറത്തുശ്ശഹാദത്തയ്ൻ, ഹദ്റത്ത് മിർസാഗുലാം അഹ്മദ് (അ) പേജ് 50)*

# യൂറോപ്പിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പുരോഗതികൾ

**ജാവേദ് ഇഖ്ബാൽ നാസിർ, മുബല്ലിഗ് സിൽസില, ജർമനി**
**വിവർത്തനം: മുഹമ്മദ് ത്വൽഹ എം.പി. മുബല്ലിഗ് ചാവക്കാട്.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) കൊണ്ടുവന്ന സന്ദേശം, അവിടത്തെ വസിയ്യത്ത് പ്രകാരം, മനുഷ്യജനതയിലേക്ക് എത്തിച്ചു കൊടുക്കുന്നതിന് അദ്ദേഹത്തിന്റെ ഖലീഫമാർ പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ഖിയാമത്തുന്നാൾവരെ ഈ പരിശ്രമം തുടരുകയും ചെയ്യും. (ഇൻശാ അല്ലാഹ്)

ഈ രണ്ടാമത്തെ ശക്തി പ്രഭാവം, ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സന്ദേശത്തെ യൂറോപ്യൻ വൻകരയിൽ എത്തിക്കുന്നതിനുവേണ്ടി അഹോരാത്രം കഠിനാധ്വാനം ചെയ്യുകയും, ഈ രംഗത്ത് എല്ലാവിധ പുരോഗതിയും കൈവരിക്കുകയും ചെയ്തു. ചില സ്ഥലങ്ങളിൽ മുബല്ലിഗുമാരെ അയച്ചു. മറ്റിടങ്ങളിൽ മസ്ജിദുകൾ പണിയുന്നതിന് തുടക്കമിട്ടു. ഈ ഉദ്ദേശ്യലക്ഷ്യം കരസ്ഥമാക്കുന്നതിന് ചിലയിടങ്ങളിൽ, മിഷൻ ഹൗസുകൾക്കുവേണ്ടി സ്ഥലങ്ങൾ വാങ്ങുകയും, മറ്റിടങ്ങളിൽ ഫ്ളാറ്റുകൾ വിലക്കെടുക്കുകയും ചെയ്തു. സത്യസന്ദേശമെത്തിക്കുന്നതിനുവേണ്ടി എവിടെയെല്ലാം പര്യടനങ്ങൾ നടത്തിയോ അവിടെയൊക്കെ, അഹ്മദി സഹോദരങ്ങളുടെ തഅലീം-തർബിയ്യത്തിനുവേണ്ടി ചോദ്യോത്തര സദസ്സുകളും സംഘടിപ്പിക്കുകയുണ്ടായി. ആത്മീയോന്നതിക്കുവേണ്ടി വാർഷിക സമ്മേളനങ്ങൾക്ക് തുടക്കമിട്ടതോടൊപ്പം, ശാരീരിക ക്ഷമതയ്ക്കുവേണ്ടി ഇജ്തിമാകളും സംഘടിപ്പിക്കുകയുണ്ടായി. ചില സ്ഥലങ്ങളിൽ പ്രചാരണപ്രവർത്തനങ്ങൾക്കുവേണ്ടി ലീഫ്ലെറ്റുകൾ വിതരണം ചെയ്യുവാൻ ആവശ്യപ്പെടുമ്പോൾ, ചില രാജ്യങ്ങളിൽ പുസ്തകങ്ങൾ വൻതോതിൽ വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശവും നൽകുന്നു. ഒരു ഭാഗത്ത്, വിശുദ്ധ ഖുർആൻ തദ്ദേശ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നതിനു വേണ്ടി, ഭാഷാ പണ്ഡിതന്മാരുടെ സഹായം ആവശ്യപ്പെടുമ്പോൾ, മറുഭാഗത്ത്, യൂറോപ്യൻ ഭാഷകൾ പഠിക്കുന്നതിന് മുബല്ലിഗുമാർക്ക് പ്രത്യേക നിർദ്ദേശങ്ങൾ നൽകിവരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാലാം ഖലീഫയിലൂടെ, M.T.A(മുസ്ലിം ടെലിവിഷൻ അഹ്മദിയ്യ) എന്ന അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്തിന്റെ സാക്ഷാത്കാരം ലോകം ദർശിക്കുകയുണ്ടായി. ഇന്ന്, അഞ്ചാം ഖലീഫയുടെ കരങ്ങളിലൂടെ യൂറോപ്യൻ വൻകരയിൽ M.T.A യുടെ വ്യത്യസ്ത ചാനലുകളും ആരംഭിച്ചിരിക്കുന്നതായി നാം കാണുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്) പറയുന്നു:

"M.T.A മുഖേന ഇസ്ലാമിന്റെ യഥാർഥ സന്ദേശം ലോകത്തിന്റെ വിവിധ കോണുകളോളം എത്തിക്കൊണ്ടിരിക്കുകയാണ്. തുടക്കത്തിൽ, ഇത് ഒരു ഭാഷയിലായിരുന്നു സംപ്രേഷണം നടത്തിയിരുന്നത്. ഒരു ചാനലായിരുന്നു ഉണ്ടായിരുന്നത്. ഇന്ന് M.T.Aയുടെ എട്ട് വ്യത്യസ്ത ചാനലുകൾ 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു. ലോകത്തിന്റെ വിവിധ രാഷ്ട്രങ്ങളിൽ M.T.A സ്റ്റുഡിയോകൾ നിർമിച്ചിരിക്കുന്നു. ഇവിടെനിന്ന് M.T.A യുടെ പരിപാടികളും ആരംഭിച്ചിരിക്കുന്നു. ഇപ്പോൾ ഒരു സ്ഥലത്തു മാത്രമല്ല സ്റ്റുഡിയോ ഉള്ളത്. പ്രത്യുത എല്ലായിടത്തും ആധുനിക സജ്ജീകരണങ്ങളോടെ സ്റ്റുഡിയോകൾ നിർമിച്ചു കൊണ്ടിരിക്കുന്നു. എല്ലാ പ്രദേശങ്ങളിലുമില്ലെങ്കിലും, ആഫ്രിക്കയിലും വടക്കേ അമേരിക്കയിലും യൂറോപ്പിലും ഇത് പ്രവർത്തിച്ചുവരുന്നു. നമ്മൾ നമ്മുടെ അവസ്ഥയെ കുറിച്ച് നോക്കുമ്പോൾ, ഇത് അസാധ്യമായ ഒരു കാര്യം തന്നെയാണ്. സോഷ്യൽ മീഡിയ വഴിയും ഇസ്ലാമിന്റെ യഥാർഥ സന്ദേശം പ്രചരിച്ചു വരുന്നു(ഖുത്ബ ജുമുഅ, 2021 മെയ് 28, അൽഫള്ൽ ഇന്റർനാഷണൽ 2021 ജൂൺ 18 2021 പതിപ്പ്, പേജ് 8-9)

ഇന്ന്, യൂറോപ്പിന്റെ മണ്ണിന് സ്വന്തമായ മറ്റൊരു അഭിമാനാർഹമായ കാര്യമെന്തെന്നാൽ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസിനോടൊപ്പമുള്ള വെർച്ച്വൽ കൂടിക്കാഴ്ചകൾക്ക് വേദി ഒരുക്കാൻ കഴിയുന്നു എന്നുള്ളതാണ്. തൽസംബന്ധമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഇങ്ങനെ പറയുന്നു:

"അല്ലാഹു ഖിലാഫത്തുമായുള്ള ബന്ധം നിലനിറുത്തുവാനായി പുതിയൊരു മാർഗം കൂടി കാണിച്ചു തന്നിരിക്കുന്നു. ഇത് കോവിഡ് മഹാമാരി കാരണത്താൽ രൂപപ്പെട്ട ഓൺലൈൻ/വെർച്വൽ (Online/Virtual) കൂടിക്കാഴ്ച്ചകളാകുന്നു. ഇതു മുഖേന മീറ്റിങ്ങുകളും നടന്നു പോരുന്നുണ്ട്. ജമാഅത്തംഗങ്ങളോട് നേരിട്ട് ബന്ധപ്പെടാൻ സാധിക്കുന്ന തരത്തിൽ കൂടിക്കാഴ്ചകളും നടത്താൻ കഴിയുന്നു. ആളുകൾ കാലത്തിന്റെ ഖലീഫയിൽ നിന്ന് നേരിട്ട് മാർഗനിർദ്ദേശങ്ങൾ കരസ്ഥമാക്കുകയും ചെയ്യുന്നു. ഞാൻ ഇവിടെ ലണ്ടനിൽനിന്നു ചിലപ്പോൾ ആഫ്രിക്കയിലെ ആളുകളുമായും, ചിലപ്പോൾ ഇന്തൊനേഷ്യയിലെ ആളുകളുമായും ചിലപ്പോൾ ആസ്ത്രേലിയക്കാരുമായും അമേരിക്കക്കാരുമായും കൂടിക്കാഴ്ച്ച നടത്തുന്നു. ഇതൊക്കെയും അല്ലാഹുവിന്റെ സഹായങ്ങളാകുന്നു. ആയതിനാൽ, അല്ലാഹുവിന്റെ ഈ അനുഗ്രഹങ്ങളെ നമ്മളൊരിക്കലും വിസ്മരിക്കരുത്. അവൻ നമുക്ക് നൽകിയ ഖിലാഫത്ത് എന്ന അനുഗ്രഹത്തിനോടുള്ള കടമകൾ നിറവേറ്റുന്നവരായും നാം മാറണം.(ഖുത്ബ ജുമുഅ, 2021 മെയ് 28, അൽഫള്ൽ ഇന്റർനാഷണൽ 2021 ജൂൺ 18 പതിപ്പ്, പേജ് 9)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ജർമനി ജമാഅത്തിന് നൂറു മസ്ജിദുകൾ പണികഴിപ്പിക്കുക എന്ന വലിയ ടാർഗറ്റ് നൽകിയിരുന്നു. ഇതിന്റെ പൂർത്തീകരണം ഇൻശാ അല്ലാഹ്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ അനുഗൃഹീത കാലഘട്ടത്തിലാകുമുണ്ടാവുക. യൂറോപ്പിൽ കബഡിയുടെ മത്സരം കാണുവാൻ കഴിഞ്ഞതും, ക്രിക്കറ്റ് പ്രേമികൾ തങ്ങളുടെ ആഗ്രഹം നിറവേറ്റിതും ഇതേ അനുഗൃഹീത കാലഘട്ടത്തിലാണ്. യൂറോപ്പിൽ മജ്ലിസെ മുശായിറ (കവിയരങ്ങ്)യ്ക്ക് തുടക്കമിട്ടതും ഇതേ അഞ്ചാം ഖിലാഫത്തിന്റെ തണലിലാണ്. Asylum തേടിയവർക്ക് യൂറോപ്പിൽ അഭയം ലഭിച്ചതും ഖിലാഫത്തിന്റെ അനുഗ്രഹം കൊണ്ട് തന്നെയാണ്. വിദൂരമായി തോന്നിയ കാര്യങ്ങൾപോലും എളുപ്പമായതായി പാശ്ചാത്യലോകം കണ്ടതും ഇതേ കാലഘട്ടത്തിലാണ്. ഈ ഖിലാഫത്തിന്റെ കരങ്ങളിലൂടെയാണ് നിരവധി ഭാഷകളുടെ ഡെസ്ക്കുകൾ യൂറോപ്പിൽ സ്ഥാപിതമായതും. വിശുദ്ധ ഖുർആൻ, യൂറോപ്യൻ ഭാഷകളിൽ പരിഭാഷപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചതും ഇതേ കരങ്ങളാകുന്നു. ദുആ സ്വീകാര്യതയുടെ എണ്ണിയാലൊടുങ്ങാത്ത സംഭവങ്ങൾക്ക് യൂറോപ്യൻ ഭൂഖണ്ഡം സാക്ഷിയായതും ഇതേ കാലത്തു തന്നെയാണ്. യൂറോപ്പിലോ മറ്റേതെങ്കിലും രാഷ്ട്രങ്ങളിലോ അനീതി നടക്കുന്നത് കാണുമ്പോൾ, വാഗ്ദത്ത മസീഹിന്റെ ഖലീഫമാർ തങ്ങളുടെ ഖുത്ബകളിലൂടെയും പ്രഭാഷണങ്ങളിലൂടെയും ഇവയ്ക്കെതിരിൽ ശബ്ദമുയർത്തിയിട്ടുണ്ട്. ബോസ്നിയയിൽ നടന്ന അക്രമം, ഇതിനു ഏറ്റവും വലിയ ഉദാഹരണമാണ്.

മൂന്നാം ലോക മഹായുദ്ധത്തിനുള്ള സാധ്യതകൾ മുന്നിൽ വന്നപ്പോൾ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് യൂറോപ്പിലെ പല രാജ്യങ്ങളുടേയും പാർലമെന്റുകൾ സന്ദർശിക്കുകയും ഒരു യുദ്ധമുണ്ടാക്കുന്ന നാശനഷ്ടങ്ങളെ കുറിച്ച് ലോകത്തെ ഉണർത്തുകയുമുണ്ടായി.

2008 ഒക്റ്റോബർ 22ന് യു.കെ പാർലമെന്റിലെ ഹൗസ് ഓഫ് കോമൺസിൽ വെച്ചു നടന്ന പ്രഭാഷണത്തിൽ, ഖലീഫത്തുൽ മസീഹ് പറഞ്ഞു: "കഴിഞ്ഞ നൂറ്റാണ്ടിൽ രണ്ടു ലോക മഹായുദ്ധങ്ങൾ നടന്നു. അവയ്ക്കുള്ള കാരണങ്ങൾ ചികഞ്ഞു നോക്കിയാൽ പലതും കാണുമെങ്കിലും മുഖ്യഹേതു ഒന്നു മാത്രമാണ്, അതായത് ഒത്തുതീർപ്പുകൾ നീതിപൂർവ്വമായിരുന്നില്ല. ഇതുകാരണം അണഞ്ഞെന്നു കരുതപ്പെട്ട അഗ്നിനാളങ്ങൾ തീക്കനലുകളായി നിലനിൽക്കുകയും ഒടുവിൽ ലോകത്തെ മുഴുവൻ ഗ്രസിച്ച ഒരുഗ്രൻ ആളിക്കത്തലായി രണ്ടാം ലോകമഹായുദ്ധത്തിൽ കലാശിക്കുകയും ചെയ്തു. ഇന്നിപ്പോൾ അസ്വസ്ഥതകൾ വീണ്ടും വർധിച്ചുകൊണ്ടിരിക്കുന്നു. യുദ്ധങ്ങളും അവയെ ഒത്തുതീർപ്പിലെത്തിക്കാനുള്ള ശ്രമങ്ങളും വീണ്ടും നടക്കുന്നു. മറ്റൊരു ആഗോള യുദ്ധത്തിനുള്ള നാന്ദിയായി ഇവ തീർന്നേക്കാം. കൂടാതെ, സാമ്പത്തിക സാമൂഹ്യ പ്രശ്നങ്ങൾ സ്ഥിതിഗതികൾ കൂടുതൽ വഷളാക്കുകയും ചെയ്യുന്നു. വിശുദ്ധ ഖുർആൻ ലോകസമാധാനത്തിന് ചില സുവർണ്ണതത്ത്വങ്ങൾ അവതരിപ്പിക്കുന്നു. അത്യാഗ്രഹം ശത്രുത വർധിപ്പിക്കുമെന്നത് തെളിയിക്കപ്പെട്ട വസ്തുതയാണ്. രാജ്യാതിർത്തികൾ ലംഘിച്ചു ഭൂപ്രദേശങ്ങൾ വെട്ടിപ്പിടിക്കുന്നതിലും പ്രകൃതിവിഭവങ്ങൾ കൈവശപ്പെടുത്തുന്നതിലും വംശീയാധിപത്യം മറ്റുള്ളവരുടെമേൽ സ്ഥാപിച്ചെടുക്കുന്നതിലും ഇത് പ്രകടമാകുന്നു. ക്രൂരതയാണിതിന്റെ മുഖമുദ്ര. മറ്റുള്ളവരുടെ അവകാശങ്ങൾ കവർന്നെടുക്കുന്നതിൽ വ്യാപൃതരാകുന്ന സ്വേച്ഛാധിപതികളും കടന്നാക്രമണങ്ങൾ നടത്തുന്ന സൈന്യവ്യൂഹങ്ങളും ഇതിനുദാഹരണങ്ങളാകുന്നു. തീവ്രയാതനയിൽപ്പെട്ടുഴറുന്ന നിസ്സഹായരായ ജനവിഭാഗങ്ങളുടെ നിലവിളിയാണ് പുറംലോകം ശ്രവിക്കേണ്ടി വരുന്നത്. നബി(സ)തിരുമേനി മർദ്ദിതരെയും മർദ്ദകരെയും സഹായിക്കാനാവശ്യപ്പെട്ടപ്പോൾ സഹച

ർ ആരായുകയുണ്ടായി. മർദ്ദിതരെ സഹായിക്കുകയെന്നാലെന്താണെന്നറിയാം. എന്നാൽ, മർദ്ദകരെ സഹായിക്കുന്നതെങ്ങനെ? ഇസ്‌ലാമിന്റെ പ്രവാചകൻ(സ) ഇതിന് നല്കിയ മറുപടി, 'മനുഷ്യരെ മർദ്ദിക്കുന്നതിൽ നിന്നും മർദ്ദകരെ തടയുക' എന്നായിരുന്നു. കാരണം, അതിക്രമങ്ങൾ ദൈവശിക്ഷ ക്ഷണിച്ചുവരുത്തുന്നുവെന്നതാണ്. ഈയൊരു തത്ത്വം സമൂഹത്തിലെ ചെറുഘടകങ്ങൾ തൊട്ട് ദേശാന്തര തലങ്ങൾവരെ പ്രാവർത്തികമാക്കേണ്ടതാണ്.. ....സമാധാനം സംസ്ഥാപിതമാകാൻ നീതിപാലനം അത്യന്താപേക്ഷിതമാണെന്നു നേരത്തെ ഞാൻ സൂചിപ്പിച്ചു. നീതിപാലനം നടന്നിട്ടും ഒരു കക്ഷി ആക്രമണം കൈയൊഴിക്കുന്നില്ലെങ്കിൽ സമാധാനം കാംക്ഷിക്കുന്ന കക്ഷികൾ ഒന്നിച്ചു കൊണ്ട് ആക്രമണകാരിയെ നേരിടണം. ആക്രമണം അവസാനിക്കുകയും സമാധാനം സ്ഥാപിതമാവുകയും ചെയ്യുന്നതുവരെ ഈ സംഘടിത ശ്രമം തുടർന്നു പോരേണ്ടതുമാണ്."(ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും, പേജ് 15-16)

2013 ജൂൺ 11 ന് ബ്രിട്ടന്റെ ഹൗസ് ഓഫ് പാർലമെന്റിൽ, യുദ്ധത്തിന്റെ ഭയാനകമായ വിപത്തുകളെ കുറിച്ച് പാർലമെന്റംഗങ്ങളെ ഉൽബോധനം ചെയ്തുകൊണ്ട് ഖലീഫത്തുൽ മസീഹ് പറഞ്ഞു: "കഴിഞ്ഞ രണ്ട് ലോകമഹായുദ്ധങ്ങൾ മൂലമുണ്ടായ ഞെട്ടിപ്പിക്കുന്ന കൊടുംനാശത്തെകുറിച്ച് നമുക്കെല്ലാവർക്കും അറിവുള്ളതാണ്. ചില രാജ്യങ്ങളുടെ പ്രവർത്തനങ്ങൾ കാരണം ഇന്ന് ചക്രവാളത്തിൽ മറ്റൊരു ലോകയുദ്ധത്തിന്റെ ലക്ഷണങ്ങൾ കാണപ്പെടുന്നു. ഒരു ലോകമഹായുദ്ധമിന്ന് പൊട്ടിപ്പുറപ്പെടുകയാണെങ്കിൽ അതിന്റെ ദൂരവ്യാപകവും വിനാശകരവുമായ പ്രത്യാഘാതങ്ങൾ പാശ്ചാത്യലോകത്തെയും ആഴത്തിൽ ബാധിക്കുന്നതായിരിക്കും. അത്തരത്തിലുള്ള സമ്പൂർണ നാശത്തിൽനിന്നു നമുക്ക് നമ്മെ രക്ഷിക്കാം. യുദ്ധത്തിന്റെ ദുരിതാനുഭവങ്ങളിൽ നിന്നും സംഹാരാത്മകമായ പ്രത്യാഘാതങ്ങളിൽ നിന്നും നമുക്ക് ഭാവി തലമുറയെ രക്ഷിക്കാം. ഏറ്റവും ഭീതിജനകമായ യുദ്ധം ആണവയുദ്ധം തന്നെയായിരിക്കുമെന്നത് വ്യക്തമാണ്. തീർച്ചയായും, ഏതു രീതിയിലാണോ ലോകമിന്നു മുന്നോട്ടു പോകുന്നത് അതിലൊരു ആണവയുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനുള്ള എല്ലാ അപകടസാധ്യതയും കാണപ്പെടുന്നുണ്ട്. (ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും, പേജ് 129)

ഇപ്രാരംതന്നെ, ബെൽജിയത്തിൽ സ്ഥിതി ചെയ്യുന്ന യൂറോപ്യൻ പാർലമെന്റിലും ഹുദൂർ പ്രഭാഷണം നടത്തുകയുണ്ടായി. 2012 ഡിസംബർ 4-നു നടന്ന പരിപാടിയിൽ, വെറുപ്പിൽനിന്നും യുദ്ധത്തിൽ നിന്നും ദൂരപ്പെട്ടു നിൽക്കുവാൻ ഖലീഫത്തുൽ മസീഹ് ആഹ്വാനം ചെയ്യുകയുണ്ടായി. ഖലീഫത്തുൽ മസീഹ് പറയുന്നു: 'വളർന്നു പന്തലിച്ചു വരുന്ന ക്രൂരതയുടെ എല്ലാ പ്രകടനങ്ങൾക്കും തടയിടേണ്ടതാണ്. അവ വ്യാപിക്കാൻ അനുവദിച്ചാൽ വെറുപ്പിന്റെ തീജ്വാലകൾ ലോകത്തെ ആകമാനം ഗ്രസിക്കുന്നതായിരിക്കും. ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയെ പുറന്തള്ളിക്കൊണ്ട് സർവ്വ നാശത്തിന്റെ ഭയാനകമായ പൊട്ടിത്തെറികളാണ് സർവ്വരെയും വലയം ചെയ്യുക. നമുക്ക് ഊഹിക്കാൻ വയ്യാത്തത്ര ജീവനാശവും വിഭവനാശവുമായിരിക്കും അനന്തരഫലം. രണ്ടാം ലോകയുദ്ധത്തിൽനിന്നും വൻനാശങ്ങളിലൂടെ അനുഭവപാഠങ്ങൾ സ്വീകരിച്ച യൂറോപ്യൻ രാജ്യങ്ങൾക്ക് ലോകത്തെ ഇനിയും ഒരു സർവ്വ നാശത്തിൽനിന്ന് രക്ഷപ്പെടുത്താനുള്ള പ്രത്യേക ഉത്തരവാദിത്തമുണ്ട്.(ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും, പേജ് 96)

ഇന്ന്, യൂറോപ്പിലെ ദരിദ്ര രാജ്യങ്ങൾക്ക് സേവ നമെത്തിക്കാൻ ഹ്യൂമാനിറ്റി ഫസ്റ്റ് എന്ന ആതുരസേവന സംഘടനയ്ക്ക് സാധ്യമായത്, ഖലീഫത്തുൽ മസീഹിന്റെ ദുആയുടേയും നിർദ്ദേശങ്ങളുടേയും ഫലമാണ്. യൂറോപ്പിലെ ഭരണത്തലവന്മാർ മസീഹിന്റെ ഖലീഫയുടെ ശബ്ദം കാതോർത്തത് ഈ കാലഘട്ടത്തിലാണ്. ആഫ്രിക്കയിലെ രാജാക്കന്മാർ വാർഷിക സമ്മേളനങ്ങളിൽ പങ്കെടുത്തുകൊണ്ട്, ഖിലാഫത്തിന്റെ അനുഗ്രഹം തേടിയെത്തിയതും ഇതേ യൂറോപ്യൻ മണ്ണിലാണ്. കാലത്തിന്റെ ഖലീഫയുടെ ശബ്ദത്തെ തൽസമയം നിരവധി ഭാഷകളിൽ പരിഭാഷപ്പെടുത്തിക്കൊണ്ട്, വ്യത്യസ്ത ദേശക്കാരിലെത്തിക്കുക എന്ന ഉദ്യമവും ഈ കാലഘട്ടത്തിൽത്തന്നെയാണ് നടന്നത്. ഇതേ കാലയളവിലാണ്, വാർഷിക സമ്മേളനങ്ങൾക്കും ഇജ്തിമാകൾക്കും വേണ്ടി വലിയ വലിയ പ്ലോട്ടുകൾ ജമാഅത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തതും. ഇസ്‌ലാമിന്റെ സന്ദേശത്തെ യൂറോപ്പിന്റെ ഓരോ കോണിലും എത്തിക്കുവാൻവേണ്ട പദ്ധതികൾ തയ്യാറാക്കിയതും, മുബല്ലിഗുമാരെ വാർത്തെടുക്കുന്നതിനുവേണ്ടി, യൂറോപ്യൻ ഭൂഖണ്ഡത്തിൽ ജാമിഅകൾ തുറന്നതും, അഞ്ചാം ഖിലാഫത്തിന്റെ കാലഘട്ടത്തിൽ തന്നെയാണ്. കാലത്തിന്റെ ഖലീഫയുടെ ശബ്ദധ്വനികളിലൂടേയാണ്, വഖ്ഫെ ജദീദ്-തഹ്‌രീകെ ജദീദ് പദ്ധതികൾ യൂറോപ്പിൽ വേരുറച്ചതും. വസിയ്യത്ത് പദ്ധതിയ്ക്ക് പുതുജീവൻ വന്നതും, മൂസിമാരുടെ എണ്ണം വർധിച്ചതും ഖിലാഫത്തിന്റെ പരിശ്രമങ്ങളിലൂടെയാണ്. ഓരോ രാജ്യങ്ങളിൽ നടക്കുന്ന വലിയ വലിയ സമ്മേളനങ്ങൾ വീട്ടിലിരുന്നുകൊണ്ട് കാണുവാൻ സാധിച്ചു തുടങ്ങിയതും യൂറോപ്പിൽ നിന്നു തന്നെയാണ്. ഇതേ മണ്ണിൽ നിന്നു തന്നെയാണ്, വഖ്ഫെ നൗ പദ്ധതി വളർന്നു പന്തലിക്കുകയും അതിന്റെ ശാഖകൾ പല രാജ്യങ്ങളിലും വ്യാ പിക്കുകയും ചെയ്തതും. ഇപ്രകാരം ഒരു ജൽസാസാലാന ജർമനിലുണ്ടായി. 2001-ൽ ബ്രിട്ടനിൽ Foot and Mouth രോഗം പടർന്നു പിടിച്ചപ്പോൾ, അക്കൊല്ലത്തെ ജൽസാസാലാന സംഘടിപ്പിക്കുക അസാധ്യമായി വന്നു. തുടർന്ന്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ജർമനിയിൽവെച്ച് മർക്കസി ജൽസ നടത്തുവാനുള്ള തീരുമാനം എടുക്കുകയുണ്ടായി. തദവസരത്തിൽ ഖലീഫത്തുൽ മസീഹ് ജർമനിയിലെത്തിച്ചേരുകയും ജൽസയെ അനുഗൃഹീതമാക്കുകയും ചെയ്തു. മാൻഹെം എന്ന സ്ഥലത്ത് സംഘടിക്കപ്പെട്ട ഈ സമ്മേളനത്തിൽ 60-ൽ പരം രാജ്യങ്ങളിൽ നിന്നുള്ള നാൽപ്പത്തെട്ടായിരത്തി അറുനൂർ ആളുകൾ പങ്കെടുക്കുകയുണ്ടായി. ഈ അവസരത്തിൽ, ജർമനിയിൽവെച്ച് ആദ്യമായി ആഗോള ബയ്അത്ത് നടക്കുകയും ചെയ്തു. (അൽഫദ്ൽ ഇന്റർനാഷണൽ സെപ്റ്റംബർ 7, 2001, പേജ് 1)

അൽഫദ്ലിന്റെ 106-ാം വർഷം പൂർത്തിയായതുകൊണ്ട് ലണ്ടനിൽനിന്ന് ഓൺലൈൻ എഡിഷന്റെ തുടക്കം കുറിക്കുകയാണ്. അൽഫദ്ൽ ദിനപത്രം 106 വർഷം മുമ്പേ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ അനുവാദത്തോടും ദുആയോടും കൂടി 1913 ജൂൺ 18-ന് ആരംഭിച്ചു. പാക്കിസ്താൻ സ്ഥാപനത്തിനുശേഷം കുറച്ചു കാലം ലാഹോറിൽനിന്ന് പ്രസിദ്ധീകരിച്ചുവന്നു. പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ നേതൃത്വത്തിൽ ഇത് റബ്‌വയിൽനിന്ന് പുറത്തിറങ്ങാൻ തുടങ്ങി. ഈ പുരാതനമായ ഉർദു ദിനപത്രത്തിന്റെ ലണ്ടനിൽനിന്നുള്ള അൽഫദ്ൽ ഓൺലൈൻ എഡിഷൻ 2019 ഡിസംബർ 13ന് തുടക്കം കുറിക്കുകയാണ്. ഇന്ന് ഇൻശാഅല്ലാഹ് ആരംഭിക്കുന്നതായിതാണ്. അത് ഇന്റർനെറ്റ് മുഖേന ലോകം മുഴുവൻ എല്ലായിടത്തും വളരെ എളുപ്പം ലഭ്യമായിരിക്കും. അതിന്റെ വെബ്സൈറ്റ് Alfazlonline.org തയ്യാറായി കഴിഞ്ഞിരിക്കുന്നു. ആദ്യ ലക്കവും ഇതിൽ ലഭ്യമാണ്. ഇവിടുത്തെ നമ്മുടെ ഐ.ടിയുടെ കേന്ദ്ര ടീം ഇതിനായി വളരെ അധ്വാനിച്ചിരിക്കുന്നു. അതിൽ അൽഫദ്ലിന്റെ പ്രാധാന്യത്തേയും നേട്ടങ്ങളേയും കുറിച്ച് ഒരുപാടു കാര്യങ്ങളുണ്ട്. 'ദൈവോപദേശം' എന്ന ശീർഷകത്തിൽ വിശുദ്ധഖുർആനിലെ വചനങ്ങളും വന്നുകൊണ്ടിരിക്കും. നബി(സ)തിരുമേനി പറഞ്ഞതനുസരിച്ച് ഹദീഥുകളും ഉണ്ടായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശോപദേശങ്ങളുടെ ഉദ്ധരണികളും ഉണ്ടായിരിക്കും. ഇപ്രകാരം തന്നെ ചില അഹ്മദി സാഹിത്യകാരന്മാരുടെ ലേഖനങ്ങളും മറ്റു പ്രധാനപ്പെട്ട ലേഖനങ്ങളുമുണ്ടാകും. അഹ്മദി കവികളുടെ കവതകളുമുണ്ടാകും. വെബ്സൈറ്റിനു പുറമെ ടിറ്ററിലും ഈ പത്രം ലഭ്യമാകും.(ഖുത്ബ ജുമുആ, 2019 ഡിസംബർ 13 2019, അൽ ഫദ്ൽ ഇന്റർനാഷണൽ, 2020 ജനുവരി പേജ് 8)

മുഴുലോകത്തും വ്യാപിച്ചിരിക്കുന്ന ഖിലാഫത്തിന്റെ പച്ചളിപ്പുള്ള ശാഖകളുടേയും വർണ്ണാഭമായ ഫലങ്ങളുടേയും വ്യാപ്തി നിർവചിക്കുക എന്നത് മനുഷ്യബുദ്ധിക്കതീതമാണ്. എങ്കിലും, ചില കാര്യങ്ങൾ ഇവിടെ ചുരുക്കി വിവരിക്കുകയാണ്:

**യൂറോപ്പിലെ ജമാഅത്തുപരമായ
മിഷന്റെ ആരംഭവും
ഖലീഫമാരുടെ പര്യടനവും**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചന പ്രകാരം, രണ്ടാമത്തെ ശക്തി പ്രഭാവം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ലൂടെയാണ് പ്രകടമായത്. അങ്ങനെ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ 1913-ൽ ഇംഗ്ലണ്ടിലെ ആദ്യത്തെ അഹ്മദിയ്യാ മിഷൻ ഹൗസ് സ്ഥാപിതമായി. ചൗദരി ഫതഹെ മുഹമ്മദ് സിയാൽ സാഹിബിനെ പ്രബോധന ആവശ്യപ്രകാരം ഇംഗ്ലണ്ടിലേക്ക് അയച്ച കാലയളവിലായിരുന്നു ഇത്. അൽഹംദുലില്ലാഹ്, അങ്ങനെ ഇന്ത്യയ്ക്ക് പുറത്ത് ആദ്യമായി മിഷൻ ഹൗസ് സ്ഥാപിതമാവുകയുണ്ടായി. ഇതിനുശേഷം, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എത്രമാത്രം വർഷിച്ചുവെന്നാൽ, അവ മുഴുവനും ഈ ലേഖനത്തിൽ എഴുതിച്ചേർക്കുക എന്നത് തീർത്തും പ്രയാസമുള്ള കാര്യമാകുന്നു. അതിനാൽ, ചില ഖലീഫമാരുടെ പര്യടനവേളയിൽ ആരംഭിച്ച യൂറോപ്പിലെ ചില തബ്‌ലീഗ് സെന്ററുകളേയും മിഷൻ ഹൗസുകളേയും പറ്റി ചില കാര്യങ്ങൾ മാത്രം എഴുതുകയാണ്. ഹദ്റത്ത് മസീഹ് മൗഊദിന്റെ(അ) കാലത്തുതന്നെ അമേരിക്കയിൽ, ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിയിരുന്നു. എന്നിരുന്നാലും 1920-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)ന്റെ കാലഘട്ടത്തിലാണ്, മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബിനെ മുബല്ലിഗായി അമേരിക്കയിലേക്ക് അയച്ചതും വ്യവസ്ഥാപിതമായ രീതിയിൽ അഹ്മദിയ്യ മിഷൻ പ്രവർത്തനമാരംഭിച്ചതും. 1924-ൽ ഹദ്റത്ത് മുസ്

ലിഹ് മൗഊദ്(റ) തന്റെ ചരിത്രപ്രധാനമായ യൂറോപ്യൻ പര്യടനം നടത്തുകയും ഇറ്റലി, ഫ്രാൻസ് എന്നീ രാജ്യങ്ങളിലൂടെ സഞ്ചരിച്ച് ബ്രിട്ടനിലേക്ക് പോയി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ഈ എല്ലാ രാജ്യങ്ങളിലും എത്തിക്കുകയുമുണ്ടായി.

തഹ്‌രീകെ ജദീദിന്റെ ആരംഭത്തോടെ അഹ്മദിയ്യാ ജമാഅത്തിൽ തബ്‌ലീഗിനായുള്ള പുതിയ കവാടങ്ങൾ തുറക്കപ്പെട്ടു. 1934 മുതൽ 1937 വരെയുള്ള കാലഘട്ടത്തിൽ സ്പെയ്ൻ, ഹങ്കറി, അൽബേനിയ, യുഗോസ്ലാവിയ, ഇറ്റലി, പോളണ്ട് തുടങ്ങിയ രാജ്യങ്ങളിൽ ജമാഅത്തിന്റെ മിഷനുകൾ സ്ഥാപിതമായി. ശേഷം, കുറച്ച് കാലത്തിനുള്ളിൽത്തന്നെ, പല രാജ്യങ്ങളിലും ജമാഅത്തിന്റെ മിഷനുകൾ സ്ഥാപിക്കപ്പെട്ടു. ഇതിൽ, ഫ്രാൻസ്, സ്വിറ്റ്സെർലാന്റ്, ഹോളണ്ട്, ജർമനി, സ്കോട്ട്ലന്റ് തുടങ്ങിയ രാജ്യങ്ങൾ ഉൾപ്പെടുന്നു. 1954-ൽ, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സ്വിറ്റ്സെർലാന്റ്, ഹോളണ്ട്, ജർമനി, ഇറ്റലി, ആസ്ട്രിയ, യു.കെ എന്നീ രാജ്യങ്ങളിൽ വീണ്ടും പര്യടനം നടത്തുകയും, ഇവിടങ്ങളിലെല്ലാം തന്റെ പ്രഭാഷണങ്ങളിലൂടെ ജമാഅത്തിന്റെ സന്ദേശം എത്തിക്കുകയും ചെയ്തു. തുടർന്ന് 1956-ൽ ഖലീഫത്തുൽ മസീഹ് ഥാനീ(റ) സ്കാൻഡിനേവിയ(Scandinavia)യിലേക്ക് തബ്‌ലീഗിനു വേണ്ടി മുബല്ലിഗിനെ അയക്കുകയുണ്ടായി. അതിനുശേഷം ഡന്മാർക്ക്, നോർവേ, സ്വീഡൻ തുടങ്ങിയ രാജ്യങ്ങളിലും മുബല്ലിഗുമാർ മുഖേന ജമാഅത്തിന്റെ സന്ദേശം എത്തുകയുണ്ടായി.

മൂന്നാം ഖിലാഫത്തിന്റെ കാലഘട്ടത്തിലും അഹ്മദിയ്യാ ജമാഅത്തിന്റെ കാൽവെപ്പുകൾ അതിശീഘ്രം മുന്നോട്ട് ചലിക്കുകയുണ്ടായി. 1973-ൽ ഖലീഫത്തുൽ മസീഹ് ഥാലിസ് (റഹ്) യൂറോപ്പിൽ പര്യടനം നടത്തുകയുണ്ടായി. ഇതിൽ, ഇംഗ്ലണ്ട്, സ്വിറ്റ്സെർലാന്റ്, ഹോളണ്ട്, ജർമനി, ഇറ്റലി, സ്കോട്ട്ലന്റ്, സ്വീഡൻ, ഡെന്മാർക്ക് തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായി. 1975-ൽ ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്) വീണ്ടും യൂറോപ്പിൽ പര്യടനം നടത്തുകയുണ്ടായി. 1976-ൽ ഖലീഫ ഥാലിസ്(റഹ്) അമേരിക്കയും കാനഡയും സന്ദർശിക്കുകയുണ്ടായി. ഈ പര്യടനം കഴിഞ്ഞ് മടങ്ങവേ, ഇംഗ്ലണ്ട്, സ്വിറ്റ്സെർലാന്റ്, ഹോളണ്ട്, സ്വീഡൻ, നോർവേ, വെസ്റ്റ് ജർമനി, ഡെന്മാർക്ക് തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായി. 1980-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്) മൂന്നു വൻകരകളിലെ 13 രാഷ്ട്രങ്ങളിലേക്കുള്ള ചരിത്രപ്രധാനമായ പര്യടനം നടത്തുകയുണ്ടായി. ഇതിൽ, വെസ്റ്റ് ജർമനി, ഇംഗ്ലണ്ട്, സ്വിറ്റ്സെർലാന്റ്, ഹോളണ്ട്, സ്വീഡൻ, നോർവേ, ഡെന്മാർക്ക്, ആസ്ട്രിയ, സ്പെയ്ൻ, ഘാന, കനഡ, അമേരിക്ക, നൈജീരിയ തുടങ്ങിയ രാജ്യങ്ങൾ ഉൾപ്പെടുന്നു. 1980 ഒക്റ്റോബർ 9ന്, സ്പെയ്നിലെ മസ്ജിദ് ബിശാറത്തിന് തറക്കല്ലിട്ടതും ഈ പര്യടനവേളയിലാണ്. (അൽഫള്ൽ ഇന്റർനാഷണൽ 22, മെയ് 2020, പേജ് 29)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യുടെ കാലഘട്ടത്തിൽ യുക്രൈൻ, താത്താരിസ്താൻ, റുമാനിയ, ബൾഗേറിയ, മെസെഡോണിയ, സ്ലോവേനിയ, ബോസ്നിയ, ചെക്റിപ്പബ്ലിക്ക്, കൊസോവ, മാൾട്ടാ, തുടങ്ങിയ മറ്റു പല രാജ്യങ്ങളും അഹ്മദിയ്യത്തിന്റെ സത്യതയ്ക്ക് സാക്ഷ്യം വഹിക്കുകയുണ്ടായി. ഇത്തരത്തിൽ, മറ്റു പല രാജ്യങ്ങളിലും, ഖലീഫത്തുൽ മസീഹ് റാബിഅ് സ്വയം ചെന്നു കൊണ്ട് ഇസ്‌ലാമിക അധ്യാപനങ്ങളുടെ യഥാർഥ വെളിച്ചം എത്തിക്കുകയുണ്ടായി. ഇതിൽ, നോർവേ, സ്വീഡൻ, ആസ്ട്രിയാ, ഡെന്മാർക്ക്, സ്വിറ്റ്സർലന്റ്, ബെൽജിയം, ലക്സൻബർഗ്, അയർലന്റ്, സ്പെയ്ൻ, കനഡ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളും ഉൾപ്പെടുന്നു. ഇവയിൽ ചില രാജ്യങ്ങളിൽ, ആദ്യമായാണ് ഒരു ഖലീഫയുടെ പരിശുദ്ധപാദസ്പർഷമുണ്ടാകുന്നത്.

അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്താൽ, ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ നേതൃത്വത്തിൽ അഹ്മദിയ്യാ ജമാഅത്ത്, പുരോഗതിയുടെ പടവുകളാണ് കയറിക്കൊണ്ടിരിക്കുന്നത്. അസ്റ്റോണിയ, ജിബ്രാൾട്ടർ, ഐസ്ലാന്റ്, ലിത്ത്വാനിയ, സെർബിയ, മൊന്റി നിയ്ഗർ, ലാത്വിയ തുടങ്ങിയ മറ്റു യൂറോപ്യൻ രാജ്യങ്ങളും അഞ്ചാം ഖിലാഫത്തിന്റെ പച്ചളിപ്പുള്ള വൃക്ഷവുമായി ഒട്ടിച്ചേർന്നു കൊണ്ട് ഫലദായകമായ ശിഖരങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. 2019-ലെ വാർഷിക സമ്മേളനത്തിൽ ഹുദൂർ അയ്യദഹുല്ലാഹ പറഞ്ഞു: 'അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്താൽ, ലോകത്തിലെ 213 രാജ്യങ്ങളിൽ അഹ്മദിയ്യത്തിന്റെ തൈ നട്ടു കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ 35 വർഷങ്ങൾക്കിടെ, 122 പുതിയ രാഷ്ട്രങ്ങളെ അല്ലാഹു ജമാഅത്തിന് നൽകുകയുണ്ടായി.

ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനത്തെ ലോകത്തിന്റെ കോണുകളോളം എത്തിക്കുവാനായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് പല രാജ്യങ്ങളിലും നേരിട്ട് പര്യടനം നടത്തുകയുണ്ടായി. ഇതിൽ, യൂറോപ്പിലെ ചില രാജ്യങ്ങളും ഉൾപ്പെടുന്നു. ജർമനി, ഫ്രാൻസ്, അയർലന്റ്, ഹോളണ്ട്, ബെൽജിയം, ഡന്മാർക്ക്, സ്വീഡൻ, നോർവേ, സ്പെയ്ൻ, തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായി. (അൽഫള്ൽ ഇന്റർനാഷണൽ 22, മെയ് 2020, പേജ് 29)

**യൂറോപ്യൻ ഭൂഖണ്ഡത്തിലെ മസ്ജിദ് നിർമാണങ്ങൾ: ഒരു എത്തിനോട്ടം**

രണ്ടാം ഖിലാഫത്ത് കാലഘട്ടത്തിൽ, അല്ലാഹു അഹ്മദിയ്യാ ജമാഅത്തിന് ലണ്ടനിൽ മസ്ജിദ് നിർമിക്കാൻ സ്ഥലം നൽകി അനുഗ്രഹിക്കുകയുണ്ടായി. ഈ സന്തോഷവേളയിൽ ഖലീഫത്തുൽ മസീഹ് ഥാനി(റ) 1920 ഡിസംബർ 20 ന്, ഡൽഹൗസിയിൽ ഒരു സമ്മേളനം സംഘടിപ്പിക്കുകയും, ലണ്ടനിൽ നിർമിക്കാൻ പോകുന്ന മസ്ജിദിന്റെ പേര്, 'മസ്ജിദ് ഫള്ൽ' എന്ന് വെക്കുകയുമുണ്ടായി. തുടർന്ന്, 1924 ആഗസ്റ്റ് 24-ന്, അദ്ദേഹം ലണ്ടൻ സന്ദർശിച്ചു. ഈ പര്യടനവേളയിൽ, വേംബ്ലേ കോൺഫറൻസും മറ്റു പല പ്രചാരണ പരിപാടികളും സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന്, 1924 ഒക്റ്റോബർ 19ന്, ഞായറാഴ്ച്ച മസ്ജിദ് ഫള്ലിന് തറക്കല്ലിട്ടു. 1957 ഫെബ്രുവരി 22ന്, ജർമനിയിലെ ഹാംബർഗിൽ(Hamburg) മസ്ജിദ് ഫള്ലെ ഉമർ ന് തറക്കല്ലിടുകയുണ്ടായി. ഈ മസ്ജിദിന്റെ ഉദ്ഘാടനം, ഹദ്റത്ത് ചൗദ്രി സർ സഫറുല്ലാഹ് ഖാൻ സാഹിബ് 1957 ജൂൺ 22 ന് നിർവഹിക്കുകയുണ്ടായി. 1967 ജൂലായിൽ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്) ഡെന്മാർക്കിലെ കോപ്പൻഹേഗൻ പട്ടണത്തിലെ നുസ്റത്ത് ജഹാൻ മസ്ജിദിന്റെ ഉദ്ഘാടനം നിർവഹിക്കുകയുണ്ടായി. പിന്നീട്, 1976 ആഗസ്റ്റ് 20ന്, ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്) സ്വീഡനിലെ ഗോതെൻബെർഗിൽ(Gothenburg) നിലകൊള്ളുന്ന മസ്ജിദ് നാസിറിന്റെ ഉദ്ഘാടനം നിർവഹിക്കുകയുണ്ടായി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ് (റഹ്) 1980ൽ നോർവേയിലെ ഓസ്ലോ പട്ടണത്തിലെ മസ്ജിദ് നൂറിന്റെ ഉദ്ഘാടനവും നിർവഹിക്കുകയുണ്ടായി. 1980 ഒക്റ്റോബറിൽ, ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ഇംഗ്ലണ്ടിലെ ബ്രാഡ്ഫോർഡി(Bradford)ലെ മസ്ജിദുൽ ഹംദ് ഉദ്ഘാടനം നിർവഹിക്കുകയുണ്ടായി. ഖലീഫത്തുൽ മസീഹ് ഥാലിസ് (റഹ്) നേരിട്ടു സ്പെയിനിൽ പോയി 1980 ഒക്ടോബർ 9-ന് യൂറോപ്യൻ പര്യടനവേളയിൽ ബിശാറത്ത് മസ്ജിദിന് ശിലാകർമം നിർവഹിച്ചു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) 1982 സെപ്റ്റംബർ 10 ന്, 700 വർഷങ്ങൾക്കുശേഷം സ്പെയ്നിൽ നിർമിക്കപ്പെട്ട ആദ്യത്തെ മസ്ജിദായ മസ്ജിദ് ബിശാറത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയുണ്ടായി. 1995 ഫെബ്രുവരി 24ന്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ലണ്ടനിൽ വിശാലമായ പുതിയ മസ്ജിദ് നിർമിക്കാൻ അഞ്ച് മില്ല്യൺ പൗണ്ടിന്റെ പദ്ധതിക്ക് ആഹ്വാനം ചെയ്തു. തുടർന്ന്, 1999 മാർച്ച് 28-ന്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ബൈത്തുൽ ഫുത്തൂഹ് നിർമിക്കുവാൻ ഉദ്ദേശിച്ച സ്ഥലത്ത് ബലിപെരുന്നാൾ നമസ്കാരം നിർവഹിക്കുകയുണ്ടായി. ഇതേ വർഷം, ഒക്റ്റോബർ 19ന്, മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹിന് തറക്കല്ലിടുകയും ചെയ്തു. ശേഷം, 2001 ഫെബ്രുവരി 16ന്, മസ്ജിദ് നിർമാണത്തിന് അഞ്ച് മില്ല്യൺ പൗണ്ട് കൂടുതൽ ആഹ്വാനം ചെയ്തു. പിന്നീട്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് 2003 ഒക്റ്റോബർ 3ന്, ഈ മസ്ജിദിന്റെ ഉദ്ഘാടനം നിർവഹിക്കുകയുണ്ടായി. ഒരേ സമയം പതിനായിരം പേർക്ക് നമസ്കരിക്കുവാൻ സാധിക്കുന്ന പശ്ചിമയൂറോപ്പിലെ ഏറ്റവും വലിയ മസ്ജിദാണിത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്), 1982 ഒക്റ്റോബർ 5-ന്, ലണ്ടനിലെ ഗില്ലിംഹാം (Gillingham) പട്ടണത്തിലെ അഹ്മദിയ്യാ മിഷന് തുടക്കം കുറിക്കുകയുണ്ടായി. 1982 ഒക്റ്റോബർ 7-ന്, ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്), ലണ്ടനിലെ ക്രോയ്ഡൺ പ്രവിശ്യയിൽ, ബയ്ത്തെ സുബ്ഹാൻ മസ്ജിദിന്റെ ഉദ്ഘാടനം ചെയ്യുകയുണ്ടായി. 1985-ൽ ടിൽഫോർഡ് ഇസ്‌ലാമബാദിൽ, മസ്ജിദ് ബയ്ത്തുൽ ഇസ്‌ലാമിന്റെ ഉദ്ഘാടനം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) നിർവഹിക്കുകയുണ്ടായി. പിന്നീട്, അഞ്ചാം ഖിലാഫത്തിന്റെ കാലഘട്ടത്തിൽ, ഇവിടെ നവീകരിക്കുകയും മസ്ജിദ് മുബാറക്ക് നിർമിക്കപ്പെടുകയും ചെയ്തു.

1985 സെപ്റ്റംബർ 13 ന്, ഹോളണ്ടിലെ നൻസ്പീട്ടിലെ ബയ്ത്തുന്നൂർ ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഉദ്ഘാടനം ചെയ്യുകയുണ്ടായി. തുടർന്ന്, 1985 സെപ്റ്റംബർ 17ന്, ജർമനിയിലെ കോലോൻ(Koln)പട്ട ണത്തിലെ മസ്ജിദ് ബയ്ത്തുന്നസ്റിന്റെ ഉദ്ഘാടനവും ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) നിർവഹിക്കുകയുണ്ടായി. പിന്നീട്, 1986 മെയ് 22 ന്, സ്കോട്ട്ലണ്ടിലെ ഗ്ലാസ്ഗോയിൽ പുതിയ അഹ്മദിയ്യാ മിഷൻ ബയ്ത്തുർറഹ്മാന്റെ ഉദ്ഘാടന കർമവും നിർവഹിച്ചു. തുടർന്ന്, 1992-ൽ ജർമനിയിലെ ഗ്രോസ്-ഗെറോ(Gross -Gerau) പട്ടണത്തിലെ മസ്ജിദ് ബയ്ത്തു ശ്ശുക്കൂറിന്റെ ഉദ്ഘാടനം ഖലീഫത്തുൽ റാബിഅ്(റഹ്) നിർവഹിച്ചു.(അൽഫള്ൽ ഇന്റർനാഷണൽ 2021 മെയ് 21, പേജ് 70)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ്, 2011 ഒക്റ്റോബർ 21-ന് നടന്ന ഖുത്‌ബ ജുമുഅയിൽ നോർവേയിലെ മസ്ജിദിനെ പറ്റി പറയുന്നു: നോർവേയിലെ

മസ്ജിദ് നസ്റിന്റെ ഉദ്ഘാടനം നടന്നതായി ഖുത്ബയിലൂടെ നിങ്ങൾ അറിഞ്ഞതാണ്. മാശാഅല്ലാഹ് വളരെ മനോഹരമായ മസ്ജിദാണത്. ചിലർ ഇവിടെനിന്ന് പോയിരുന്നു. അവരും കണ്ടതാണ്. വലിയ മസ്ജിദാണ്. ഉത്തര യൂറോപ്പിലെ ഏറ്റവും വലിയ മസ്ജിദ് മാത്രമല്ലത്. അത് മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹിന് ശേഷം യൂറോപ്പിലെ ഏറ്റവും വലിയ മസ്ജിദാണെന്ന് ഞാൻ കരുതുന്നു. അവിടത്തെ ജമാഅത്ത് ചെറിയ ജമാഅത്താണ്. എന്നാൽ, ഈ മസ്ജിദ് കാണുമ്പോൾ അവർ വലിയ ജമാഅത്താണെന്നാണ് തോന്നുക. അതുമല്ലെങ്കിൽ സമ്പന്നരുടെ ജമാഅത്താണെന്നാണ് തോന്നുക. എന്നാൽ, രണ്ടും ശരിയല്ല. ഇത് വലിയ ജമാഅത്തല്ല, അവർ സമ്പന്നരുമല്ല. മസ്ജിദുണ്ടാക്കണമെന്ന ചിന്ത വന്നതോടുകൂടി അവർ ഇതിലേക്ക് ശ്രദ്ധിക്കുകയാണ് ചെയ്തത്. (ഖുത്ബ ജുമുഅ 21 ഒക്റ്റോബർ 2011, അൽഫദ്ൽ ഇന്റർനാഷണൽ, 11 നവംബർ 2011, പേജ് 6)

**ജർമനിയിൽ 100 മസ്ജിദുകളുടെ പദ്ധതി**

അഹ്മദിയ്യാ ജമാഅത്തിന്റെ ശതവാർഷിക ജൂബിലിയോടനുബന്ധിച്ച്, ജർമനിയൊട്ടാകെ 100 മസ്ജിദുകൾ നിർമിക്കുവാനുള്ള പദ്ധതിയ്ക്ക് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്), 1989ലെ ജർമനി ജൽസാ സലാന വേളയിൽ ആഹ്വാനം ചെയ്യുകയുണ്ടായി. ഈ പദ്ധതിയുടെ കീഴിൽ നിർമിച്ച ആദ്യത്തെ മസ്ജിദ്, വിറ്റ്ലിച്ച് (Wittlich)എന്ന പട്ടണത്തിൽ സ്ഥിതി ചെയ്യുന്നു. ബയ്ത്തുൽ ഹംദ് എന്ന് നാമകരണം ചെയ്ത ഈ മസ്ജിദിന്, 1998 നവംബർ മാസത്തിൽ തറക്കല്ലിടുകയും, 2000-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)യുടെ കരങ്ങളാൽ ഉദ്ഘാടനം ചെയ്യപ്പെടുകയും ചെയ്തു. ഈ പദ്ധതിയുടെ കീഴിൽ നിർമിക്കപ്പെട്ട മറ്റു മസ്ജിദുകളിൽ, മസ്ജിദ് നാസിർ (ബ്രെമെൻ), മസ്ജിദ് നൂറുദ്ദീൻ (ഡാർമിഷ്ടിട്ട്), മസ്ജിദ് ത്വാഹിർ(കോബ്ലെൻസ്) എന്നിവയുടെ നിർമ്മാണം നാലാം ഖിലാഫത്ത് കാലഘട്ടത്തിൽ ആരംഭിക്കുകയുണ്ടായി. 2002 മെയ് 11 നാണ്, മസ്ജിദ് നൂറുദ്ദീന് തറക്കല്ലിട്ടത്. ബ്രെമെനിലെ മസ്ജിദ് നാസിറിന്, 2001 നവംബർ മാസത്തിലാണ് തറക്കല്ലിട്ടത്. ഇതുപോലെ, കീൽ നഗരത്തിലെ മസ്ജിദ് ഹബീബ് നിർമ്മിക്കുന്നതിന് 1999 സെപ്റ്റംബർ 3-ന് വർഷത്തിൽ പ്ലോട്ട് വാങ്ങുകയുണ്ടായി. നാലാം ഖിലാഫത്ത് കാലഘട്ടത്തിൽ മസ്ജിദ് നിർമാണത്തിന് അനവധി പ്ലോട്ടുകൾ വാങ്ങുകയുണ്ടായി. ഇവയിൽ, 2000 ഏപ്രിൽ 5-ന് റേഡ് സ്റ്റാഡിലെ(Riedstadt) മസ്ജിദ് ബയ്ത്തുൽ അസീസിനുവേണ്ടി പ്ലോട്ടും 2000 ആഗസ്റ്റ് 7ന് ഹാനോവറിലെ മസ്ജിദ് സമീഅ്ന് വേണ്ടി പ്ലോട്ടും 2001 ഏപ്രിൽ 20 ന് വെഴ്സ്ബർഗിലെ ബയ്ത്തുൽ അലീമിനുവേണ്ടി പ്ലോട്ടും, ഓഫൻബാഗിലെ ജാമിഅ മസ്ജിദിന് പ്ലോട്ടും 2001 സെപ്റ്റംബർ 14ന് usingenലെ മസ്ജിദ് ഹുദായ്ക്കുവേണ്ടി പ്ലോട്ടും 2002 ഫെബ്രുവരി 12ന് മസ്ജിദ് ബശീറിനുവേണ്ടി(Benseim) പ്ലോട്ടും വാങ്ങി. ഇവയ്ക്കുള്ള അനുവാദം നാലാം ഖിലാഫത്ത് കാലഘട്ടത്തിൽ ലഭിച്ചിരുന്നെങ്കിലും, അഞ്ചാം ഖിലാഫത്ത് കാലഘട്ടത്തിന്റെ പ്രാരംഭ വർഷങ്ങളിലാണ് ഇവയുടെ നിർമാണം പൂർത്തിയായത്. (അൽഫദ്ൽ ദിനപത്രം ലണ്ടൻ ഓൺലൈൻ, 4 ജൂൺ 2020, പേജ് 6) നിലവിൽ, ജർമനിയിൽ 64 മസ്ജിദുകൾ നിർമിച്ചു കഴിഞ്ഞിരിക്കുന്നു. 2022 ലെ ജൽസാ സലാനാ യു.കെ യുടെ അവസരത്തിൽ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹു പറയുകയുണ്ടായി: 'ജർമനിയിൽ 100 മസ്ജിദുകൾ നിർമിക്കുന്ന പദ്ധതിയുടെ ഭാഗമായി, ഈ വർഷം അഞ്ച് മസ്ജിദുകൾ നിർമിച്ചിരിക്കുന്നു. ഇങ്ങനെ, ഇവരുടെ മസ്ജിദുകളുടെ എണ്ണം 64 ആയിക്കഴിഞ്ഞിരിക്കുന്നു.' (2022 ആഗസ്റ്റ് 6, ജൽസാ സലാന യു.കെ)

ജർമനിയിൽ, നിലവിൽ നിർമ്മിക്കപ്പെട്ട മസ്ജിദുകൾക്കു പുറമെ, മറ്റു പല മസ്ജിദുകളുടേയും നിർമാണം നടന്നു വരുകയാണ്.അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഖിലാഫത്തിന്റെ തണലിൽ, നൂറു മസ്ജിദുകൾ നിർമിക്കുക എന്ന ലക്ഷ്യം കരഗതമാകുന്ന ദിനം ഇനി വിദൂരമല്ല. ഇൻശാ അല്ലാഹ്!

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹു ജർമനിയിലെ ജമാഅത്തിന്, സുവാർത്ത നൽകിക്കൊണ്ട് പറഞ്ഞു: 'ഇൻശാ അല്ലാഹ്! 100 പട്ടണങ്ങളിൽനിന്നോ കസബകളിൽനിന്നോ നമ്മുടെ മസ്ജിദുകളുടെ പ്രകാശമാനമായ മിനാരങ്ങൾ കാണുന്ന യൂറോപ്പിലെ ആദ്യ രാജ്യം ജർമനിയായിരിക്കും. ഇതു മുഖേന, അല്ലാഹുവിന്റെ നാമം ഈ നാടുകളിൽ മുഴങ്ങുന്നതായിരിക്കും. അത് ജനങ്ങളെ അവരുടെ ദൈവത്തോട് അടുപ്പിക്കുന്നതായി തീരും.' (ഖുത്ബ ജുമുഅ, 16 ജൂൺ, 2006, അൽഫദ്ൽ ഇന്റർനാഷണൽ, 2006 ജൂലായ് 7 പേജ് 6)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമി സിന്റെ തിരുമൊഴിയിലൂടെ ഞാൻ എന്റെ ലേഖനം അവസാനിപ്പിക്കുകയാണ്. അവിടന്ന് പറയുന്നു: "അതുകൊണ്ട് ഇൻശാ അല്ലാഹ് ഈ പുരോഗതികളുണ്ടാകുക തന്നെ ചെയ്യും. അല്ലാഹു നമ്മെ എപ്പോഴും സ്ഥിരപാദരായി നിറുത്തുമാറാകട്ടെ. ഈ ജമാഅത്തിന്റെ സമ്പൂർണമായ അഭിവൃദ്ധികളുടെ ദൃശ്യങ്ങൾ സ്വന്തം കണ്ണുകൾകൊണ്ടു കാണാൻ അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു നമ്മെ നമ്മുടെ പ്രതിജ്ഞകൾ പൂർത്തിയാക്കുന്നവരാക്കി തീർക്കുമാറാകട്ടെ. അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ സാക്ഷാത്കരിക്കപ്പെടുന്നതിന്റെ ദൃശ്യം നമുക്കും നമ്മുടെ ജീവിതത്തിൽ കാണാൻ സാധിക്കുമാറാകട്ടെ. നമ്മുടെ ആരാധനകളും നമ്മുടെ നമസ്കാരങ്ങളും നമ്മുടെ കർമങ്ങളും ദൈവപ്രീതി കരസ്ഥമാക്കുന്ന നിലയിലാകുമാറാകട്ടെ. ഖിലാഫത്തിന്റെ യഥാർഥ പൊരുൾ ഗ്രഹിക്കുന്നവരായിത്തീരട്ടെ. നമ്മുടെ സന്താന പരമ്പരയോടും ഇക്കാര്യം പറയുന്നവരാകട്ടെ. അങ്ങനെ ഖിയാമത്തുന്നാൾവരെ നമ്മുടെ പരമ്പര ഈ അനുഗ്രഹത്തിൽനിന്ന് ഫലമെടുക്കുന്നവരായിത്തീരട്ടെ." (ഖുത്ബ ജുമുഅ 2021 മെയ് 28, അൽഫദ്ൽ ഇന്റർനാഷണൽ 2021 ജൂൺ 18, പേജ് 9 ) ●

## അല്ലാഹു തന്റെ പ്രകാശത്തെ പൂർത്തിയാക്കുന്നവൻ തന്നെയാണ്

### എന്നതിന്റെ ആത്മീയമായ നിലയിലുള്ള സാക്ഷാത്കാരം ഈ വിനയനാകുന്നു.

### വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

ഉദാരനായ അല്ലാഹു ദീനിന്റെ പ്രചാരണത്തിനും ന്യായപൂർത്തീകരണത്തിനുംവേണ്ടി, ഈയുള്ളവന് തന്റെ തെളിവുകളും പ്രമാണങ്ങളും അവന്റെ കൃപയും കരുണയും പ്രദാനം ചെയ്തിരിക്കുന്നു. മുൻകഴിഞ്ഞ സമുദായങ്ങളിൽപ്പെട്ട ആർക്കുംതന്നെ ഇന്നുവരെ അത് പ്രദാനം ചെയ്യപ്പെട്ടിട്ടില്ല.

ഭൗമപരവും ആകാശപരവും സ്ഥാനപരവും കാലികപരവുമായുള്ള എല്ലാത്തരം അടയാളങ്ങളും അവൻ സ്വയമേവ എനിക്കുവേണ്ടി വെളിപ്പെടുത്തി. നബി(സ)തിരുമേനിയുടെ ഭൂരിഭാഗം പ്രവചനങ്ങളുടെ പുലർച്ചയും ഉണ്ടായിക്കഴിഞ്ഞു. ആകാശവും നമുക്കുവേണ്ടി സാക്ഷി പറഞ്ഞു. ഭൂമിയും നമുക്കുവേണ്ടി തെളിവുകൊണ്ടുവന്നു. ആയിരക്കണക്കിന് ദിവ്യാത്ഭുതങ്ങൾ വെളിപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

ഇക്കൂട്ടർ നമുക്ക് മൂക്കാത്ത ഈത്തപ്പഴം നല്കി, ഹദീഥുകളുടേയും ഖൗലുകളുടേയും കൂമ്പാരം കൊണ്ടുവന്ന് പരാജയപ്പെടുത്താൻ ആഗ്രഹിക്കുന്നു. എന്നാൽ, ഇവർക്കെന്താണ് ചെയ്യാൻ കഴിയുക? നമുക്കാണെങ്കിൽ 30 വർഷമായി അല്ലാഹു നേരിട്ട് എല്ലാ നേരത്തും പുതുതായ ഇൽഹാമുകൾ മുഖേന നീ കൊണ്ടുവന്ന കാര്യം സത്യമാണെന്ന വിവരം അറിയിക്കുന്നു. നിന്റെ എതിരാളികൾ അസത്യത്തിലാണുള്ളത്. നാമിപ്പോൾ എന്തു ചെയ്യാനാണ്. ഇവർ പറയുന്നത് സമ്മതിക്കണമോ അതോ ആകാശത്തുനിന്ന് അല്ലാഹു പറയുന്നത് സമ്മതിക്കണമോ?

*വല്ലാഹു മുത്തിമ്മുനൂരിഹീ* (അല്ലാഹു തന്റെ പ്രകാശത്തെ പൂർത്തിയാക്കുന്നവൻ തന്നെയാണ്) എന്നതിന്റെ സാക്ഷാത്കാരം ഈ വിനയനാകുന്നു.

'അല്ലാഹു ഏറ്റവും താഴ്ന്ന നിലയിലുള്ള ഈ ദാസനെ ഇക്കാലത്ത് സൃഷ്ടിക്കുകയും നൂറുക്കണക്കിന് ദൈവികാടയാളങ്ങളും അദൃശ്യപരമായ ദിവ്യാത്ഭുതങ്ങളും ഈശ്വരീയജ്ഞാനങ്ങളും യാഥാർഥ്യങ്ങളും നല്കുകയും നൂറുക്കണക്കിന് ബുദ്ധിപരവും ഖണ്ഡിതവുമായ തെളിവുകളെ കുറിച്ച് അറിവ് പ്രദാനം ചെയ്യുകയും ചെയ്തുകൊണ്ട് ഖുർആനികമായ യഥാർഥ അധ്യാപനങ്ങളെ എല്ലാ ജനതയിലും രാജ്യങ്ങളിലും പ്രസിദ്ധീകരിക്കാനും നടപ്പിൽ വരുത്താനും അവരിൽ തന്റെ ന്യായപൂർത്തീകരണം നടത്താനും തീരുമാനിച്ചു. ഇതേ തീരുമാനം കാരണത്താൽ ഉദാരനായ അല്ലാഹു ഈ വിനയന് തൗഫീഖ് നല്കി. ഇത്മാമൻല്ലിൽഹുജ്ജത്തി പതിനായിരം രൂപയുടെ വിജ്ഞാപനം ഈ ഗ്രന്ഥത്തോടൊപ്പം ചേർത്തിരിക്കുന്നു. ശത്രുക്കളുടേയും എതിരാളുകളുടേയും സാക്ഷ്യത്തോടുകൂടി ദൈവികാടയാളം സമർപിക്കപ്പെട്ടു. ഇത് മാമെ ഹുജ്ജത്തിന്റെ(ന്യായപൂത്തീകരണത്തിന്റെ) ഒരു അണുപോലും അവശേഷിക്കാതിരിക്കാൻ, അതിനെ എതിർക്കുന്നവരേയും നേരിടുന്നവരേയും സകല എതിരാളികളേയും സംബോധന ചെയ്തിരിക്കുന്നു. എല്ലാ ഓരോ എതിരാളിയും തങ്ങൾ പരാജിതരും ഉത്തരമില്ലാത്തവരുമാണെന്നതിന് സാക്ഷിയാകാൻ! ചുരുക്കത്തിൽ ഉദാരനായ അല്ലാഹു ദീനിന്റെ പ്രചാരണത്തിനും ന്യായപൂർത്തീകരണത്തിനുംവേണ്ടി, ഈയുള്ളവന് തന്റെ തെളിവുകളും പ്രമാണങ്ങളും അവന്റെ കൃപയും കരുണയും പ്രദാനം ചെയ്തിരിക്കുന്നു. മുൻകഴിഞ്ഞ സമുദായങ്ങളിൽപ്പെട്ട ആർക്കുംതന്നെ ഇന്നുവരെ അത് പ്രദാനം ചെയ്യപ്പെട്ടിട്ടില്ല. എന്തൊന്നാണോ ഇതുസംബന്ധമായ അദൃശ്യമായ തൗഫീഖുകൾ ഈ വിനയന് നല്കപ്പെട്ടിട്ടുള്ളത് അത് അവരിൽ ആർക്കുംതന്നെ നല്കപ്പെട്ടിട്ടില്ല. *വ ദാലിക്ക ഫള്ലുല്ലാഹി യുഅ്തീഹി മൻയ്യശാഉ.* അതുകൊണ്ട് ഉദാരനായ അല്ലാഹു പ്രത്യേകമായ കാരണങ്ങൾകൊണ്ട് ഈ വിനയനെ പ്രത്യേകപ്പെടുത്തിയിരിക്കുകയാണ്. പ്രബോധന സേവനത്തിന് അങ്ങേയറ്റം നിർദേശിക്കപ്പെട്ടതും സഹായകരവുമായ കാലത്ത് ഈ വിനയനെ അവൻ സൃഷ്ടിച്ചു. ഇതു കാരണത്താൽ അവൻ തന്റെ അനുഗ്രഹങ്ങളും ഔദാര്യങ്ങളുംകൊണ്ട് ഈ സന്തോഷവാർത്തയും നല്കിയിരിക്കുന്നു, ലോകാരംഭംമുതൽ അംഗീകരിക്കപ്പെട്ട കാര്യമാണ് ഉപര്യുക്ത ആയത്തിൽ പറഞ്ഞിട്ടുള്ളത്. ഇപ്രകാരം തന്നെ *വല്ലാഹു മുത്തിമ്മുനൂരിഹി*(അല്ലാഹു തന്റെ പ്രകാശത്തെ പൂർത്തിയാക്കുന്നവൻ തന്നെയാണ്) എന്നതിന്റെ ആത്മീയമായ നിലയിലുള്ള സാക്ഷാത്കാരം ഈ വിനയനാകുന്നു. ഈയുള്ളവനെഴുതിയ തെളിവുകളും പ്രമാണങ്ങളും എതിരാളികൾക്കെതിരിലുള്ള കാര്യങ്ങളും അല്ലാഹു എതിരാളികൾവരെ എത്തിക്കുന്നതായിരിക്കും. അതിന് മറുപടിയെഴുതാൻ അവർക്ക് സാധിക്കുകയില്ലെന്നും അവർ നിരുദ്ധകണ്ഠരാണെന്നും ലോകത്ത് പ്രകടിപ്പിച്ച് ഉപര്യുക്ത ആയത്തിൽ പറഞ്ഞതിന്റെ അർഥം പൂർത്തിയാക്കുന്നതായിരിക്കും. ഫൽഹംദു ലില്ലാഹി അലാ ദാലിക്.' (ബറാഹീനെ അഹ്മദിയ്യ ഭാഗം 4, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 596, അടിക്കുറിപ്പിന് അടിക്കുറിപ്പ് നമ്പർ 3)

പേജ് 1ൽ നിന്ന്

ഴിഞ്ഞുവെന്ന്! എങ്ങനെയാണ് സത്യന്വേഷകർ *യദ്ഖുലൂന ഫീ ദീനില്ലാഹി അഫ്‌വാജാ* എന്നതിന്റെ സാക്ഷാത്കാരമായിക്കൊണ്ടിരിക്കുന്നത്."(അൽബലാഗ്, ഫരിയാദെ ദർദ്, റൂഹാനീ ഖസാഇൻ വാള്യം 13, പേജ് 422)

ഇന്ന് അല്ലാഹുവിന്റെ കൃപയാൽ എല്ലാ ഓരോ വർഷവും ലക്ഷക്കണക്കിനാളുകളാണ് ജമാഅത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നത്. 2019-ൽ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചവരുടെ അംഗസംഖ്യ 1668527 ആയിരുന്നു. 2015 ജൂൺ 7 ന് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ചെയ്ത ജർമൻ ജൽസാ സാലാനയുടെ സമാപനപ്രഭാഷണത്തിൽ പറഞ്ഞു:

"അല്ലാഹുവിന്റെ കൃപയാൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇവിടേയും, ലോകത്തിലെ എല്ലാ രാജ്യത്തും ജമാഅത്തിനെ സംബന്ധിച്ചുള്ള പരിചയം വർധിക്കുകയും ജനങ്ങൾ അഹ്മദിയ്യത്തിന്റെ സമീപത്തെത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അവർ വിശാലമായ നിലയിൽ ജമാഅത്തിനെ കുറിച്ച് അറിയാൻ ആഗ്രഹിക്കുന്നു. രാജ്യങ്ങളിലെ വലിയ വലിയ നഗരങ്ങളിൽ അഹ്മദിയ്യത്തിനെ ഇപ്പോൾ ജനങ്ങൾ അറിയാൻ തുടങ്ങിയിരിക്കുന്നു. ഇവരിൽ മുസ്‌ലിമീങ്ങളും അമുസ്‌ലിമീങ്ങളുമെല്ലാം പെടുന്നു."(സമാപന പ്രഭാഷണം ജൽസസാലാന ജർമനി 2015 ജൂൺ 7)

ഇന്ന് ജമാഅത്തിനെ അറിയുന്നത് ലോകത്ത് തീർച്ചയാ യും എട്ടുവർഷം മുമ്പേയുള്ളതിനെക്കാൾ കൂടുതൽ വിപുലമായി കഴിഞ്ഞിട്ടുണ്ട്. ഹുദൂറിന് ഇപ്പോൾ ലോകത്തിലെ വലിയ വലിയ വികസിതരാഷ്ട്രങ്ങളിൽ ഉജ്ജ്വലമായ അംഗീകാരമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദും(അ), ആരാലും അറിയപ്പെടാതിരുന്ന അവിടത്തെ കുഗ്രാമവും ഇന്നെവിടെ നില്ക്കുന്നു! മുഴുലോകത്തും ആ മഹാത്മാവിനുണ്ടായിരിക്കുന്ന ഇന്നത്തെ പ്രശസ്തിയും വിഖ്യാതിയും ഇന്നെവിടെ നില്ക്കുന്നു! ഹദ്റത്ത് മസീഹ് മൗഊദ്(അ) 1882-ൽ അല്ലാഹുവിന്റെ വാഗ്ദാനവും സഹായവും വാഗ്ദാനം ചെയ്തുകൊണ്ടുള്ള തനിക്കുണ്ടായ ഇൽഹാമുകൾ പരാമർശിച്ചതിനുശേഷം പറയുന്നു:"ഞാൻ ആരാലും അറിയപ്പെടാതിരുന്ന കാലത്തെ അല്ലാഹുവിൽനിന്നുണ്ടായ പ്രവചനമാണിത്........അതിലൊന്ന് *അഹദുൻമ്മിനന്നാസ്* എന്നതായിരുന്നു. ആരാലും അറിയപ്പെടാത്തവൻ മാത്രമായിരുന്നു. ഒരാൾപോലും ഞാനുമായി ബന്ധംവെച്ചിരു ന്നില്ല......ഇതിനുശേഷം അല്ലാഹു ഈ പ്രവചനം പുല ർത്തിക്കാണിക്കുന്നതിനുവേണ്ടി തന്റെ അടിയാറുകളെ എന്നിലേക്ക് തിരിച്ചുവിട്ടു. കൂട്ടംകൂട്ടമായി ആളുകൾ ഖാദിയാനിൽ വന്നു. വന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. രൊക്കം പണമായും വസ്തുക്കളായും എല്ലാതരത്തിലുള്ള പാരിതോഷികങ്ങളും എത്രമാത്രം ജനങ്ങൾ തന്നുവെന്നാൽ, തന്നുകൊണ്ടിരിക്കുന്നുവെന്നാൽ അതെനിക്ക് എണ്ണിത്തിട്ടപ്പെടുത്താൻ കഴിയുകയില്ല." (ഹഖീഖത്തുൽവഹി, റൂഹാനീ സാഇൻ വാള്യം 22, പേജ് 261)

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഒരു കവിതയിൽ പറയുന്നു: "എന്റെ പേരുപോലും ആരും അറിയാതിരുന്ന ഒരു കാലമുണ്ടായിരുന്നു. ഖാദിയാനും ഏതോ ഗുഹയ്ക്കടിയിലെന്നപോലെ ആയിരുന്നു. എന്നെ ആരും അറിഞ്ഞിരുന്നില്ല. എന്നെ വിശ്വസിക്കുന്നവരും ആരുമുണ്ടായിരുന്നില്ല. എന്നാൽ, ഇപ്പോൾ നോക്കുക! എല്ലായിടത്തും എന്നെ കുറിച്ചുള്ള ചർച്ച എങ്ങനെയാണ് നടക്കുന്നതെന്ന്! എന്റെ പ്രശസ്തിയെ കുറിച്ച് ഞാൻ ആരാലും അറിയപ്പെടാതിരുന്ന കാലത്ത് അല്ലാഹു അറിയിപ്പു നല്കിയിരുന്നു. ഇപ്പോൾ അത് പകൽവെളിച്ചംപോലെ പുലർന്നിരിക്കുന്നു. പർദയ്ക്കു പിന്നിലിരുന്ന് ആരാണ് എനിക്ക് എല്ലാ മൈതാനത്തും വിജയം നല്കുന്നത്? നിങ്ങളെ ഓരോ നിമിഷവും ലജ്ജിതരാക്കിക്കൊണ്ടിരിക്കുന്നതാരാണ്? ഇയാൾ അതിവേഗം നശിച്ചുപോകുമെന്ന് നിങ്ങൾ പറയാറുണ്ടായിരുന്നു. ഇത് തങ്ങളുടെ കൈയിൽ കുടുങ്ങിയുട്ടുള്ള നിസാര ഇരയാണെന്നും നിങ്ങൾ പറഞ്ഞിരുന്നു. പിന്നീടെന്താണ് ഉണ്ടായത്? ആരാണ് എന്നെ സഹായിച്ചത്? ഇച്ഛാഭംഗപ്പെട്ടവരും എല്ലാ നഷ്ടപ്പെട്ടവരുമായിത്തീർന്നു നിങ്ങൾ. ഞാനാണെങ്കിൽ സൗഭാഗ്യവാനും!

വരാനിരിക്കുന്ന മസീഹ് മൗഊദിനുവേണ്ടി നബി(സ)തിരുമേനി 'നുസൂൽ' എന്ന പദം ഉപയോഗിച്ചിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നുസൂൽ എന്നതിനെ വ്യാഖ്യാനിച്ചുകൊണ്ടു പറയുന്നു:" മസീഹ് മൗഊദിന് എല്ലാ രാജ്യങ്ങളിലും പ്രശസ്തി ഉണ്ടാകുന്നതിന്റെ രണ്ടാമത്തെ കാരണം, എത്രയും വേഗം നേരത്തും കാലത്തും വെളിപ്പെടുക എന്നതാണ്. കാരണം ഏതൊരു വസ്തുവാണോ ആകാശത്തുനിന്ന് ഇറങ്ങുന്നത് അതിനെ ദൂരത്തും അടുത്തും വിവിധ ദിശകളിലും ഭാഗങ്ങളിലുമുള്ളവർക്ക് കാണാൻ കഴിയും. നീതിമാന്മാരുടെ ദൃഷ്ടിയിൽ അതിന് ഒരു മറയുമുണ്ടായിരിക്കുകയില്ല. ഒരു ഭാഗത്തുനിന്ന് മറുഭാഗം വരെ മുഴങ്ങുന്ന ഇടിമിന്നൽപോലെ അവർ അതിനെ കാണുകയും എല്ലാ ഭാഗത്തും വൃത്തംപോലെ വലയം ചെയ്യുകയും ചെയ്യുന്നു."(ഖുത്വ്ബ ഇൽഹാമിയ്യ, ഉർദു തർജമ പേജ് 3)

അതിനാൽ ജമാഅത്ത് എല്ലാ ഭാഗങ്ങളിലും വൃത്തംപോലെ വലയം ചെയ്യുന്ന ആ സുദിനവും ഇപ്പോൾ വിദൂരമല്ല. ഇൻശാഅല്ലാഹ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഴുലോകത്തും ജമാഅത്ത് വിജയിക്കുന്നതിന് മൂന്നു നൂറ്റാണ്ടാണ് നിശ്ചയിച്ചിട്ടുള്ളത്. അവിടന്ന് പറയുന്നു:"ഇന്നു മുതൽ മൂന്നു നൂറ്റാണ്ടു തികയുന്നതിനുമുമ്പേ ഈസായെ കാത്തിരിക്കുന്നവർ മുസ്‌ലിമീങ്ങളാവട്ടെ ക്രിസ്ത്യാനികളാവട്ടെ നിരാശരും തെറ്റായ ഭാവനക്കാരുമായിക്കൊണ്ട് വ്യാജമായ ഈ വിശ്വാസത്തെ കൈവെടിയുന്നതായിരിക്കും. ലോകത്ത് ഒരേയൊരു മതമായിരിക്കുമുണ്ടാകുക. ഒരേയൊരു നേതാവും. ഞാനൊരു ബീജാവാപം ചെയ്യുന്നതിനു വന്നിരിക്കുന്നു. എന്റെ കൈയാൽ ആ ബീജം വിതയ്കപ്പെട്ടു. ഇനി അത് വളരുകയും പുഷ്പിക്കുകയും ചെ യ്യും. അതിനെ തടയാൻ ആർക്കും കഴിയുകയില്ല."(തദ്കിറത്തുശ്ശഹാദത്തയ്ൻ, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 67)

തദ്കിറത്തുശ്ശഹാദത്തയ്ൻ 1903-ലെ രചനയാണ്. ഈ പ്രവചനം ചെയ്തിട്ട് ഇന്ന് 118 വർഷം പൂർത്തിയായി കഴിഞ്ഞിരിക്കുന്നു. മൂന്നു നൂറ്റാണ്ട് പൂർത്തിയാകാൻ 182 വർഷം ബാക്കിയുണ്ട്. 182 വർഷത്തിനുശേഷം മുഴുലോകത്തും അഹ്മദിയ്യ ജമാഅത്തിന്റെ വിജയമായിരിക്കും. പക്ഷേ, ഏതൊരുവേഗത്തിലാണോ അഹ്മദിയ്യത്ത് ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്നത്, ഏതൊരു വേഗത്തിലാണോ അതിന്റെ പ്രശസ്തിയിലും സ്വീകാര്യതയിലും വർധന ഉണ്ടായിക്കൊണ്ടിരിക്കുന്നത് അതുകാണുമ്പോൾ വളരെ കുറച്ചു കാലത്തിനുള്ളിൽത്തന്നെ അഹ്മദിയ്യത്ത് ലോകത്ത് വിജയം വരിക്കുമെന്ന് നമുക്ക് ദൃഢഗാഢമായ വിശ്വാസമുണ്ട്. ഇൻശാഅല്ലാഹ്. അല്ലാഹുവേ! നീ അങ്ങനെതന്നെ ചെയ്താലും. ആമീൻ ഥുമ്മ ആമീൻ

**(മൻസ്വൂർ അഹ്മദ് മസ്റൂർ)**

●

പേജ് 3ൽ നിന്ന്

ക്കുകയില്ല. ആ നേരത്ത് ജനങ്ങളുടെ മനസ്സുകളിൽ താങ്കളുടെ മഹത്ത്വം വളരെ വർധിച്ചിരിക്കും. അത് ഏറ്റവും വലിയ പ്രധാനമന്ത്രിയെക്കാളും അധികമായിരിക്കും."(അൽഫള്ൽ 1947 മെയ് 6)

## എല്ലാ രാജ്യങ്ങളും ജനതകളും സ്നേഹംകൊണ്ട് മദോന്മത്തരായിരിക്കും

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)

"ഈ നേരത്ത് സത്യത്തിന്നെതിരിൽ ശയ്ത്വാൻ കളവിന്റെ രൂപത്തിൽ യോദ്ധാവാണ്. ആത്മീയയുദ്ധം ചെയ്തുകൊണ്ടിരിക്കുന്ന അഹ്മദിയ്യ ജമാഅത്ത് ശയ്ത്വാനെതിരിൽതന്നെയാണ് പോരാടിക്കൊണ്ടിരിക്കുന്നത്. ഈ ജിന്നിനെ ദൈവിക ഏടുകളിൽ സത്യാസത്യങ്ങൾ തമ്മിലുള്ള അവസാന പോരാട്ടമായി നിശ്ചയിച്ചിരിക്കുന്നു. ഇതിൽ വിജയം കരസ്ഥമാക്കിയതിനുശേഷം ഇസ്‌ലാം മുഴുലോകത്തും വിജയം വരിക്കുന്നതായിരിക്കും. അല്ലാഹുവിന്റെ തൗഹീദ് എല്ലാ മനുഷ്യർക്കിടയിലും വ്യാപിക്കുന്നതായിരിക്കും. ലോകത്തിലെ എല്ലാ രാജ്യങ്ങളും ജനതകളും നബി(സ)തിരുമേനിയോടുള്ള സ്നേഹംകൊണ്ട് ഉന്മത്തരായി തീരുന്നതായിരിക്കും." (ഖുത്വ്ബാത്തെ നാസ്വിർ വാള്യം 1, പേജ് 82)

## ഇസ്‌ലാമിന്റെ ശത്രുക്കളുടെ എല്ലാ സ്വപ്നങ്ങളും വിഫലമായിത്തീരും:

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറയുന്നു: "നമ്മെ ഉന്മൂലനം ചെയ്യാൻ ആഗ്രഹിക്കുന്നവരുടെ സ്വപ്നം ഒരിക്കലും പുലരുകയില്ല. എന്റെ യജമാനരായ ഹദ്റത്ത് മുഹമ്മദ്(സ)ന്റെ സ്വപ്നം തന്നെയായിരിക്കും പുലരുന്നത്. അത് അവിടത്തെ പൂർണപ്രേമിയായ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വപ്നമായിരുന്നു. മുഴുലോകത്തും നബി(സ)തിരുമേനിയുടെ പതാക നാട്ടപ്പെടുന്നതായിരിക്കും. ഇസ്‌ലാമിന്റെ ശത്രുക്കളുടെ എല്ലാ സ്വപ്നങ്ങളും വിഫലമായിത്തീരും. പുലരുകയില്ല. നിർഭാഗ്യമായി പുറത്തുവരും. എല്ലായിടത്തും എല്ലാ നാട്ടിലും എല്ലാ ഗ്രാമത്തിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പതാക നാട്ടപ്പെടുന്നതായിരിക്കും; അതേ പതാക അത് യഥാർഥത്തിൽ ഹദ്റത്ത് മുഹമ്മദ്(സ)യുടെതന്നെ പതാകയാണ്! ഇസ്‌ലാമിന്റെ ശത്രുക്കളുടെ എല്ലാ സ്വപ്നങ്ങളും വിഫലമായിത്തീരുന്നതാണ്." (അൽഫള്ൽ 1983 ജൂൺ 9)

## നബിയുടെ പതാക ലോകത്ത് പാറിപ്പറക്കും:

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹു)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: "അതുകൊണ്ട് ഇന്ന് ദീനിന്റെ ജീവനത്തിന്, ഇസ്‌ലാമിന്റെ നഷ്ടപ്പെട്ട പ്രതാപവും പ്രൗഢിയും തിരിച്ചുകൊണ്ടുവരുന്നതിന്, നബി(സ)തിരുമേനിയുടെ ശത്രുക്കളെ പ്രതിരോധിക്കുന്നതിന് ഏതൊരു അല്ലാഹുവിന്റെ ഖയൽമാനെയാണോ എഴുന്നേല്പിച്ച് നിറുത്തിയിട്ടുള്ളത്, അദ്ദേഹത്തിന്റെ പിന്നാലെ നടക്കുന്നതുകൊണ്ട്, അദ്ദേഹത്തിന് അല്ലാഹു പറഞ്ഞു കൊടുത്തിട്ടുള്ള പ്രമാണങ്ങളും തെളിവുകളുംകൊണ്ട് അദ്ദേഹത്തിന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നതുകൊണ്ട് ഇസ്‌ലാമിന്റേയും നബി(സ)തിരുമേനിയുടേയും പതാക പൂർണമായ ശോഭയോടും പ്രകാശത്തോടുംകൂടി പൂർണമായ പ്രതാപത്തോടും പ്രൗഢിയോടുംകൂടി ലോകത്ത് പാറിപ്പറക്കുന്നതായിരിക്കും. ഇൻശാ അല്ലാഹ്. പറത്തിക്കൊണ്ടേപോകുന്നതായിരിക്കും." (അൽഫള്ൽ ഇന്റർനാഷണൽ 2006 മാർച്ച് 17)

●

# മധ്യപൗരസ്ത്യ ദേശത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ പുരോഗതികൾ

**മൗലവി ശംസുദ്ദീൻ മലബാരി, മിഷണറി ഇൻചാർജ് പലസ്തീൻ**
**വിവർത്തനം: മൗലവി അലിക്കുഞ്ഞ് കരുളായ്**

ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ് എന്നിവയുടെ മധ്യത്തിലായി വരുന്ന ഈ ഭൂഭാഗം ചരിത്രപരമായും സാംസ്കാരികപരമായും വളരെ പ്രാധാന്യമർഹിക്കുന്ന ഭാഗമാണ്. പ്രധാനപ്പെട്ട മതവിഭാഗങ്ങളായ ഇസ്‌ലാം, ക്രിസ്തു മതം, യഹൂദമതം ഇവയുടെ എല്ലാം ആരംഭവും അവരുടെ പരിശുദ്ധ കേന്ദ്രങ്ങളും ഈ ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. ഖുർആനിൽ ചർച്ച ചെയ്യപ്പെടുന്ന പ്രവാചകന്മാരും സംഭവങ്ങളും പഴവർഗ്ഗങ്ങളുമെല്ലാം ഈ ഭാഗവുമായി ബന്ധപ്പെട്ടുകൊണ്ടാണെന്നു നമുക്ക് മനസ്സിലാക്കാം. ആയിരക്കണക്കിന് വർഷങ്ങളുടെ ചരിത്രവും സംസ്കാരവും പരതുമ്പോൾ അവരുടെ കേന്ദ്രവും ഈ ഭാഗത്താണെന്നു കാണാവുന്നതാണ്.

മധ്യപൗരസ്ത്യ ദേശത്തെ വംശീയമായ സാഹോദര്യബന്ധങ്ങളിൽ ആഫ്രിക്കക്കാരനും അറേബ്യാകാരനും, അർമേനിയകാരനും, ബർബർ, യൂനാനി, യഹൂദി, കുർദ്, ഫാർസി, താജിക്, തുർക്, തുർക്മാൻ തുടങ്ങിയവരും ഉൾപ്പെടുന്നു. എന്നാൽ, ഏറ്റവും കൂടുതൽ സംസാരിക്കുന്ന ഭാഷ അറബിയാണ് .മറ്റു ഭാഷകളിൽ അർമീനിയായി, ആദ്രി, ബർബർ, ഇബ്റാനി, കുർദ്, ഫാർസി, തുർക് ഭാഷകളും സംസാരിച്ചുവരുന്നുണ്ട്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ എല്ലാ രാജ്യങ്ങളിലും മുഹമ്മദി മസീഹിന്റെ അനുയായികളെ നമുക്ക് കാണാം. ചില സ്ഥലങ്ങളിൽ വളരെ കുറവായിരിക്കാം; ചില സ്ഥലങ്ങളിൽ രഹസ്യമായിട്ടായിരിക്കാം. ചിലയിടങ്ങളിൽ നാമമാത്ര ഉലമാഇന്റെ അക്രമങ്ങളെ നേരിട്ടുകൊണ്ടും ചിലയിടങ്ങളിൽ യുക്തിപൂർവമായ നിലയിൽ തങ്ങളുടെ ഈമാനിനെ കാത്തുസൂക്ഷിച്ചുകൊണ്ടും ഏകാന്തവാസം അനുഷ്ഠിച്ച് തങ്ങളുടെ റബ്ബിനോടു കേണപേക്ഷിച്ചുകൊണ്ടും ഇപ്രകാരംതന്നെ ഒരു വലിയ വിഭാഗം ഈമാൻ പ്രകടിപ്പിച്ചുകൊണ്ടും കാലത്തിന്റെ ഇമാമിന്റെ ജമാഅത്തിൽ ചേർന്നുനിൽക്കുന്നുണ്ട്.

മധ്യപൗരസ്ത്യദേശത്ത് വൻതോതിലുള്ളത് അറബികളാണ്. ഏറ്റവുമധികം സംസാരിക്കപ്പെടുന്ന ഭാഷയും അറബിയാണ്. അതുകൊണ്ട് അറബിയുടെ മഹത്തായ സ്ഥാനവും അറബി സംസാരിക്കുന്നവരുടെ ആധിക്യവും കൊണ്ട് അറേബ്യൻ നാട് ഇവിടെ പ്രത്യേമായ നിലയിൽ ഇവിടെ സ്മരിക്കപ്പെടുകയാണ്.

ഹദ്റത്ത് മഹ്ദീ മസീഹ്(അ)ന് അറബികൾ അഹ്മദിയ്യത്ത് സ്വീകരിക്കുന്നത് സംബന്ധിച്ചു സുവാർത്തകൾ നൽകപ്പെട്ടത് ആ ദിവ്യാത്മാവിന്റെ ജീവിതകാലത്തുതന്നെ പൂർത്തീകരിക്കപ്പെട്ടിരുന്നു.1891-ൽ മക്കയിലെ ശുഅബ് അമീർ മൊഹല്ല വാസിയായ ബഹുമാന്യരായ ഹദ്റത്ത് മുഹമ്മദ് ബിൻ ശയ്ഖ് അഹ്മദ് അൽമക്കിയും ഹദ്റത്ത് മുഹമ്മദ് അസ്സയീദുൽഹമീദി ത്വറാബ്ലൂസി അശ്ശാമിയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കരങ്ങളിൽ ബഅയ്ത്ത് ചെയ്യാൻ ഭാഗ്യം സിദ്ധിച്ചവരാണ്. ഇവരുടെ പേരുകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) 313 സ്വഹാബാക്കളുടെ കൂട്ടത്തിൽ എഴുതിയതായി നമുക്ക് കാണാവുന്നതാണ്. ഇവരെ കൂടാതെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിത കാലത്തു എത്രയോ അറബികൾക്ക് സത്യം സ്വീകരിക്കാനും ഭാവി തലമുറയ്ക്ക് നല്ല മാതൃകകൾ ഉപേക്ഷിച്ചു പോകാനും സാധിച്ചിട്ടുമുണ്ട്.

ഖലീഫത്തുൽ മസീഹ് അവ്വലിന്റെ കാലത്തും അറബ് നാടുകളിൽ മതപ്രചാരണത്തിന് പണ്ഡിതരെ തയ്യാറാക്കുകയും അവിടെ അയക്കുകയും ചെയ്തിട്ടുണ്ട്. അതിനുവേണ്ടി അറബിപണ്ഡിതന്മാരെ തയ്യാറാക്കയിരുന്നു. ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഹദ്റത്ത് മൗലവി ഗുലാം നബി സാഹിബ് മിസ്രിയെ മിസ്റിലേക്ക് അയച്ചു. പിന്നട് 1913-ൽ ഹദ്റത്ത് സയ്നുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബിനേയും ശയ്ഖ് അബ്ദുർറഹ്മാൻ മിസ്രിയേയും തബ്ലീഗിനും തഅ്ലീമിനുമായി മിസ്റിലേക്ക് അയച്ചു.

ഹദ്റത്ത് മിർസാ ബശീറുദ്ധീൻ മഹ്മൂദ് അഹ്മദ്(റ) ആദ്യമായി ഹജ്ജിനു പോയപ്പോൾ ചില അറബ് നാടുകൾ സന്ദർശിക്കുകയും തബ്ലീഗ് സാധ്യതകൾ അന്വേഷിക്കുകയും ചെയ്തിരിക്കുന്നു. ഇത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ കാലത്തായിരുന്നു. പിന്നീട് 1922 ഇൽ ഖിലാഫത്തേ സാനിയയുടെ കാലത്ത് ഷൈക്ക് മഹ്മൂദ് അഹ്മദ് സാഹിബ് ഇർഫാനിയെ മിസ്റിലേക്കു അയക്കുകയും അദ്ദേഹം അവിടെ ജമാഅത്ത് സ്ഥാപിക്കുകയും ചെയ്തു പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മഹ്മൂദ്(റ) അറബ് നാടുകൾ സന്ദർശിക്കുകയും അതുമുഖേന ഹദ്റത്ത് മസീഹ് മൗഊദിന്റെ ഒരു പ്രവചനം പൂർത്തീകരിക്കുകയുമുണ്ടായി. അതായത് മസീഹ് മൗഊദ് ദിമിശ്ഖിനു കിഴക്ക് ഇറങ്ങുമെന്ന തിരുനബി വചനത്തെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം എഴുതി "പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)മോ അദ്ദേഹത്തിന്റെ ഖലീഫയോ ദിമിശ്കിൽ പോകുന്നതാണ്. ദിമിശ്കിന്റെ കിഴക്കു മിനാരത്തിൽ ഈസ ഇറങ്ങുമെന്ന മുസ്‌ലിമിന്റെ ഹദീഥിന്റെ വിവക്ഷിതം ഇതാണ്. കാരണം മറ്റൊരു നാട്ടിൽ നിന്ന് യാത്രക്കാരനായി എത്തുന്ന ആൾക്കാണ് നസീൽ(......) എന്ന് പറയുന്നത്. (ഹാമാമത്തുൽ ബുശ്റ, റൂഹാനി ഖസായിൻ വാള്യം 7 പേജ് 225)

1924-ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) യൂറോപ്യൻ പര്യടനത്തിന് യാത്ര തിരിച്ചപ്പോൾ അറബ് പട്ടണങ്ങളായ അദൻ, പോർട്ട് സഈദ്, ഖാഇറ ബയ്ത്തുൽ മുഖദ്ദസ്, ഹയ്ഫ, ദിമിശ്ഖ് ബെയ്റൂത്ത്, എന്നിങ്ങനെയുള്ള സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി. ഈ യാത്രയിൽ ഈമാനിക വർധനവിനുള്ള ധാരാളം സംഭവങ്ങളുണ്ടായി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ കൂടെ പന്ത്രണ്ടു പേരുണ്ടായിരുന്നു. അതിൽപ്പെട്ട ഡോക്ടർ ഹശ്മത്തുല്ലാഹ് സാഹിബ് പറയുന്നു: 'ഒരു ദിവസം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) കപ്പലിന്റെ തുറന്ന സ്ഥലത്തു തന്റെ കൂടെയുള്ളവരോടൊപ്പം നമസ്കാരം അനുഷ്ഠിച്ച് ഇരിക്കുകയായിരുന്നു. കപ്പലിലെ ഡോക്ടർ (അദ്ദേഹം ഇറ്റലിക്കാരനായിരുന്നു) ഹദ്റത്ത് മുസ്‌ലിഹ് മൗഊദിനെ ചൂണ്ടിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: 'യേശു മസീഹും 12 ഹവാരീങ്ങളും.' ഇതുകേട്ട് ഞാൻ അത്ഭുത പരതന്ത്രനായി. അല്ലാഹു എങ്ങനെയെല്ലാമാണ് അവന്റെ സത്യത്തെ വെളിപ്പെടുത്തുന്നത്.' (താരീഖെ അഹ്മദിയ്യത്ത്, വാള്യം 4 പേജ് 437)

ഈ യാത്രയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ദിമശ്ഖിൽ കുറച്ചു ദിവസം തങ്ങുകയും പലരുമായും കൂടിക്കാഴ്ചകൾ ഉണ്ടാവുകയും ചെയ്തു. അവിടെയുള്ള പ്രസിദ്ധനായ വാഗ്മിയും സാഹിത്യകാരനുമായ ശയ്ഖ് അബ്ദുൽ ഖാദിർ സാഹിബ് മഗ്‌രിബി ഹദ്റത്ത് മുസ്‌ലിഹ് മൗഊദിനോട് ഇപ്രകാരം പറഞ്ഞു: 'ഒരു ജമാഅത്തിന്റെ നേതാവെന്ന നിലയ്ക്ക് ഞങ്ങൾ താങ്കളെ ബഹുമാനിക്കുന്നു. പക്ഷേ, താങ്കളുടെ വീക്ഷണത്തെ ഇവിടത്തുകാർ അംഗീകരിക്കുമെന്ന് ഒരിക്കലും പ്രതീക്ഷിക്കണ്ട. കാരണം ഞങ്ങൾ അറബ് വംശജരാണ്. അറബി ഞങ്ങളുടെ മാത്രം ഭാഷയാണ്. ഞങ്ങളെക്കാൾ കൂടുതൽ ഒരു ഇന്ത്യക്കാരന് എത്ര തന്നെ ആലിമായിരുന്നാലും ഖുർആനും ഹദീഥും മനസിലാക്കാൻ കഴിയുകയില്ല." ഇതുകേട്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ചെറുപുഞ്ചിരിയോടെ അതിനെ തിരുത്തുകയും ഞങ്ങളുടെ ജോലി ലോകം മുഴുവനും മുബല്ലിഗുമാരെ അയക്കുക എന്നതാണ്. അതുകൊണ്ട് തിരിച്ചെത്തിയാൽ ആദ്യത്തെ ജോലി താങ്കളുടെ നാട്ടിലേക്കു മുബല്ലിഗിനെ അയക്കുക എന്നതായിരിക്കും.'(ഇൻശാഅല്ലാഹ്). ദൈവിക ധ്വജവാഹകർക്കു മുമ്പിൽ നിങ്ങളുടെ നിലനിൽപ്പ് നമുക്കൊന്നു കാണാം.'(താരീഖെ അഹ്മദിയ്യത്ത് വാള്യം 4, പേജ് 443)

അങ്ങനെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പര്യടനം കഴിഞ്ഞു തിരിച്ചെത്തിയതിനുശേഷം മൗലാനാ ജലാലുദ്ദീൻ സാഹിബിനേയും ഹദ്റത്ത് സയ്നുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബിനെയും ശാമിലേക്കു അയക്കുകയുണ്ടായി. തുടർന്ന് അവിടെ ജമാഅത്ത് സ്ഥാപിതമാകുകയും പുരോഗതി പ്രാപിക്കുകയും ചെയ്തു. 1955-ൽ വീണ്ടും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ശാം സന്ദർശിച്ചു. അദ്ദേഹം വിതച്ച വിത്തുകൾ മുളച്ചു ഫലദായകമായ വൃക്ഷങ്ങളായിത്തീർന്നിരുന്നു. അങ്ങനെ അറബ് രാജ്യങ്ങളിൽ പ്രത്യേകിച്ചു ശാമിൽ ആത്മീയ വിപ്ലവവും വിജയവും ആരംഭിച്ചു കഴിഞ്ഞിരുന്നു. പ്രസിദ്ധനായ ഒരു സ്വൂഫി വലിയ്യ് ഹദ്റത്ത് യഹ്‌യാ ബിൻ അഖബ്(റഹ്) മുഅല്ലിമുസ്സിബ്‌യന്റെ പ്രവചനം *വ മഹ്മൂദുൻ സയളു് ഹറു ബഅ്ദ ഹാദാ, വ യംലിക്കുശ്ശാമ ബിലാ ഖിതാൽ* 'അദ്ദേഹത്തിനു ശേഷം മഹ്മൂദ് വരുന്നതായിരിക്കും. അദ്ദേഹം യുദ്ധം ചെയ്യാതെ ശാം കീഴടക്കുന്നതായിരിക്കും'. ഇതു വളരെ ഭംഗിയായി പുലർന്നു.(പൂർണമായ പ്രവചനം വായിക്കാൻ കിതാബു ശംസുൽ മആരിഫുൽ കുബ്റാ ലിശയ്ഖ് അഹ്മദ് ബിൻ അലി അൽബൂനി മരണം 622 ഹിജ്‌രി)

ശാമിൽ ഹദ്റത്ത് ജലാലുദ്ദീൻ ശംസ് സാ

ഹിബിനുമേൽ വധശ്രമമുണ്ടായി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ദുആ മുഖേന അത്ഭുതകരമായ ശിഫാ ലഭിച്ചു. തുടർന്ന് അദ്ദേഹം ഹയ്ഫയിലേക്കു മാറി. 1928-ൽ ഹയ്ഫയിലും പിന്നീട് കബാബീറിലും ജമാഅത്ത് സ്ഥാപിതമായി .

**അഹ്മദിയ്യാ ജമാഅത്ത് കബാബീർ:**

1928-ൽ ജലാലുദ്ദീൻ ശംസ് സാഹിബു മുഖേന കബാബീറിൽ ജമാഅത്ത് സ്ഥാപിതമായി. കബാബീറിലെ ജമാഅത്ത് ആരംഭം മുതലേ 100 ശതമാനവും അറബ് അഹ്മദികൾ അടങ്ങിയ നിലയിലാണ് വന്നുകൊണ്ടിരിക്കുന്നത്. ഇവരിൽ ഭൂരിഭാഗവും ബന്ധുക്കളാണ്. 1931-ൽ ഇവിടെ മസ്ജിദിന് തറക്കല്ലിട്ടു.അത് അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ അറേബ്യൻ നാട്ടിൽ നിർമിക്കപ്പെട്ട ആദ്യത്തെ മസ്ജിദാണ്. ഈ മസ്ജിദിന്റെ പേര് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പേരുമായി ചേർത്ത് 'ജാമിഅ് സയ്യിദുനാ മഹ്മൂദ്' എന്നാണ്. അത് കൽമൽ മലയുടെ മീതെ സമുദ്രത്തോടു അടുത്താണ് സ്ഥിതി ചെയ്യുന്നത്. 1979-ൽ ഇത് പുനർനിർമാണം നടത്തി. അതിന്റെ രണ്ടു മിനാരങ്ങൾ തൽഅബീബ് ഹയ്ഫയുടെ മെയിൻ റോട്ടിൽ വളരെ ദൂരത്തുനിന്നുതന്നെ കാണാവുന്ന സുന്ദരമായ കാഴ്ചയാണ്. ധാരാളം സന്ദർശകർ ഇവിടെ വരികയും ഇസ്‌ലാം -അഹ്മദിയ്യത്തിനെ പരിചയപ്പെടുകയും തങ്ങൾ ഈ മനോഹരമായ പ്രദേശത്തുവന്ന് മനോഹരമായ മസ്ജിദിൽ യഥാർഥ ഇസ്‌ലാമിന്റെ മനോഹാരിത പ്രാപിക്കുകയും ചെയ്തുവെന്ന് പറയുകയും ചെയ്യാറുണ്ട്.

കബാബീറിനെ ജനവാസമാക്കുന്ന കുടുംബത്തിന്റെ പേര് "ഔദ" എന്നാണ്. ഉഥ്മാനിയ ഖിലാഫത്തിന്റെ അവസാനകാലത്ത് ഏകദേശം 1850 നോടടുത്ത് 'ഔദ നദി' സാഹിബ് എന്നു പേരുള്ള ഒരാൾ അഞ്ചു മക്കളടങ്ങുന്ന കുടുംബവുമായി വന്ന്, യരുശലേമിനടുത്ത് നഅ്ലയ്ൻ എന്നു പേരുള്ള ഒരു ഗ്രാമത്തിൽനിന്ന് ഹിജ്റത്ത് ചെയ്ത് കർമൽ മലയിൽ വന്നു ഏകാന്തവാസം സ്വീകരിച്ചു.

പിന്നീട് അല്ലാഹു ഇതേ കുടുംബത്തിന് അഹ്മദിയ്യത്തു സ്വീകരിക്കാൻ തൗഫീഖ് പ്രദാനം ചെയ്തു. അങ്ങനെ ഔദ സാഹിബിന്റെ മക്കളിൽനിന്ന് ഒരാൾ 100 വർഷത്തിലേറെ ജീവിച്ചു. തന്റെ മക്കളോടൊപ്പം ബയ്അത്ത് ചെയ്യാൻ അദ്ദേഹത്തിന് തൗഫീഖ് ലഭിച്ചു. പിന്നീട് ഔദ സാഹിബിന്റെ എല്ലാ പൗത്രന്മാരും അവരുടെ മക്കളുമെല്ലാവരും ബയ്അത്ത് ചെയ്ത് കാലത്തിന്റെ ഇമാമിന്റെ ജമാഅത്തിൽ ചേർന്നു.

ഇവിടെ താമസിച്ച ജമാഅത്തിന്റെ മഹാത്മാക്കളായ ഉലമാ കബാബീറിനെ മധ്യപൗരസ്ത്യദേശത്ത് മർകസാക്കിക്കൊണ്ട് വലിയ വൈജ്ഞാനികപരവും പ്രചാരണപരവുമായ പ്രവൃത്തികളാണ് ചെയ്തത്. 1932-ൽ മൗലാനാ അബുൽ അത്വാ സാഹിബ് ജലന്ധരിയുടെ നേതൃത്വത്തിൽ 'അൽ ബിശാറുൽ ഇസ്‌ലാമിയ്യ അൽ അഹ്മദിയ്യാ' എന്ന പേരിൽ ഒരു മാഗസീൻ തുടങ്ങുകയുണ്ടായി. 1935 മുതൽ ഇത് അൽ ബുശ്റാ എന്ന പേരിൽ പ്രസിദ്ധീകരിച്ചു വരികയും ഇന്നും അത് നിലനിൽക്കുകയും ചെയ്യുന്നു. കുട്ടികളുടെ തഅ്ലീം തർബിയ്യത്തിന് മദ്രസത്തുൽ അഹ്മദിയ്യാ എന്ന പേരിൽ ഒരു സ്ഥാപനവും തുടങ്ങുകയുണ്ടായി. 1968 മുതൽ മസീഹ് മൗഊദ് ദിനം, മുസ്‌ലിഹ് മൗഊദ് ദിനം തുടങ്ങിയവയെല്ലാം ജമാഅത്തിരീതിക്കനുസരിച്ച് നടത്താൻ തുടങ്ങി. ഇത്തരുണത്തിൽ മൗലാനാ ബശീറുദ്ദീൻ ഉബയ്ദുല്ലാഹ് സാഹിബിന്റെ സേവനങ്ങൾ പ്രത്യേകം സ്മരണീയമാണ്. 1986-ൽ മൗലാനാ മുഹമ്മദ് ഹമീദ് കൗഥർ സാഹിബിന്റെ ശ്രമത്താൽ മുസ്‌ലിഹ് മൗഊദ് ദിനത്തോടൊപ്പം മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ വാർഷിക ഇജ്തിമായും മുസ്‌ലിഹ് മൗഊദ് ദിനത്തിന്റെ അവസരത്തിൽ നടക്കുകയുണ്ടായി. ഇത് ജൽസകൾ വാസ്തവത്തിൽ ജൽസാസാലാനയ്ക്കുള്ള മുന്നോടിയായിരുന്നു.

1995-ൽ കബാബീറിൽ ആദ്യത്തെ വാർഷിക ജൽസ ഔദ്യോഗികമായി നടന്നു. മറ്റു സ്ഥലങ്ങളിൽ നിന്നും അതിഥികൾ പങ്കെടുത്തു. തുടർന്ന് 1996 ലും 1997 ലും ജൽസകൾ നടന്നു. പിന്നീട് മൂന്ന് വർഷം(1998 മുതൽ 2000വരെ) ജൽസകൾ നടത്താൻ സാധിച്ചില്ല. 2001 മുതൽ വീണ്ടും കബാബീറിൽ ജൽസകൾ നടത്തുകയും ഇന്നേവരെ അത് തുടർന്ന് വരികയും ചെയ്യുന്നു.

**അറബ് നാടുകളിൽ**
**പ്രതികൂല സാഹചര്യങ്ങൾ:**

1948-ൽ ഇസ്റായീൽ രാഷ്ട്രം സ്ഥാപിതമായി. ഹയ്ഫയിൽ നിന്നും മറ്റു ഭാഗങ്ങളിൽ നിന്നുമെല്ലാം മുസ്‌ലിമീങ്ങൾ ഉർദനിലേക്കും സിറിയയിലേക്കും മറ്റും പലായനംചെയ്തു. എന്നാൽ, കബാബീറിലെ അഹ്മദികൾ ഖിലാഫത്തിന്റെ നിർദേശത്തിന് ലബ്ബയ്ക്ക് പറഞ്ഞു കൊണ്ട് തങ്ങളുടെ സ്ഥലമായ കബാബീർ വിട്ട് പോയില്ല. തങ്ങളുടെ ഭൂമി യഹൂദികളുടെ കൈയിൽ കൊടുത്തതുമില്ല. എല്ലാ പ്രയാസങ്ങളും സഹിക്കാൻ തയ്യാറായി. അല്ലാഹു ഫള്ൽ ചെയ്തു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ദുആകളിലും മാർഗനിർദേശങ്ങളിലും കബാബീബുകാർ സുരക്ഷിതരായി. തങ്ങളുടെ മസ്ജിദിന്റെ ചുറ്റുപാടും നന്മയുടേയും ഐക്യത്തിന്റേയും ദൃശ്യങ്ങൾ കാഴ്ചവെച്ച് സൽസ്വഭാവങ്ങളുടെ ആയുധത്താൽ ശത്രുക്കളെ കീഴടക്കി. ഇപ്പോഴും സമാധാനത്തോടും ശാന്തിയോടും കൂടി താമസിച്ചു വരുന്നു. എന്നാൽ, മറ്റു അറേബ്യൻ രാജ്യങ്ങളുടെ സ്ഥിതി ഇതായിരുന്നില്ല.

1960 കളിൽ അറബ് നാടുകളിൽ രാഷ്ട്രീയപരമായി പല മാറ്റങ്ങളും സംഭവിച്ചു. രാഷ്ട്രീയപരമായ അരാജകത്വവും പ്രതിസന്ധികളും ജമാഅത്തിന്റെ പ്രവർത്തനങ്ങളെ വല്ലാതെ ബാധിച്ചു. തീരെ നിഷ്ക്രിയമായ അവസ്ഥ വ്യക്തിപരമായും ജമാഅത്തിപരമായും വലിയ നഷ്ടമുണ്ടാക്കി. ശക്തമായ എതിർപ്പുകളും മാനസിക പീഡനങ്ങളും വർധിച്ചുവന്നു. മർകസുമായുള്ള അവരുടെ ബന്ധം മുറിഞ്ഞു പോയി. അങ്ങനെ കുറച്ചു കാലത്തിനുള്ളിൽ ഈ പ്രദേശങ്ങളിൽ എവിടെയൊക്കെയോ അഹ്മദി ഉണ്ടായിരുന്നു. പക്ഷേ, അഹ്മദിയ്യത്തിന്റെ ശക്തവും കർമനിരതവും വ്യക്തവുമായിരുന്ന അസ്തിത്വം പൊതുദൃഷ്ടയിൽനിന്ന് അപ്രത്യക്ഷമായി.

**അറേബ്യൻ നാട്ടിൽ**
**ജമാഅത്തിന്റെ പുനരുദയം:**

നാലാം ഖിലാഫത്തു കാലത്ത് എം.ടി.എ(മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ) മുഖേനയും പ്രത്യേകിച്ചും 'ലിഖാഅ് മഅൽ അറബ്' പരിപാടികൾ മുഖേന അറബികളിൽ വൈജ്ഞാനിമായ അഭിവൃദ്ധ ഉണ്ടായി. ഓരോസ്ഥലത്തും ജമാഅത്തിന്റെ ചർച്ച ഉണ്ടാകാൻ തുടങ്ങി. പിന്നീട് അല്ലാഹു അഞ്ചാം ഖിലാഫത്തിന്റെ കാലത്ത് അറബികളിൽ വമ്പിച്ച വിപ്ലവമുണ്ടാക്കി. അഞ്ചാം ഖിലാഫത്തിന്റെ കാലം അറബികളുടെ ദീനീപരവും രാഷ്ട്രീയപരവുമായ ചരിത്രത്തിൽ അവിസ്മരണീയമായ കാര്യമായി ഇരിക്കുക എന്നത് ദൈവവിധിയാണ്. അഞ്ചാം ഖിലാഫത്ത് കാലത്തുണ്ടായ അറബ് രാജ്യങ്ങളിലെ അഭിവൃദ്ധികൾ സുദീർഘമാണ്. വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ മാത്രം വിവരിക്കാം.

**അഞ്ചാം ഖിലാഫത്തു കാലത്തെ**
**അഭിവൃദ്ധികൾ**

ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ഖിലാഫത്ത് ഏറ്റെടുത്ത സമയത്ത് നമ്മുടെ ആത്മാർഥനായ അറബ് സഹോദരൻ മുനീർ ഔദ സാഹിബിനോട് ഇപ്രകാരം പറഞ്ഞു: "എന്റെ ഇക്കാലത്ത് അറബികളിൽ തബ്ലീഗിനുള്ള മാർഗം തുറക്കപെടുന്നതാണ്. അറബികളിൽ അഹ്മദിയ്യത്തിന്റെ ഉണർവുണ്ടാകുകയും അവർ ധാരാളമായി അഹ്മദിയ്യത്തിന്റെ മടിത്തട്ടിൽ വരികയും ചെയ്യും. ഹുദൂറിന്റെ ഈ വാക്കുകൾ ഇന്ന് പുലർന്നുകൊണ്ടിരിക്കുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. MTA-3 അൽ അറബിയ അതിന്റെ ഒരു ഭാഗമാണ്. 24 മണിക്കൂർ ഒരു ചാനൽ പ്രവർത്തിപ്പിക്കുക അസാധ്യമെന്ന് തോന്നിയിരുന്നെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് അതു ഭംഗിയായി നടന്നു വരുന്നു.

**അറബികളോടു ഹുദൂറിന്റെ പ്രഭാഷണം**

2008 ജൂൺ 8-ന് ഹുദൂർ അയ്യദഹുല്ലാഹ് 'അൽ ഹിവാറുൽ മുബാശിർ'എന്ന അറബി പ്രോഗ്രാമിൽ അറബികളോട് നേരിട്ട് സംസാരിച്ചുകൊണ്ടു പറഞ്ഞു:

"അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു. അല്ലയോ അറേബ്യൻ സമൂഹമേ! നിങ്ങളിൽ അല്ലാഹുവിന്റെ എണ്ണമറ്റ കൃപയും പാരിതോഷിങ്ങളും നന്മകളുമുണ്ടായിരിക്കുമാറാകട്ടെ. നിങ്ങളുടെ അംഗസംഖ്യ ഇന്ന് ലോകരുടെ ദൃഷ്ടിയിൽ വളരെ കുറവാണ്. പക്ഷേ, നിങ്ങളുടെ മനസ്സ് ഇപ്പോൾ ഒരു പ്രാശത്താൽ ഭരിതമാണ്. ഈ അംഗസംഖ്യ വേഗം ഇൻശാഅല്ലാഹ് ആയിരങ്ങളും ലക്ഷങ്ങളും കോടികളുമായി മാറുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു........ഞാനെന്റെ എല്ലാ അറബ് സഹോദരങ്ങൾക്കും ഈ സന്ദേശം നല്കാൻ ആഗ്രഹിക്കുന്നു. ഇന്ന് ഏതൊരു ഇസ്‌ലാമും ഏതൊരു ഫള്ലും കൊണ്ട് അല്ലാഹു നിങ്ങളെ വിഭൂഷിതരാക്കിയിരിക്കുന്നുവോ അതിനെ മുമ്പോട്ടും വ്യാപിപ്പിക്കുക. മുഴുവൻ ലോകത്തേയും മുഴുവൻ അറബ് ലോകത്തേയും മുഹമ്മദി മസീഹിന്റെ പാദത്തിൻകീഴിൽ കൊണ്ടുവരുന്നതുവരെ സ്വസ്ഥമായിരിക്കരുത്. മുഹമ്മദീ മസീഹിന്റെ പാദത്തിൻകീഴിൽ ലോകത്തെ കൊണ്ടുവരുന്നതുകൊണ്ട് മുഹമ്മദീ മസീഹിന് മഹത്ത്വമുണ്ടാകുമെന്നല്ല. പ്രത്യുത ഇത് യഥാർഥമായ നിലയിൽ നബി(സ) തിരുമേനിയുടെ പാദത്തിൻ കീഴിൽ കൊണ്ടുവരുന്ന കാര്യമാണ്. അതിനെ ഇന്ന് ലോകം മറന്നു കഴിഞ്ഞിരിക്കുകയാണ്.........മെയ് 27 ന് യൗമെ ഖിലാഫത്തുദിവസം ഞാൻ എല്ലാ അഹ്മദികളിൽനിന്നും പ്രതിജ്ഞ വാങ്ങിയിരുന്നു; നിങ്ങൾ നബി(സ)തിരുമേനിയുടെ സന്ദേശത്തെ ലോകത്ത് എത്തിക്കുന്നതിനും അഹ്മദിയ്യ ഖിലാഫത്തിനെ നിലനിറുത്തുന്നതിനും വേണ്ടി സകല ത്യാഗങ്ങൾക്കും തയ്യാറായിരിക്കുമെന്ന്! ലോകം മുഴുവൻ നബി(സ)തിരുമേനിയുടെ പതാക പറപ്പിക്കാത്തിടത്തോളം സ്വസ്ഥമായി ഇരിക്കുകില്ലെന്ന്! അല്ലാഹുവിനോടു ദുആ ചെയ്യുകയാണ്. അറേബ്യൻ നാടുകളിൽ വസിക്കുന്ന നിങ്ങളിലുള്ള എല്ലാ അഹ്

മദികളും എന്റെ സുൽത്താനെ നസ്വീറായി ക്കൊണ്ട് ഈ പ്രവൃത്തിയിൽ എന്നോടൊപ്പം കൈകോർക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അല്ലാഹു നിങ്ങൾക്ക് അതിന് തൗഫീഖ് ന ല്കുമാറാകട്ടെ. ആമീൻ

**യൻസ്വുറുക്ക രിജാലുൻ നൂഹീ ഇലയ്ഹിം മിനസ്സമാഇ**

എം.ടി.എ അൽഅറബിയ മുഖേന തബ്ലീ ഗിന്റെ ഏറ്റവും നല്ല വഴി തുറന്നെങ്കിലും സന്മാർഗം നല്കുക എന്നത് അല്ലാഹുവിന്റെ കൈയിലാണ്. അല്ലാഹു ധാരാളം സൽപ്രകൃ തക്കാരായ അറബികൾക്ക് സത്യസ്വപ്നങ്ങൾ മുഖേന ആദ്യമെതന്നെ നബി(സ)തിരുമേനി യുടെ സേവകനായ സത്യമസീഹിന്റേയും അവിടത്തെ ഖലീഫമാരുടേയും ഫോട്ടോകൾ കാണിക്കുകയും പിന്നീട് എം.ടി.എയിലൂടെ ആ ഫോട്ടോകൾ കണ്ട് അവർ ഹിദായത്തി ലേക്ക് വരികയും ചെയ്തു നിരവധി സംഭവ ങ്ങളുണ്ട്. ഉദാഹരണത്തിന് ഒരെണ്ണം മാത്രം ഇവിടെ എഴുതാം:

'കബാബീറിൽനിന്ന് സംപ്രേഷണം ചെയ്യു ന്ന ലൈവ് പ്രോഗ്രാമിനെ പരാമർശിക്കുന്ന അവസരത്തിൽ മിസ്റിലെ ഒരു സഹോദ രൻ അബൂ മുഹമ്മദു സാഹിബ് ഫോൺ ചെയ്തു. കരഞ്ഞുകൊണ്ടു അദ്ദേഹം പ റഞ്ഞു: അഞ്ചാറുവർഷം മുമ്പേ ഞാനൊരു സ്വപ്നം കണ്ടു. നബി(സ)തിരുമേനി വന്നി രിക്കുന്നു. എന്നെ തന്റെ കൈകൊണ്ടുപിടിച്ച് ശക്തമായി ചേർത്തുവെച്ചു. എനിക്ക് അപ്പോൾ തണുപ്പ് അനുഭവപ്പെട്ടു. അതിനുശേഷം ഹുദൂർ(സ)എന്നെ വിളിച്ച് ഒരു ഒഴിഞ്ഞ സ്ഥ ലത്തു കൊണ്ടുപോയി. ആ നേരത്ത് ഞാനെ ന്തോ കാരണത്താൽ ദേഷ്യാവസ്ഥയിലായി രുന്നു. നബി(സ)തിരുമേനി എന്നോടു പ റഞ്ഞു: 'നമ്മുടെ മുമ്പിലുള്ള ആ വീട്ടിലേക്കു നോക്കുക. അപ്പോൾ ഞാൻ ആ വീട്ടിൽനിന്ന് വളരെ വൃത്തികെട്ട സാത്താനിക രൂപത്തിലു ള്ള ഒരു മനുഷ്യൻ ഇറങ്ങിപ്പോകുന്നതു കണ്ടു. അപ്പോൾ ഹുദൂർ(സ) പറഞ്ഞു: ഈ ശയ്ത്വാ നുണ്ടല്ലോ, അവൻ ഈ കോപാവസ്ഥയിൽ മനുഷ്യന്റെമേൽ ആധിപത്യം നേടുന്നു. നീ കോപിക്കരുതെന്ന് ഞാൻ നിന്നെ ഉദ്ദേശിക്കുക യാണ്. ഹുദൂർ(സ) മൂന്നു പ്രാവശ്യം ഈ ഉപ ദേശം ആവർത്തിച്ചു. പിന്നീട് എന്നെ തന്നോടു ചേർത്തു നടക്കാൻ തുടങ്ങി. എന്റെ പ്രിയപ്പെട്ട യജമാനൻ എന്നെ ഉപദേശിക്കാൻ വന്നതാ ണെന്ന് പറഞ്ഞുകൊണ്ടു ഞാൻ മുന്നോട്ടുപോ കുകയായിരുന്നു.

പിന്നീട് ഒരു ദീർഘകാലത്തിനുശേഷം ടി.വി യുടെ ചാനൽ മാറ്റുമ്പോൾ എന്റെ യജ മാനരായ സയ്യിദുനാ അഹ്മദ്(അ)നെ കണ്ടു. ഞാൻ പറഞ്ഞു: അല്ലാഹുവാണ! ഞാൻ നബി (സ)തിരുമേനിയുടെ രൂപത്തിൽ കണ്ട അതേ വ്യക്തി തന്നെയാണിത്. ഞാൻ അതിനുമുമ്പേ പല പ്രാവശ്യവും ഈ രൂപത്തെ സ്വപ്ന ത്തിൽ കണ്ടിരുന്നു. എന്നാൽ, തിരിച്ചറിഞ്ഞിരു ന്നില്ല. പിന്നീട് ഇതെന്റെ യജമാനൻ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയുടെ രൂപ മാണെന്ന് ദൃഢബോധ്യമായി. പക്ഷേ, കാര്യം വ്യക്തമായെങ്കിലും മുമ്പേയുള്ള വിശ്വാസം കൈവെടിയാൻ കഴിഞ്ഞില്ല. അതുകൊണ്ട് ബ യ്അത്ത് ചെയ്തില്ല. ഈ എല്ലാ കാര്യങ്ങളും ഏകദേശം നാലുവർഷം മുമ്പേയുള്ളതാണ്. ഇപ്പോൾ ഒരാഴ്ചമുമ്പേ, ഞാൻ ഉറക്കത്തിൽനി ന്ന് ഉണർന്നപ്പോൾ ഞാൻ ഉച്ചത്തിലുള്ള ഒരു അശരീരി കേട്ടു. അതിപ്രകാരമാണ്: എല്ലാ കാ ര്യങ്ങളും അംഗീകരിക്കുന്നു, എന്നാൽ, ആകാ ശത്തുനിന്ന് അല്ലാഹു അയച്ച മിർസാ ഗുലാം അഹ്മദ് സാഹിബിനെ വിശ്വസിക്കുന്നില്ല. അല്ലാഹുവാണ! അങ്ങനെ തന്നെയുണ്ടായി. ഞാൻ വേഗം എഴുന്നേറ്റു. എന്റെ ഭാര്യയോടും മക്കളോടും പറഞ്ഞു, ഇന്നു മുതൽ നിങ്ങളെ ല്ലാവരും അഹ്മദികളാണ്. ഞാൻ നിങ്ങളോടു വസിയ്യത്ത് ചെയ്യുയാണ്, അഹ്മദിയാകാതെ നിങ്ങളുടെമേൽ മരണം വരാൻ പാടില്ല.'

രണ്ടായിരത്തിന്റെ ആദ്യ ദശകത്തിൽ വെ സ്റ്റ് ബാങ്ക് ഫലസ്ത്വീനിൽ ധാരാളം സൗഭാ ഗ്യവാന്മാർ ബയ്അത്ത് ചെയ്ത് സത്യജമാഅ ത്തിൽ ചേർന്നു. ഖിലാഫത്തെ ഖാമിസായുടെ സൗഭാഗ്യ കാലത്ത് അറബികളിൽ എത്രത്തോ ളം വേഗത്തിൽ ജമാഅത്ത് പരന്നുവോ, ജമാ അത്ത് വെസ്റ്റ് ബാങ്ക് അതിന്റെ ഉദാത്തമാ യ മാതൃയാണ്. വെസ്റ്റ് ബാങ്കിന്റെ ഒരുപാട് പ്രദേശങ്ങളിൽ ബയ്അത്തുകൾ നടന്നിട്ടുണ്ടെ ങ്കിലും ത്വൂൽകറംലെ ഗ്രാമങ്ങളിൽ അവരുടെ സംഖ്യ അധിമായി നിന്നു. ത്വൂൽകറംന് കീ ഴിൽ കുഫ്ർസ്വൂർ എന്നു പറയുന്ന ഒരു ഗ്രാമ വുമുണ്ട്. ഇവിടെ ഖിലാഫത്തെ റാബിഅയുടെ അവസാനത്തിൽ അബ്ദുൽഖാദിർ മുദല്ലിൽ സാഹിബിന്റെ കുടുംബം ബയ്അത്ത് ചെയ്തി രുന്നു. ഇപ്പോൾ ഖിലാഫത്തെ ഖാമിസയുടെ കാലത്ത് പ്രദേശത്തെ ധാരാളം സ്നേഹിത ന്മാരും ബയ്അത്തു ചെയ്തു. അപ്പോൾ അബ് ദുൽഖാദിർ മുദല്ലിൽ സാഹിബ് തന്റെ വീടിന്റെ ഒരു ഭാഗം മസ്ജിദ്, മിഷൻഹൗസ് എന്ന നില യിൽ ഉപയോഗിക്കാൻ തുടങ്ങി. ഇവിടെ അഹ് മദി സ്നേഹിതന്മാർ ജുമുഅ ദിവസം സംഘ ടിക്കുമായിരുന്നു. മാസത്തിലൊരിക്കൽ ജൽസ യും നടക്കുമായിരുന്നു.

പിന്നീട് എം.ടി.എ അൽഅറബിയായുടേ യും തദ്ദേശ അഹ്മദിളുടെ സുഹൃത്പരമായ പ്രചാരണങ്ങളുടേയും ഫലമായി പ്രദേശങ്ങ ളിൽ കൂടുതൽ ബയ്അത്തുകൾ നടന്നു. അപ്പോൾ സ്ഥിരമായ ഒരു കേന്ദ്രമുണ്ടാക്കാ നുള്ള തീരുമാനമെടുത്തു. വെസ്റ്റ്ബാങ്ക് ഫല സ്ത്വീനിൽ മസ്ജിദും മിഷൻ ഹൗസും തയ്യാ റാക്കുക എന്നത് മറ്റു അറേബ്യൻ രാജ്യങ്ങ ളെപ്പോലെ തന്നെ നമ്മുടെ ജമാഅത്തിന് ദുഷ്കരം എന്നല്ല അസംഭാവ്യമായ കാര്യമാ യിരുന്നു. എന്നാൽ, അല്ലാഹു അനുഗ്രഹം ചെയ്തു. മസ്ജിദ് അല്ലെങ്കിൽത്തന്നെയും ഒരു രണ്ടുനില കെട്ടിടം നിർമിക്കാൻ അല്ലാഹു തൗഫീഖ് നല്കി. അങ്ങനെ 2012 ഏപ്രിൽ 18 ന് സയ്യിദുനാ ഹുദൂർ അൻവർ അയ്യദഹുല്ലാ യുടെ ഭാഗത്തുനിന്ന് കൊണ്ടുവന്ന അനുഗൃ ഹീത കല്ലുകൊണ്ട് തറക്കല്ലിട്ടു. വേഗത്തിൽ നിർമാണ പ്രവർത്തനം നടന്നുകൊണ്ടിരുന്നു. ഇതിന്റെ അധികം ചെലവുകളും കബാബീ റിലെ ലജ്ന ഇമാഇല്ലായാണ് വഹിച്ചത്. ഫജ സാഹുന്നല്ലാഹ ഖയ്റുൽ ജസാഇ

വെസ്റ്റ്ബാങ്ക് ഫലസ്ത്വീനിലെ മിഷന് സയ്യി ദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീ ഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് 'ദാറുൽഅമാൻ'എന്ന് പേരിട്ടു. അല്ലാഹുവിന്റെ കൃപകൊണ്ട് ഈ കെട്ടിടം ഫലസ്ത്വീനിൽ ശാന്തിയുടെ കേന്ദ്രമാണ്. വിവിധ വിഭാഗ ത്തിൽപ്പെട്ട ഫലസ്ത്വീനികൾ തങ്ങളുടെ എല്ലാ ഭൗതികകാര്യങ്ങളും ഒരു ഭാഗത്ത് വെച്ച്, ഈ കേന്ദ്രത്തിൽ ആവർത്തിച്ചു സംഘടിക്കു ന്നു. ശാന്തിയുടേയും സമാധാനത്തിന്റേയും കാര്യങ്ങൾ കേൾക്കുന്നു. പഠിക്കുന്നു. മറ്റുള്ള വർക്ക് പഠിപ്പിക്കുന്നു.

**അൽഖലീലിൽ ജമാഅത്ത്**

അല്ലാഹുവിന്റെ കൃപകൊണ്ട് 2019-ൽ തെക്ക ൻ ഫലസ്ത്വീനിലെ അൽ ഖലീലിലും ഔദ്യോ ഗികമായി ജമാഅത്ത് സ്ഥാപിതമാണ്. സയ്യിദു നാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: കബാബീ റിലെ ജമാഅത്തിന്റെ മുബല്ലിഗ് എഴുതുന്നു: ദൈവകൃപയാൽ തെക്കൻ ഫല്സ്ത്വീനിലെ നഗരത്തിൽ കുറച്ചു വർഷംകൊണ്ട് അഹ്മദി കൾ താമസിക്കുന്നുണ്ട്. പക്ഷേ, അവിടെ ഔ ദ്യോഗികമായി ജമാഅത്ത് ഉണ്ടായിരുന്നില്ല. ദൈവാനുഗ്രഹംകൊണ്ട് ഈ വർഷം ഇവിടെ ഔദ്യോഗികമായി ജമാഅത്ത് നിലവിൽ വന്നു. ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ സ്ഥലമാ ണ് അൽഖലീൽ. ഇവിടെ ഹദ്റത്ത് ഇബ്റാ ഹീം(അ), ഹദ്റത്ത് ഇസ്ഹാഖ്(അ), ഹദ്റത്ത് യഅ്ഖൂബ്(അ) എന്നിവരുടേയും അവരുടെ പരിശുദ്ധ ഭാര്യമാരുടേയും ഖബ്റുകളുമുണ്ട്. ഇത് പുരാതനമായ ചരിത്രസ്ഥലമാണ്. ഈ നഗരത്തിലും ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലും നമ്മുടെ 27 അഹ്മദികൾ താമസിക്കുന്നു. ഔ ദ്യോഗിമായി ജമാഅത്ത് സ്ഥാപിക്കപ്പെട്ടിട്ടു ണ്ട്. ഒരു അഹ്മദി തന്റെ വീടിന്റെ ഒരു ഭാഗം നമസ്കരിക്കുന്നതിനു വേണ്ടി മസ്ജിദിനു വേ ണ്ടി മാറ്റി. (ഖുത്ബ ജുമുഅ 2020 ആഗസ്റ്റ് 7)

**മസ്റൂർ സെന്റർ കബാബീർ**

'ജാമിഅ സയ്യിദുനാ മഹ്മൂദ്, കബാബീർ' നെ കുറിച്ച് മുമ്പേ പറഞ്ഞു കഴിഞ്ഞതാണ്. അതിന്റെ നിർമാണ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടന്നുകൊണ്ടിരുന്നു. അവസാനം ഉയരമുള്ള രണ്ടുമിനാരത്തിന്റെ ജോലി 1990 ന്റെ ദശകത്തിൽ പൂർത്തിയായി. ഇപ്പോൾ ഏകദേശം 15 വർഷത്തിനുശേഷം പിന്നെ കബാബീറുകാർക്ക് ഒരു പുതിയ കെട്ടിടം "മസ്റൂർ സെന്റർ"തൗഫീഖ് പ്രദാനം ചെയ് തിരിക്കുന്നു. ഇതു ഒരു രണ്ടുനില കെട്ടിടമാ ണ്. ഇതിന്റെ ഒരുഭാഗത്ത് എം.ടി.എ യുടെ സ്റ്റുഡിയോ തയ്യാറാക്കിയിരിക്കുന്നു. ജമാഅ ത്തിന് അത് വളരെ ആവശ്യമായിരുന്നു. ദൈ വാനുഗ്രഹത്താൽ വളരെ ആധുനിക രീതി യിൽ മനോഹരമായിട്ടാണ് ഇത് തയ്യാറാക്കി യിട്ടുള്ളത്. മറ്റുഭാഗത്ത് കോൺഫ്രൻസ് ഹാൾ, സ്വാഗതമുറി, മീറ്റിംഗ് ഹാൾ ഓഫീസുകൾ, ലൈബ്രറി എന്നിങ്ങനെ എല്ലാ സൗകര്യങ്ങളു മുണ്ട്.

**സന്തോഷ വാർത്തകൾ**

2021 ജൂൺ 5 ന് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് കബാബീറിലെ ജമാ അത്തുമായി നടത്തിയ വെർചൽ കൂടിക്കാഴ് ചയിൽ പറഞ്ഞു: 'അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ ജമാഅത്തിന് അഭിവൃദ്ധി ഉണ്ടായി ക്കൊണ്ടിരിക്കുന്നു. ജമാഅത്ത് വ്യാപിച്ചുകൊ ണ്ടിരിക്കുന്നു. എല്ലാ രാജ്യത്തും എല്ലാ രാജ്യ ത്തേയും ധാരാളം നഗരങ്ങളിലും ജമാഅത്തി ന്റെ അംഗസംഖ്യ വർധിച്ചുകൊണ്ടിരിക്കുന്നു. ജമാഅത്ത് എല്ലായിടത്തും പരിചയപ്പെട്ടു കഴി ഞ്ഞിരിക്കുന്നു. ലോകത്തിലെ വലിയ വലിയ പാ ർലമെന്റുകളും ജമാഅത്തിനെ പരിചയപ്പെട്ടു കഴിഞ്ഞു. എത്രയും വേഗം ഇൻശാഅല്ലാഹ് ലോകത്തെല്ലാം പറന്നു കൊണ്ടിരിക്കുന്നു. ഇൻ ശാഅല്ലാഹ് അടുത്ത 20, 25 വർഷം ജമാഅ ത്തിന്റെ അഭിവൃദ്ധിയുടെ വളരെ പ്രധാനപ്പെട്ട വർഷമാണ്. ഭൂരിഭാഗവും ഇൻശാഅല്ലാഹ് വാ ഗ്ദത്ത മസീഹ്(അ)ന്റെ പതാകയ്ക്കു കീഴിൽ വരുന്നതായിരിക്കും. അല്ലെങ്കിൽ കുറഞ്ഞ പക്ഷം മുസ്ലിമീങ്ങളിൽനിന്ന് ഭൂരിഭാഗവും അഹ്മദിയ്യത്തു തന്നെയാണ് യഥാർഥ ഇസ്ലാ മെന്ന് അംഗീകരിക്കുന്നവരായിരിക്കും."

ശേഷം പേജ് 28ൽ

# ആഫ്രിക്കയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പുരോഗതി

## ബുർക്കിനാഫാസോ(Burkina Faso)യിലെ അഹ്മദിയ്യ ജമാഅത്തിന്റെ അഭിവൃദ്ധികൾ

**ചൗദ്ദരീ നയീം അഹ്മദ് ബാജ്‌വാ, പ്രിൻസിപ്പാൾ ജാമിഅത്തുൽമുബശ്ശിരീൻ ബുർക്കിനാഫാസോ**
**വിവർത്തനം മൗലവി സഫ്ർ അഹ്മദ് കോഴിക്കോടു**

ഘാനയിലെ വടക്കൻ പ്രദേശമായ വാ(WA)യിൽ 1932-ൽ അഹ്മദിയായ അൽഹാജ് സ്വാലിഹ് സാഹിബ് മുഖേന 1950-ന്റെ തുടക്കത്തിൽത്തന്നെ അപ്രോൾട്ട എന്ന സ്ഥലത്ത് അഹ്മദിയ്യത്തിന്റെ സന്ദേശമെത്തി. ഈ സന്ദേശത്തിന് ലബ്ബയ്ക്ക് പറഞ്ഞ ആദ്യകാല ആത്മാർഥരായ അഹ്മദികൾക്ക് മുസ്‌ലിമീങ്ങളുടേയും ക്രിസ്ത്യാനികളുടേയും ഭാഗത്തുനിന്ന് ശത്രുത നേരിടേണ്ട ിവന്നു.

ബുർക്കിനാഫാസോയിൽ ബഹുമാനപ്പെട്ട അബ്ദുൽ വഹാബ് ബിൻ ആദം സാഹിബ് (മുൻ അമീർ അഹ്മദിയ്യാ ജമാഅത്ത് ഘാന) യുടെ പരിശ്രമഫലമായി 1986 ജനുവരി 2ന് ജമാഅത്ത് രജിസ്റ്റർ ചെയ്തു. ഈ കാലയളവിൽ ഇവിടെ മുബല്ലിഗുമാർ പര്യടനം നടത്തിക്കൊണ്ടിരുന്നു. ബുർക്കിനാഫാസോ ജമാഅത്തിന്റെ ആദ്യത്തെ അമീർ ബഹുമാനപ്പെട്ട മുഹമ്മദ് ഇദ്‌രീസ് ശാഹിദ് സാഹിബായിരുന്നു. 1990 ജനുവരിയിലാണ് ഇദ്ദേഹം ഇവിടെ എത്തിയത്.

**പുതിയ ജമാഅത്തിന്റെ ആരംഭ പ്രവർത്തനങ്ങൾ:**

1990 മുതൽ 2004 വരെയുള്ള വർഷങ്ങൾ പ്രാരംഭ പ്രവർത്തനങ്ങളായിട്ടാണ് പറയപ്പെടുന്നത്. ഈ കാലയളവിൽ മജ്‌ലിസ് ശൂറ നിലവിൽ വന്നു. വാർഷിക സമ്മേളനങ്ങളും തുടക്കം കുറിച്ചു. അപ്രകാരംതന്നെ ശാഖാ സംഘടനകൾ രൂപീകരിച്ചു. ജമാഅത്തിന്റെ സന്ദേശം ബുർക്കിനാഫാസോ യിലെ ജനങ്ങളിൽ എത്താൻ തുടങ്ങി.

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹു)ന്റെ പര്യടനം 2004:**

1990-ൽ ബുർക്കിനാഫാസോയുടെ അമീർ മുഹമ്മദ് ഇദ്‌രീസ് സാഹിബ് ഖലീഫത്തുൽ മസീഹ് നാലാമന് ഒരു കത്തയക്കുകയുണ്ടായി. ആ കത്തിൽ ബുർക്കിനാഫാസോയിലെ ഒരു അഹ്മദിയ്യുടെ സ്വപ്നത്തെക്കുറിച്ച് പരാമർശിക്കുകയും ചെയ്തു. അതിന് മറുപടിയായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ ഇപ്രകാരം എഴുതി. "സ്വപ്നം വളരെ അനുഗൃഹീതമാണ്. അതിന്റെ വ്യാഖ്യാനം ഇപ്രകാരമാണ്. രാജ്യത്തിന്റെ മണ്ണ് സത്യം സ്വീകരിക്കാൻ വേണ്ടി അനുയോജ്യമായിരിക്കുന്നു. എന്റെ പര്യടനത്തിനുശേഷം ഇൻശാ അല്ലാഹ് സത്യം സ്വീകരിച്ചുകൊണ്ട് പ്രകാശത്താൽ വിളങ്ങുന്നതായിരിക്കും. അല്ലാഹു അങ്ങനെതന്നെ ആക്കുമാറാകട്ടെ. (കത്ത്, അഡീഷണൽ വക്കീലുൽ തബ്ശീർ സാഹിബ് ലണ്ട ൻ, ടി 3360/19.6.1990)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമന്റെ പര്യടനം ബുർക്കിനാഫാസോയിൽ നടന്നിട്ടില്ല. എന്നിരുന്നാലും അല്ലാഹുവിന്റെ വിധിയുടെ കീഴിൽ അദ്ദേഹത്തിന്റെ പ്രതിനിധിയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അഞ്ചാമത്തെ ഖലീഫയുമായ ഹദ്റത്ത് മിർസാ മസ്റൂർ സാഹിബ് ഖലീഫത്തുൽ മസീഹ് ഖാമിസിന് ബുർക്കിനാഫാസോയുടെ മണ്ണിൽ കാലുകുത്താനുള്ള അവസരം ലഭിച്ചു. ചരിത്രപരവും അനുഗൃഹീതവുമായ പര്യടനത്തിനുശേഷം ബുർക്കിനാഫാസോയുടെ മണ്ണ് സന്മാർഗ്ഗത്തിന്റെ പ്രകാശത്താൽ വിളങ്ങിക്കൊണ്ടിരിക്കുകയും അഹ്മദിയ്യത്തിന്റെ ഈ സംഘം വളരെ വേഗതയിൽ പുരോഗതികൾ താണ്ടിക്കൊണ്ടിരിക്കുകയും ചെയ്തു.

2004 മാർച്ച് 25ന് ആദ്യമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ പാദസ്പർശമേറ്റ ആ ദിവസം ഈ നാടിന്റെ ചരിത്രത്തിൽ ഓർമിക്കേണ്ട ദിവസമാണ്. അദ്ദേഹത്തിന്റെ ഈ സന്ദർശനം 2004 ഏപ്രിൽ 4 വരെ നീണ്ടുനിന്നു. ഈ അനുഗൃഹീത ദിവസങ്ങളിൽ ഹുദൂർ ജമാഅത്തുകളിൽ സന്ദർശനം നടത്തുകയും മസ്ജിദുകൾക്ക് തറക്കല്ലിടുകയും മസ്ജിദുകൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. പ്രധാനപ്പെട്ട സർക്കാർ ഉദ്യോഗസ്ഥന്മാരുമായും അല്ലാത്തവരുമായും കൂടിക്കാഴ്ച നടത്തി. ബുർക്കിനാഫാസോ വാർഷിക സമ്മേളനത്തിൽ പ്രഭാഷണം നടത്തി. നാഷണൽ പ്രവർത്തക സമിതിയുടേയും ശാഖാ സംഘടനകളുടെ പ്രവർത്തക സമിതികളുടേയും മുബല്ലിഗുമാരുടേയും മീറ്റിംഗുകൾ വിളിച്ചു. അത്ഫാലിന്റേയും നാസിറാത്തിന്റേയും മീറ്റിംഗുകളിൽ ഹുദൂർ നേരിട്ട് പങ്കെടുത്തു. അങ്ങനെ കുട്ടികൾക്ക് തങ്ങളുടെ ഈമാമിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കാനും അവസരം ലഭിച്ചു. അതിലുപരി ദൂരദേശങ്ങളിൽനിന്നു വന്ന അഹ്മദികൾക്ക് തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ കണ്ടുകൊണ്ട് ആത്മീയമായ ഉണർവ്വ് കരസ്ഥമാക്കാനും സാധിച്ചു. ഈ പര്യടനത്തിന്റെ സംക്ഷിപ്ത റിപ്പോർട്ട് താഴെ ചേർക്കുന്നു:

2004 മാർച്ച് 26-ാം തിയതി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അയ്യദഹുല്ലാഹ് ബുർക്കിനാഫാസോയുടെ പ്രധാനമന്ത്രി പാരാമംഗ ഏണസ്റ്റ് യോൺലി(Paramanga Ernest Yonli)യുമായി കൂടിക്കാഴ്ച നടത്തി. ഹുദൂർ അദ്ദേഹത്തോട് പറഞ്ഞു: "ബുർക്കിനാഫാസോയിലെ ആളുകളിലുള്ള സഹവർത്തിത്വവും ആതിഥ്യമര്യാദയും കണ്ടിട്ട് ഞാൻ അങ്ങേയറ്റം ആകർഷിതനായി."

അന്നേദിവസം 2004 മാർച്ച് 26 ബുർക്കി നാഫാസോയുടെ പ്രസിഡന്റ് ബ്ലെയ്സ് കംപയറു(His Exc.Blaise Compaore)മായി ഹുദൂർ കൂടിക്കാഴ്ച നടത്തി. ഹുദൂർ പ്രസിഡന്റിന്റെ ഓഫീസിൽ പോയപ്പോൾ അദ്ദേഹം ഹുദൂറിനെ സ്വാഗതം ചെയ്യാൻ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. പ്രസിഡന്റ് സ്വാഗതം ചെയ്തതിന് ഹുദൂർ നന്ദി പറയുകയും ബുർക്കിനാഫാസോയിലെ ജനങ്ങളിലുള്ള ആത്മാർഥതയിൽ താൻ അങ്ങേയറ്റം ആകർഷിതനായിരിക്കുന്നുവെന്ന് പറയുകയും ചെയ്തു. ഹുദൂർ പ്രസിഡന്റിന് അഭിപ്രായം നൽകിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: 'നിങ്ങൾ പരിശ്രമത്തോടും സത്യസന്ധതയോടും കൂടി പ്രവർത്തിക്കുകയാണെങ്കിൽ വളരെ പെട്ടെന്നുതന്നെ നിങ്ങളുടെ അംഗത്വം ആഫ്രിക്കയിലെ ലീഡിംഗ് നാഷൺസി(Leading Nations)ൽ ആകാൻ തുടങ്ങും.

**ജൽസാഗാഹിൽ ആഗമനവും ബുർക്കിനാഫാസോയിൽനിന്ന് ജുമുഅ ഖുത്ബയുടെ തൽസമയ സംപ്രേഷണവും**

2004 മാർച്ച് 26-ാം തിയതി ഒരു ഐതിഹാസിക ദിനമായിരുന്നു. ബുർക്കിനാഫാസോയിൽനിന്ന് ആദ്യമായി ഒരു ഖലീഫയുടെ ഖുത്ബ ജുമുഅ നേരിട്ട് എം.ടി.എയിൽ സംപ്രേഷണം ചെയ്യപ്പെട്ടു. ഈ ഖുത്ബ ജുമുഅ ടെലിഫോൺ മുഖേനയാണ് സംപ്രേഷണം ചെയ്തത്. ജമാഅത്തിന്റെ റേഡിയോ സ്റ്റേഷനായ ഇസ്‌ലാമിക് അഹ്മദിയ്യാ മുഖേനയും ഈ ഖുത്ബ ജുമുഅ പ്രക്ഷേപണം ചെയ്യുകയുണ്ടായി. ഹുദൂർ ഈ ഖുത്ബ ജുമുഅ വാഗ്ദോഗോ മിഷനിൽ തയ്യാറാക്കിയ ജൽസ നഗരിയിൽവെച്ചാണ് നിർവ്വഹിച്ചത്. ആ സമയത്ത് 13000-ൽ അധികമാളുകൾ സമ്മേളന നഗരിയിലുണ്ടായിരുന്നു. മാർച്ച് 27-ാം തിയതി ഹുദൂർ ജൽസയുടെ സമാപന പ്രസംഗം നടത്തുകയും ദുആ ചെയ്യുകയും ചെയ്തു. ഈ സമ്മേളനത്തിൽ 425 ജമാഅത്തുകളിൽനിന്ന് 13755 ആളുകൾക്കു പുറമെ നൈജീരിയ, ഐവറികോസ്റ്റ്, ഘാന എന്നീ സ്ഥലങ്ങളിൽ നിന്നും ആളുകൾ പങ്കെടുക്കുകയും ചെയ്തു.

മാർച്ച് 28-ാം തിയതി ഹുദൂർ കേന്ദ്ര മിഷൻ ഹൗസിലെ മസ്ജിദ് ബയ്ത്തുൽ മഹ്ദിയിൽ സ്വുബ്ഹി നമസ്കരിപ്പിക്കുകയും അതോടെ ഈ മസ്ജിദിന്റെ ഉദ്ഘാടനം നടക്കുകയും ചെയ്തു. 2004 മാർച്ച് 30-ന് ഡോറിയിൽ ആദ്യത്തെ അഹ്മദി പ്രൈമറി സ്കൂളിന് ഹുദൂർ തറക്കല്ലിട്ടു. 2004 മാർച്ച് 31-ാം തിയതി കായാ'യിലെ മസ്ജിദ് ഹുദയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയും മിഷൻ ഹൗസിന് തറക്കല്ലിടുകയും ചെയ്തു.

2004 ഏപ്രിൽ 3-ാം തിയതി ഹുദൂർ തിരുമനസ്സുമായി കൂടിക്കാഴ്ച നടത്താൻ ആരോഗ്യമന്ത്രി മിഷൻഹൗസിൽ വരികയുണ്ടായി. ഈ കൂടിക്കാഴ്ചയ്ക്കുശേഷം ഹുദൂർ വാഗാദോ അഹ്മദിയ്യാ ആശുപത്രി ഉദ്ഘാടനം ചെയ്തു. ഈയവസരത്തിൽ ഹുദൂർ തിരുമനസ്സിനോടൊപ്പം ആരോഗ്യമന്ത്രി ആശുപത്രി മുറ്റത്ത് മാവിൻതൈ നട്ടു. ഈ ചരിത്രപരമായ സന്ദർശനത്തിനുശേഷം ഹുദൂർ തിരുമനസ്സ് ബുർക്കിനാഫാസോയുടെ അമീർ സാ

മലയാളം ബദ്ർ ആഴ്ചപ്പതിപ്പിന്റെ പ്രിയപ്പെട്ട അനുവാചകരേ! അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ *'ആഗോളതലത്തിൽ അഹ്മദിയ്യ ജമാഅത്തിന്റെ ഉജ്ജ്വല പുരോഗതികൾ'* എന്ന ശീർഷകത്തിലുള്ള പ്രത്യേക പതിപ്പാണ് നിങ്ങളുടെ കൈയിലിരിക്കുന്നത്. ഈ ഉദ്യമത്തിൽ പല സഹോദരന്മാരും ആത്മാർഥമായും ഞാനുമായി സഹകരിച്ചിട്ടുണ്ട്. ലേഖനങ്ങൾ മൊഴിമാറ്റം നടത്തിത്തന്നെ മൗലവി മുഹമ്മദ് മൻസിൽ സാഹിബ്, മുബല്ലിഗ് ചാവക്കാട് മുഹമ്മദ് ത്വൽഹ എം.പി, ഹുദൂറിന്റെ സന്ദേശം തർജമ ചെയ്ത കണ്ണൂർ ടൗൺ മുബല്ലിഗ് മുനവ്വർ അഹ്മദ് എം, മൗലവി ബി.എം. ആരിഫ് മുഹമ്മദ് ശാഹിദ്, മൗലവി അലിക്കുഞ്ഞ് കരുളായ്, മൗലവി സഫ്ർ അഹ്മദ് കോഴിക്കോട്, മൗലവി ഹാശിം ആലപ്പുഴ എന്നിവർക്ക് നന്ദി രേഖപ്പെടുത്തുന്നു. കോഴിക്കോടു ശമീം സാഹിബിന്റെ സഹകരണം എടുത്തു പറയേണ്ടതാണ്. കാരണം ഇതു ഇത്ര മനോഹരമായി നിങ്ങളുടെ കൈയിലെത്തിയതിന്റെ പിന്നിൽ അദ്ദേഹത്തിന്റെ കരങ്ങളാണ്. അല്ലാഹു സഹകരിച്ച എല്ലാവർക്കും പ്രതിഫലം നല്കുമാറാകട്ടെ ആമീൻ **(നാഇബ് പത്രാധിപർ)**

ഹിബിന് ഇപ്രകാരം കത്തെഴുതി: "അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബുർക്കിനാഫാസോ പര്യടനം അസാധാരണവും സന്തോഷപ്രദവുമായ ഒരു പര്യടനമായിരുന്നു. അൽഹംദുലില്ലാഹ്. ജമാഅത്തിലുള്ള ആബാലവൃദ്ധമാളുകളിൽ വലിയ ആത്മാർഥതയുടെയും കൂറിന്റെയും മാതൃകയാണ് കണ്ടത്. ബുർക്കിനാഫാസോയുടെ ഭൂമിയിൽ നടപ്പെട്ട അഹ്മദിയ്യത്തിന്റെ ഈ ബീജം വളരെ വേഗം ഒരു വൃക്ഷമായി തീരട്ടെ......... ബുർക്കിനാഫാസോയിൽ ജമാഅത്തിന്റെ 493 മസ്ദജിദുകളുണ്ട്. 132 മിഷൻഹൗസുകളും നിർമിക്കപ്പെട്ടിട്ടുണ്ട്. ബുർക്കിനാഫാസോയിൽ 741 ജമാഅത്തുകളാണ് നിലവിലുള്ളത്.

**ബുസ്താനേ മഹ്ദി:**

ബുർക്കിനാഫാസോ ജമാഅത്തിന്റെമേൽ അല്ലാഹുവിന്റെ അളവറ്റ അനുഗ്രഹങ്ങളിൽ ഒരനുഗ്രഹം. ബുസ്താനെ മഹ്ദിയുടെ രൂപത്തിലുമുണ്ട്. ബുസ്താനെമഹ്ദി വാഗാദോഗാ പട്ടണത്തിൽ 37.5 ഏക്കർ വിസ്തീർണ്ണമുള്ള ജമാഅത്തിന്റെ സ്ഥലമാണ്. ഈ സ്ഥലം വാഗദോഗോയിൽനിന്ന് ഘാനയിലേക്ക് വരുന്ന വഴിയിലാണ് സ്ഥിതിചെയ്യുന്നത്.

2004-ൽ ഇതേ വഴിയിൽ കൂടിയാണ് ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് ഘാനയിൽനിന്ന് ബുർക്കിനാഫാസോയിലെത്തിയത്. നാഷണൽ ഹൈവേയിൽ ബുസ്താനെ മഹ്ദിയുടെ സുന്ദരമായൊരു ബോർഡ് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇതിലൂടെ കടന്നുപോകുന്നവർക്ക് ഈ ജമാഅത്തിന്റേയും സ്ഥാപനത്തിന്റേയും പുരോഗതിയുടെ വഴിയടാളം വിളിച്ചോതുന്നു. ബുസ്താനേ മഹ്ദിയിലാണ് ജാമിഅത്തുൽ മുബശ്ശിരീൻ സ്ഥിതിചെയ്യുന്നത്. ഇവിടെ ചെറുതും വളരെ വൃത്തിയുള്ളതുമായ ഒരു മസ്ജിദുണ്ട്. അതിന്റെ മിനാരം റോഡിൽനിന്നുതന്നെ കാണാം. മറ്റുള്ള കെട്ടിടങ്ങളിൽ മസ്റൂർ കണ്ണാശുപത്രി, വീടുകൾ, ഗസ്റ്റ് ഹൗസ്, ഹ്യൂമാനിറ്റി ഫസ്റ്റിന്റെ കോളേജ് തുടങ്ങിയവ പ്രവർത്തിക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് ബുർക്കിനാഫാസോയുടെ സമ്മേളനനഗരിയും ഇതിൽതന്നെയാണ്.

**ജൽസാസാലാന**

**അഥവാ വാർഷിക സമ്മേളനം:**

ബുർക്കിനാഫാസോയിൽ ജൽസയുടെ സംവിധാനം വളരെ മികച്ചതാണ്. 1990ലെ ആദ്യത്തെ ജൽസ മുതൽ എല്ലാ വർഷവും ഈ കാര്യത്തിൽ ജമാഅത്തിന്റെ കാലടി പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു. ഏതാനും ചില വർഷങ്ങളൊഴിച്ച് എല്ലാ വർഷവും വ്യവസ്ഥാപിതമായി ജൽസ സംഘടിപ്പിച്ചു വരുന്നു. 2016-ൽ 'ബുസ്താനെ മഹ്ദി' യിൽ സമ്മേളന നഗരി നിർമിച്ചു. സ്ഥിരമായ സ്റ്റേജ്, സ്റ്റോറുകൾ, അതിഥികളുടെ സൗകര്യത്തിനുവേണ്ടി സ്ഥിരമായി വാഷ്റൂമുകൾ മുറികളെല്ലാം നിർമിച്ചു. 2022-ൽ 30-ാമത് വാർഷികജൽസയാണ് സംഘടിപ്പിച്ചത്. അതിൽ പത്തായിരത്തിലധികം ആളുകൾ പങ്കെടുത്തു. എല്ലാ വർഷവും കേന്ദ്രപ്രതിനിധികൾ പങ്കെടുക്കാറുണ്ട്. 2022-ൽ കേന്ദ്ര പ്രതിനിധിയായി പങ്കെടുത്തത് ഫലതീനിലെ ശരീഫ് ഔദ സാഹിബായിരുന്നു.

**മജ്‌ലിസെ ശൂറ:**

മജ്‌ലിസെ ശൂറായുടെ സംവിധാനം ഒരു സ്ഥിരസംവിധാനമായി മാറി. ബുർക്കിനാഫാസോയിൽ 1990-ലെ ആദ്യത്തെ വാർഷിക സമ്മേളനത്തിൽ ശൂറക്ക് തുടക്കം കുറിച്ചു. ഓരോ വർഷവും ഈ വ്യവസ്ഥിതിയിൽ മികവ് വന്നുകൊണ്ടിരിക്കുന്നു. 2022 ജൂൺ മാസത്തിൽ ബുർക്കിനാഫാസോയുടെ 32-ാമത്തെ മജ്‌ലിസെ ശൂറ അതിന്റെ സുന്ദരമായ നിലയിൽ സോമാഗാന്ദയിലെ മസ്ജിദ് മഹ്ദിയിൽ സംഘടിപ്പിച്ചു.

**ആഗോള അഹ്മദിയ്യത്തിന്റെ**

**ആദ്യത്തെ റേഡിയോ സ്റ്റേഷൻ:**

2002 മുതൽ ആഗോള അഹ്മദിയ്യത്തിന്റെ ആദ്യത്തെ റേഡിയോ സ്റ്റേഷൻ ബുർക്കിനാഫാസോയിലെ ബോബോ ജലാസയിൽ തുടക്കം കുറിച്ചു. ഇന്നും ഖിലാഫത്തിന്റെ ശബ്ദമായി ഇസ്‌ലാമിന്റെ സേവനത്തിൽ അത് മുഴുകിയിരിക്കുന്നു. 2004-ൽ സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് ബുർക്കിനാഫാസോയിൽ വന്നപ്പോൾ റേഡിയോ സ്റ്റേഷൻ സന്ദർശിച്ചു. ഈ അവസരത്തിൽ ഹുദൂർ താഴെ കൊടുത്ത സന്ദേശം നൽകുകയുണ്ടായി. അത് ലൈവായി പ്രക്ഷേപണം ചെയ്യപ്പെട്ടു. "റേഡിയോ ഇസ്‌ലാമിക് അഹ്മദിയ്യാ കേൾക്കുന്ന എല്ലാവർക്കും സലാം. അല്ലാഹു നിങ്ങളെല്ലാവരേയും അവന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ." (ഇന്റർനാഷണൽ അൽ ഫള്ൽ 2004 ഏപ്രിൽ 16)

ഇതിനുശേഷം ബുർക്കിനാഫാസോയിൽ കൂടുതൽ റേഡിയോ സ്റ്റേഷനുകൾ നിലവിൽ വന്നു. ഈ റേഡിയോ സ്റ്റേഷനെക്കുറിച്ച് പറഞ്ഞത് എല്ലാ റേഡിയോ സ്റ്റേഷനും റേഡിയോ ഇസ്‌ലാമിക് അഹ്മദിയ്യാ എന്ന പേര് വെക്കുക എന്നാണ്. (T. 10353 7 ജൂലൈ 2007 )

ഈ സമയത്ത് ഇവിടെ നാല് റേഡിയോ സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നു. ഇവ ഡോറി, ലിവ, ഡോഗോ, ബോബോജലാസു എന്നീ സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ വ്യത്യസ്ത 33 തദ്ദേശ റേഡിയോസ്റ്റേഷനിലും ജമാഅത്തിന്റെ സന്ദേശം പല ഭാഷകളിലും രാപകൽ പ്രക്ഷേണം ചെയ്യുന്നുണ്ട്. വാർഷിക സമ്മേളനത്തിനു പുറമെ പ്രത്യേക സന്ദർഭങ്ങളിൽ പ്രക്ഷേണം ചെയ്യുന്ന ഹുദൂറിന്റെ പ്രഭാഷണം ലൈവായി പ്രക്ഷേപണം ചെയ്യാനുള്ള ഭാഗ്യം അഹ്മദിയ്യാ റേഡിയോവിന് സാധിച്ചു. ജൽസയുടെ അവസരത്തിൽ ജൽസ കവർ ചെയ്യുകയും ഇതുമുഖേന മുഴുവൻ അഹ്മദിയ്യാ റേഡിയോയിലും ലിങ്ക് ചെയ്തുകൊണ്ട് ജൽസയുടെ എല്ലാ പരിപാടിയും മുഴുവൻ രാജ്യത്തും നേരിട്ട് പ്രക്ഷേപണം ചെയ്യുകയും ചെയ്തു.

**ആരോഗ്യരംഗത്ത് സേവനം**

1997-ൽ വാടകവീട്ടിൽ സദുദ്ദേശ്യത്തോടും സൃഷ്ടിസേവനമെന്ന നിലയിലും തുടങ്ങിയ പ്രാഥമിക ഡിസ്പെൻസറി ഇപ്പോൾ ആശുപത്രിയുടെ രൂപത്തിൽ നമ്മുടെ മുമ്പിലുണ്ട്. ദൈവാനുഗ്രഹത്താൽ 2004- മുതൽ ഈ ആശുപത്രി ജമാഅത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി, സെന്റർ മിഷൻ ഹൗസിൽ സ്ഥിതി ചെയ്യുന്നു. 2004-ൽ ബുർക്കിനാഫാസോ പര്യടനവേളയിൽ ഹുദൂർ തിരുമനസ്സ് ആശുപത്രി ഉദ്ഘാടനം ചെയ്തു.

2021-ലെ ആശുപത്രിയുടെ പ്രവർത്തനത്തിന്റെ ചുരുക്കം നോക്കുകയാണെങ്കിൽ ഈ ആശുപത്രി സൃഷ്ടിസേവനരംഗത്ത് എത്രമാത്രം മുന്നോട്ടു കുതിച്ചുകൊണ്ടിരിക്കുന്നുവെന്ന് മനസ്സിലാക്കാൻ മതിയായ കാര്യമാണ്. ഇപ്പോൾ 9 ഡോക്ടർമാരും 16 നഴ്സുമാരും 13 മറ്റുദ്യോഗസ്ഥന്മാരും ഫാർമസിയിലും ലാബ് ടെക്നീഷ്യനിലും ധാരാളമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 44 വിസിറ്റിംഗ് ഡോക്ടർമാരുമുണ്ട്. ഗൈനക് വിഭാഗത്തിൽ മൊത്തം 20,772 രോഗികളെ ചികിത്സിച്ചു. 1273 പ്രസവ കേസുകളുണ്ടായി. കാൻസറിന്റെ 106 വലിയ ഓപ്പറേഷൻ നടക്കുകയും ചെയ്തു. 1950 ഗർഭിണികൾക്ക് കുത്തിവെപ്പ് നടത്തി. 4161 നവജാത ശിശുക്കൾക്ക് കുത്തിവെപ്പ് നടത്തി. നടപ്പുവർഷം 73385 രോഗികളെ ചികിത്സിച്ചു.

**കൊറോണ വാക്സിൻ സെന്റർ:**

രാജ്യത്ത് മുഴുവൻ 5 ആശുപത്രികൾ സർക്കാരിന്റെ കീഴിൽ കൊറോണ വാക്സിൻ സെന്ററുകളായി നിശ്ചയിച്ചിരുന്നുള്ളൂ. ഈ 5 ആശുപത്രികളിൽ ഒരെണ്ണം അഹ്മദിയ്യാ ആശുപത്രിയാണ്. ബാക്കി നാല് ആശുപത്രികൾ ക്രിസ്ത്യാനികളുടെ ആശുപത്രികളാണ്.

**രക്തദാനം:**

ബുർക്കിനാഫാസോയിലെ എല്ലാ റീജ്യണുകളിലും എല്ലാ വർഷവും രക്തദാന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. പൊതുവിൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായാണ് ഈ മഹത്തായ സേവനത്തിൽ മുൻപന്തിയിൽ നിൽക്കുന്നത്. എല്ലാ വർഷവും പല ആശുപത്രികളിൽനിന്നും ആവശ്യം നേരിടുന്ന ഘട്ടത്തിൽ ജമാഅത്തുമായി അവർ ബന്ധപ്പെടുന്നു. അത്രമാത്രം ഈ ജമാഅത്തിന് പ്രശസ്തിയുണ്ട്. ഓരോ വർഷവും ഏകദേശം 500 ബേഗ് രക്തദാനം ചെയ്യാറുണ്ട്.

**സൗജന്യ കണ്ണ് ഓപ്പറേഷൻ:**

2005-ന്റെ അവസാനത്തിൽ ബഹുമാനപ്പെട്ട മഹ്മൂദ് നാസിർ സാഹിബ് അമീർ അഹ്മദിയ്യാ ജമാഅത്ത് ബുർക്കിനാഫാസോ 50 കണ്ണ് ഓപ്പറേഷൻ സ്വദഖയായ നിലയിൽ ചെയ്യാൻ ഹുദൂർ തിരുമനസ്സിൽനിന്ന് അനുവാദം വാങ്ങി. ഇതിൽ ഹുദൂർ 50 ന് പകരം 100 ഓപ്പറേഷന് അനുമതി നൽകുകയുണ്ടായി. 2006-ഏപ്രിലിൽ അത് പൂർത്തിയാക്കിയതിനു ശേഷം 100 ഓപ്പറേഷൻ കൂടുതൽ ചെയ്യാനുള്ള അനുവാദം ചോദിക്കുകയുണ്ടായി. അതിനും ഹുദൂർ അനുവാദം കൊടുത്തു. അതുകഴിഞ്ഞ് ലണ്ടൻ വാർഷികസമ്മേളനാവസരത്തിൽ കൂടിക്കാഴ്ചയുടെ നേരത്ത് ഹുദൂർ എല്ലാവർക്കും ഓപ്പറേഷൻ നടത്തുന്നതിന് അമീർ സാഹിബിന് നിർദ്ദേശം നൽകി. അതിനുശേഷം തുടർച്ചയായി ഈ പരിപാടി നടന്നുവരുന്നു. ഇതുവരെ ഏകദേശം 15000ത്തോളം കണ്ണ് ഓപ്പറേഷൻ സൗജന്യമായി ചെയ്തുകൊടുത്തു.

**മസ്റൂർ ഐ ഇൻസ്റ്റിറ്റ്യൂട്ട്:**

ഒരു വർഷം 100 കണ്ണ് ഓപ്പറേഷൻ സൗജന്യമായി ചെയ്യാൻ തുടങ്ങിയ സ്വദഖയാണ് അല്ലാഹു അങ്ങേയറ്റം അനുഗ്രഹം ചെയ്തതുകൊണ്ട് കണ്ണിന്റെ വലിയൊരു ഹോസ്പിറ്റൽ നിർമാണത്തിന്റെ കാര്യം ചർച്ച നടന്നു. ഈ കാര്യം ഹദ്റത്ത് ഖലീഫത്തുൽ മസീഹിനോട് പറഞ്ഞു. അത് ബുർക്കിനാഫാസോയിൽ നിർമിക്കാനുള്ള അനുവാദം നൽകുകയും അതിന്റെ നിർമാണ ചുമതല യു.കെ.യിലെ മജ്‌ലിസ് അൻസ്വാറുല്ലായെ ഏൽപിക്കുകയും ചെയ്തു. 2017-ൽ ഈ പദ്ധതിയുടെ തറക്കല്ലിടൽകർമം ബുസ്താനെ മഹ്ദിയിൽ നടന്നു. മസ്റൂർ ഐ ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ തുടങ്ങിയ ഈ ആശുപത്രി, പ്രദേശം മുഴുവൻ പേരുകേട്ട ഒരു ആശുപത്രിയാണ്. ആധുനിക സൗകര്യങ്ങളോടുകൂടിയ ആശുപത്രിയാണ്. ഇതിന് ബുസ്താനെ മഹ്ദിയിൽ മൂന്നര ഏക്കർ സ്ഥലം പ്രത്യേകമാക്കപ്പെട്ടിരിക്കുന്നു. ഈ ആശുപത്രിയുടെ സുന്ദരമായ കെട്ടിടവും നിർമിച്ചിരിക്കുന്നു.

**ഹ്യൂമാനിറ്റി ഫസ്റ്റിന്റെ സേവനം**

ബുർക്കിനാഫാസോയിൽ തീവ്രവാദം കാരണമായി ലക്ഷക്കണക്കിന് ആളുകൾക്ക് വീടില്ലാതായി. ഭരണകൂടത്തിന്റെയും മറ്റു സന്നദ്ധസംഘടനകളുടെയും കാരുണ്യത്താൽ ഇത്തരം ആളുകളെ സഹായിക്കുന്നതിന് ഹ്യൂമാനിറ്റി ഫസ്റ്റ് പല പരിപാടികളും സംഘടിപ്പിച്ചിരിക്കുന്നു. അതിൽ റേഷൻ എത്തിക്കുക, ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുക, ആവശ്യമുള്ള മറ്റു സാധനങ്ങളും ജനങ്ങൾക്ക് എത്തിച്ചുകൊണ്ടിരുന്നു. വെറും 2 വർഷംകൊണ്ട് നിരവധി ടൺ ഭക്ഷണങ്ങളും മറ്റു സാധനങ്ങളുമാണ് ഇവർക്കെത്തിച്ചുകൊടുത്തത്.

**തുന്നൽ സെന്റർ:**

ബുർക്കിനാഫാസോയുടെ തലസ്ഥാനമായ വാഗാദോയിൽ ഹ്യൂമാനിറ്റി ഫസ്റ്റിന്റെ കീഴിൽ 2002 മുതൽ ഒരു തുന്നൽ സെന്റർ തുറന്ന് പ്രവർത്തനമാരംഭിച്ചു. വർഷം മുഴുവൻ ഇതിന്റെ കീഴിൽ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. ആയിരക്കണക്കിനുള്ള വിദ്യാർഥി വിദ്യാർഥിനികൾ ഈ സെന്ററിൽനിന്ന് തുന്നൽ പരിശീലനം നേടിക്കൊണ്ട് സ്വയംതൊഴിൽ ചെയ്യുന്നു. 2004-ൽ ഹുദൂറിന്റെ പര്യടനവേളയിൽ ഹദ്റത്ത് ബീഗം സാഹിബ വാഗാദോഗോയിൽ 50-ഉം ബോബോജലാസോയിൽ 10-ഉം മിഷനുകൾ ആവശ്യക്കാർക്ക് വിതരണം ചെയ്തു.

ഹ്യൂമാനിറ്റി ഫസ്റ്റിന്റെ തുന്നൽ സെന്റർ വിജയിക്കുന്നുവെന്ന് മാത്രമല്ല മറിച്ച്, പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്. കോവിഡ് 19-ന്റെ അവസാനത്തിൽ എല്ലാ സ്ഥലത്തും മാസ്കിന്റെ കുറവ് നേരിട്ടപ്പോൾ കുറച്ച് മാസ്ക്കുകൾ കൈവശമുള്ളവർ നല്ല വിലക്ക് വിറ്റു. അപ്പോൾ ഹ്യൂമാനിറ്റി ഫസ്റ്റ് തുന്നൽ സെന്ററിൽനിന്ന് മാസ്ക് നിർമിക്കുകയും ജനങ്ങൾക്കിടയിൽ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു.

സെന്ററിന്റെ ഉന്നതമായ പ്രവൃത്തിയും നല്ല പാക്കിംഗും കണ്ട് ചില സംഘടനകളും മാസ്ക് ഉണ്ടാക്കാൻ കൊടുക്കുകയുണ്ടായി. തുന്നൽ സെന്ററിന്റെ ജോലിക്കാർ രാപകൽ പരിശ്രമിച്ചുകൊണ്ട് ആയിരക്കണക്കിന് മാസ്കുകൾ നിർമ്മിച്ചു. 2004-ൽ ഹുദൂർ ഹ്യൂമാനിറ്റി ഫസ്റ്റിന്റെ ജോലി പരിശോധിച്ചതിനുശേഷം വിസിറ്റേഴ്സ ബുക്കിൽ ഇപ്രകാരം എഴുതി: "മാശാ അല്ലാഹ്. ഹ്യൂമാനിറ്റി ഫസ്റ്റിന്റെ നേതൃത്വത്തിൽ വളരെ നല്ല പ്രവൃത്തിയാണ് നടന്നത്. അല്ലാഹു മുമ്പത്തേക്കാളുപരി സൃഷ്ടിസേവനം ചെയ്യാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ."

**ഇന്റർ നാഷണൽ അസോസിയേഷൻ ഓഫ് അഹ്മദി ആർകിടെക്ട് & എഞ്ചിനിയർ**

ഈ സംഘടനയുടെ കീഴിൽ ബുർക്കിനാഫാസോയിൽ സൃഷ്ടിസേവനത്തിന്റെ പല പദ്ധതികളും നടന്നുവരുന്നു. ബുർക്കിനാഫാസോയിലെ ഗ്രാമപ്രദേശങ്ങളിൽ കുടിക്കാനുള്ള ശുദ്ധജലം ലഭിക്കുക എന്നത് വളരെ ബുദ്ധിമുട്ടും പ്രയാസമുള്ളതുമായ കാര്യമാണ്. വാട്ടർ ഓഫ് ലൈഫ് എന്ന പരിപാടിയുടെ കീഴിൽ വിദൂരത്തുള്ള ഗ്രാമപ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിനുവേണ്ടി തുടർച്ചയായി പൈപ്പ് ശരിയാക്കുകയും ബോർവലാക്കിക്കൊണ്ട് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള സംഘടനയുടെ കീഴിൽ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

**മോഡൽ വില്ലേജ്;**

ഈ സംഘടനയുടെ പേരിൽ മോഡൽ വില്ലേജും നിർമിച്ചുകൊണ്ടിരിക്കുന്നു. ഈ പരിപാടിയുടെ ഭാഗമായി ദൂരെയുള്ള ഏതെങ്കിലും പ്രദേശം തിരഞ്ഞെടുത്തുകൊണ്ട് അവിടെ സോളാർ സിസ്റ്റം മുഖേന കുടിവെള്ളം എല്ലാ വീടുകളിലും വൈദ്യുതി, തെരുവുകളിൽ വൈദ്യുതി, മസ്ജിദുകളിൽ വൈദ്യുതി, എന്നീ സൗകര്യം ചെയ്യുന്നതിനു പുറമെ ഗ്രാമങ്ങളുടെ പുരോഗതിക്കുവേണ്ടിയുള്ള മറ്റുള്ള പരിപാടികളും ചെയ്തുവരുന്നു. മോഡൽ വില്ലേജ് എന്ന ഈ പ്രൊജക്ട് ഗ്രാമപ്രദേശങ്ങളിലുള്ള പാവപ്പെട്ടവരുടെ ജീവിതം തന്നെ മാറ്റിമറിക്കുന്നു.

ബുർക്കിനാഫാസോയിലെ ഡോറി റീജ്യണിൽ മഹ്ദിയാബാദ് ഗ്രാമത്തിലായിരുന്നു ഐ.എ.എ.എ.ഇ (I A A A E)യുടെ ആദ്യത്തെ മോഡൽ വില്ലേജ് പ്രൊഡക്ട്. ഇതിനു പുറമെ 'സീഏന'യിലും മവാരപേത്തിയിലും രണ്ട് മോഡൽ വില്ലേജിന്റെ പണിതീർന്നുഴിഞ്ഞു. നാലാമത്തെ മോഡൽ വില്ലേജ് ബാൻഫോറയിലെ റീജ്യണിലെ ഗ്രാമമായ ലേത്തിഫാസോയിൽ നിർമിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തുകയാണ്.

**വിദ്യാഭ്യാസരംഗത്തെ സേവനങ്ങൾ:**

2004 മാർച്ച് 30-ന് ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ അനുഗ്രഹകരങ്ങളാൽ ഡോറിയിൽ ആദ്യത്തെ അഹ്മദിയ്യാ പ്രൈമറി സ്കൂളിന് തറക്കല്ലിട്ടു. അതിനുശേഷം ബുർക്കിനാഫാസോ ഈ രംഗത്ത് കൂടുതൽ പുരോഗതി പ്രാപിക്കുകയും 2022 ആകുമ്പോഴേക്കും താഴെ കൊടുത്ത സ്കൂളുകൾ സ്ഥാപിച്ചുവെന്ന് മാത്രമല്ല ആയിരക്കണക്കിന് കുട്ടികളെ അറിവിന്റെ മുത്തുകൾകൊണ്ട് കോർത്തിണക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഈ സമയത്ത് ഡോറി, കായ, ലേബു, ബാൻഫോർ, തീൻഗോദോഗോ എന്നീ സ്ഥലങ്ങളിലായി 5 അഹ്മദിയ്യാ പ്രൈമറി സ്കൂളുകൾ നിലവിലുണ്ട്. ഇതുകൂടാതെ കദ്ഗോ, ദോഗാ ബുസ്താനേ മഹ്ദി എന്നീ സ്ഥലങ്ങളിൽ കോളേജും നടന്നുവരുന്നു. ബാൻഫോർ എന്ന സ്ഥലത്ത് ഒരു കോളേജ് നിർമ്മാണത്തിലാണ്.

**ഐവാനെ മസ്റൂർ:**

സോമാഗാന്ഡെ കേന്ദ്ര മിഷൻഹൗസിൽ മജ്ലിസ് അൻസ്വാറുല്ലാഹ് യുകെയുടെ വകയായി ഐവാനെ മസ്റൂർ എന്ന പേരിൽ ഒരു ഹാൾ നിർമിച്ചിരിക്കുന്നു. ഈ ഹാൾ മൾട്ടി പർപ്പസായിട്ടാണ് ഉപയോഗിക്കാറുള്ളത്. അത് പല പരിപാടികൾക്കും കായിക മത്സരങ്ങൾക്ക് വേണ്ടിയും ഉപയോഗിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബുർക്കിനാഫാസോയിൽ അഹ്മദിയ്യാ ബാറ്റ്മെന്റൺ ക്ലബ്ബ് രജിസ്റ്റർ ചെയ്തതാണ്. ഈ ക്ലബ്ബിന്റെ കീഴിൽ ഐവാനെ മസ്റൂറിൽ ബാറ്റ്മെന്റിന്റെ ദേശീയനിലയിലുള്ള മത്സരങ്ങൾ നടത്തുന്നുണ്ട്.

**ജാമിഅത്തുൽ മുബശ്ശിരീൻ:**

ഫ്രഞ്ച് രാഷ്ട്രങ്ങൾക്കുവേണ്ടി 2017-ൽ ബുർക്കിനാഫാസോയിൽ ആദ്യത്തെ ജാമിയത്തുൽ മുബശ്ശിരീൻ നിലവിൽ വന്നു. ഈ ജാമിഅ തികച്ചും ഫ്രഞ്ച് മീഡിയായിലാണ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅമിനീന്റെ അസാധാരണമായ ദയയുടേയും മാർഗ്ഗനിർദ്ദേശത്തോടും ഫ്രഞ്ച് സമൂഹത്തിനുവേണ്ടി ഉണ്ടാക്കിയ ആദ്യത്തെ ജാമിയ എന്ന സ്ഥാനവും ഇതിനുണ്ട്. തുടക്കത്തിൽ വെറും 3 മുറികൾ നിർമിച്ചുകൊണ്ടാണ് ഇത് തുടങ്ങിയത്. ആദ്യ വർഷംതന്നെ 4 ഫ്രഞ്ച് രാഷ്ട്രങ്ങളിലെ പ്രതിനിധികൾ പങ്കെടുക്കുകയും ആദ്യത്തെ ബാച്ച് പഠനം പൂർത്തിയാക്കുകയും ചെയ്തു. ഇതുവരെ മൂന്ന് ബാച്ചുകൾ തങ്ങളുടെ പഠനം പൂർത്തിയാക്കി പ്രവർത്തനമേഖലയിൽ പൊയ്ക്കഴിഞ്ഞു. ഈ മൂന്ന് വർഷമായി ബുർക്കിനാഫാസോ നൈജീരിയ, ബെനിൻ, മാലി, കോംഗോ കൻഷാസാ എന്നീ സ്ഥലങ്ങളിലുള്ള 49 മുബല്ലിഗുമാർ ഈ ജാമിയായിൽനിന്ന് പാസ്സായിട്ടുണ്ട്. ഇപ്പോൾ ഫ്രഞ്ച് മേഖലയിലെ 8 വിദ്യാർഥികൾ പഠിച്ചുകൊണ്ടിരിക്കുന്നു. സയ്യുദുനാ ഹുദൂർ അയ്യദഹുല്ലാഹ് ആദ്യത്തെ സനദ് ദാന ചടങ്ങിന്റെ അവസരത്തിൽ ഒരു പ്രത്യേക സന്ദേശം അയക്കുകയുണ്ടായി. അതിൽ ജാമിഅയെകുറിച്ച് ഒരു വാക്ക് ഇപ്രകാരം പറഞ്ഞു.

This will be great source pride not only for the members of the Jamath in French-Speaking countries but for everyone in the whole World of Ahmadiyyath

അല്ലാഹു ആഗോള അഹ്മദികൾക്ക് അഭിമാനം കൊള്ളത്തക്ക രീതിയിൽ ഖിലാഫത്തിന്റെ ആഗ്രഹത്തിനനുസരിച്ച് ഈ ജാമിയയെ മാറ്റട്ടെ.

**പ്രിന്റിംഗ് പ്രസ്സ്:**

ബുർക്കിനാഫാസോയിൽ 2008-ൽ പ്രിന്റിംഗ് പ്രസ്സ് നിലവിൽവന്നു. ദൈവാനുഗ്രഹത്താൽ ഈ പ്രസ്സ് തബ്ലീഗ് രംഗത്ത് ഗ്രന്ഥങ്ങളും ലിറ്ററേച്ചറുകളും എത്തിക്കാൻ സഹായിക്കുന്നു.

**ശാഖാ സംഘടനകൾ:**

1990 മുതൽ ബുർക്കിനാഫാസോയിൽ ശാഖാ സംഘടനകൾ രൂപീകരിക്കുന്നിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 1990 ജൂലായിൽ ശാഖാ സംഘടന രൂപീകരിക്കുന്നതിനെ കുറിച്ച് അവരുടെ പ്രസിഡണ്ടുമാരെ തിരഞ്ഞെടുക്കുന്നതിനെ സംബന്ധിച്ചുള്ള അമീർ സാഹിബിന്റെ കത്തിന്റെ മറുപടിയായി ഹുദൂർ ഇപ്രകാരം പറഞ്ഞു: 'നേരിട്ട് നിയമിച്ചുകൊണ്ട് മജ്ലിസുകൾക്ക് തർബിയ്യത്ത് കൊടുക്കുക. തിരഞ്ഞെടുപ്പ് ഘട്ടം പിന്നീട് നടത്താം.' (താരീഖെ അഹ്മദിയ്യത്ത് ബുർക്കിനാഫാസോ ഫൈൽ, 1990)

അൽഹംദുലില്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബുർക്കിനാഫാസോയിൽ ശാഖാ സംഘടന ഈ നിലയിൽ എത്തിച്ചേരുകയും ഇപ്പോൾ ഈ ശാഖാ സംഘടനയുടെ മജ്ലിസ് ശൂറ സംഘടിപ്പിക്കുകയും അതിൽ അവർ അവരവരുടെ പ്രസിഡണ്ടുമാരെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു.

**മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ:**

ബുർക്കിനാഫാസോയിൽ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ദിനംപ്രതി ശക്തി പ്രാപിച്ചുവരികയാണ്. എല്ലാ റീജ്യണുകളിലും സംഘടന രൂപീകരിച്ചിരിക്കുന്നു. മജ്ലിസിലെ ഖായിദുമാരും ഇലാഖ ഖായിദുമാരും തങ്ങളുടെ മജ്ലിസുകളിലും പ്രദേശങ്ങളിലും ഖുദ്ദാമിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. റീജ്യണൽ ഇജ്തിമാകളും സംഘടിപ്പിക്കുന്നു.

**ഫള്ലെ ഉമർ തർബിയ്യത്ത് ക്ലാസ്സ്:**

ഖുദ്ദാമിന്റെയും അത്ഫാലിന്റെയും തർബിയ്യത്തിനു വേണ്ടി ഓരോ വർഷവും വേനലവധിക്ക് തർബ്ബിയ്യത്ത് ക്ലാസ് സംഘടിപ്പിച്ചുവരുന്നു. ഈ പരിപാടി വളരെ വിജയത്തോടുകൂടി നടന്നുവരുന്നുണ്ട്. ജാമിയായിൽ പ്രവേശനത്തിനുവേണ്ടി പ്രതീക്ഷിക്കുന്നവർക്കുള്ള ആരംഭത്തിലുള്ള തർബ്ബിയ്യത്തിനും അവരെ വഖ്ഫ് ചെയ്യാൻവേണ്ടി തയ്യാറാക്കാനും വേണ്ടിയുള്ള ഒരു മാർഗ്ഗമാണ് ഈ ക്ലാസ്.

**റഫ്രഷർ ക്ലാസ് ലജ്നാഇമായില്ലാഹ് പശ്ചിമാഫ്രിക്ക:**

2019 അവസാനത്തിൽ കേന്ദ്ര ലജ്നാ ഇമാഇല്ലായുടെ വകയായി ഹുദൂറിന്റെ അനുവാദത്തോടുകൂടി പശ്ചിമാഫ്രിക്കയിലെ ലജ്നാ ഇമാഇല്ലാഹ് ഭാരവാഹികളുടെ റഫ്രഷർ കോഴ്സ് സംഘടിപ്പിച്ചു. ഹുദൂർ ഈ റഫ്രഷർ ക്ലാസ്സിന്റെ ആതിഥ്യമരുളാൻ ബുർക്കിനാഫാസോ ജമാഅത്തിനോട് നിർദേശിച്ചു. ഈ റഫ്രഷർ ക്ലാസ്സിൽ ആദ്യത്തെ ജമാഅത്തായ ബുർക്കിനാഫാസോ ഉൾപ്പടെ മാലി, ബെനിൻ, നൈജീരിയ, മൊറോക്കോ, അൽജീരിയ എന്നീ ആറ് രാജ്യങ്ങളിലെ ലജ്നാ ഇമാഇല്ലാഹ് ഭാരവാഹികൾ പങ്കെടുക്കുകയുണ്ടായി. കേന്ദ്ര പ്രതിനിധിയായി ലജ്ന ഇമാഇല്ലാഹി ഡസ്കിന്റെ ഇൻചാർജ് യു.കെ ഈ പരിപാടിയിൽ പങ്കെടുത്തു. ഈ റഫ്രഷർ കോഴ്സിൽ മൊത്തത്തിൽ ആറ് രാജ്യങ്ങളുടെ 31 അംഗങ്ങളാണ് പങ്കെടുത്തത്.

**ധൈര്യത്തിന്റെയും ദൃഢനിശ്ചയത്തിന്റെയും അവസ്ഥ:**

ഖിലാഫത്ത് ജൂബിലി വർഷമായ ഘാനയിൽ 2008-ൽ ഹുദൂറിന്റെ വരവിനെക്കുറിച്ചുള്ള വിവരം ലഭിച്ചപ്പോൾ ബുർക്കിനാഫാസോ ജമാഅത്തിലെ ഖുദ്ദാം ജമാഅത്തിയായ നിലയെ നിലനിറുത്തിക്കൊണ്ട് പ്രത്യേകരീതിയിൽ ഘാന ജൽസയിൽ പങ്കെടുക്കാൻ തീരുമാനിച്ചു. ഇതിന് പല റീജ്യണിലുമുള്ള ഖുദ്ദാമിനെ സംഘടിപ്പിക്കുകയും മൂന്നൂറ് ഖുദ്ദാം അടങ്ങുന്ന ഒരു ഗ്രൂപ്പ് ബുർക്കിനാഫാസോയിൽനിന്ന് ഘാനയിലെ ഖിലാഫത്ത് ജൂബിലി സമ്മേളനത്തിൽ പങ്കെടുക്കാൻ സൈക്കിളിൽ പുറപ്പെടുകയും ചെയ്തു. ഇതൊരു ബുദ്ധിമുട്ടുള്ള യാത്രയായിരുന്നു. ഇതിന് ധൈര്യവും ദൃഢനിശ്ചയവും ആവശ്യമായിരുന്നു. ദീർഘദൂരം യാത്രചെയ്യാൻ സാധിക്കുന്ന രീതിയിലല്ലായിരുന്നു സൈക്കിളുകൾ. എന്നിട്ടും സൈക്കിളിന്റെ മോശമായ അവസ്ഥ ഖുദ്ദാമിന്റെ ആവേശത്തിന് മുന്നിൽ തടസ്സമായി നിന്നില്ല. ഈ ഖുദ്ദാം ആഫ്രിക്കയിൽ മാത്രമല്ല മുഴുവൻ സമൂഹത്തിനും ഒരു മാതൃകയായി മാറി. ഈ സംഘം പ്രത്യേക ഷർട്ടുകൾ ധരിച്ച് സ്നേഹത്തിന്റെ സന്ദേശം നൽകിക്കൊണ്ട് കടന്നുപോകുമ്പോൾ ജനശ്രദ്ധ അവരിലേക്ക് തിരിയുമായിരുന്നു. രണ്ട് രാജ്യങ്ങളുടെ മാധ്യമങ്ങൾ ഇതിന് നല്ലനിലയിൽ കവറേജ് നൽകുകയുണ്ടായി. ഘാന ജൽസ കഴിഞ്ഞിട്ടും കുറേ ദിവസം ഈ വാർത്ത മാധ്യമങ്ങളിൽ സംപ്രേഷണം ചെയ്തുകൊണ്ടിരുന്നു.

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് 2008 ആഗസ്റ്റ് ഒന്നാം തിയതി ചെയ്ത ഖുത്ബയിൽ ഈ സംഭവത്തെ വളരെ സ്നേഹത്തോടുകൂടി പറയുകയുണ്ടായി. ഹുദൂർ പറഞ്ഞു:

ഇപ്രാവശ്യം ജൽസയുടെ ഉണർവ്വും ഉത്സാഹവും മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കാനുള്ള കാരണം ജർമനിയിൽനിന്ന് സൈക്കിളിലൂടെ വന്ന യാത്രക്കാരായിരുന്നു. നൂറ് പേരടങ്ങുന്ന യുവാക്കളുടെ ഒരു സംഘമായിരുന്നു ഇത്. ഈ സമൂഹത്തിൽ ജീവിക്കുന്നവരുടെ ഹൃദയത്തിലുണ്ടായ ആവേശത്തിന്റേയും കൂറിന്റേയും ഒരു പ്രകടനമായിരുന്നു അത്. അതുപോലെ ഖിലാഫത്തിന്റെ നൂറുവർഷം പൂർത്തിയാകുന്നതിൽ നൂറുപേരടങ്ങുന്ന ഒരു സൈക്കിൾ യാത്രാസംഘത്തെ തയ്യാറാക്കി എന്നതും ഖിലാഫത്തിനോടുള്ള ബന്ധമാണ്. നമ്മുടെ റോഡിൽ വളരെ തിരക്കാണെന്നതുകൊണ്ട് സൈക്കിളിൽ യാത്ര ചെയ്യുക എന്ന നിലയിൽ ജർമനി അമീർ സാഹിബ് അവരെ പ്രൊട്ടക്ട് ചെയ്യുന്നുണ്ടായിരുന്നു. ഈ നിലയിൽ അവരുടെ പ്രവൃത്തി വളരെ വലുതാണ്. ബുർക്കിനാഫാസോയിലെ യുവാക്കളുടെയും പ്രവൃത്തി വളരെ വലുതുതന്നെയാണ്. കാരണം അവരുടെ റോഡുകൾ നല്ലതായിരുന്നില്ല. സൈക്കിളും അത്ര നല്ലതല്ല. എന്നു മാത്രമല്ല അവിടുത്തെ പത്രമാധ്യമങ്ങൾ എഴുതിയത് പൊട്ടിയ സൈക്കിളുമായി ലക്ഷ്യസ്ഥാനത്തെത്താൻ കഴിയുമോ? എന്നാണ്. പിന്നെ ഈ പാവങ്ങൾക്ക് ഭക്ഷണവും ശരിയായ രീതിയിൽ എത്തിയിരുന്നില്ല. ചൂടും അധികമായിരുന്നു. ഈ സകല കാര്യങ്ങളും നോക്കുകയാണെങ്കിൽ യുവാക്കളും വളരെയധികം ധൈര്യം കാണിച്ചു. ഏതായിരുന്നാലും മത്സരം വെച്ചുനോക്കുകയാണെങ്കിൽ ഖിലാഫത്ത് ജൂബിലി ജൽസയിൽ സൈക്കിളിൽ യാത്രചെയ്ത് വന്നവർ എന്ന നിലയിൽ ഒന്നാം സ്ഥാനത്ത് ബുർക്കിനാഫാസോയിലെ ഖാദിമീംകളാണ്. (ജുമുഅ ഖുത്ബ 2008, ആഗസ്ത് 1, ഖുത്ബാത്തെ മസ്റൂർ വാള്യം 6, പേജ് 312)

**ഭക്ഷണം കിട്ടിയില്ലെങ്കിലും പ്രശ്നമില്ല**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് തന്റെ 2020 മെയ് 29-ാം തിയതിയിലെ ജുമുഅ ഖുത്ബയിൽ ഇപ്രകാരം പറഞ്ഞു: "ഘാനയിലെ 2008-ലെ പര്യടനമായിരുന്നു. ബുർക്കിനാഫാസോയിൽനിന്ന് ആളുകൾ അവിടെ വന്നു. മറ്റുള്ള അയൽരാജ്യങ്ങളിൽനിന്നും ആളുകൾ എത്തിയിരുന്നു. ബുർക്കിനാഫാസോയിൽനിന്നു വലിയൊരു സംഘമാണ് വന്നിട്ടുള്ളതെന്നും അവരിൽ ചിലർക്ക് ഭക്ഷണവും കിട്ടിയിട്ടില്ലെന്നും എനിക്ക് അറിയാൻ സാധിച്ചു. അവരുടെ അംഗസംഖ്യ 300 ആയിരുന്നു. അവിടെ പോയിരുന്ന സംഘങ്ങളിൽ ഏറ്റവും വലിയ സംഘം അവരുടേതായിരുന്നു. 300 ഖുദ്ദാം, 1600 കിലോമീറ്റർ സൈക്കിളിൽ യാത്ര ചെയ്താണ് അവിടെ എത്തിയത്. ഏതായിരുന്നാലും അവിടെയുള്ള മുബല്ലിഗിനോട് ഞാൻ പറഞ്ഞു, 'അവരോട് ക്ഷമാപണം ചെയ്യുക. ഇനി അവരെ ശ്രദ്ധിക്കുകയും ചെയ്യുക.' അദ്ദേഹം അവരിൽ ക്ഷമാപണമെത്തിച്ചപ്പോൾ അവർ പറഞ്ഞു: 'ഞങ്ങൾ ഏതൊരു ഉദ്ദേശ്യത്തിനു വേണ്ടിയാണോ വന്നിട്ടുള്ളത് അത് ഞങ്ങൾ കരസ്ഥമാക്കി, ഭക്ഷണത്തിലെന്തിരിക്കുന്നു. അത് നമ്മൾ നിത്യവും കഴിക്കുന്നതല്ലേ?' പാവപ്പെട്ടവരായ ഇവർ ദിവസവും എന്ത് ഭക്ഷണം കഴിക്കാനാണ്. അവർ പറഞ്ഞു: "നമ്മൾ ഇപ്പോൾ തിന്നുകൊണ്ടിരിക്കുന്ന ഭക്ഷണം, ആത്മീയഫലം എടുത്തുകൊണ്ടിരിക്കുന്ന ഫലം അത് നിത്യവും നമുക്ക് എവിടെ കിട്ടാനാണ്."

ബുർക്കിനാഫാസോ ജമാഅത്ത് ഇപ്പോഴും അത്ര പഴയ ജമാഅത്തൊന്നുമല്ല. ഞാൻ അവിടെ പര്യടനം നടത്തിയപ്പോൾ ആ സമയത്ത് എന്റെ ധാരണയിലുണ്ടായിരുന്നത് പത്തോ പതിനഞ്ചോ വർഷം പഴയ ജമാഅത്തായിരിക്കുമെന്നാണ്. ഇപ്പോൾ 30 വർഷം പഴയ ജമാഅത്തായിരിക്കുന്നു. എന്നാൽ, ഇവർ ആത്മാർഥതയിലും കൂറിലും സ്നേഹത്തിലും പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു. ദാരിദ്ര്യത്തിന്റെ അവസ്ഥ എന്താണെന്നുവെച്ചാൽ ചിലർ അവർ ധരിച്ച ഒരു വസ്ത്രവുമായാണ് വന്നത്. ആ ഒരു വസ്ത്രം മാത്രമേ അവർക്കുണ്ടായിരുന്നുള്ളൂ. അതേ വസ്ത്രത്തിൽ മൂന്നും നാലും ദിവസവും ചിലപ്പോൾ ഒരാഴ്ചയും കഴിച്ചുകൂട്ടി. അങ്ങനെയാണവർ യാത്ര ചെയ്തുവന്നത്. ഖിലാഫത്ത് ജൂബിലിയുടെ ജൽസയാണ്, കാലത്തിന്റെ ഖലീഫ പങ്കെടുക്കുന്ന ജൽസയാണ്, അതുകൊണ്ട് ഇതിൽ നമ്മൾ നിർബന്ധമായും പങ്കെടുക്കുന്നതാണെന്ന നിയ്യത്തോടുകൂടി പണം സ്വരൂപിച്ചുകൊണ്ടാണ് ജൽസയിൽ പങ്കെടുത്തത്. ഇത്തരത്തിലുള്ള സ്നേഹം അല്ലാഹുവല്ലാതെ മറ്റാർക്കാണ് ഉണ്ടാക്കാൻ കഴിയുക. (ജുമുഅ ഖുത്ബ 2020, മെയ് 29 ഇന്റർനാഷണൽ അൽഫള്ൽ, 2020 ജൂൺ 19)

---

**കോംഗോ ബ്രാസവിലിൽ ജമാഅത്തിന്റെ പുരോഗതികൾ**

കോംഗോ ബ്രാസവിലിന്റെ ശരിയായ പേര് റിപ്പബ്ലിക് ഓഫ് കോംഗോ എന്നാണ്. ഇതിനെയാണ് കോംഗോ ബ്രാസവിൽ എന്ന് പറയുന്നു. ഇതിന്റെ തലസ്ഥാനത്തിന്റെ പേര് ബ്രാസവിൽ എന്നാണ്. അതിന്റെ ജനസംഖ്യ ഏകദേശം 5 മില്യനാണ്. മാതൃഭാഷ ഫ്രഞ്ചാണ്. ഭൂമി വളരെ ഫലഭൂയിഷ്ഠമാണ്. ജൂൺ, ജൂലായ്, ആഗസ്ത് എന്നീ മൂന്ന് മാസങ്ങളിൽ ശൈത്യമാണ്. ബാക്കി 9 മാസവും മഴയാണ്. 1960 ആഗസ്റ്റ്15 ന് ഫ്രാൻസിൽനിന്ന് സ്വതന്ത്രമായ രാജ്യമാണിത്. കോംഗോയിൽ 97%വും ക്രിസ്ത്യാനികളാണ്. 2% മുസ്ലിമീങ്ങളും.

**അഹ്മദിയ്യ ജമാഅത്ത്:**

1988-ൽ അമീറും മിഷണറി ഇൻ ചാർജുമായ സിദ്ദീഖ് മുനവർ സാഹിബ് കോംഗോയിലെ ഒരു തദ്ദേശ മുഅല്ലിമിനെ തബ്ലീഗിന്റെ ഉദ്ദേശ്യത്താൽ അവിടേക്ക് അയച്ചു. പിന്നീട് ഒരു മാസത്തേക്ക് അദ്ദേഹം ഇവിടെ വന്നു. അത് കഴിഞ്ഞ് 2002-ൽ മുഹിബ്ബുല്ലാഹ് സാഹിബ് അമീർ മിഷണറി ഇൻ ചാർജ്ജ് വീണ്ടും തദ്ദേശ മുഅല്ലിമുകളെ ഇവിടേക്ക് അയക്കാൻ തുടങ്ങി. അവർ വന്ന് ലിറ്ററേച്ചറുകൾ വിതരണം ചെയ്യാനും റേഡിയോ പ്രോഗ്രാമുകൾ സംഘടിപ്പിക്കാനും തുടങ്ങി.

**തലസ്ഥാനത്ത് മിഷൻ:**

2005 ജൂണിൽ മുബല്ലിഗായ സയീദ് അഹ്മദ് എന്ന ഈ വിനീതനെ കോംഗോ കൺഷാസായിൽനിന്ന് ജമാഅത്തിനുവേണ്ടി ഒരു മിഷൻ തുടങ്ങാൻ കോംഗോ ബ്രാസവിലിലേക്ക് അയച്ചു. കോംഗോ ബ്രാസവിലിന്റെ തലസ്ഥാനമായ ബ്രാസവിലിൽ വാടകക്ക് ഒരു വീട് വാങ്ങി ഒരു മിഷൻഹൗസ് തുടങ്ങി. തുടക്കത്തിൽ ജമാഅത്തിന്റെ രജിസ്ട്രേഷൻ നടക്കാത്തതുകൊണ്ട് മുസ്ലിമീങ്ങളുടെ ഭാഗത്തുനിന്ന് ധാരാളം എതിർപ്പുകൾ സഹിക്കേണ്ടതായി വന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താലും ഹുദൂറിന്റെ പ്രത്യേക പ്രാർഥനയുടെ ഫലമായും 2007 ജൂൺ 6-ാം തിയതി ജമാഅത്തിന്റെ രജിസ്ട്രേഷൻ നടക്കുകയുണ്ടായി. അൽഹംദുലില്ലാഹ്. രജിസ്ട്രേഷനു ശേഷം നമുക്ക് ഇപ്പോൾ സ്ഥിരമായി തബ്ലീഗും മറ്റു പരിപാടികളും നിർഭയം സംഘടിപ്പിക്കാവുന്നതാണ്.

**തലസ്ഥാന നഗരിയുടെ പുറത്ത് ആദ്യത്തെ മിഷൻ:**

2006 ഡിസംബറിൽ ബ്രാസവിലിന് വെളിയിൽ ആദ്യമായി 'പികെ'യിൽ ജമാഅത്ത് സ്ഥാപിക്കാനുള്ള ഭാഗ്യം ലഭിച്ചു. ജമാഅത്തിന്റെ മുഅല്ലിമായ ഇബ്റാഹിം ഏതിലാ സാഹിബിനെ തബ്ലീഗ് ആവശ്യാർഥം അവിടെ അയച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടെ വളരെയധികം വിജയം കരസ്ഥമാക്കാൻ സാധിച്ചു. അവിടെ നമ്മൾ വാടകക്ക്

ഒരു വീട് വാങ്ങുകയും നവാഗതർക്കുള്ള തഅ്ലിം തർബിയ്യത്ത് സംഘടിപ്പിക്കുകയും ചെയ്തു. അതിനുശേഷം 2008-ൽ പട്ടണത്തിന്റെ ഹൃദയഭാഗത്ത് 40x25 ചതുരശ്രമീറ്റർ വിസ്താരമുള്ള അനുയോജ്യമായ ഒരു പ്ലോട്ട് വിലക്ക് ലഭിച്ചു. അതിലൊരു വീടുമുണ്ടായിരുന്നു. ഇതിനുശേഷം ഈ വീടിന്റെ ഒരു ഭാഗത്ത് നമസ്കാരസെന്ററായി നിലനിറുത്തി. ഹുദൂർ അതിന്റെ പേര് ബയ്ത്തുൽ മഹ്ദി എന്നുവെച്ചു.

**ആദ്യത്തെ നാഷണൽ**
**വാർഷിക സമ്മേളനം:**

ദൈവാനുഗ്രഹത്താൽ ജമാഅത്ത് രജിസ്ട്രേഷൻ കഴിഞ്ഞുടനെ 2007 ജൂൺ 26-ാം തിയതി ആദ്യത്തെ നാഷണൽ വാർഷിക സമ്മേളനം നമുക്ക് സംഘടിപ്പിക്കാനുള്ള തൗഫീഖ് കിട്ടി. ജൽസയിൽ പങ്കെടുക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട അമീർ സാഹിബ് കോംഗോയിൽനിന്ന് പുറപ്പെട്ടു. ആദ്യത്തെ സമ്മേളനത്തിൽ ആകെ 86 പേരാണ് പങ്കെടുത്തത്. സമ്മേളന വിഷയം 'ഇസ്‌ലാം സമാധാനത്തിന്റെ മതം' എന്നതായിരുന്നു. തനിക്ക് ആദ്യമായാണ് ഏതെങ്കിലുമൊരു ഇസ്‌ലാമിക സമ്മേളനത്തിൽ പങ്കെടുക്കാനുള്ള അവസരം ലഭിച്ചതെന്നാണ് മേയറിന്റെ പ്രതിനിധി പറഞ്ഞത്. ഇസ്‌ലാമികാധ്യാപനത്തെ കുറിച്ച് കേൾക്കാനുള്ള അവസരം ലഭിച്ചതും അങ്ങനെ തന്നെ. എനിക്ക് നല്ലവണ്ണം ഇഷ്ടപ്പെട്ടു. ജനങ്ങൾക്ക് മനസ്സിലാകുന്നതിനുവേണ്ടി പരിപാടികൾ സംഘടിപ്പിച്ചുകൊണ്ടേയിരിക്കേണ്ടതാണ്.' അദ്ദേഹം പറഞ്ഞു.

**കോംഗോ ബ്രാസവിലിൽ**
**ആദ്യത്തെ മസ്ജിദ്**

ബ്രാസവിൽ തലസ്ഥാനത്തുനിന്ന് 70 കിലോമീറ്റർ ദൂരത്തുള്ള എംബേറ്റി എന്ന പേരുള്ള ഗ്രാമത്തിൽ ജമാഅത്തിന് തങ്ങളുടെ ആദ്യത്തെ മസ്ജിദ് നിർമിക്കാനുള്ള തൗഫീഖ് കിട്ടി. മസ്ജിദ് നിർമിക്കാൻ ഗ്രാമത്തിലെ ഒരു നവഅഹ്മദി അമ്പോല ഇബ്റാഹിം സാഹിബ് തന്റെ പ്ലോട്ടിൽനിന്ന് ഒരു ഭാഗം മസ്ജിദിനു വേണ്ടി നൽകി. തദ്ദേശ ജമാഅത്തിലെ സഹോദരങ്ങൾ വഖാറെ അമൽ ചെയ്തുകൊണ്ട് തൊഴിലാളികളുടെ ചെലവ് ഇല്ലാതാക്കി. ഇതിന്റെ നിർമാണത്തിന്റെ ചെലവ് ചില വ്യക്തികൾ ചേർന്നുകൊണ്ടാണ് വഹിച്ചത്. 2009 മെയ് 17-ാം തിയതി മസ്ജിദ് ഉദ്ഘാടനം ചെയ്യാനുള്ള ഭാഗ്യം ലഭിച്ചു. ഹുദൂർ ബയ്ത്തുൽ ഇസ്‌ലാം എന്ന് മസ്ജിദിന് പേരിട്ടു. കാമറൂണുമായി ബന്ധമുള്ള അബൂബക്ർ ആദാമുവിനെയാണ് ഈ മസ്ജിദിന്റെ ആദ്യത്തെ ഇമാമും മുഅല്ലിമുമായി നിശ്ചയിച്ചത്. ജമാഅത്തിന്റെ പ്രസിഡണ്ട് ബഹുമാനപ്പെട്ട അബൂബക്ർ അമ്പോലെ സാഹിബായിരുന്നു. പിന്നീട് അദ്ദേഹം സ്വദ്ർ മജ്‌ലിസ് അൻസാറുല്ലാഹ് കോംഗോയുമായി. അദ്ദേഹം അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയുമായിരുന്നു. 2019-ൽ അദ്ദേഹം വഫാത്തായി. 1939-ലാണ് ജനിച്ചത്. 2009-ൽ ക്രിസ്തുമതം ഉപേക്ഷിച്ച് ജമാഅത്തിൽ ചേരുകയായിരുന്നു.

2007 ആഗസ്ത് മാസത്തിൽ അബ്ദുർറഹിം ആർമൽ സാഹിബിനെ തലസ്ഥാനത്തുനിന്ന് 280 കിലോമീറ്റർ ദൂരത്തുള്ള ഒരു പട്ടണം അൻകായി എന്ന സ്ഥലത്ത് പ്രചാരണാർഥം അയച്ചു. അതിനുശേഷം മുഅല്ലിം ഇബ്റാഹിം ഏതീലാ സാഹിബിനെ അദ്ദേഹത്തെ സഹായിക്കുവാൻ അയച്ചു. കാൻകായി കോംഗോയിലെ നാലാമത്തെ വലിയ നഗരമാണ്. ഈ പ്രദേശത്ത് നമുക്ക് വലിയ വിജയമുണ്ടായി. ജമാഅത്തിന്റെ സന്ദേശം വളരെ പെട്ടെന്നുതന്നെ വ്യാപിക്കാൻ തുടങ്ങി.

കോംഗോയിൽ അധികപേരും ക്രിസ്ത്യാനികളാണ്. അവരെ സംബന്ധിച്ചിടത്തോളം ജമാഅത്തിന്റെ സന്ദേശം തികച്ചും പുതിയതാണ്. കുരിശുടയ്ക്കുക എന്നതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തെളിവുകൾക്ക് മുന്നിൽ സാധാരണ ക്രിസ്ത്യാനികൾ പോകട്ടെ പാതിരിമാർപോലും പരാജയമടഞ്ഞു. അതുകാരണമായി ഗ്രാമങ്ങളിൽ വളരെ പെട്ടെന്നുതന്നെ ജമാഅത്തിന്റെ വളർച്ചയുണ്ടാകാൻ തുടങ്ങി. 2009/2010 കാലഘട്ടത്തിൽ ഈ പ്രദേശത്ത് മൂന്ന് മസ്ജിദുകൾ നിർമിക്കാനുള്ള തൗഫീഖ് ലഭിച്ചു. ഈ പ്രദേശത്ത് അഹ്മദിയ്യത്തിലേക്ക് പ്രവേശിച്ചവർ മുഴുവനും ക്രിസ്ത്യാനികളാണെന്ന കാര്യം പ്രത്യേകം സ്മരണീയമാണ്. പ്രാദേശിക ഭാരവാഹികൾ മസ്ജിദുകൾ നിർമിക്കുന്നതിനുവേണ്ടി സൗജന്യമായി സ്ഥലം നൽകുന്നു. ഒരു ഭാഗത്ത് ഹദ്റത്ത് മസീഹ് മൗഊദിന്റെ അനുഗ്രഹം കാരണമായി കുരിശ് തുണ്ടംതുണ്ടമായി തകരുമ്പോൾ മറുഭാഗത്ത് അല്ലാഹുവിന്റെ ഏകത്വത്തിന്റെ കൊടി പാറിപ്പറക്കുകയും ചെയ്യുന്നു.

**തബ്‌ലീഗ് രംഗത്ത് വിജയവും ശത്രുതയും**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ 2008-ലെ ഖിലാഫത്ത് ജൂബിലി സമ്മേളനത്തിനുശേഷം മുഴുവൻ കോംഗോയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം എത്തിക്കുന്നതിനുവേണ്ടി ചോദ്യോത്തര സദസ്സ്, പൊതുസ്ഥലത്ത് മെഗാഫോൺ മുഖേന തബ്‌ലീഗ്, ബസാറിലും തെരുവീഥികളിലും ലിറ്ററേച്ചറുകളുടെ വിതരണം, ഇതിനു പുറമെ ഒരു പ്രൈവറ്റ് ചാനലിൽ ഡി.ആർ.ടിവിയിൽ ജമാഅത്തിന്റെ പ്രോഗ്രാമുകൾക്ക് തുടക്കവും കുറിച്ചു. ഈ എല്ലാ പരിപാടികളും വളരെ വിജയപ്രദമായി നടന്നുവരികയായിരുന്നു. പെട്ടെന്ന് സൗദിയിൽനിന്ന് പഠിച്ച ഒരു മൗലവിക്ക് കോംഗോയിൽ ജമാഅത്തിന്റെ പേര് കേൾക്കുമ്പോൾത്തന്നെ കോപം ജനിക്കും. ആദ്യം ഇയാൾ മുഴുവൻ പ്രദേശത്തും സന്ദർശിച്ചുകൊണ്ട് ജനങ്ങളുടെ ഓരോ മസ്ജിദുകളിലും ജമാഅത്തിന്നെതിരെ ജനങ്ങളെ പ്രകോപിപ്പിച്ചു. ഇയാൾ ജമാഅത്തിന്നെതിരെ മോശമായി സംസാരിച്ചു. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ മേഖലകളിലും വളരെ നല്ലനിലയിൽ മറുപടി നൽകുകയുണ്ടായി. പിന്നീട് ടിവിയിൽ പല വാദപ്രതിവാദങ്ങളും നടക്കുകയുണ്ടായി. 'താൻ നിങ്ങളെ ഈ പ്രദേശത്തുനിന്ന് പുറത്താക്കി കാണിച്ചുതരാം' എന്ന് ഇയാൾ എന്നോട് പറഞ്ഞിരുന്നു. ഞാൻ അയാളോട് പറഞ്ഞു: 'നിങ്ങളുടെ പൂർവ്വികന്മാർ ജമാഅത്തിനെ എതിർത്തുകൊണ്ട് ഖബ്റിലേക്ക് പോയി. എന്നാൽ, ജമാഅത്ത് ദിനംപ്രതി പുരോഗതിപ്രാപിച്ചുകൊണ്ടേയിരിക്കുന്നു. ഇങ്ങേയറ്റം കോംഗോയിലുമെത്തി.' ഞാൻ വീണ്ടും പറഞ്ഞു: 'നിങ്ങൾ ജമാഅത്തിനെ കോംഗോയിൽനിന്ന് ഇല്ലാതാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ, ഞാൻ പറയട്ടെ, ഭാവിയിൽ കോംഗോയിൽ ഇസ്‌ലാം, അഹ്മദിയ്യത്തിലൂടെ മാത്രമേ വളരുകയുള്ളൂ. നിങ്ങളെല്ലാവരും ഇല്ലാതായിത്തീരും. ഇത് എഴുതിവെച്ചോളൂ.' ഇത് പറഞ്ഞിട്ട് ഏതാനും ചില വർഷം മാത്രമേ കഴിഞ്ഞിട്ടുള്ളൂ. ഇപ്പോൾ കോംഗോ മുഴുവൻ പ്രദേശത്തും ഇസ്‌ലാം സമാധാനത്തിന്റെ മതം എന്ന നിലയിൽ അറിയപ്പെടുന്നത് അഹ്മദിയ്യത്തിലൂടെയാണ്. പാതിരിമാർ നമ്മുടെ മുമ്പാകെ മുസ്‌ലിംകളുടെ ചെയ്തികൾ കാരണം ഇസ്‌ലാമിനെ നേരിടുമ്പോൾ അവരുടെ ജർണലിസ്റ്റുകൾതന്നെ 'അഹ്മദികൾ മറ്റു മുസ്‌ലിമീങ്ങളെപോലെയല്ല, അവർ സമാധാനകാംക്ഷികളാണെന്നു പറഞ്ഞ് അവരുടെ വായ അടപ്പിക്കുന്നു.

**പാതിരിയുമായി വാദപ്രതിവാദം:**

സമാധാനമെന്നനിലയിൽ വിജ്ഞാനപ്രദമായ പ്രോഗ്രാമുകൾ നടത്തിയതിനും നല്ല വാദപ്രതിവാദം നടത്തിയതിനും കോംഗോ ടി.വിയുടെ വക മൂന്ന് അവാർഡുകൾ ലഭിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ നിലയിലും കോംഗോയിൽ ജമാഅത്തിനെക്കുറിച്ച് ജനങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചു.

**ലിറ്ററേച്ചറുകളുടെ പ്രദർശനം:**

ജമാഅത്തിന്റെ പുസ്തക പ്രദർശനവും തബ്‌ലീഗിനുള്ള ഒരു പ്രധാന മാർഗമാണ്. പ്രദേശത്ത് മുഴുവനും പ്രദർശനം സംഘടിപ്പിച്ചുകൊണ്ട് ഫലമെടുക്കുകയും ആയിരക്കണക്കിനുള്ള ബന്ധങ്ങൾ ലഭിക്കുകയും ചെയ്യുന്നു. ഇതിന്നിടയിലും നോട്ടീസുകളും സൗജന്യമായി വിതരണം ചെയ്യുന്നു.

**കോംഗോബ്രാസവിലിന്റെ കേന്ദ്രസെന്റർ**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കോംഗോയുടെ തലസ്ഥാനമായ ബ്രാസവിലിൽ നമുക്ക് 97 ചതുരശ്രമീറ്റർ സ്ഥലം വാങ്ങാനുള്ള തൗഫീഖ് ലഭിച്ചു. അതിൽ ഒരു വലിയ വീടുമുണ്ടായിരുന്നു. അത് നന്നാക്കി മിഷൻ ഹൗസിനുവേണ്ടി തയ്യാറാക്കുകയുണ്ടായി. ഇതിലുള്ള 120 ചതുരശ്രമീറ്ററുള്ള ഒരു ഹാൾ ജമാഅത്തായുള്ള നമസ്കാരത്തിനും ജുമുഅ നമസ്കാരത്തിനും ഉപയോഗിക്കുന്നു. അതിൽ ഏകദേശം 200 പേർക്ക് നമസ്കരിക്കാൻ സാധിക്കും. 450 ചതുരശ്രമീറ്റർ സ്ഥലം ഒഴിഞ്ഞുകിടക്കുന്നു. അവിടെ മസ്ജിദ് പണിയാനുള്ള പദ്ധതിയുണ്ട്.

**ഹ്യൂമാനിറ്റി ഫെസ്റ്റ്:**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ 2011-ൽ കോംഗോയിൽ ഹ്യൂമാനിറ്റി ഫസ്റ്റ് രജിസ്റ്റർ ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അന്നുമുതൽ ഹ്യൂമാനിറ്റി ഫസ്റ്റ് കാനഡയുടെ സഹായത്താൽ ദുരിതം അനുഭവിക്കുന്ന മനുഷ്യർക്ക് സഹായം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചുകൊണ്ടിരിക്കുന്നു. ഹ്യൂമാനിറ്റി ഫസ്റ്റ് കാനഡയുടെ സഹായത്താൽ 2 പ്രൈമറി സ്കൂൾ, ഒരു ക്ലിനിക്, ഒരു തുന്നൽ സെന്റർ എന്നിവ സ്ഥാപിച്ചു. അൽഹം ദുലില്ലാഹ്.

ഹ്യൂമാനിറ്റിഫസ്റ്റിന്റെ കീഴിൽ ഗാംബൊമാഡ്മിട്റിക്റ്റിന്റെ രണ്ട് ഗ്രാമങ്ങളായ ഏതാലി, ഏൻചിയാനാ എന്നീ സ്ഥലങ്ങളിൽ രണ്ട് സ്കൂളുകൾ നിർമിക്കപ്പെട്ടു. ഈ രണ്ട് സ്കൂളുകളിലും 114 കുട്ടികൾ പഠിക്കുന്നു.

**വാർഷിക സമ്മേളനം:**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കോംഗോബ്രാസവലിൽ വാർഷിക സമ്മേളനം 2007 മുതൽ ആരംഭിച്ചു. ഇതുവരെയായി 10 നാഷണൽ വാർഷിക സമ്മേളനം സംഘടിപ്പിക്കാനുള്ള തൗഫീഖ് ലഭിച്ചു. ഇതുപോലെ രാജ്യത്തുള്ള മുഴുവൻ ആളുകളിലും വാർഷിക സമ്മേളനത്തിന്റെ അനുഗ്രഹത്തിൽനിന്ന് ഫലമെടുക്കുന്നതിന് റീജ്യണൽ സമ്മേളനങ്ങളും സംഘടിപ്പിച്ചുവരുന്നു.

**മസ്ജിദും മിഷൻഹൗസും:**

2005 മുതൽ ഇതുവരെയായി അല്ലാഹുവിന്റെ അനുഗ്രഹത്താൽ 12 മസ്ജിദുകൾ നിർമിച്ചു. ഇതുപോലെ 11 മിഷൻഹൗസുകളും

സ്ഥാപിച്ചു. ഇവിടെനിന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ കോംഗോയിലെ മുക്കിലും മൂലയിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം എത്തിക്കാനുള്ള തൗഫീഖ് ലഭിച്ചുകൊണ്ടിരിക്കുന്നു. ഇവിടേയും അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുന്നവരിൽ അധികപേരും ക്രിസ്ത്യാനിറ്റിയുമായി ബന്ധമുള്ളവരാണെന്നത് സ്മരണീയമാണ്. അവർ തങ്ങളുടെ കരങ്ങളാൽ കുരിശിനെ തുണ്ടംതുണ്ടമാക്കിക്കൊണ്ട് അഹ്മദിയ്യത്ത് മുഖേന ഇസ്‌ലാമിന്റെ കൊടികീഴിൽ ഒരുമിച്ചുകൂടുന്നു.

**മുബല്ലിഗും മുഅല്ലിമും**

2 കേന്ദ്ര മുബല്ലിഗുമാരും 15 ലോക്കൽ മുബല്ലിഗുമാരും മുഅല്ലിമീങ്ങളും സേവനത്തിൽ മുഴുകിയിരിക്കുന്നു.

---

## ലൈബീരിയ(Liberia)യിൽ അഹ്മദിയ്യ ജമാഅത്തിന്റെ പുരോഗതികൾ

റിപ്പോർട്ട്: നവേദ് അഹ്മദ് ആദിൽ, അമീർ ഇൻചാർജ് മിഷണറി ലൈബീരിയ

ലൈബീരിയാ(Liberia)യിൽ അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപനം:1951 ഡിസംബറിൽ അഹ്മദിയ്യാ ജമാഅത്ത് സിയറ ലിയോൺ (Sierra Leone)ണിന്റെ വാർഷിക സമ്മേളനാവസരത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) ജമാഅത്തിനു നൽകിയ സന്ദേശത്തിൽ ഇപ്രകാരം പറഞ്ഞു:

നിങ്ങളുടെ രാജ്യം നാലുഭാഗത്തും അഹ്മദിയ്യത്തിനെകുറിച്ച് അറിയാത്ത പ്രദേശങ്ങളാൽ ചുറ്റപ്പെട്ടുകിടക്കുന്നു. അതുകൊണ്ട് നിങ്ങളുടെ ഉത്തരവാദിത്വം വളരെ ഭാരിച്ചതാണ്. നിങ്ങൾക്ക് പ്രവർത്തിക്കാനുള്ള അവസരവും ധാരാളമായി ലഭിക്കുന്നുണ്ട്. ആയതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്വത്തെ മനസ്സിലാക്കിക്കൊണ്ട് നിങ്ങളുടെ പ്രയത്നത്തേയും പരിശ്രമത്തേയും വർധിപ്പിക്കുക. നിങ്ങളുടെ പ്രദേശങ്ങളിൽമാത്രം അഹ്മദിയ്യത്ത് വ്യാപിപ്പിക്കാനുള്ള ശ്രമങ്ങൾ മാത്രം ചെയ്താൽ പോരാ മറിച്ച് ലൈബീരിയായിലും ഫ്രഞ്ച് ആഫ്രിക്കൻ പ്രദേശങ്ങളിലും, തബ്‌ലീഗ് പ്രവർത്തനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുക. (അൽഫള്ൽ ദിനപത്രം 1952, ഏപ്രിൽ 4)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആ സമയത്ത് സിയറ ലിയോൺ അമീറും മിഷണറി ഇൻചാർജുമായ മൗലാനാ മുഹമ്മദ് സിദ്ദീഖ് അമൃതസറി സാഹിബ് താമസിയാതെ ഈ നിർദ്ദേശത്തെ പ്രാവർത്തികമാക്കുകയുണ്ടായി. സിയറ ലിയോൺ ജമാഅത്തിലെ ചില ആത്മാർഥരായ അഹ്മദികൾ മുഖേന ലൈബിരിയായിൽ ലിറ്ററേച്ചർ അയക്കാൻ തുടങ്ങി. 1952 ജൂണിൽ അദ്ദേഹം നേരിട്ട് ലൈബീരിയായിൽ പോവുകയും ഒരുമാസം അവിടെ തങ്ങുകയും ചെയ്തു. അദ്ദേഹം തന്റെ പര്യടനവേളയിൽ ക്രിസ്ത്യൻ മിഷനിലും സ്കൂളിലും കോളേജുകളിലും ജമാഅത്തിനെ പരിചയപ്പെടുത്തി. മുസ്‌ലിം നേതാക്കന്മാരുമായി കൂടിക്കാഴ്ച നടത്തി. കൂടാതെ പര്യടനവേളയിൽ അദ്ദേഹത്തിന് ലൈബീരിയായിലെ രാഷ്ട്രപതിയെ കാണാനുള്ള അവസരവും ലഭിച്ചു. അതിൽ അദ്ദേഹത്തിന്റെ കാബിനറ്റ് മന്ത്രിമാർക്കും ജമാഅത്തിനെക്കുറിച്ച് പരിചയപ്പെടുത്താനും ലിറ്ററേച്ചറുകൾ നൽകാനുമുള്ള അവസരം ലഭിച്ചു.

1955-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) ലൈബീരിയായിൽ മിഷൻ തുറക്കാനുള്ള അനുവാദം നൽകി. ആ സമയത്ത് സിയറ ലിയോണിൽ സേവനം ചെയ്തിരുന്ന സ്വൂഫി മുഹമ്മദ് ഇസ്ഹാഖ് സാഹിബിനെ ലൈബീരിയായിലെ ആദ്യത്തെ മുബല്ലിഗായി നിയമിക്കുകയും മുഴുവൻ ലൈബീരിയായേയും അഹ്മദികളാക്കാൻ വേഗത്തിൽ ശ്രമിക്കുകയെന്നും നിർദ്ദേശം നൽകുകയുണ്ടായി. ബഹുമാനപ്പെട്ട സ്വൂഫി മുഹമ്മദ് ഇസ്ഹാഖ് സാഹിബ് ജനുവരി 6-ാം തിയതി ലൈബിരിയയിലെത്തി. ക്യാരി സ്ട്രീറ്റിൽ(carry street)വാടകക്ക് ഒരു മുറിയെടുത്ത് തബ്‌ലീഗ് പ്രവർത്തനം ആരംഭിച്ചു. അദ്ദേഹത്തിന്റെ തബ്‌ലീഗ് പ്രവർത്തനത്തിന്റെ ഫലമായി ഓരോ ആളുകളായി ജമാഅത്തിൽ പ്രവേശിക്കാൻ തുടങ്ങി.

അദ്ദേഹം തലസ്ഥാനത്തിനു പുറമെ കാക്കാട്ട(Kakata), ബോമിഹിൽസ്(Bomi hills) തബ്മാൻ ബർഗ്(Tubmanberg) എന്നീ സ്ഥലങ്ങളിലും ജമാഅത്തിന്റെ സന്ദേശമെത്തിക്കാൻ വേണ്ടി പര്യടനം നടത്തുകയുണ്ടായി. 1957 ജൂണിൽ അദ്ദേഹത്തിന് രാഷ്ട്രപതി വില്യമുമായി കൂടിക്കാഴ്ച നടത്താൻ സാധിക്കുകയും ജമാഅത്ത് ലിറ്ററേച്ചറുകൾ നൽകുകയും ചെയ്തു. കൂടാതെ അദ്ദേഹം അഹ്മദിയ്യാ ബുക്ക് സ്റ്റാൾ എന്ന പേരിൽ ഒരു കടയും തുടങ്ങിയിരുന്നു. അതിൽ ജമാഅത്തിന്റെ പുസ്തകങ്ങൾക്കു പുറമെ കോഴ്സ് സംബന്ധമായ പുസ്തകവും അല്ലാത്ത പുസ്തകവും ലഭിക്കുമായിരുന്നു. ഈ ഷോപ്പ് 1989 വരെ നിലനിന്നു.

**രാഷ്ട്രനേതാക്കന്മാർക്ക് ജമാഅത്തിന്റെ സന്ദേശം**

1959 ഏപ്രിലിൽ മൗലാനാ മുഹമ്മദ് സിദ്ദീഖ് അമൃതസറി സാഹിബിന്റെ നിയമനം ലൈബീരിയായിലായി. അക്കാലത്ത് ലൈബീരിയ ഐക്യരാഷ്ട്ര സഭയിലും പ്രത്യേകിച്ച് ആഫ്രിക്ക ഭൂഖണ്ഡത്തിലും പ്രത്യേക രാഷ്ട്രീയ സ്ഥാനം വഹിക്കുന്നവരാണ്. അതുകൊണ്ടുതന്നെ രാഷ്ട്രനേതാക്കന്മാരുടെ പര്യടനം സർവ്വസാധാരണയാണ്. മൗലാനാ സാഹിബ് ഇതിൽനിന്നു ഫലമെടുത്തുകൊണ്ട് ഈ രാഷ്ട്രനേതാക്കന്മാർക്ക് ജമാഅത്ത് അഹ്മദിയ്യായുടെ ലിറ്ററേച്ചറുകൾ നൽകാൻ തുടങ്ങി. അദ്ദേഹത്തിനുശേഷം ബഹുമാനപ്പെട്ട മുബാറക് അഹ്മദ് സാഖി സാഹിബിന്റെ കാലത്ത് ഇതേ നിലതുടർന്നു. അക്കാലത്ത് താഴെ ചേർക്കുന്ന രാഷ്ട്രനേതാക്കന്മാർക്ക് ജമാഅത്തിന്റെ ലിറ്ററേച്ചറുകൾ നൽകുകയുണ്ടായി.

1. സർ. ജയിംസ് റോബർട്ട്സൺ(Sir James Robertson) (ഗവർണർ ജനറൽ, നൈജീരിയ)
2. കൻവാമെ നോക്ക്‌വോമ(Kawame Nkroma) (ഘാന പ്രധാനമന്ത്രി)
3. സെകോ ടോവേ(Seco Toray) (പ്രസിഡണ്ട് ഗനി കോനാകരി)
4. ഗാഗ് ഹേമർ ശോൽഡ്(Gag Hammarskjold) (ഐക്യരാഷ്ട്ര സെക്രട്ടറിജനറൽ)
5. ഹയ്‌ലെ സെലാസി(Haile Selassie) (എത്യോപ്യൻ രാജാവ്)

ഇതിനുപുറമെ മൊറോക്കോ പ്രധാനമന്ത്രി, മൗറിത്വാനിയ(Mauritania), ഛാഡ്(Chad) ഗോബോൺ(Gabon) എന്നീ രാജ്യങ്ങളുടെ പ്രസിഡണ്ടുമാർക്കും ജമാഅത്തിന്റെ ലിറ്ററേച്ചറുകൾ നൽകുകയുണ്ടായി. 1960 ജനുവരിയിൽ പ്രസിദ്ധ ക്രിസ്തീയ സുവിഷേകൻ ബില്ലിഗ്രഹാം(Billy Graham) ലൈബീരിയായിൽ വന്നപ്പോൾ അദ്ദേഹത്തിനോടും സംസാരിക്കാൻ മൗലാനാ മുഹമ്മദ് സിദ്ദീഖ് സാഹിബ് ക്ഷണിക്കുകയുണ്ടായി. പക്ഷേ, അദ്ദേഹം ഇഷ്ടപ്പെട്ടില്ല.

**പത്രമാധ്യമങ്ങളിലും ടിവിയിലും ജമാഅത്തിന്റെ സന്ദേശം:**

1961-ൽ മുബാറക് അഹ്മദ് സാഖി സാഹിബ് ലൈബീരിയായിലെ ദിന പത്രമായ ഡെയിലി ലിസണർ (Daily Listener) എന്ന പത്രത്തിൽ ലേഖന പരമ്പരക്ക് തുടക്കമിട്ടു. അതിൽ അദ്ദേഹം ഇസ്‌ലാമിനേയും അഹ്മദിയ്യത്തിനേയും പരിചയപ്പെടുത്തുകയുണ്ടായി. 1962-ൽ അദ്ദേഹത്തിന്റെ പരിശ്രമത്തിന്റെ ഫലമായി ലൈബീരിയ റേഡിയോയിൽ ഇസ്‌ലാമിന്റെ പ്രതിനിധിയെന്ന നിലയിൽ ഒരു പ്രോഗ്രാം സമർപ്പിക്കാനുള്ള തൗഫീഖ്. ലഭിച്ചു. പിന്നീട് 1964-ൽ ലൈബീരിയായിൽ ടിവി സംപ്രേഷണം തുടങ്ങിയപ്പോൾ അതിലും അദ്ദേഹം സ്ഥിരമായി പ്രോഗ്രാം സമർപ്പിക്കുകയുണ്ടായി. ഇതിന്റെ തുടർച്ചയായി ടിവി സംഘാടകരുടെ ഭാഗത്തുനിന്ന് പകൽ സംപ്രേഷണത്തിന്റെ സമാപനത്തിൽ പല മതങ്ങളുടെ നേതാക്കന്മാരുടെ ദുആ വചനം സമർപ്പിക്കുന്ന പരിപാടിക്ക് തുടക്കം കുറിച്ചു. ഇസ്‌ലാമിന്റെ പ്രതിനിധിയെന്ന നിലയിൽ അഹ്മദി മുബല്ലിഗുമാർ വർഷങ്ങളോളം ഈ സേവനം നിറവേറ്റുകയുണ്ടായി.

**അയൽരാജ്യങ്ങളിലുള്ള ആഫ്രിക്കൻ മുബല്ലിഗുമാരുടെ ആഗമനം:**

ലൈബീരിയായിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശം വ്യാപിപ്പിക്കുന്നതിൽ മറ്റു ജമാഅത്തുകളിലെ ലോക്കൽ മുബല്ലിഗുമാർക്കും വളരെ നല്ല നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. അവർ ഇടയ്ക്കിടയ്ക്ക് ലൈബീരിയായിൽ വന്നുകൊണ്ട് സമയം ചെലവഴിക്കുകയും തബ്‌ലീഗ് ചെയ്യുകയും ചെയ്തു. ഇവരിൽ ബഹുമാനപ്പെട്ട ഫായാ കിസ്സി(Faya Kissi) സാഹിബ്, സിയറ ലിയോൺ (Sierra Leone)ണിൽനിന്നു അൽഹാജ് അബ്ദുൽ ഖാദിർജിക്നി(Alhaj Abdul Qadir Jikni) സാഹിബ് ഗാംബിയായിൽനിന്നു ജിബ്‌രീൽ സയീദ്(Jibril Saeed) സാഹിബ് ഘാനയിൽ നിന്നും സെനൂസി സെ സ്സെ(Senusi Sessay) സാഹിബ് സിയറ ലിയോണിൽനിന്നും വന്നുകൊണ്ടിരുന്നു.

**ലൈബീരിയയിൽ ആദ്യത്തെ മസ്ജിദ്:**

ലൈബീരിയ മിഷൻ ഒരു വാടക വീട്ടിൽ നിന്നാണ് തുടങ്ങിയത്. 1967-ൽ മുബാറക്ക് അഹ്മദ് സാഖി സാഹിബിന്റെ പരിശ്രമഫലമായി അല്ലാഹുവിന്റെ അനുഗ്രഹത്താൽ പട്ടണത്തിന്റെ ഹൃദയഭാഗത്ത് ലിഞ്ച് സ്ട്രീറ്റിൽ(Lynch Street) ഒരു ചെറിയ പ്ലോട്ട് വാങ്ങുവാനുള്ള തൗഫീഖ് ലഭിച്ചു. 1969-ൽ മിഷൻ ഹൗസ് ഇവിടെ ഷിഫ്റ്റു ചെയ്തു. അതിനുശേഷം ഇവിടെ ഒരു മസ്ജിദും നിർമ്മിക്കപ്പെട്ടു. ആഭ്യന്തര യുദ്ധത്തിന്നിടയിൽ ആ മസ്ജിദ് അഗ്നിക്ക് ഇരയായി. പിന്നീട് അവിടെതന്നെ വളരെ മനോഹരമായ മസ്ജിദ് വീണ്ടും നിർമിക്കപ്പെട്ടു. ഈ മസ്ജിദിന് പേര് ബയ്ത്തുൽ മുജീബ് എന്നു പേരിട്ടു. ഈ മസ്ജിദിന്റെ ചിത്രം ലൈബീരിയായിൽ സ്കൂൾ പാഠപുസ്തകത്തിൽ ഇസ്‌ലാമിക പ്രതിനിധിയെന്ന നിലയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

**ജമാഅത്ത് അഹ്മദിയ്യ ലൈബ്രറിയുടെ ആദ്യത്തെ വാർഷിക സമ്മേളനം:**

1967 നവംബർ 5ന് അഹ്മദിയ്യാ ജമാഅത്തിന്റെ ആദ്യത്തെ ജൽസാസാലാന അഥവാ വാർഷിക സമ്മേളനം സംഘടിപ്പിച്ചു. ഇത് ഏകദിന സമ്മേളനമായിരുന്നു. ഈ ജൽസയിൽ അഹ്മദികൾക്കു പുറമെ അന

ഹ്മദികളും പങ്കെടുത്തിരുന്നു. ആ അവസരത്തിൽ 4 ബയ്അത്ത് നടക്കുകയും ചെയ്തു. വാർഷിക സമ്മേളനത്തിനുവേണ്ടി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ(റഹ്) സന്ദേശം അയക്കുകയും അത് വായിച്ചുകേൾപ്പിക്കുകയും ചെയ്തു.

**ലൈബീരിയൻ പ്രസിഡന്റ് മസ്ജിദ് ഫള്ൽ ലണ്ടനിൽ**

1965-ൽ ലൈബീരിയൻ പ്രസിഡന്റ് വില്യം വി.എസ്. തുബ്മാൻ(William V.S.Tubman) ഇംഗ്ലണ്ടിൽ ഗവർമ്മെന്റ് തലത്തിൽ പര്യടനം നടത്തിയപ്പോൾ ഇമാം സാഹിബ് ലണ്ടൻ അദ്ദേഹത്തെ മസ്ജിദ് സന്ദർശിക്കാൻ ക്ഷണിച്ചു. അത് അദ്ദേഹം വളരെ സന്തോഷപൂർവ്വം സ്വീകരിച്ചു. ആ സമയത്ത് ലോക കോടതിയിൽ സേവനം ചെയ്തിരുന്ന സർ മുഹമ്മദ് സഫ്റുല്ലാഹ് ഖാൻ സാഹിബും ഹേഗിൽനിന്ന് വരികയുണ്ടായി. അദ്ദേഹത്തെ കണ്ടിട്ട് പ്രസിഡണ്ട് അങ്ങേയറ്റം സന്തോഷിച്ചു. പ്രസിഡണ്ട് മസ്ജിദിൽ വന്നപ്പോൾ പ്രസിഡണ്ടിന്റെ സന്നിധിയിൽ അനുമോദനപത്രം സമർപ്പിച്ചപ്പോൾ അതിന് മറുപടിയായി അദ്ദേഹം പറഞ്ഞു: 'എനിക്ക് ലൈബീരിയയിലെ അഹ്മദിയ്യാ ജമാഅത്തിനേയും അവരുടെ സേവനത്തേയും നല്ലപോലെ അറിയാം. അവസാനം പ്രസിഡണ്ട് ബശീർ അഹ്മദ് റഫീഖ് സാഹിബിനെ ലൈബ്രറിയുടെ സ്വാതന്ത്ര്യദിനത്തിൽ പ്രത്യേക ക്ഷണിതാവ് എന്ന നിലയിൽ ക്ഷണിച്ചു. 1962 ജൂലായ് 26-ാം തിയതി ഇമാം ബശീർ അഹ്മദ് റഫീഖ് സാഹിബ് ലൈബീരിയ സ്വാതന്ത്ര്യദിന പരിപാടിയിൽ ഗവൺമെന്റിന്റെ അതിഥിയായി പങ്കെടുക്കുകയുണ്ടായി.

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ(റഹ്)ന്റെ പര്യടനം:**

1970-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) പശ്ചിമാഫ്രിക്കൻ പര്യടനത്തിന് പോയപ്പോൾ ആ സമയത്ത് ഏപ്രിൽ 29, 30ന് ഹുദൂർ തിരുമനസ്സ്(റഹ്) ലൈബീരിയയിലും പോയി. ഹുദൂർ തിരുമനസ്സ് ജമാഅത്തിയായ പര്യടനത്തിനാണ് പോയിരുന്നതെങ്കിലും പ്രസിഡണ്ട് വില്യം വി.എസ്. തുബ്മാൻ ഹുദൂർ തിരുമനസ്സിന് സർക്കാർ പ്രോട്ടോകോൾ അനുവദിക്കുകയുണ്ടായി. ഹുദൂർ തിരുമനസ്സിന്റെ താമസ സൗകര്യം ഡ്കോർ കോൺടിനെന്റൽ ഹോട്ടലിൽ(Ducor Continental) ചെയ്തു. ഏപ്രിൽ 29ന് ഉച്ചക്ക് ഹുദൂർ തിരുമനസ്സ് വിമാന ത്താവളത്തിൽലെത്തിയപ്പോൾ പ്രസിഡണ്ടിന്റെ പ്രതിനിധിയും മറ്റു ഉന്നത ഗവർമ്മെന്റ് ഉദ്യോഗസ്ഥന്മാരും ജമാഅത്തംഗങ്ങളോടൊപ്പം ഹുദൂർ തിരുമനസ്സിനെ സ്വീകരിച്ചു. ഹുദൂർ തിരുമനസ്സ് വൈകുന്നേരം പ്രസിഡണ്ടിന്റെ ഔദ്യോഗിക വസതിയിൽ പോയി കാണുകയും പാക്കിസ്താനിലെ ശിൽപങ്ങൾ പാരിതോഷികമായി കൊടുക്കുകയും ചെയ്തു. ഹുദൂർ തിരുമനസ്സ് പര്യടനവേളയിൽ ഒരു പ്രസ്സ് കോൺഫ്രൻസിൽ അഭിസംബോധന ചെയ്യുകയും കൂടാതെ ജമാഅത്തംഗങ്ങളുമായി മീറ്റിംഗ് സംഘടിപ്പിക്കുകയും ജമാഅത്തിന്റെ പുരോഗതിക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഏപ്രിൽ 30ന് പ്രസിഡണ്ട് ഹുദൂർ തിരുമനസ്സ്(റഹ്) ആദരിക്കുന്നതിനുവേണ്ടി ഗംഭീരമായ ഒരു ആതിഥ്യത്തിനുള്ള ഏർപ്പാട് ചെയ്തു. അതിൽ ഉന്നതരായ ഗവർമ്മെന്റ് ഭാരവാഹികളേയും പല രാഷ്ട്രങ്ങളിലേയും അംബാസിഡർമാരേയും മതനേതാക്കന്മാരേയും ക്ഷണിക്കുകയും ചെയ്തു. ആ അവസരത്തിൽ പ്രസിഡണ്ട് ഹുദൂർ തിരുമനസ്സിനെ സ്വാഗതം ചെയ്തുകൊണ്ട് പറഞ്ഞു.

It was a great privilege to have the Spiritual King of the presentage in their midst on whose prayers was always heard.

"ഈ കാലത്തെ ആത്മീയരാജാവ് നമ്മുടെയിടയിൽ ഉണ്ടെന്നതിൽ നമ്മൾ അങ്ങേയറ്റം ഭാഗ്യവാന്മാരാണ്. ആരുടെ ദുആയാണോ എപ്പോഴും സ്വീകരിക്കപ്പെടുന്നത് അത്തരം ഒരു അനുഗൃഹീത വ്യക്തിത്വത്തിന്റെ ഉടമയാണദ്ദേഹം."

പ്രസിഡണ്ട് ലൈബീരിയ ഗവൺമെന്റിന്റെ വകയായി ഹുദൂറിന്റെയും ജമാഅത്തിന്റേയും സന്നിധിയിൽ 100 ഏക്കർ ഭൂമി പാരിതോഷികമായി നൽകുന്നുവെന്ന് ആ അവസരത്തിൽ വെളിപ്പെടുത്തുകയും ചെയ്തു. പിന്നീട് സാൻവെ(Sanoyea) ടൗണിലുള്ള സ്ഥലം ജമാഅത്തിന് നൽകുകയുണ്ടായി. അന്നുരാത്രി തന്നെ ഹുദൂർ തിരുമനസ്സ് ലൈബീരിയയിൽനിന്ന് ഗാംബിയായിലേക്ക് പുറപ്പെട്ടു.

**ലൈബീരിയയിലെ ആദ്യത്തെ സ്കൂളും ക്ലിനിക്കും**

ബഹുമാനപ്പെട്ട സനൂസി സാഹിബ് (Senusi Sessay)സിയറ ലിയോൺ (Sierra Leone) ണിൽനിന്ന് ജമാഅത്ത് വ്യവസ്ഥിതിയുടെ കീഴിൽ ലൈബീരിയായിലെ കേപ്പ് മൗണ്ട് കൗണ്ടിയിലെ ഒരു ഗ്രാമമായ ഇല്ലാർഗോ(Ilargo)യിൽ താമസിക്കുകയായിരുന്നു. അവിടെ അദ്ദേഹം കുട്ടികൾക്ക് ക്ലാസ്സെടുത്തുകൊടുക്കാറുണ്ട്. ഇതേ ക്ലാസ് പിന്നീട് ലൈബിരിയായിൽ സ്ഥാപിതമായ ആദ്യത്തെ പ്രൈമറി സ്കൂളായി മാറി. ക്ലിനിക്ക് തുടങ്ങുന്നതിന് ഡോക്ടർ നസീർ അഹ്മദ് മുബശ്ശിർ സാഹിബിനെ ജമാഅത്ത് ലൈബീരിയയിലേക്ക് അയച്ചു. അദ്ദേഹത്തിന്റെ പരിശ്രമംകൊണ്ട് ലിങ്ക് സ്ട്രീറ്റിൽ മിഷൻഹൗസിനോട് ചേർന്ന ബിൽഡിംഗ് വാടകക്കെടുത്ത് 1983 നവംബർ 29ന് ലൈബീരിയയിൽ ജമാഅത്തിന്റെ ആദ്യത്തെ ക്ലിനിക്ക് തുടങ്ങി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ(റഹ്) പശ്ചിമാഫ്രിക്കയിലെ ജമാഅത്തുകൾ സന്ദർശിക്കാൻ വേണ്ടി വന്നപ്പോൾ ആ സമയത്ത് അദ്ദേഹം ജനുവരി 31 മുതൽ ഫെബ്രവരി 2 വരെ ലൈബീരിയയിലും പോവുകയുണ്ടായി. ജനുവരി 31-ാം തിയതി ഹുദൂർ തിരുമനസ്സ് സിയറ ലിയോൺ (Sierra Leone)ണിൽനിന്ന് പുറപ്പെട്ടിട്ട് ഉച്ചക്കുശേഷം ലൈബീരിയയിലെത്തി. ലൈബീരിയൻ പ്രസിഡണ്ടിന്റെ പ്രതിനിധിയായി ഓതെല്ലൊ ഗോൺഗർ(Othello Gongar) സാഹിബ് വിമാനത്താവളത്തിൽ ധാരാളം അഹ്മദി സുഹൃത്തുക്കളോടൊപ്പം ഹുദൂറിനെ സ്വാഗതം ചെയ്തു. ഹുദൂറിന് സർക്കാരിന്റെ ഭാഗത്തുനിന്ന് ഗവർമ്മെന്റ് പ്രോട്ടോകോൾ ലഭിക്കുകയുണ്ടായി. ഹുദൂർ തിരുമനസ്സ് വിമാനത്താവളത്തിൽനിന്ന് പോലീസ് അകമ്പടിയോടുകൂടി താമസസ്ഥലമായ ഹോട്ടലിലേക്ക് പോവുകയുണ്ടായി. ഫിബ്രവരി 1-ാം തിയതി പ്രസിഡണ്ട് സാമുവൽ കയോൺ ഡൂവു(Samuel kayon Doe)മായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. ലൈബീരിയ ഭരണകൂടത്തിന് വൈദ്യത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും കൃഷിയുടേയും മേഖലയിൽ സഹകരിച്ചതിന് ലൈബീരിയ വൈസ് പ്രസിഡണ്ട് ഡോക്ടർ ഹാരി എഫ് മുനീബ(Harry F.Moniba) ഹുദൂറിന്റെ താമസസ്ഥലത്ത് വന്ന് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഫിബ്രവരി 1-ാം തിയ്യതി രാത്രി 9 മണിക്ക് ലൈബീരിയ ജമാഅത്തിന്റെ വകയായി ഹോട്ടലിൽ ഹുദൂറിനെ ആദരിക്കുന്നതിന് രാത്രി ഭക്ഷണത്തിനേർപ്പാട് ചെയ്തു. അതിൽ ലൈബീരിയ ഭരണകൂടത്തിന്റെ ഉന്നത ഉദ്യഗസ്ഥന്മാരും നയതന്ത്ര പ്രതിനിധികളും മുസ്‌ലിം നേതാക്കന്മാരും പങ്കെടുത്തു. ഫിബ്രവരി 2-ാം തിയതി തിരിച്ചുപോകുന്നിനു മുമ്പേ മജ്‌ലിസ് ആമിലയോട് ഹുദൂർ പ്രധാന പ്രഭാഷണം നടത്തുകയുണ്ടായി. ഉച്ച 2 മണിക്ക് ഹുദൂർ തിരുമനസ്സ് ഐവറികോസ്റ്റിലേക്ക് പോവുകയും ചെയ്തു.

**ലൈബീരിയൻ വൈസ് പ്രസിഡണ്ടും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസുമായി കൂടികാഴ്ച**

2009 മെയ് മാസത്തിൽ ലൈബീരിയൻ വൈസ് പ്രസിഡണ്ട് ജോസഫ് എൻ. ബോക്കായി (Joseph N.Boakai) ഗവൺമെന്റ് പര്യടനവുമായി ബന്ധപ്പെട്ട് ബ്രിട്ടനിൽ പോയിരുന്നു. ആ അവസരത്തിൽ ഹുദൂർ തിരുമനസ്സിനെ കാണാൻ വേണ്ടി ലൈബിരിയൻ ജമാഅത്ത് അദ്ദേഹത്തോട് ആവശ്യപ്പെട്ടിരുന്നു. അങ്ങനെ വൈസ് പ്രസിഡണ്ട് മെയ് 20-ാം തിയതി അദ്ദേഹത്തിന്റെ കൂടെയുള്ള 19 പേരടങ്ങുന്ന സംഘത്തോടൊപ്പം ബയ്ത്തുൽ ഫുതുഹിൽ പോവുകയും പ്രിയപ്പെട്ട യജമാനനുമായി കൂടിക്കാഴ്ച നടത്തുകയും ഉച്ചഭക്ഷണം കഴിക്കുകയും ചെയ്തു. ആ അവസരത്തിൽ വൈസ് പ്രസിഡണ്ട് ലൈബീരിയയിൽ 2 സ്കൂൾ തുടങ്ങാൻ ഹുദൂറിനോട് അഭ്യർത്ഥിച്ചു. അങ്ങനെ ഈ സ്കൂൾ ഹ്യൂമാനിറ്റി ഫെസ്റ്റിന്റെ വകയായി നിലവിൽ വന്നു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലൈബീരിയയിൽ ജനങ്ങളെ നല്ല നിലയിൽ സേവനം ചെയ്തുവരുന്നു.

**ലൈബീരിയയിൽ ജമാഅത്തിന്റെ നിലവിലുള്ള അവസ്ഥയും പുരോഗതിയും**

2005-ൽ പൊതു തിരഞ്ഞെടുപ്പിന്റെ ഫലമായി ആഭ്യന്തരയുദ്ധത്തിനുശേഷം ലൈബീരിയയുടെ അവസ്ഥ പതുക്കെപ്പതുക്കെ സാധാരണനിലയിലാവാൻ തുടങ്ങി. മുബല്ലിഗുമാരുടെ എണ്ണം വർധിച്ചു. അതുകാരണം ജമാഅത്തിന്റെ പുരോഗതിയിലും വലിയ മാറ്റങ്ങളുണ്ടായി. ഈ സമയത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലൈബീരിയയിൽ 10 കേന്ദ്ര മുബല്ലിഗുമാരും 15 തദ്ദേശ മുഅല്ലിമീങ്ങളുമാണുള്ളത്. അതിൽ അധികപേരും ഘാനയിലെ ജാമിഅത്തുൽ മുബശ്ശിരീനിൽ പഠിച്ചിറങ്ങിയവരാണ്. ലൈബീരിയയിൽ 10 കേന്ദ്രങ്ങളിൽ 236 ജമാഅത്തും 27 മിഷൻഹൗസുമാണുള്ളത്. വൈദ്യരംഗത്ത് ജമാഅത്തിന് വളരെ നല്ല നിലയിൽ സേവനം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ ലൈബീരിയയിൽ ജമാഅത്തിന്റെ 5 ആശുപത്രികൾ പ്രവർത്തിച്ചുവരുന്നു. അതിൽ വഖ്ഫ് ചെയ്ത ഡോക്ടർമാർ ജനങ്ങൾക്ക് സേവനം ചെയ്യുന്നതിൽ മുഴുകിയിരിക്കുകയാണ്. വിദ്യാഭ്യാസരംഗത്ത് ജമാഅത്തിന്റെ 2 പ്രൈമറി സ്കൂൾ, 2 ജൂനിയർ ഹൈസ്കൂൾ, ഒരു സീനിയർ ഹൈസ്കൂൾ പ്രവർത്തിച്ചുവരുന്നു. അതുപോലെ ഹ്യൂമാനിറ്റി ഫസ്റ്റിന്റെ കീഴിൽ ഒരു വൊക്കേഷണൽ കോളേജും 5 പ്രൈമറി സ്കൂളും ഈ പ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

ലൈബീരിയയിൽ അഹ്മദിയ്യാ ജമാഅത്ത് ഗവൺമെന്റ് തലത്തിലും പൊതുജനങ്ങളിലും നല്ല നിലയിലാണറിയപ്പെടുന്നത്. ജമാഅത്തിന്റെ സേവനങ്ങളെ അഭിനന്ദിക്കുകയും ചെയ്യുന്നു.

**നൈജർ(Niger) അഹ്മദിയ്യാ ജമാഅത്തിന്റെ പുരോഗതികൾ**

ആരംഭത്തിലുള്ള തബ്‌ലീഗ് പ്രവർത്തനങ്ങൾ:

1970 മുതൽ 2000 വരെയുള്ള കാലഘട്ടത്തിൽ അയൽരാജ്യങ്ങളായ നൈജീരിയ, ബെനിൻ എന്നീ സ്ഥലങ്ങളിൽനിന്ന് പല സന്ദർഭങ്ങളിലായി ജമാഅത്തിന്റെ തബ്‌ലീഗ് സംഘങ്ങൾ നൈജറിൽ വന്നുകൊണ്ടിരുന്നു. തലസ്ഥാന നഗരിയിലും മറ്റു ചില റീജ്യണിലും മസീഹ് മൗഊദ്(അ)ന്റെ സന്ദേശം എത്തിച്ചുകൊണ്ട് തങ്ങളുടെ നാട്ടിലേക്ക് തിരിച്ചുപോകുമായിരുന്നു. അങ്ങനെ 1976 നവംബർ മാസത്തിൽ നൈജീരിയയിൽ നിന്നുവന്ന ഒരു തബ്‌ലീഗ് സംഘത്തിന്റെ പരിശ്രമത്തിന്റെ ഫലമായി നയാമ എന്ന സ്ഥലത്ത് 3 പേർക്ക് ബയ്അത്ത് ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. അതിൽ ഒരാളുടെ പേര് ഖാലിദ് അബ്ദുല്ലാഹ് എന്നായിരുന്നു. അദ്ദേഹം അവസാനശ്വാസംവരേയും തന്റെ പ്രതിജ്ഞയിൽ ഉറച്ചുനിന്നു. അദ്ദേഹത്തിന് ഈ പ്രദേശത്തെ ആദ്യത്തെ അഹ്മദി എന്ന ബഹുമതി കരസ്ഥമാക്കാൻ സാധിച്ചു.

സ്വഫ്ദർ നദീർ ഗോലേകി സാഹിബ് അമീർ ജമാഅത്ത് ബെനിൻ 1990-ൽ നൈജറിന്റെ തലസ്ഥാനമായ നയാമയിൽ തബ്‌ലീഗ് പര്യടനം നടത്തി. പട്ടണത്തിൽ നിലവിലുള്ള എല്ലാ എംബസികളിലുംപോയി ജമാഅത്തിനെ പരിചയപ്പെടുത്തുകയും പുസ്തകം നൽകുകയും ചയ്തു. റീജ്യണിലെ 200 രാജാക്കന്മാരുമായും കൂടിക്കാഴ്ച നടത്തുകയും സന്ദേശം എത്തിക്കുകയും ചെയ്തു. അദ്ദേഹം നയാമയിലുള്ള പാക്കിസ്താൻ എംബസിയിലും സന്ദർശിച്ചു. അദ്ദേഹം തന്നെ പരിചയപ്പെടുത്തുകയും താൻ റബ്‌വയിൽ നിന്നാണെന്ന് പറയുകയും ചെയ്തപ്പോൾ ബഹുമാനപ്പെട്ട ഗുയ്യൂർ സാഹിബ് (അംബാസിഡർ) എഴുന്നേറ്റ്നിന്ന് ആലിംഗനം ചെയ്യുകയും താങ്കൾ എന്റെ ഉസ്താദ് ഹാഫിസ് മിർസാ നാസിർ സാഹിബിന്റെ പട്ടണത്തിൽനിന്നുവന്ന ആളാണല്ലോ എന്ന് പറയുകയും ചെയ്തു. അദ്ദേഹം മുബല്ലിഗ് സാഹിബിനെ അങ്ങേയറ്റം സൽക്കരിക്കുകയും വളരെ ആദരവോടും ബഹുമാനത്തോടും കൂടി പെരുമാറുകയും ചെയ്തു.

ബോപോയിലെ മുബല്ലിഗ് ബഹുമാനപ്പെട്ട നാസിർ അഹ്മദ് സിദ്ദൂ സാഹിബിന് നൈജറിൽ ആദ്യത്തെ ജമാഅത്ത് രൂപീകരിക്കാനുള്ള ബഹുമതി ലഭിച്ചു. ഈ ജമാഅത്ത് തലാബരിറീജ്യണിലെ ഡിപ്പാർട്ട്മെന്റ് തേരായിൽ നിന്ന് പട്ടണത്തിൽനിന്ന് ഏദേശം 30 കിലോമീറ്റർ ദൂരത്താണ് സ്ഥിതി ചെയ്യുന്നത്. ഗ്രാമത്തിലുള്ള മുഴുവൻ ആളുകളും വഹാബിസവുമായി ബന്ധമുള്ളവരാണ്. അഹ്മദിയ്യത്ത് സ്വീകരിച്ചതിന്റെ പേരിൽ വഹാബി സ്നേഹിതരുടെ ഭാഗത്തുനിന്ന് കഠിന എതിർപ്പ് നേരിടേണ്ടിവന്നു. അത് ഇപ്പോഴും തുടരുന്നണ്ട്.

ബഹുമാനപ്പെട്ട ഹാഫിള് ഇഹ്സാൻ സിക്കന്ദർ സാഹിബ് അമീർ ജമാഅത്ത് അഹ്മദിയ്യ ബെനിനിന്റെ പരിശ്രമഫലമായി 2000 ഡിസംബർ 22-ാം തിയതി ഔദ്യോഗികമായി ജമാഅത്ത് രജിസ്റ്റർ ചെയ്തു. ബഹുമാനപ്പെട്ട ആരിഫ് മുഹമ്മദ് ശഹ്സാദ് സാഹിബിനെ 2001-ൽ ആദ്യത്തെ മുബല്ലിഗായി നിയമിക്കുകയും ചെയ്തു.

**ജമാഅത്ത് പുരോഗതിയുടെ ചുരുങ്ങിയ വിവരണം:**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ 2022 ജൂൺ 30-ാം തിയതിവരെ 467 ജമാഅത്ത് രൂപീകരിച്ചു. മിഷൻഹൗസിന്റെ എണ്ണം 52. രാജ്യത്ത് 10 ലൈബ്രറികളുണ്ട്. അസദ് മുജീബ് സാഹിബ് അമീർ വ മിഷണറിക്കു പുറമെ 14 കേന്ദ്ര മുബല്ലിഗുമാരും 12 തദ്ദേശ മുഅല്ലിമുമാരും സേവനം ചെയ്തുവരുന്നു. രാജ്യത്ത് 14 പ്രൈമറി സ്കൂളുകളും ഒരു ക്ലിനിക്കും പ്രവർത്തിച്ചുവരുന്നു. ഒരു ക്ലിനിക് നിർമാണത്തിലുമാണ്. രാജ്യത്ത് 73 മസ്ജിദുകൾ സ്ഥാപിച്ചു. ഐ.എ.എ.എ.ഇയുടെ വകയായി രണ്ട് മോഡൽ വില്ലേജ് ഉണ്ടാക്കി. രാജ്യത്ത് മൂസികളുടെ എണ്ണം 58. വഖ്ഫെ നൗ കുട്ടികൾ 38. ഹ്യൂമാനിറ്റി ഫസ്റ്റിന്റെ കീഴിൽ 3 തുന്നൽ സ്കൂൾ പ്രവർത്തിച്ചുവരുന്നു. ഇതുപോലെ 2016 മുതൽ അഹ്മദിയ്യ മദ്റസ്സ തർബിയ്യത്ത് കാര്യത്തിൽ തങ്ങളുടെ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു.

നൈജറിൽ ആദ്യത്തെ നാഷണൽ വാർഷിക സമ്മേളനം 2005-ൽ നടന്നു. ആദ്യത്തെ മജ്‌ലിസ് ശൂറാ 2007-ൽ സംഘടിപ്പിച്ചു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആദ്യത്തെ നാഷണൽ ഇജ്തിമ 2007-ൽ നടന്നു. മജ്‌ലിസ് അൻസ്വാറുല്ലായുടെ ആദ്യത്തെ നാഷണൽ ഇജ്തിമ 2008-ൽ സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട അക്ബർ അഹ്മദ് ത്വാഹിർ സാഹിബ് 2007-ൽ നൈജറിൽ അമീർ വ മിഷണറി ഇൻചാർജായി നിയമിതനായി.

●

പേജ് 20ൽ നിന്ന്

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: "ഇൻശാ അല്ലാഹ് മുഹമ്മദിയ്യ ഉമ്മത്ത ഹദ്റത്ത് മസീഹ് മൗഊദിന്റെ കൊടികീഴിൽ അണിനിരന്ന് കഅ്ബയിൽ പ്രവേശിക്കുന്ന ഒരു നാൾ വരുന്നതാണ്."

കബാബീറിലെ ജമാഅത്തുമായി നടത്തിയ കൂടിക്കാഴ്ച വേളയിലാണ് ഹുദൂർ അയ്യദഹുല്ലാഹ് ഇക്കാര്യങ്ങൾ പറഞ്ഞത്. ഇപ്പോൾ ദൈവാനുഗ്രഹത്താൽ മാധ്യമങ്ങളും മറ്റു വിവിധ മാർഗങ്ങളും മുഖേന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും കാലത്തിന്റെ ഖലീഫയുടേയും ശബ്ദം അറേബ്യൻ നാട്ടിലും മധ്യദിമശ്ഖിലും ശക്തമായ മാർഗങ്ങളിലൂടെ എത്തിക്കൊണ്ടിരിക്കുകയാണ്.

ഹ്യൂമാനിറ്റി ഫസ്റ്റിന്റെ സംഘടന മുഖേനയും ജമാഅത്ത് മുഖേനയും മധ്യപൗരസ്ത്യ ദേശത്ത് കാരുണ്യപ്രവർത്തനങ്ങൾ വളരെ നല്ല നിലയിൽ നടന്നുവരുന്നു. ഫലസ്ത്വീനിൽ, രാമുല്ലാഹ് നഗരത്തിൽ ഫലസ്ത്വീൻ സർക്കാറിന്റെ അനുമതിയോടെ ഹ്യൂമാനിറ്റി ഫസ്റ്റിന്റെ ഓഫീസ് തുറക്കാൻ നമുക്ക് തൗഫീഖ് കിട്ടിയത് ഈ അടുത്താണ്.

**ഹർഫെ ആഖിർ**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലായുടെ വിപ്ലാവാത്മകമായ കാലഘട്ടത്തിൽ അറേബ്യൻ നാടുകളിൽ ആയിരക്കണക്കിന് വഴിതെറ്റിപ്പോയവർ ലക്ഷ്യസ്ഥാനം പ്രാപിച്ചു. വസിയ്യത്ത് വ്യവസ്ഥിതിയിൽ നൂറുക്കണക്കിന് അറബികൾ ചേർന്നു. അറബികളിൽനിന്ന് വാഖ്ഫീനെ സിന്ദഗിയും മുബല്ലിഗുമാരും തയ്യാറായി, തയ്യാറായിക്കൊണ്ടിരിക്കുന്നു. വഖ്ഫെനൗ പദ്ധതിയിൽ ചേരുന്നവരുടെ അംഗസംഖ്യയും വർധിച്ചുകൊണ്ടിരിക്കുന്നു.

ഈ ഉലുൽഅസം ഖലീഫയുടെ മാനസികമായ തുടിപ്പും ഹൃദയപരമായ ആഗ്രഹവും കഠിനപ്രയത്നവും കണ്ടുകൊണ്ട്, ഫഖ്റുൽ അവ്വലീനും ആഖരീനും ഖാത്തമുന്നബിയ്യീനുമായ ഹദ്റത്ത് മുഹമ്മദ് അറബി(സ)യുടെ പതാക ലോകത്തിലെ എല്ലാ പതാകകളെക്കാളും ഉയരത്തിൽ പാറിപറക്കുന്നത് നമ്മൾ കാണുമെന്നുള്ളത് തികവാർന്ന വിശ്വാസമാണ്. ആ നേരത്ത് മുഴുവൻ അറബുനാടുകളും മധ്യപൗരസ്ത്യ ദേശത്ത് താമസിക്കുന്നവരും വിശുദ്ധ ഖുർആനിന്റെ ഭാഷയിൽ അത്യുച്ചത്തിൽ അനിയന്ത്രിതമായി പറയാൻ തുടങ്ങും *വഖുൽ ജാഅൽഹഖ്ഖു വ സഹഖൽ ബാത്വിലു ഇന്നൽ ബാത്വില കാന സഹൂഖാ;* കണ്ണുകൾ യദ്ഖുലൂന ഫീ ദീനില്ലാഹി അഫ്‌വാജാ കാണുകയും ചെയ്യും.(ഇൻശാഅല്ലാഹ്)

●

## തന്റെ ജമാഅത്തിനെക്കുറിച്ച് ഹദ്റത്ത് അഹ്മദ്(അ)

"നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ (റ.ഹും) ചരിത്രത്തിൽ എങ്ങും ലഭിക്കാത്ത സത്യസന്ധതയുടേയും കൂറിന്റേയും അതുല്യമായ മാതൃകയാണ് കാണിച്ചത്. അവർ ആ മഹാത്മാവിനുവേണ്ടി എല്ലാ തരത്തിലുള്ള വിഷമങ്ങളും സഹിക്കുന്നത് ലളിതമായി മനസ്സിലാക്കി. എത്രത്തോളമെന്നാൽ പ്രിയങ്കരമായ തങ്ങളുടെ പിറന്ന നാടുകൂടി ഉപേക്ഷിച്ചു. തങ്ങളുടെ സ്വത്തുവകകളിൽനിന്നും സാധനസാമഗ്രികളിൽനിന്നും ബന്ധുക്കളിൽനിന്നും വേർപ്പെട്ടു. ഇപ്രകാരം അല്ലാഹു എന്റെ ജമാഅത്തിനും അവരുടെ നിലയും വിലയുമനുസരിച്ച് ഒരു ആവേശം പ്രദാനം ചെയ്തിരിക്കുന്നതായി ഞാൻ കാണുന്നു. ആ കൂറിന്റേയും സത്യസന്ധതയുടേയും മാതൃക ഇവരും കാഴ്ചവെക്കുന്നു."

**(മൽഫൂദാത്ത് വാല്യം 1 പേജ് 336-337 1985 ലണ്ടൻ പതിപ്പ്)**

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.




2022 യു.കെ ജൽസാസാലാനയുടെ അവസരത്തിൽ
ആഗസ്റ്റ് 5 ന് ഹുദൂർ അഹ്മദിയ്യ പതാക ഉയർത്തുന്നു.




2022 യു.കെ ജൽസാസാലാനയുടെ അവസരത്തിൽ
ആഗസ്റ്റ് 6 ന് ഉച്ചകഴിഞ്ഞുചേർന്ന യോഗത്തിൽ
ഹുദൂർ പ്രസംഗിക്കുന്നു.








2022 ആഗസ്റ്റ് 21 ന് ബ്രിട്ടനിലെ ഇസ്‌ലാമാബാദിൽനിന്ന് എം.ടി.എ ഇന്റർനാഷണൽ മുഖേന ഹുദൂർ
ജൽസാ സാലാന ജർമനിയുടെ സമാപന യോഗത്തിൽ പ്രസംഗിച്ചുകൊണ്ട് ദുആയ്ക്ക് നേതൃത്വം നല്കുന്നു.






2022 മാർച്ച് 13 ന്  സയ്യിദുനാ ഹുദൂർ നെക്സാസിലെ (അമേരിക്ക)
ഖുദ്ദാമുൽ അഹ്മദിയ്യ അംഗങ്ങളുമായി ഓൺലൈൻ കൂടിക്കാഴ്ച നടത്തുന്നു.



2022 മെയ് 22 ന് ഹുദൂർ ബ്രിട്ടൺ
മജ്‌ലിസെ ശൂറായെ സംബോധന ചെയ്യുന്നു.

The God Summit നു വേണ്ടി 2022 മാർച്ച് 13 ന്
ഹുദൂർ തന്റെ പ്രത്യേക സന്ദേശം വായിക്കുന്നു.

**EDITOR**
**H.Shamsuddin**
Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com
Website : akhbarbadrqadian.in
: www.alislam.org/badr

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ
വീക്കിലി
ഖാദിയാൻ

# Weekly BADAR Qadian

Qadian - 143516 Distt. Gurdaspur (Pb.) INDIA

**Vol.7 Thursday 22-29 December 2022 Issue 51-52**

**MANAGER**
**SHAIKH MUJAHID AHMAD**
Mobile : +91 99153 79255
e -mail:managerbadrqnd@gmail.com
**SUBSCRIPTION**
**ANNUAL**: Rs. 600/-

Humanity First
*Serving Mankind*

هوالشافی
We Treat Allah Heal
NOOR HOSPITAL
QADIAN
نور ہسپتال
1917 - 2017
100 Years Celebration
Serving Humanity Since Hundred Years

TAHIR HEART INSTITUTE

IAAAE
INTERNATIONAL ASSOCIATION OF AHMADI ARCHITECTS & ENGINEERS

FOOD SECURITY
GIFT SIGHT
ORPHAN CARE
WATER FOR LIFE
GLOBAL HEALTH
DISASTER RELIEF
COMMUNITY CARE
KNOWLEDGE FOR LIFE



Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt: Gurdaspur-143516,Punjab, And published at office of the Weekly Badr Mohallah-Ahmadiyya, Qadian Distt.Gsp-143516,Punjba,India. Editor: H.Shamsuddin